തീരുമാനമായിട്ടില്ല. കേസിന്റെ കാര്യത്തിൽ തീർപ്പാക്കുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ധനകാര്യം - (തുടർച്ച)

1999 - 2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ കമ്മി വർദ്ധിപ്പിക്കാൻ മാത്രമാണ് ഡിമാന്റ്സ് വന്നതുകൊണ്ട് കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തെ യാതൊരു ലക്ഷ്യബോധവുമില്ലാതെ മുന്നോട്ടു പോകുന്ന സാമ്പത്തിക മാനേജുമെന്റിനെക്കുറിച്ച് ഞാൻ ഈ ബഡ്ജറ്റ് ചർച്ചകളിലൊക്കെ ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. ഓരോ സന്ദർഭത്തിലും അഡീഷണൽ ആതറൈസേഷനോ അതല്ലെങ്കിൽ ഇതുപോലുള്ള സപ്ലിമെന്ററി ഡിമാന്റ്സോ കൊണ്ടുവരുന്നതിൽ വളരെ ന്യായമായ കാര്യങ്ങളൊന്നും തന്നെയില്ല. അത് നൽകി കമ്മി വർദ്ധിപ്പിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 1998-99-ലെ ബഡ്ജറ്റിൽ ആ വർഷത്തെ റവന്യൂ കമ്മി 945 കോടി രൂപ ആയിരിക്കുമെന്നു പറഞ്ഞു. 1604 ആയി.

മി.സ്പീക്കർ : ഒന്നരയ്ക്ക് സഭ അവസാനിപ്പിക്കാനുള്ളതാണ്. ഇപ്പോൾ ചർച്ച തുടങ്ങുന്നതേയുള്ളൂ. അതുകൊണ്ട് എല്ലാവരും സമയത്തിന്റെ കാര്യത്തിൽ പരമാവധി, അങ്ങേയറ്റം ശ്രദ്ധിക്കണം.

ശ്രീ. പി. ജെ. ജോയി : ഒന്നേ കാലിനാണ് തുടങ്ങിയത്. 1999-2000 വർഷത്തിൽ റവന്യൂ കമ്മി 1851 കോടിയായിരിക്കും എന്നു പറഞ്ഞു. അത് 2481 കോടിയായി. ഈ നിലയിൽ കമ്മി കൂടിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമുക്ക് പലപ്പോഴും കാണാൻ കഴിയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിക്കേണ്ട കാര്യം,

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ഈ തന്നാണ്ടുവർഷത്തെ ബഡ്ജറ്റിൽ, അതായത് ഇന്നത്തെ ചർച്ച 1999-2000 വർഷത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ബഡ്ജറ്റ് പ്രസംഗമാണല്ലോ. ഈ തന്നാണ്ടിൽ നമുക്ക് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 1999-2000 വർഷത്തെ ബഡ്ജറ്റിൽ അങ്ങ് ഒട്ടേറെ വാഗ്ദാനങ്ങൾ നൽകി. ഞാൻ പറയുന്നത്, അങ്ങിവിടെ നൽകിയ വാഗ്ദാനങ്ങൾ ഒന്നും പാലിക്കാതെ കുറെ അഡീഷണലായി മറ്റ് അലോട്ട്മെന്റുകൾ മാത്രം നടത്തുകയും സപ്ലിമെന്ററി ഗ്രാന്റ്സ് അനുവദിക്കുകയും ചെയ്യുന്നത് ശരിയല്ല. ആദ്യം ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ, അങ്ങ് സന്തോഷത്തോടുകൂടി പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നില്ല. ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ പറയാം. വേൾഡ് ബാങ്ക് സഹായത്തോടെ ആയിരം കിലോമീറ്റർ വരുന്ന സംസ്ഥാന ദേശീയ പാതകളുടേയും ജില്ലാ റോഡുകളുടേയും പുനർ നിർമ്മാണത്തിന് തുടക്കം കുറിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി 1999-2000 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. നബാർഡിന് 90 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

റോഡുകൾക്കും പാലങ്ങൾക്കും കിട്ടും. സംസ്ഥാന എക്സ്പ്രസ് ഹൈവേയുടെ 1-ാം ഘട്ടം കണ്ണൂർ കോഴിക്കോട് ഹൈവേ ഏറ്റെടുക്കും. അന്തർ സംസ്ഥാന നദീജല കരാർ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന വിധത്തിൽ ശക്തിപ്പെടുത്തുന്ന ഒട്ടേറെ നിർദ്ദേശങ്ങളാണ് അങ്ങ് പറഞ്ഞത്. അന്തർ സംസ്ഥാന നദീജല കരാർ ശക്തിപ്പെടുത്തുന്ന രീതി എന്താണ് ? തമിഴ്നാട്ടിൽനിന്നും കിട്ടേണ്ട വെള്ളം കിട്ടുന്നില്ല. നമ്മുടെ മേഖലയിലുള്ള ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിലൊന്നും വെള്ളമില്ലാതെ കൃഷികളൊക്കെ ഉണങ്ങുകയാണ്. കുടി വെള്ളം പോലും കിട്ടാത്ത സാഹചര്യമാണ്. തമിഴ്നാട്ടിൽ നിന്നും കിട്ടേണ്ട വെള്ളം സുലഭമായി കിട്ടാതെ, അല്ലെങ്കിൽ നിയമപരമായി കിട്ടേണ്ടതു കിട്ടാത്തതു കൊണ്ടുണ്ടാകുന്ന അനുഭവങ്ങളാണ് ഞാൻ പറഞ്ഞുവരുന്നത്. ഇതൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ രണ്ടായിരമാണ്ടോടെ എല്ലാ വർക്കും ശുദ്ധജലം എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനത്തിലുണ്ട്. ചെറുകിട വ്യവസായം വർദ്ധിപ്പിക്കും. എക്കണോമിക് റിവ്യൂവിൽ നാം വായിച്ചതാണ്. ചെറുകിട വ്യവസായങ്ങൾ നമ്മുടെ നാട്ടിൽ അങ്ങേയറ്റം കുറഞ്ഞിരിക്കുകയാണ്. ഒരുപാട് കുറഞ്ഞു. ചെറുകിട വ്യവസായങ്ങളുടെ നിലവാരം നോക്കിയാൽ എണ്ണം തന്നെ വളരെ കുറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ, തെങ്ങ് കൃഷി വർദ്ധിപ്പിക്കും. പിന്നെ ബഹുമാനപ്പെട്ട മന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ ഹരിത സൊസൈറ്റികൾ വഴി 600 കോടി രൂപ വില മതിക്കുന്ന പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കും എന്ന് ഇവിടെ എന്നും പ്രസ്താവന നടത്തുന്ന കാര്യമാണ്. എവിടെയാണ് അത് തുടങ്ങിയത് ? കേരളത്തിൽ അത് നടത്തിയതായി അറിയില്ല. ഒരു ദിവസമെങ്കിലും ലോറി സമരം വന്നാൽ അന്ന് കേരളത്തിലെ പച്ചക്കറി കടകൾ തുറക്കാറില്ല. അതല്ലേ യാഥാർത്ഥ്യം. അപ്പോൾ പ്രഖ്യാപനങ്ങൾ ഒട്ടേറെ നടത്തി. ഓരോ പഞ്ചായത്തിനും ഓരോ മാവേലിസ്റ്റോർ. കഴിഞ്ഞ തവണത്തെ ബഡ്ജറ്റിലും ഉണ്ടായിരുന്നു. ഈ വർഷം അവതരിപ്പിച്ച ബഡ്ജറ്റിലും ഉണ്ട്. ഓരോ പഞ്ചായത്തിനും ഓരോ മാവേലിസ്റ്റോർ. അതുപോലെ 54 മുനിസിപ്പാലിറ്റികളിൽ ഫ്ളൈയിംഗ് സ്കാഡ്, എവിടെയാണ് ? എന്റെ അങ്കമാലി മുനിസിപ്പാലിറ്റിയിൽ ഒന്നും അത് ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അന്നു പറഞ്ഞു ഒരു കോടി രൂപ മാനവീയത്തിനുവേണ്ടി മാറ്റിവയ്ക്കുമെന്ന്. അത് കൂടുതൽ ചെലവാക്കി. അതല്ലേ യാഥാർത്ഥ്യം. ഈ നിലയിൽ യാതൊരുവിധ ലക്ഷ്യബോധവുമില്ലാതെ പോകുന്ന സ്ഥിതിവിശേഷമാണ് പലപ്പോഴും നമുക്കു കാണാൻ കഴിയുന്നത്. ഞാൻ സമയക്കുറവു കൊണ്ട് ആ തരം കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. നമ്മുടെ ബഡ്ജറ്റ് തുക പ്രതിപക്ഷ മെമ്പർമാർക്കൊക്കെ കൊടുത്തുവെന്നു പറഞ്ഞു. പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലേയും പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ. ഇവിടെ ബഡ്ജറ്റ് തുക എന്നുപറഞ്ഞാൽ അങ്ങ് ഉദ്ദേശിക്കുന്നത് എന്താണ് ? ഞങ്ങൾ പറയുന്നത് കഴിഞ്ഞ 4 വർഷക്കാലത്തിനിടയിൽ ഒരു പുതിയ എ.എസ്. തന്ന്, അതനുസരിച്ച് എമൗണ്ട് വയ്ക്കുന്ന തീരുമാനം അങ്ങ് നടപ്പാക്കിയിട്ടുണ്ടോ ? അതാണ് പരിശോധിക്കേണ്ടത്. ഓൺ ഗോയിംഗ് വർക്ക്സുകൾക്ക് കാലാനുസൃതമായി കുറെ ഫണ്ടുണ്ടാകും. ഇടമലയാർ പദ്ധതിക്ക് 16 കോടിരൂപ വകകൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞവർഷവും

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളിച്ചു. അതിന്റെ പണി നടക്കുന്നത് അങ്കമാലി നിയോജകമണ്ഡലത്തിലാണ്. എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിലാണ് ആ ഫണ്ട് ഉപയോഗിക്കുന്നത് എന്നുള്ള നിലയിൽ പറഞ്ഞിട്ട് കാര്യമില്ല. അതൊക്കെ ഓൺ ഗോയിംഗ് വർക്സിനുവേണ്ടി വർഷങ്ങളായി നടക്കുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയതായി എ. എസ്. നൽകുകയോ ആ എ.എസ്. നൽകുന്ന പണികൾക്ക് തുക മാറ്റുകയോ ചെയ്തിട്ടുണ്ടോ ? അതാണ് ഞങ്ങളുടെ കേസ്. അതാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. തുടങ്ങിവച്ചത് തീർക്കുകയെന്നുള്ളത് മാത്രമല്ല തുടങ്ങിവച്ചത് തീർക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നില്ല. തുടങ്ങിവച്ചത് തീർക്കണം. ആവശ്യത്തിന് ഫണ്ട് അനുവദിക്കുന്നില്ല. സ്വാഭാവികമായി പുതിയവ ഈ പറഞ്ഞ രീതിയിലൊന്നും അനുവദിക്കുന്ന സാഹചര്യമില്ല. എ.എസ്. തരേണ്ട. എന്നിട്ടുവേണമല്ലോ ഫണ്ടനുവദിക്കാൻ. ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്ന ഒന്നാണ് ശ്രീ. ശങ്കരാചാര്യർ പാലം. കാലടി എം.സി. റോഡിലുള്ള പാലമാണത്. മണൽവാരി ആ പാലം റാന്നി പാലത്തിന്റെ സ്ഥിതിയിലേയ്ക്ക് വരികയാണ്. ഞാനത് ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതിത്തന്നു. ആ പാലത്തെ ബലപ്പെടുത്താൻ എന്തെങ്കിലും അടിയന്തിരമായ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ അതിനു പണം കൊള്ളിക്കണം. എന്നൊക്കെ എഴുതിത്തന്നു. പക്ഷെ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. അതുപോലെ പല പദ്ധതികളും ആ നിലയിൽ എഴുതി തന്നിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ജനകീയാസൂത്രണം ഒട്ടേറെ കൊട്ടിഘോഷിക്കുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത്തവണ അവതരിപ്പിച്ച ബഡ്ജറ്റ് ഇൻ ബ്രീഫ് റ്റേബിൾ (സി)-5-ൽ എന്താണ് ചെയ്തിരിക്കുന്നത്. അങ്ങ് ഒന്നാലോചിച്ചുനോക്കണം. 1999-2000-ലെ പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട്. 2000-2001 പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട്. എന്തിനാണ് അങ്ങ് ചെലവാക്കിയിരിക്കുന്നത്. 1999-2000-ലെ പ്ലാൻ ഫണ്ട് 63,925 ലക്ഷം രൂപ. നോൺ പ്ലാൻ ഫണ്ട് 7,222 ലക്ഷം രൂപ. 2001-ലെ നോൺ പ്ലാൻ ഫണ്ട് 17,324 ലക്ഷം രൂപയാണ്. 1999-2000-ലെ നോൺ പ്ലാൻ ഫണ്ട് 7,222 ലക്ഷത്തിന്റെ സ്ഥാനത്ത് വച്ചിട്ടുള്ളത് 17,324 ലക്ഷം രൂപ. എന്താണ് ഇതിന്റെ ഉദ്ദേശം. ഉദ്ദേശം വ്യക്തിഗത സഹായം നൽകുക. പഞ്ചായത്തുകൾ പിടിച്ചെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി വ്യക്തിഗതസഹായങ്ങൾ നൽകാൻ വേണ്ടിയാണ്. പ്ലാൻ ഫണ്ടിൽനിന്ന് തുക കുറയ്ക്കുകയും ചെയ്തിരിക്കുന്നു. നോൺ പ്ലാൻ പദ്ധതിക്ക് വലിയ തുക കൊള്ളിച്ചിരിക്കുന്നു. പ്ലാൻ പദ്ധതികളും കാര്യമായി ഉണ്ടാകണം. വ്യക്തിഗതസഹായങ്ങളേക്കാൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും വളരെ കുറച്ചിരിക്കുന്നു. അവിടെ വ്യക്തിഗത സഹായങ്ങളില്ല. അതിന് വളരെ പ്രകടമായി കാണാൻ കഴിയുന്ന കാര്യങ്ങളാണ്. അതുപോലെ പഞ്ചായത്തുകൾക്ക് തുക കൊടുക്കുന്ന കാര്യം സംബന്ധിച്ച് വളരെ വ്യക്തമായി നിയമസഭയിൽ മറുപടി പറഞ്ഞിട്ടുണ്ട്. 1997-1998-ൽ 1,025 കോടി രൂപ, 1998-99-ൽ 1,116 കോടി രൂപ, 1999-2000-ൽ 1,154.4 കോടി രൂപ കൂടികൂടിവന്നിട്ടുണ്ട്. അതിന് ചെലവാക്കിയ തുകയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള വ്യക്തമായ കണക്ക് പലസ്ഥലത്തു നിന്നും ശേഖരിച്ചു വരുന്നതേയുള്ളു. അതാണ് ഏറ്റവും വലിയ പ്രത്യേകത. ശേഖരിച്ചുവരുന്നു. വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രം ഒന്നുരണ്ടു വർഷത്തെ കണക്ക് ബഹുമാനപ്പെട്ട മന്ത്രി തന്നിട്ടുണ്ട്. അത് ഗ്രാമ പഞ്ചായത്തുകൾ

LIBRARY ARCHIVES Kerala Legislative Assembly

1997-98-ൽ 404.48 കോടിരൂപ. ബ്ലോക്ക് പഞ്ചായത്തുകൾ 102.29 കോടിരൂപ, മുനിസിപ്പാലിറ്റികൾ 93.11 കോടിരൂപ. അറുനൂറ്റിചിലാനം കോടി രൂപയാണ് ഇന്ന് ചെലവാക്കിയിട്ടുള്ളത്. 950 കോടിരൂപ കൊടുത്ത 1998-99-ൽ 400 കോടി രൂപയാണ് ചെലവാക്കിയത്. ബാക്കി ചെലവാക്കിയിട്ടില്ല. ഇവിടെ നിയമസഭയിൽ 27-12-1999-ൽ തന്ന മറുപടിയാണ് ഇത്. അപ്പോൾ ഫണ്ട് കൊടുത്തുവെന്ന് നിങ്ങൾ പറയുന്നു. എന്തുകൊണ്ട് ചെലവാക്കുന്നില്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി ഒന്നാലോചിക്കണം. ഫോട്ടോകോപ്പിയെടുക്കാൻ ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങാൻ 691 പഞ്ചായത്തുകൾ ഓരോ ലക്ഷം രൂപ വച്ച് കെട്ടി. വർഷം എത്രയായി. അങ്ങ് പറയുന്നുണ്ട് ഞങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമൊക്കെ പണമനുവദിക്കുന്നുവെന്ന്. എത്രവർഷമായി. ആ ഫോട്ടോകോപ്പിയർ ഇതുവരെ വാങ്ങി കൊടുത്തിട്ടില്ല. നിയമസഭയിൽ ചോദിച്ചപ്പോൾ അതിനു പറഞ്ഞ മറുപടി ഇതിനെ സംബന്ധിച്ചുള്ള ടെന്ററൊക്കെ ചെയ്യണം. ഇതു വലിയ ഏർപ്പാടാണെന്ന്. വർഷം രണ്ടായല്ലോ; അതാണ് ഞാൻ പറഞ്ഞ ആത്മാർത്ഥതയില്ലായ്മ. നിങ്ങൾ പണം ചെലവാക്കിയെന്നുള്ള നിലയിൽ പറയുന്നു. ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞു ജനകീയാസൂത്രണം പിൻവലിക്കുന്ന പ്രശ്നമില്ലായെന്ന്. കൺസ്യൂമർകാർഡ് പിൻവലിക്കുന്ന പ്രശ്നമില്ലായെന്നും പറഞ്ഞു. കൺസ്യൂമർ കാർഡിന്റെ പുറകിലൊക്കെ നടക്കുന്ന കാര്യമറിയാമല്ലോ. അതൊക്കെ, മലയാളമനോരമ പത്രത്തിൽ വന്നതാണ്. ഞാൻ അത് വളരെ വ്യക്തമായി പറയുന്നു. ഇലക്ട്രിസിറ്റി ബോർഡിൽ വ്യാപകമായി രണ്ടുവർഷമായി ചർച്ചകൾ നടക്കുന്നു. ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചാണ് ചർച്ച. രണ്ടുവർഷമായി നൽകേണ്ടതാണ്. അതു നൽകാൻപോലും ഗവൺമെന്റിനു പണമില്ല. എന്തിനാണ് ശമ്പളപരിഷ്കരണം കൊടുക്കുന്നത്. ശമ്പള പരിഷ്ക്കരണം കൊടുത്താലേ ടി.വി. ചാനലിനു പണം പിരിക്കാൻ കഴിയൂ. അതല്ലേ യാഥാർത്ഥ്യം. അതിനുവേണ്ടിയുള്ള വ്യഗ്രതയിൽ കുറെ പണമുണ്ടാക്കണം. അതിനുവേണ്ടി കൺസ്യൂമർ കാർഡ് വിറ്റ് കുറെ പണമുണ്ടാക്കണം. എന്തുവന്നാലും പിൻവലിക്കുകയില്ലായെന്ന്. തെറ്റാണെന്നറിയാം. തെറ്റാണെന്നറിഞ്ഞിട്ടും പിൻവലിക്കുകയില്ല. ആ വാശി എന്താണ്? അതിന്റെ പുറകിലുള്ള ചിന്ത അതാണ്. കഴിഞ്ഞദിവസം അവതരിപ്പിച്ച ബഡ്ജറ്റിലും സ്വർണ്ണകടക്കാരെ അതുപോലെ എക്സൈസ് മുതലാളിമാരെ ഇവരിൽ നിന്നൊക്കെ പണം പിരിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ആ ബഡ്ജറ്റ് അവതരണം നടന്നിരിക്കുന്നത്. വളരെ വ്യക്തമായി ആർക്കും അതു മനസ്സിലാക്കാൻ കഴിയും. ആ നിലയിൽ മുന്നോട്ടു പോകുന്ന ഒരു സ്ഥിതിവിശേഷമാണ്.

ശ്രീ. ജി. സുധാകരൻ : സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിൽ ശമ്പളപരിഷ്ക്കരണം നടത്തുന്ന സി.പി.എം.-ന് ടെലിവിഷൻ ചാനലിനുവേണ്ടി പണമുണ്ടാക്കുന്നതിനു വേണ്ടിയാണെന്ന ദുഃസൂചനയുള്ള പ്രസ്താവന നടത്തിയിരിക്കുകയാണ്. അദ്ദേഹത്തിന് സി.പി.എം.-നെപ്പറ്റി ആക്ഷേപമുന്നയിക്കാം. ടെലിവിഷൻ ചാനലിനെ വിമർശിക്കാം. അതല്ല വിഷയം. ബോർഡിൽ എല്ലാ വിഭാഗത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുമുണ്ട്. സി.പി.എം. അനുഭാവികളുണ്ടാകും. എതിരാളികളുണ്ടാകും. സിപി.ഐ. ഉണ്ടാകും. മുസ്ലീം ലീഗുണ്ടാകും. അങ്ങനെ എല്ലാ വിഭാഗം ജീവനക്കാർക്കും നൽകുന്ന ശമ്പള പരിഷ്ക്കരണം സി.പി.എം-ന് ടി.വി. ചാനലിനുവേണ്ടി മാറ്റാനാണെന്നുപറയുന്നത് ദുഃസൂചനയാണ്. അത് ഓർഡറിലാണോ?

ശ്രീ. പി. ജെ. ജോയി : ചാനൽ പിരിവ്. വൈദ്യുതി ബോർഡിൽ തിരക്കിട്ട ശമ്പളപരിഷ്ക്കരണ ശ്രമം. മലയാളമനോരമയുടെ സ്റ്റേറ്റ് വൈഡ് എഡിഷനിൽ മാർച്ച് 6-ാം തീയതി തിങ്കളാഴ്ച വന്നതാണ്. അവിടെ നടക്കുന്ന കാര്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ശരിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേൾക്കാൻ ഫിഷറീസുമായി ബന്ധപ്പെട്ട ഒരു വിഷയം ഞാൻ പറയുകയാണ്. ഇങ്ങനെയും ഒരു ഗവൺമെന്റിനു ചെയ്യാമെന്നുള്ള വ്യക്തമായ രേഖയാണിത്. അനന്തകൃഷ്ണൻ എന്നു പറയുന്ന ഒരു ബൈന്ററെ 1973-ൽ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടു. അദ്ദേഹം പ്രൊവിഷണലായി നിയമിക്കപ്പെട്ട ആളാണ്. അദ്ദേഹം സമരത്തിൽ പങ്കെടുത്തതിനെ തുടർന്നാണ് പിരിച്ചുവിട്ടത്. 1973-ൽ പിരിച്ചുവിട്ട ആളിന് 1998-ൽ പെൻഷൻ കൊടുക്കാൻ ഒരു ഉത്തരവിറക്കിയിരിക്കുന്നു. ഉത്തരവ് ജി. ഒ. (എം.എസ്) നം.14/98/ഐ. ആന്റ് എഫ്.ഡി. 9-3-1998-ലെ ഉത്തരവ്. 1995-ൽ റിട്ടയർ ചെയ്യേണ്ട ആൾ. 1995-ൽ ഇയാൾക്ക് 55 വയസ്സായി. 95-ൽ അയാളെ നിയമിച്ചിട്ട് പെൻഷൻ കൊടുത്താൽ നമുക്ക് മനസ്സിലാകും. 55 വയസ്സു കഴിഞ്ഞ ആളാണ്. 55 വയസ്സു തികയുന്ന 1995 ഒക്ടോബറിൽ റിട്ടയർ ചെയ്യേണ്ട ആളിന് 1998-ൽ പെൻഷൻ കൊടുക്കാൻ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ സ്വജനപക്ഷപാതം കാണിച്ചിരിക്കുകയാണ്. ഇത് രാഷ്ട്രീയ പെൻഷൻപോലെ വന്നിരിക്കുകയാണ്. 1998-ൽ സർവ്വീസിലില്ലാത്ത ആളിനു 1995 മുതൽ പെൻഷൻ കൊടുക്കാൻ ഉത്തരവ്. എ. ജി. ഒബ്ജക്ട് ചെയ്തു. ധനകാര്യ വകുപ്പുമന്ത്രിക്ക് അതിന്റെ കോപ്പി തന്നിട്ടുണ്ട്. എന്താണ് ഈ നാട്ടിൽ നടക്കുന്നത്. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് സമരത്തിൽ പങ്കെടുത്തതിനെ തുടർന്ന് കോൺഗ്രസ് ഗവൺമെന്റ് ടെർമിനേറ്റു ചെയ്തതാണ്. ടെർമിനേറ്റു ചെയ്തതാണെന്ന് ബോധ്യമുണ്ടായിരുന്നുവെങ്കിൽ 1977 മുതൽ 1981 വരെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുണ്ടായിരുന്നല്ലോ. അയാളോട് സ്നേഹമുണ്ടായിരുന്നുവെങ്കിൽ അന്ന് അയാളെ റീ-ഇൻസ്റ്റേറ്റു ചെയ്തിട്ട് ഇതുപോലെ പെൻഷൻ കൊടുക്കാനുള്ള സാഹചര്യമൊരുക്കാമായിരുന്നു. ഇവിടെ ചെയ്തത് 1998-ൽ 1995 മുതൽ പെൻഷൻ കിട്ടാൻവേണ്ടി മാത്രം ഒരു ഉത്തരവ്. അതിന്റെ കോപ്പിയുണ്ട്. എ. ജി. ഒബ്ജക്ട് ചെയ്തതിന്റെ കോപ്പിയും എന്റെ കൈയിലുണ്ട്. വളരെ ഗൗരവമായ കാര്യമാണ്. 5-8-1998-ൽ എ. ജി. എഴുതിയ ഡി. ഒ. ലറ്റർ അതിന്റെ ഡീറ്റെയിൽസ് സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. വളരെ ഗുരുതരമായ ഒരു സ്വജനപക്ഷപാതം ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ ചെയ്തിരിക്കുന്നു. അദ്ദേഹം സത്യപ്രതിജ്ഞാലംഘനം നടത്തിയിരിക്കുകയാണ്. ആ സ്ഥാനത്തിരിക്കാൻ അദ്ദേഹം യോഗ്യനാണോ. 1998-ലെ ഉത്തരവ് 1995 മുതൽ പെൻഷൻ കൊടുക്കാനാണ്. എല്ലാ വിധ ആനുകൂല്യങ്ങളും. പൂർവകാലപ്രാബല്യത്തോടുകൂടി കൊടുക്കാനാണ് ഉത്തരവ്. എങ്ങനെയാണ് ആ ഉത്തരവിറക്കാൻ സാധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് വളരെ ഗൗരവമായ കാര്യമാണ്. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി അന്വേഷിക്കണം. ഇത് തെറ്റാണെങ്കിൽ തെറ്റ് തിരുത്താൻ തയ്യാറാകണം. ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ എതിർക്കുന്നു.

ശ്രീ. പി. വിശ്വൻ : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ശ്രീ. പി. ജെ. ജോയിയുടെ പ്രസംഗം കേട്ടു. വീക്ഷണം പത്രം വെട്ടിവീഴ്ത്തിയവരാണ് നിങ്ങൾ. ഒരു പൈസയും ബാക്കിവച്ചില്ല. മഹാത്മാവായ സി. കെ. ഗോവിന്ദൻ നായരുടെ പേരിൽ കെട്ടിടം നിർമ്മിക്കുവാൻ തുടങ്ങിയിട്ട് ആ പണവും നിങ്ങൾ വെട്ടിവിഴുങ്ങി. സി.പി.എം. ചാനൽ ഉണ്ടാക്കും. കേരളത്തിലെ ജനങ്ങൾ തരുന്ന പണം ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ ചാനൽ ഉണ്ടാക്കും. അസൂയപ്പെട്ടിട്ട് കാര്യമില്ല. നിങ്ങൾ വെട്ടിവിഴുങ്ങുകയാണ്. വീക്ഷണം പത്രം വരെ വെട്ടിവിഴുങ്ങുന്നവരാണ് നിങ്ങൾ. നിങ്ങൾക്ക് ഇതൊക്കെ പറയുവാൻ കഴിയും. എന്തുകൊണ്ടാണെന്ന് പറഞ്ഞാൽ ഈ ലജനാവിലെ ഓരോ രൂപയും....

ശ്രീ. കെ. ബാബു : നിങ്ങൾ ഒന്നോടെ വിഴുങ്ങുകയാണ്.

ശ്രീ. പി. വിശ്വൻ : നിങ്ങളുടെ പാർട്ടിയുടെ ചരിത്രം അതാണ്. ശ്രീ. പി. വി. നരസിംഹറാവുവിനെക്കുറിച്ച് ശ്രീ. കെ. ബാബു ഇപ്പോൾ പറയുകയില്ലല്ലോ; കാരണം എന്താണെന്ന് അറിയാമോ ? ഞാൻ പറയണ്ടല്ലോ. എന്തിനാണ് പറയിപ്പിക്കുന്നത്. ശ്രീ. പി. വി. നരസിംഹറാവു നിങ്ങളുടെ ഫോട്ടോയിൽ ഇപ്പോൾ ഇല്ലല്ലോ; കാളക്കൂറ്റന്റെ കൂടെയാണല്ലോ ഇപ്പോൾ, പറയിപ്പിക്കണ്ട നിങ്ങൾ. ലജനാവിലെ ഓരോ രൂപയും ഈ ഗവൺമെന്റ് ചെലവാക്കുന്നതു കേരളത്തിലെ ഓരോ വ്യക്തിയുടെയും ഭൗതിക വളർച്ചയെ ഉറപ്പുവരുത്തന്നതിനുവേണ്ടിയാണ്. ഈ സർക്കാർ നടപടികളെ അനുകൂലിക്കുക എന്നുപറഞ്ഞാൽ അതിൽ ഒരു ദേശീയ താല്പര്യമുണ്ട്. ഒരു രാജ്യസ്നേഹപരമായ കാഴ്ചപ്പാടുണ്ട്. ഇവിടെ ഇന്നു കാലത്ത് ഒരു പ്രധാനപ്പെട്ട വിഷയത്തെക്കുറിച്ച് ചർച്ച നടന്നല്ലോ. ആ ചർച്ചയുടെ ഭാഗമായിക്കൂടി ഇതിനെ കാണണം എന്നാണ് എനിക്ക് പറയുവാനുള്ളത്. പുതിയ സാമ്പത്തിക നയത്തിനെതിരെ വലിയ പോരാട്ടത്തിന്റെ ഭാഗമായി കേരള സർക്കാരിന്റെ നടപടികളെ രാജ്യസ്നേഹപരമായി ഉയർത്തിപിടിക്കുവാൻ പ്രതിപക്ഷക്കാർ മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കാരണം ഇന്ന് നമ്മുടെ രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കുറെ ദിവസങ്ങളായി ഇതിനെക്കുറിച്ച് ഇവിടെ ചർച്ച നടക്കുന്നുണ്ട്. ദേശീയ സാമ്പത്തിക രംഗത്തെ ഗുരുതരാവസ്ഥ, ആഭ്യന്തര ഉല്പാദന രംഗത്തെ വളർച്ച, 1998-1999-ൽ 6.8 ശതമാനം ആയിരുന്നത് ഇപ്പോൾ 5.9 ആയി. ഇനിയും താഴോട്ടു വരുകയാണ്. വിദേശകടം ആണെങ്കിൽ ഒരു മാസക്കാലത്തെ മാത്രം (1999 മാർച്ചിൽ) 97.689 മില്യൻ ഡോളർ കടം ഉണ്ടായിരുന്നത് സെപ്റ്റംബർ മാസം ആയപ്പോൾ 98.87 മില്യൻ ഡോളറായി മാറി. കമ്മി കുറയ്ക്കുവാൻവേണ്ടി ഒരു പുതിയ നടപടി കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതു അവരുടെ വർഗ്ഗ താല്പര്യവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. കമ്മി കുറയ്ക്കുവാൻ കഴിയുകയില്ല. പ്രതിരോധ ചെലവ് കൂടുമ്പോൾ, വാങ്ങിയ കടത്തിനു പലിശ

LIBRARY ARCHIVES Kerala Legislative Assembly

ഈടാക്കേണ്ടി വരുമ്പോൾ കമ്മി വർദ്ധിക്കുവാനേ കഴിയുകയുള്ളു. പ്രതിരോധ ചെലവ് കൂടുന്നു എന്നു പറഞ്ഞത്, ഇവിടെ മി.ക്ലിന്റൻ വന്നല്ലേ ; ലോക മുതലാളിത്തത്തിന്റെ കിങ്കരൻ ആണ് ക്ലിന്റൻ എന്നുപറയുന്ന വ്യക്തി, അദ്ദേഹം വലിയ ആനന്ദത്തോടെ ഇൻഡ്യയിലേയ്ക്ക് കടന്നുവന്നു താജ്മഹൾ കാണുന്നു. ലോക സാമ്പത്തിക രംഗത്ത് ബഹുരാഷ്ട്ര കുത്തകകൾ അവരുടെ ആസ്തിയും മൂലധനവും പുതിയ വഴിക്ക് ഒഴുക്കിക്കൊണ്ടിരിക്കുകയാണ്. ഡോഗ്ലാസ് വിമാന കമ്പനിക്കാർ അല്ലെങ്കിൽ ബോയിംഗ് വിമാന കമ്പനിക്കാരൻ ജനറൽ മോട്ടോർ കമ്പനിക്കാരൻ ഇവരൊക്കെ മുങ്ങിക്കപ്പൽ ഉണ്ടാക്കാനും പോർ വിമാനങ്ങൾ ഉണ്ടാക്കാനും അതുപോലെ യുദ്ധോപകരണങ്ങൾ ഉണ്ടാക്കാനും അവരുടെ മൂലധനത്തെ ചാലുതിരിച്ചു വിട്ടുക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഇൻഡ്യാ രാജ്യത്തെ അവർ ഒരു വലിയ മാർക്കറ്റായി മാറ്റുകയാണ്. എന്താണ് പ്രതിരോധ ചെലവ് ?

ശ്രീ. തമ്പാനൂർ രവി : ക്ലിന്റന്റെ വരവുമായി ബന്ധപ്പെട്ട് നിരവധി തർക്കങ്ങൾ ഇവിടെ ഉണ്ടായി. എന്റെ ചോദ്യം ബഹുമാനപ്പെട്ട ഇ. കെ. നായനാർ നാലുതവണ അമേരിക്കയിൽ പോയി. എന്തിനാണ് ? വിദേശനിക്ഷേപം നേടാനായിട്ടാണ്. അത് ഈ പറയുന്നതുമായി എന്തെങ്കിലും ബന്ധമുണ്ടോ ?

ശ്രീ. പി. വിശ്വൻ : ഉണ്ട്. വളരെ സീരിയസ്സായിട്ടുള്ള വിഷയമാണ്. അതിനെക്കുറിച്ച് പറയാം. അക്കാര്യത്തിൽ മുഖംതിരിച്ചു നിൽക്കുന്നില്ല. ലോകത്തെ വൻകിട ബഹുരാഷ്ട്ര കുത്തകകളുടെ മൂലധനം അവർ ചാലുതിരിച്ച് വിടുകയാണ്.

ശ്രീ. തമ്പാനൂർ രവി : ഞാൻ ചോദിച്ചതിനു മറുപടി തന്നില്ല.

ശ്രീ. പി. വിശ്വൻ : ഞാൻ തുടങ്ങിയതേയുള്ളു. ഞാൻ അതിലേയ്ക്ക് വരാം. നമ്മുടെ പ്രതിരോധ ചെലവ് 21 മടങ്ങ് വർദ്ധിച്ചു. 58,587 കോടി രൂപ ഉള്ളതിൽ 21 മടങ്ങ് വർദ്ധിച്ചു. 58,587 കോടി രൂപ ഉള്ളതിൽ 13 കോടിരൂപ കൂടി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇൻഡ്യ ഒരു മാർക്കറ്റായി മാറുകയാണ്. കോടാനുകോടി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം മുങ്ങിക്കപ്പൽ വാങ്ങാനും പോർ വിമാനങ്ങൾ വാങ്ങാനും ഉപയോഗിക്കുന്നു അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകളുടെ ഒരു വലിയ പ്രതീകമാണ് മി. ക്ലിന്റൻ. അദ്ദേഹം കച്ചവടം നടത്താനാണ് ഇവിടെ വന്നിട്ടുള്ളത്. ശ്രീ. ഇ. കെ. നായനാർ അതിനല്ല അമേരിക്കയിൽ പോയത്. കേരളത്തിലെ ഭൗതിക വളർച്ച ഉറപ്പുവരുത്താൻ നിബന്ധനകൾക്ക് അനുസൃതമായി ഇവിടെ വ്യവസായികളെ കൊണ്ടുവരാൻ കഴിയുമോ ; വിദേശ മലയാളികളുടെ സമ്പത്ത് ഇവിടെ ഉപയോഗപ്പെടുത്താൻ കഴിയുമോ. എന്ന് പരിശോധിക്കുവാനാണ് ശ്രീ. ഇ. കെ. നായനാർ അമേരിക്കയിൽ പോയിട്ടുള്ളത്. നിങ്ങൾ അതിനെക്കുറിച്ച് പഠിക്കാത്തതുകൊണ്ടാണ് അതിനെക്കുറിച്ച് പറയാത്തത്.

ശ്രീ. കെ. ബാബു : അങ്ങ് വഴങ്ങുമോ ?

ശ്രീ. പി. വിശ്വൻ : ചോദിച്ച് തുലയു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട പി. വിശ്വൻ, ചോദിച്ചു തുലയാൻ വേണ്ടിയല്ല, ഒരു കാര്യം അറിയുവാൻ വേണ്ടിയാണ്. കേരളത്തിലെ സാമ്പത്തിക നയമാണല്ലോ ഇവിടെ വിശദീകരിച്ചത്. കേരളത്തിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് നിങ്ങൾ സ്വാഗതം ചെയ്യുന്നുണ്ടോ ?

ശ്രീ. പി. വിശ്വൻ : കേരളത്തിലെ തൊഴിലില്ലായ്മ ഇല്ലാതാക്കുവാനും കേരളത്തിലെ വ്യക്തികളുടെ ഭൗതിക വളർച്ച ഉറപ്പുവരുത്താനും ഏതു ഇൻവെസ്റ്റുമെന്റും അത്യാവശ്യമാണെന്നുള്ള ശാസ്ത്രീയമായ കാഴ്ചപ്പാടാണുള്ളത്. ഒരു സംശയവും വേണ്ട. ഇവിടെ അതല്ല. ഇവിടെ ലോകത്തിന്റെ മൂടുതന്നെ മാറിയിരിക്കുകയാണ്. നിങ്ങൾ അതു കാണുന്നില്ല. കാർഷിക മേഖലയെ സംബന്ധിച്ച്, ഇൻഡ്യ ഒരു കാർഷിക രാജ്യമല്ല, മൂലധനം വർദ്ധിപ്പിക്കുവാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും കേന്ദ്ര സർക്കാരിനു താല്പര്യമില്ല. അതു രാജീവ്ഗാന്ധിയുടെ നടപടികളുടെ തുടർച്ചയാണ്. 1980 കളുടെ തുടർച്ചയാണ്. അങ്ങനെ വരുമ്പോൾ ഇൻഡ്യ എങ്ങോട്ടുപോകും ? 43 കളിലേയ്ക്കു ഇൻഡ്യ പോകുമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഞാൻ അതിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയാണ്. മഹാനായ അമർത്യസെൻ, ഇൻഡ്യയുടെ പുത്രൻ അദ്ദേഹത്തിനു നോബൽ സമ്മാനം കിട്ടിയല്ലോ ; അദ്ദേഹത്തിന്റെ പ്രസിദ്ധമായ Poverty and Famines എന്ന പുസ്തകത്തിന്റെ പുതിയ എഡിഷൻ നമ്മുടെ ലൈബ്രറിയിൽ ഉണ്ട്. ആ പുസ്തകത്തിലെ 52-ാമത്തെ പേജ് മുതൽ Great Bengal Famine-നെ കുറിച്ച് പറയുന്നുണ്ട്. അതിൽ പറയുകയാണ്. രണ്ടു മൂന്ന് ലക്ഷം വരുന്ന ബംഗാളികൾ ബംഗാൾ ക്ഷാമത്തിന്റെ ഭാഗമായി മരിച്ചു. അതിന്റെ കാരണം എന്താണ് ? ഈ രാജ്യത്തിന്റെ മണ്ണ് ഉഴുതു മറിച്ചത് ബ്രിട്ടീഷുകാർക്കുവേണ്ടിയായിരുന്നു എന്നതു മാത്രമല്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂടിയുണ്ട്. Food availability decline, അതിനെക്കുറിച്ച് അമർത്യസെൻ ശക്തമായി പറയുകയാണ്. Food supply crisis വന്നു എന്നുപറയുകയാണ്. ആ രൂപത്തിലേയ്ക്ക്, ഇൻഡ്യയെ വീണ്ടും ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള കർശന നടപടിയിലേയ്ക്കാണ് ഇവിടെ കേന്ദ്ര സർക്കാർ എത്തിയിട്ടുള്ളത്. നമ്മുടെ മണ്ണിനെ അവർ ഉഴുതുമറിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യ നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ ഘട്ടത്തിലാണ് കേരള സർക്കാർ ഒരു ലോഡ്സ്റ്റാർ പോലെ അവരുടെ സാമ്പത്തിക മാനേജ്മെന്റ് മുന്നോട്ടുകൊണ്ടുപോകുന്നത്. അതിനെ പ്രകീർത്തിക്കണം. അതിനെ അംഗീകരിക്കുക എന്നുപറഞ്ഞാൽ അതു രാജ്യസ്നേഹപരമായ നടപടിയാണ്. ഇവിടെ നമുക്ക് അറിയാം ഇൻഡ്യയിലെ വിവിധ സ്റ്റേറ്റുകളുടെ ഇന്നത്തെ റവന്യൂ നിലവാരത്തെക്കുറിച്ച് ഈ കഴിഞ്ഞ ഫെബ്രുവരി മാസം 14-ാം തീയതി ഇറക്കിയിട്ടുള്ള ഇൻഡ്യാ ടുഡേയിൽ "going broke "എന്ന് ഹെഡ്ലിംഗ് കൊടുത്തിട്ടുള്ള ആ പ്രസിദ്ധീകരണത്തിൽ ഡീറ്റയിൽഡായിട്ട് കുറെ കാര്യങ്ങളുണ്ട്. എല്ലാത്തിനോടും നമ്മൾ യോജിക്കണമെന്ന് പറയുന്നില്ല. എന്നാലും കുറെ കാര്യങ്ങളോട് യോജിക്കാവുന്നതാണ്. ഇൻഡ്യാ രാജ്യത്തിന്റെ റവന്യൂ കമ്മി വർദ്ധിക്കുന്നതോടൊപ്പം തന്നെ നമ്മുടെ total debt വർദ്ധിക്കുന്നതോടൊപ്പം തന്നെ വിവിധ സ്റ്റേറ്റുകളിൽ ഇന്ന് വലിയ അപാകതകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ വിവിധ സ്റ്റേറ്റുകളുടെ കടം 2,43,525 കോടിയിൽ നിന്ന് 4,90,258

കോടിയായി മാറിയിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു സ്റ്റേറ്റാണ്. India's richest state ആണ് പഞ്ചാബ്. പഞ്ചാബിലെ സ്ഥിതി ഇന്നലെ ഇവിടെ സൂചിപ്പിച്ചു. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിലും സൂചിപ്പിച്ചു. ആ സ്റ്റേറ്റിന്റെ കാര്യം നിങ്ങൾ നോക്കു.

In Punjab, India's richest state, salaries of 5000 officials, including the Chief Secretary, were held up for a week recently when a civil court sealed the state treasury following a payment default. പഞ്ചാബിനെക്കുറിച്ചാണ് പറയുന്നത് എന്നാൽ മഹാരാഷ്ട്രയുടെ സ്ഥിതി എന്താണ് ? ഇൻഡ്യയിലെ ഏറ്റവും പ്രസിദ്ധമായ ഒരു സ്റ്റേറ്റാണ് മഹാരാഷ്ട്ര. വ്യാവസായിക രംഗത്ത് ഏറ്റവും മുൻപന്തിയിലാണ് മഹാരാഷ്ട്ര. ആ സ്റ്റേറ്റിൽ വിദ്യാഭ്യാസത്തിന്റെ പ്ലാൻ സ്പെൻഡിംഗ് വെട്ടിച്ചുരുക്കി 459 കോടി രൂപയിൽ നിന്ന് 393 കോടി രൂപയാക്കി മാറ്റി. രാജസ്ഥാനിൽ മുഖ്യമന്ത്രി ജീവനക്കാരോട് പറയുകയാണ്. നിങ്ങൾക്ക് രണ്ടു കാര്യങ്ങൾ തെരഞ്ഞെടുക്കാം. ഒന്ന്, ഡി. എ; രണ്ട്. ടൈംലി പേമെന്റ് ഓഫ് സാലറി. ഏതാണോ വേണ്ടത് അതു നിങ്ങൾക്ക് തെരഞ്ഞെടുക്കാം. ആ രൂപത്തിൽ വളരെയധികം സാമ്പത്തികമായി കഴിവുള്ള മഹാരാഷ്ട്ര, പഞ്ചാബ് പോലുള്ള സ്റ്റേറ്റുകളുടെ ക്രൈസിസ് ഒരിക്കലും നമുക്കു തിരിച്ചറിയാൻ കഴിയാത്ത രൂപത്തിലേയ്ക്ക് മാറിക്കഴിഞ്ഞിരിക്കുകയാണ്. അത്തരം ഗുരുതരമായ ഒരു പ്രതിസന്ധി നിൽക്കുന്ന സമയത്താണ് കേരളം പോലുള്ള സ്റ്റേറ്റിൽ.... അതിനു വ്യത്യസ്തമായി കേരളത്തിന്റെ ധനസ്ഥിതി ആശ്വാസകരമാണ്. അതു നമ്മൾ കണ്ടേ പറ്റു. കഴിഞ്ഞ വർഷത്തെ കമ്മി, അധിക ബാധ്യത 324 കോടി രൂപ വന്നപ്പോൾ 797 കോടി രൂപ വരെ എന്നു പറഞ്ഞുവെങ്കിലും മൊത്തം കമ്മി 141 കോടി രൂപയിലെത്തി എന്നുള്ളത് നിസ്സാരമായ കാര്യമല്ല. റവന്യൂ കമ്മിയെക്കുറിച്ച് ഇന്നലെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പ്രസംഗിച്ചു. ഞാൻ അദ്ദേഹത്തിന്റെ ഓരോ വാക്കുകളും ശ്രദ്ധിച്ചിരുന്നു. അതിൽ നിന്ന് കാര്യമാത്ര പ്രസക്തമായൊരു സമീപന മുണ്ടാമെന്നുള്ളതു കൊണ്ടു തന്നെയാണ് ശ്രദ്ധിച്ചത്. പക്ഷേ ചില സ്ഥലത്തൊക്കെ അദ്ദേഹം വിഴുങ്ങി. അല്ലെങ്കിൽ വഴുതിമാറിപ്പോകുകയാണ് ചെയ്തിട്ടുള്ളത്. 1996-97 -ൽ 643 കോടി രൂപയുടെ റവന്യൂ കമ്മി, 1998-99 ആയപ്പോൾ 2027. ശ്രീ. കെ. എം. മാണിയുടെ ആക്ഷേപസ്വരത്തിലുള്ള പ്രസംഗവും ഞാൻ കേട്ടു. ത്രിതല പഞ്ചായത്തുകൾക്ക് നാലു വർഷത്തെ ഗ്രാന്റ് 2931 കോടി രൂപയാണ് കൊടുത്തത്. അതിൽ 70 ശതമാനം മൂലധനചെലവുകൾക്കാണ്. അത് 2051 കോടി രൂപ വരും. ഇന്നലെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇതിനെക്കുറിച്ച് പറഞ്ഞെങ്കിലും കൃത്യമായി പഠിച്ചില്ല. അതുകൂടി കൂട്ടുകയാണെങ്കിൽ പഞ്ചാബ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ വൻ ഡെഫിസിറ്റ് നേരിടുമ്പോൾ കേരളം പോലുള്ള സംസ്ഥാനം ഈ കാര്യത്തിൽ വളരെ മുന്നോട്ടുപോയിരിക്കുന്നു എന്നുള്ളത് ആശ്വാസകരമാണ്. ഓരോ കാര്യത്തിനും ഖജനാവിലെ പണം ചെലവാക്കുമ്പോൾ കേരളത്തിലെ പൊതുവിതരണ ശൃംഖല ശക്തിപ്പെട്ടില്ല എന്നു പറയാൻ കഴിയുമോ ? കഴിയില്ല. നെഞ്ചത്തു കൈവച്ചു കൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർക്ക് ഇല്ലെന്നു പറയാൻ കഴിയുമോ ? കേരളം ഭരിക്കുന്നത് എൽ.ഡി.എഫ്. അല്ലായിരുന്നുവെങ്കിൽ കേരളത്തിലെ പൊതുവിതരണ ശൃംഖല എവിടെ എത്തുമായിരുന്നു ? വയലിൽ തൊഴിലെടുക്കുന്ന,

LIBRARY ARCHIVES Kerala Legislative Assembly

തിരമാലകൾ താണ്ടി പടിഞ്ഞാറോട്ടു പോകുന്ന, ഓഫീസുകളിൽ ജോലിയെടുക്കുന്ന കേരളത്തിലെ വിവിധ മേഖലകളിലെ ജനങ്ങളുടെ സ്ഥിതി എന്താകുമായിരിന്നു ? ബിൽ ക്ലിന്റന്റെ സ്റ്റേറ്റ്മെന്റ് ഇന്നലെ പത്രത്തിൽ വന്നില്ലേ ? India is a land of middle class, ഇൻഡ്യയിൽ 10 കോടി ജനങ്ങൾ മാത്രമേ മിഡിൽ ക്ലാസ് ഉള്ളു. അത് അദ്ദേഹത്തിനറിയില്ല. പത്തു കോടിയോളം വരുന്നവർ മിഡിൽ ക്ലാസ്സുണ്ടാകാം. വാങ്ങാൻ ശേഷിയുള്ളവരുണ്ടാകാം. ആ പത്തു കോടിയുടെ പണം, ആ മാർക്കറ്റ് ലക്ഷ്യമാക്കിക്കൊണ്ട് ആണ് ക്ലിന്റൺ അടങ്ങുന്ന ഭരണാധികാരികൾ ലോക മുതലാളിത്വത്തെ ഇൻഡ്യയിലേയ്ക്ക് തിരിച്ചുവിട്ടുകൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിലെ സർക്കാർ അതല്ല. ഖജനാവിലെ ഓരോ രൂപയും ഓരോ വ്യക്തിയുടെ ഭൗതിക വളർച്ച, വാങ്ങാനുള്ള ശേഷിയെ ഉറപ്പു വരുത്താനുതകുന്ന രൂപത്തിലാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഇവിടെ അനുകൂലിക്കുന്നു എന്നു പറയാനുള്ള കാരണം. അല്ലാതെ വെറുതെ കണ്ണടച്ചിരുട്ടാക്കുകയല്ല. കുരുടൻ ആനയെ കണ്ടതു പോലെ പ്രതിപക്ഷം സാമ്രാജ്യത്വത്തെ തപ്പി നോക്കുകയാണ്. അവരുടെ മാർഗ്ഗം ഇന്നലെവരെ എന്തായിരുന്നു. മിക്സഡ് ഇക്കോണമിയെക്കുറിച്ച് പറയാറുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് യഥാർത്ഥത്തിലുള്ള പിൻതുണ നഷ്ടപ്പെട്ടുപോകാനുള്ള കാരണമെന്താണ് ? അതു സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. അല്ലെന്നു പറയാൻ കഴിയില്ല. യഥാർത്ഥത്തിൽ മിക്സഡ് ഇക്കോണമി കൊണ്ട് ഇൻഡ്യൻ കുത്തകമുതലാളിമാർ തടിച്ചുകൊഴുത്തുവന്നു. ടാറ്റ മുതൽ കിർലോസ്ക്കർ വരെയുള്ളവരുടെ ആസ്തിയുടെ വർദ്ധനവ് എന്തായിരുന്നു ? മറുഭാഗത്ത് ജനങ്ങൾ കൂടുതൽ പാപ്പരായി. പാപ്പരായ ജനത ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെതിരായി നിന്നതു തെരഞ്ഞെടുപ്പുകൾ വന്നപ്പോൾ അതിൽ പ്രതിഫലിച്ചു. അതിനെ മറിച്ചിടാൻ നിങ്ങൾ പുത്തൻ മുദ്രാവാക്യം ആവിഷ്ക്കരിച്ചിട്ടുണ്ട്. നിങ്ങൾ 'ഗരീബീ ഹഠാവോ' പറഞ്ഞില്ലേ ? 'ഇന്ദിരയെ വിളിക്കൂ ഇൻഡ്യയെ രക്ഷിക്കൂ' എന്നു പറഞ്ഞില്ലേ ? 'ഭാരത് ബനാവോ' എന്നു പറഞ്ഞില്ലേ ? പുതിയ സാമ്പത്തിക നയത്തെക്കുറിച്ച് 1990-കളിൽ വൻപ്രചാരണം കൊടുത്തില്ലേ ? പക്ഷെ നയം ജനങ്ങൾക്കെതിരായതുകൊണ്ട് ജനം നിങ്ങൾക്കെതിരായി തിരിച്ചുവന്നു. മാത്രമല്ല, മറ്റൊരു കാര്യം കൂടി നിങ്ങൾ ചെയ്തിട്ടുണ്ട്. അധികാരം നിലനിർത്താൻ ദുഷ്ടരാഷ്ട്രീയ ലാഭത്തിനുവേണ്ടി നിങ്ങൾ ഇവിടെ വർഗ്ഗീയതയെ പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. ജാതി സംഘടനകളെ പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. പിൻതിരിപ്പൻ ആശയങ്ങളെയും പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. അതിന്റെ പ്രതിഫലനമെന്താണ്. യു.പി.-യിൽ തെരഞ്ഞെടുപ്പു വന്നു. ഒന്നു-രണ്ടു പാർലമെന്റ് സീറ്റുകളിലും ഒന്നു-രണ്ട് മറ്റു പ്രധാനപ്പെട്ട സീറ്റുകളിലും തെരഞ്ഞെടുപ്പു വന്നു. കോൺഗ്രസ് (ഐ)-യുടെ അവിടത്തെ പ്രകടനം എന്തായിരുന്നു ? 7,80,000-ത്തിൽപ്പരം വോട്ടുള്ള പാർലമെന്റിൽ നിങ്ങൾക്കു യഥാർത്ഥത്തിൽ കിട്ടിയ വോട്ട് 7680 ആണ്. അതിനെപ്പറ്റി 'ഹിന്ദു' പത്രം വിശദമായി റിപ്പോർട്ട് ചെയ്തില്ലേ ? ഒരു ശതമാനം വോട്ടുപോലും യു.പി-യിൽ നിങ്ങൾക്ക് കിട്ടിയില്ല. നിങ്ങൾ പ്രോൽസാഹിപ്പിച്ച സവർണ്ണ-ബ്രാഹ്മണ ഹിന്ദുക്കൾ ബി.ജെ.പി.-യിൽ ചേർന്നു. നിങ്ങൾ പ്രോൽസാഹിപ്പിച്ച പിന്നോക്കം പോലുള്ള ജനവിഭാഗങ്ങൾ വിവിധ ജാതി പ്രസ്ഥാനങ്ങളിൽ ചേർന്നു.

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ പ്രാദേശിക പാർട്ടികളിൽ ചേർന്നു. കോൺഗ്രസ് അങ്ങനെയില്ലാതായി. എന്നിട്ടും നിങ്ങൾ പഠിച്ചില്ല. കേരളത്തിന്റെ ചിത്രം അതാണ്. അതുകൊണ്ടാണ് നിങ്ങൾ പഠിച്ചില്ല എന്നു ഞാൻ പറയുന്നത്. ഇൻഡ്യാരാജ്യത്തെ കാർന്നു തിന്നാൻ ലോകമുതലാളിത്തം പുത്തൻ സാമ്പത്തിക നയവുമായി വരുമ്പോൾ അതിനെ ചെറുത്തു തോൽപ്പിക്കാൻ കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പിൻതുണയോടെ മുന്നോട്ടു പോകുമ്പോൾ നിങ്ങൾ രാജ്യദ്രോഹപരമായി എന്താണ് ചെയ്യുന്നത് ? മന്നത്തു പദ്മനാഭനെ അവഹേളിച്ചു എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ എന്തെല്ലാം കോലാഹലങ്ങൾ നടത്തി. ഗുരുദേവന്റെ പ്രതിമ തകർത്തു എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ എന്തെല്ലാം കോലാഹലങ്ങൾ നടത്തി, മാതാ അമൃതാനന്ദമായിയുടെ പേരു പറഞ്ഞുകൊണ്ട് നിങ്ങൾ എന്തെല്ലാം കോലാഹലങ്ങൾ നടത്തി. ഇതൊക്കെ മത നിരപേക്ഷതയ്ക്ക് എതിരായിരുന്നു. മാത്രമല്ല, താൽക്കാലികലാഭം ഉണ്ടാകുമെന്നുള്ള ധാരണയോടെ നിങ്ങൾ ഈ രാജ്യത്തിന്റെ അഖണ്ഡതയെ തകർക്കുകയായിരുന്നു. കോൺഗ്രസ്സിന്റെ ചിത്രം അതാണ്. അതൊരിക്കലും ഇല്ലാതാക്കാൻ നിങ്ങൾ തയ്യാറാകാത്ത കാലത്തോളം ഈ രാജ്യത്ത് നിങ്ങൾക്കു മുന്നോട്ടു പോകാൻ കഴിയുകയില്ല. . മാത്രമല്ല, അത് രാജ്യദ്രോഹപരമായൊരു സമീപനം കൂടിയായിരിക്കും. അധികാരവികേന്ദ്രീകരണത്തിനുവേണ്ടി കേരളസർക്കാർ എടുത്ത നടപടികളെ ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ ? ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഒരു വാദപ്രതിവാദത്തിൽ ഇടപെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഡ്ജറ്റ് ചർച്ച കൺക്ലൂഡ് ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു. ത്രിതല പഞ്ചായത്തുകൾക്ക് അധികാരവും പണവും കൊടുത്തു. എത്ര കോടി രൂപ കൊടുത്തു. അതു യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. അതിൽ നിങ്ങൾക്ക് മുഖം തിരിച്ചു നിൽക്കാൻ കഴിയുമോ ? നിങ്ങൾക്ക് മുഖം തിരിച്ചു നിൽക്കാൻ കഴിയില്ല. നിങ്ങളുടെ കുഞ്ഞാണ് അധികാരവികേന്ദ്രീകരണ കുഞ്ഞ് എങ്കിൽ നിങ്ങൾ മധ്യപ്രദേശിൽ ഭരിക്കുന്നില്ലേ ? അവിടെ അധികാരവികേന്ദ്രീകരണം നടന്നില്ലല്ലോ ? നിങ്ങൾ ഇന്നലെ വരെ ഒറീസ ഭരിച്ചില്ലേ ? അവിടെ അധികാരവികേന്ദ്രീകരണം നടന്നില്ലല്ലോ ? രാജസ്ഥാനിൽ നിങ്ങൾ ഭരിക്കുന്നു. പത്തു കൊല്ലം ബി. ജെ. പി. ഭരിച്ചശേഷം അവിടെ പുതിയ കാൽവയ്പ്പ് ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ടോ? നിങ്ങൾ കർണ്ണാടകത്തിൽ ഭരിക്കുന്നു. അധികാരവികേന്ദ്രീകരണത്തെ സഫലമാക്കാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? അതിനൊരു ഇച്ഛാശക്തി വേണം. കോൺഗ്രസ്(ഐ)ക്ക് ഇച്ഛാശക്തി ഇല്ല. കാരണം, നിങ്ങളുടെ വർഗ്ഗതാൽപര്യം ഇൻഡ്യൻ കുത്തകകളെ സംരക്ഷിക്കുന്ന വർഗ്ഗതാൽപര്യമാണ്. ആ വർഗ്ഗതാൽപ്പര്യത്തിനെതിരെ നിലനിൽക്കാൻ നിങ്ങൾക്കു താൽപ്പര്യമുണ്ടെങ്കിൽ അതു തുറന്നുപറയാനും ജനതയുടെ കൂടെ നിൽക്കാനും തയ്യാറാക്കണം. ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ഇച്ഛാശക്തിയുണ്ട്. ദൃഢതയുണ്ട്. അധികാരവികേന്ദ്രീകരണം നടത്താൻ ഇച്ഛാശക്തിയുണ്ട്. അതിന്റെ ഭാഗമായിട്ടാണ് നാലു കൊല്ലക്കാലം കൂറേയേറെ വികസനപ്രവർത്തനങ്ങൾ ഗ്രാമീണ മേഖലയിൽ നടന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാദം ഫണ്ട് ഡിപ്പാർട്ട്മെന്റു മുഖേന കൊടുത്തിരുന്നു എന്നാണ്. അതാണ് അദ്ദേഹത്തിന്റെ വാദഗതിയുടെ ഇന്നലെത്തെ ഒരു പോയിന്റ്. ഞാൻ അദ്ദേഹത്തോടു ചോദിക്കുകയാണ്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് (ഐ) ഭരിക്കുന്ന പഞ്ചായത്താണ് ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്. ആ പഞ്ചായത്തിന് ഇത്തവണ പദ്ധതിവിഹിതമെന്ന നിലയ്ക്ക് കിട്ടിയത് 58 ലക്ഷം രൂപയാണ്. ഞാൻ 12 കൊല്ലം അവിടത്തെ മെമ്പറായിരുന്നു. ശമ്പളം പോലുംകൊടുക്കാൻ കഴിയാതെ നട്ടം തിരിഞ്ഞ ആ പഞ്ചായത്തിൽ ഡിപ്പാർട്ട്മെന്റ് എന്തു പണം ചെലവാക്കി എന്നു ഞങ്ങൾക്കറിയാം. അവിടത്തെ കോൺഗ്രസ് (ഐ)യുടെ പ്രസിഡന്റിനറിയാം. ഇന്ന് അവിടെ വ്യത്യസ്തമായ നയമല്ലേ ? ആ പഞ്ചായത്തിനു മാത്രമല്ല, പ്രതിപക്ഷത്തും ഭരണകക്ഷിയിലുമിരിക്കുന്ന ഓരോ നിയമസഭാംഗങ്ങളും ഉൾക്കൊള്ളുന്ന മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഇന്നത്തെ വികസനപ്രവർത്തനത്തെ നിങ്ങൾക്കു കണ്ടില്ലെന്നു നടിക്കാൻ കഴിയുമോ ? ഒരിക്കലും കഴിയില്ല. നിയമമുണ്ടാക്കാനുള്ള ഇച്ഛാശക്തിയും നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ഈ കാര്യത്തിൽ വേണം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ചെങ്ങോട്ടുകാവുൾപ്പെടയുള്ള പഞ്ചായത്തുകളുടെ വാർഡ് വിഭജനം യു. ഡി. എഫ്. ഭരിച്ച കാലത്ത് നടത്തിയതുപോലെയാണോ ഇപ്പോൾ നടത്തിയത് ?

ശ്രീ. പി. വിശ്വൻ : സർ, അതിനെക്കുറിച്ച് നിരവധി ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട്. അതിൽ എൽ. ഡി. എഫ്ന്റെ മാന്യമായ സമീപനം കേരള ജനതയ്ക്കറിയാം. അതിന്റെ പ്രതികരണവും കേരളത്തിലുണ്ടാകുമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ.

ശ്രീ. ജോണി നെല്ലൂർ : സർ, 1995 ഒക്ടോബർ മാസം രണ്ടാം തീയതിയാണ് നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് രാജ് നിയമം നടപ്പിൽ വന്നതെന്നുപറഞ്ഞല്ലോ ? അതിനുശേഷം ആദ്യമായി കേരള നിയമസഭയിലവതരിപ്പിച്ച ബഡ്ജറ്റിൽ 410 കോടി രൂപ അധികാരകൈമാറ്റത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൊടുത്തത് യു. ഡി. എഫ്. ഗവൺമെന്റാണെന്നുള്ള കാര്യം അങ്ങേക്കറിയാമോ ?

ശ്രീ. പി. വിശ്വൻ : സർ, ഞാനിത് അനുഭവത്തിലൂടെ പറയുന്നതാണ്. ഇവിടെ കോൺഗ്രസ് (ഐ)ക്ക് അധികാരവികേന്ദ്രീകരണത്തിൽ താല്പര്യമില്ലെന്നു പറയാൻ കാരണം ഡിസ്ട്രിക്റ്റ് കൗൺസിൽ ഉള്ളകാലത്ത് ഞാൻ അതിന്റെ ചെയർമാനായിരുന്നു. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിനറിയാമല്ലോ കോഴിക്കോടു ജില്ലയിലെ വിദ്യാഭ്യാസ മേഖലയ്ക്ക്, അവിടെയുള്ള കുട്ടികൾക്ക് സ്ക്കൂളുണ്ടാക്കാൻ, കെട്ടിമേയാൻ എത്ര രൂപ കൊടുത്തിട്ടുണ്ടാകാം ? ഇന്ന് ജില്ലാ പഞ്ചായത്തിന് അധികാരവും പണവും കൊടുത്തപ്പോൾ കെട്ടിമേയൽ ഇല്ലാത്ത സ്ക്കൂളുകളില്ല. ഇഷ്ടംപോലെ പണം കൊടുക്കുന്നു. ജനകീയാസൂത്രണത്തിന് ലക്ഷക്കണക്കിന് രൂപ കൊടുക്കുന്നു എന്നുമാത്രമല്ല. പുറമെ ഡിപ്പാർട്ടുമെന്റിലൂടെ നാഷണൽ ഹൈവേയ്ക്കുവേണ്ടി, പി. ഡബ്ലിയു. ഡി.ക്കുവേണ്ടി, ഫിഷറീസ് വകുപ്പിനുവേണ്ടി കാർഷിക വകുപ്പിന് വേണ്ടി കോടിക്കണക്കിന് രൂപ ചെലവാക്കുന്ന വിഷയം ഇവിടെത്തന്നെ വന്നല്ലോ ? ഭരണകക്ഷി പ്രതിപക്ഷ എം.എൽ.എ. മാരുടെ സ്ഥലം നോക്കാതെ തന്നെ, നമ്മുടെ ശ്രീ. പി. പി. സുലൈമാൻ റാവുത്തറൊക്കെ വളരെ വികാരപരമായി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ഇതര വിഷയങ്ങളുണ്ട്. ത്രിതല പഞ്ചായത്തിലൂടെ ലക്ഷങ്ങൾ അവിടെ കിട്ടുമ്പോൾ തന്നെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മൂന്നരക്കോടി രൂപയുടെ സാമ്പത്തിക നടപടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ എല്ലാ നിയമസഭാംഗങ്ങളുടെയും മണ്ഡലത്തിൽ കാണാൻ കഴിയും. അത്തരമൊരു സർക്കാരിന്റെ ധനാഭ്യർത്ഥന അനുകൂലിക്കണമെന്നും ഇന്ത്യാ രാജ്യത്ത് വരാൻ പോകുന്ന ബഹുജനപോരാട്ടത്തിന്റെ ഒരു വൻശക്തിയായി കേരളത്തെ മാറ്റാൻ നിങ്ങൾ സഹകരിക്കണമെന്നും മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റ്സിനെ എതിർക്കുകയാണ്. ഞാനിതിനെ എതിർക്കാൻ കാരണം പ്രതിപക്ഷത്തു നിൽക്കുന്നു എന്നുള്ളതുകൊണ്ടല്ല. എത്ര പണം ഏറെ കൊടുത്താലും അത്രയ്ക്കും ഈ ഗവൺമെന്റ് ചീത്തയാകുമെന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് ബോധ്യമുള്ളതുകൊണ്ടാണ്. ഈ ഗവൺമെന്റിന് ഇനി എന്തിനാണ് പണം ? കുഴിയിലേയ്ക്ക് നീട്ടിയ കാലിൽ ഇനി എന്തിനാണ് തൈലം പുരട്ടുന്നത് ? ഗവൺമെന്റ് ഓരോ നയാപൈസയും ചെലവഴിക്കുന്നത് ജനങ്ങളുടെ ഗുണത്തിനുവേണ്ടിയാണെന്ന് ശ്രി. പി. വിശ്വൻ ഇവിടെ പറഞ്ഞു. ഞാൻ വളരെ വിനീതമായി ചോദിക്കുന്ന ഒരുകാര്യം,

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു]

നിങ്ങളൊക്കെ നെഞ്ചത്തുകൈവച്ച് ആത്മാർത്ഥതയോടുകൂടി ചിന്തിക്കേണ്ട ഒരു കാര്യം, നിങ്ങളെപ്പോലെ ദുർവ്യയം ചെയ്ത ഒരു ഭരണകൂടം ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ ? കിട്ടുന്ന പണം നിങ്ങൾ യഥാർത്ഥത്തിൽ ധൂർത്തടിക്കുകയാണ്. ശ്രീ. പി. വിശ്വന് അത് നിഷേധിക്കാനാകുമോ ? നിങ്ങളുടെ ഭാവം കണ്ടാൽ എന്താണ് തോന്നുന്നത് ? നിങ്ങൾക്ക് സപ്ലിമെന്ററി ഗ്രാന്റ് എന്തിനാണ് ? ഇഷ്ടംപോലെ പണമുണ്ട്. യാതൊരു ദാരിദ്ര്യവുമില്ല, എല്ലാ സുഖമാണെന്നുള്ള സ്വഭാവത്തിലുള്ള ഒരു സമീപനമല്ലേ നിങ്ങൾ എടുക്കുന്നത് ? ഇപ്പോൾ ഞാൻ പറയട്ടെ, ഞാൻ നിങ്ങളെ ആക്ഷേപിക്കാൻ വേണ്ടി പറയുന്നതല്ല, ഞാൻ ഈ കലയ്ക്കോ സംസ്ക്കാരത്തിനോ എതിരല്ല. ദരിദ്രരെ രക്ഷിക്കുന്ന കാര്യത്തെ സംബന്ധിച്ച് താല്പര്യത്തോടെ ശ്രീ. പി. വിശ്വൻ ഇവിടെ പറഞ്ഞല്ലോ ? എത്രയാണ് നിങ്ങൾ മാനവീയത്തിനുവേണ്ടി ചെലവാക്കുന്നത് ? പോഷകാഹാരക്കുറവിന്റെ ഫലമായി ആദിവാസി കുഞ്ഞുങ്ങൾ പിടഞ്ഞുമരിക്കുന്ന ഈ രാജ്യത്ത് ഒരുകോടി രൂപയാണ് ആട്ടത്തിനും പാട്ടിനും കൂത്തിനും വേണ്ടി നിങ്ങൾ ചെലവഴിക്കുന്നത്. ഇന്നത്തെ അസംബ്ലിയിൽ എന്റെ സ്നേഹിതൻ ശ്രീ. ജോണി നെല്ലൂരിന്റെ ചോദ്യത്തിന് നിങ്ങൾ കൊടുത്ത മറുപടിയിൽ മാനവീയം പരിപാടിക്കു വേണ്ടി നിങ്ങൾ ചെലവഴിച്ചത് എത്രയാണ് ? 66,23,332 രൂപ. ഞാൻ നിങ്ങളോട് എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയുകയാണ്. നിങ്ങൾ സഹൃദയരായതുകൊണ്ടാണ്, പാർട്ടി എന്നുള്ള നിലയിലല്ല ഞാനിതു ചോദിക്കുന്നത്. ഉസ്താദ് അൻവർ എന്ന ഒരൊറ്റ ആർട്ടിസ്റ്റിന് ഉത്ഘാടനത്തിന് കൊടുത്തത് 39,334 രൂപയാണ്. വേറൊരു ആർട്ടിസ്റ്റ് വളരെ പ്രസിദ്ധനായ പണ്ഡിറ്റ് രവിശങ്കറിന്

LIBRARY ARCHIVES Kerala Legislative Assembly

ചെലവായത് 10,62,722 രൂപ. മറ്റൊരാർട്ടിസ്റ്റായ ഉമയാപുരം ശിവരാമന് കൊടുത്തത് 35,000 രൂപ. വേറൊരു ആർട്ടിസ്റ്റായ ധനജഞയന് 74,000 രൂപ, എല്ലാം പുറത്തുനിന്നുമുള്ള ആർട്ടിസ്റ്റുകളാണ്. കേരളത്തിൽ നിന്നുമുള്ള ആർട്ടിസ്റ്റുകൾക്ക് കൊടുത്ത കണക്ക് വേറെയുണ്ട്. അത് ഇതിനുപുറമെയാണ്. അതിൽ 29 കലാകാരൻമാരുണ്ട്. അതിലൊരു കലാകാരനായ പാലക്കാട് ശ്രീ. കെ. വി. നാരായണസ്വാമിക്ക് 25,000 രൂപ, ശ്രീ. രമേശ് നാരായണന് 40,000 രൂപ അങ്ങനെ 29 കലാകാരൻമാർക്ക് കൊടുത്തിരിക്കുന്നു. ഞാൻ നിങ്ങളോടു ചോദിക്കട്ടെ, മനസ്സാക്ഷി എന്നുപറയുന്ന ഒരു സാധനം നിങ്ങൾക്കുണ്ടോ ? ആശുപത്രികളിൽ മരുന്നില്ലാതെ രോഗികൾക്ക് പുറത്തേയ്ക്ക് എഴുതിക്കൊടുക്കുന്ന ഈ രാജ്യത്ത്, എക്സ്റേ ഫിലിമില്ലാത്തതിന്റെ ഫലമായി ആശുപത്രിയിൽ എക്സ്റേയെടുക്കാൻ നിവൃത്തിയില്ലാതെ രോഗികൾ തെണ്ടുന്ന ഈ രാജ്യത്താണ് നിങ്ങൾ കോടിക്കണക്കിന് രൂപ ആടാനും പാടാനും നർത്തനമാടാനുമായി ചെലവഴിക്കുന്നത്. എന്നിട്ട് വളരെ കാര്യമായിട്ട് പറയുകയാണ് ഞങ്ങൾ പാവങ്ങളുടെ രക്ഷയ്ക്ക് ഏതാണ്ട് ചെയ്തുവെന്ന്. ഇപ്പോൾ ശ്രീ. പി. വിശ്വൻ ഇവിടെ പറഞ്ഞല്ലോ, ആകാശത്ത് ഏതാണ്ട് ഒരു പുതിയ നക്ഷത്രം ഉയർന്ന രൂപത്തിലാണ് നിങ്ങളുടെ വർത്തമാനം. നിങ്ങൾ ഈ രാജ്യത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത് ? പോകട്ടെ, രണ്ടാമത് മറ്റൊരുകാര്യം, നിയമസഭയിൽ 18-2-2000-ന് അൺസ്റ്റാർഡ് ക്വസ്റ്റ്യനായി ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിൽ ചോദിച്ച കാര്യമെന്താണ് ? ഈ ഗവൺമെന്റ് പരസ്യത്തിനുവേണ്ടി എത്ര പണം ചെലവഴിച്ചു എന്നാണ്. എന്താണ് മറുപടി എന്നറിയാമോ ? പത്രപരസ്യത്തിന് 13 കോടി അഞ്ചരലക്ഷം രൂപ. ഡിസ്പ്ലേയ്ക്ക് ബാക്കി രണ്ടരകോടി രൂപ അങ്ങനെ പതിനഞ്ചരക്കോടി രൂപ നിങ്ങൾ പരസ്യത്തിന് ചെലവാക്കി. ഞാനെന്റെ സ്നേഹിതൻമാരോട് ചോദിക്കട്ടെ, നിങ്ങളൊക്കെ നല്ല മനസ്സുള്ളവരാണ്. നിങ്ങൾക്ക് ഈ സംസ്ഥാനത്തിന്റെ സ്ഥിതിയറിയാം. എന്തിനാണ് നിങ്ങൾ 15 കോടി രൂപ പരസ്യത്തിനുവേണ്ടി ചെലവഴിക്കുന്നത് ? ഇത് വെറും പരസ്യത്തിന്റെ കാര്യമാണ്. നിങ്ങൾ ആലോചിക്കേണ്ട ഒരു സംഗതിയാണ്. നിങ്ങൾ കമ്പോള സംസ്ക്കാരത്തെപ്പറ്റിയൊക്കെ പറയുന്നുണ്ടല്ലോ ? നല്ല മൂല്യമില്ലാത്ത സാധനങ്ങൾ വർണ്ണപ്പകിട്ടുള്ള പരസ്യം കൊണ്ട് ആളുകളെ മോഹിപ്പിച്ച് വിറ്റഴിക്കുന്ന ആ കമ്പോള സംസ്ക്കാരത്തിന്റെ പൊളിറ്റിക്സ് തന്നെയല്ലേ കേരളത്തിൽ നിങ്ങൾ കാണിക്കുന്നത് എന്നുപറയുന്നതിൽ എനിക്കുമടിയില്ല. പരസ്യത്തിനുവേണ്ടി പതിനഞ്ചരക്കോടി രൂപ ഇടിച്ചുലയ്ക്കുകയാണ് നിങ്ങൾ. നിങ്ങൾക്ക് ഇതിലൊന്നും ഒരു വേദന തോന്നുന്നില്ലേ? നിങ്ങളുടെ കൂട്ടത്തിൽ ചിന്തിക്കുന്നവരുണ്ടല്ലോ ? ശ്രീ. ടി. ശിവദാസമേനോൻ ഒരു നല്ല മനസ്സിന്റെ ഉടമസ്ഥനാണെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ എന്തിനാണ് സംസ്ഥാനത്തെ പണം ഇത്തരത്തിൽ തുലയ്ക്കുന്നത് ? ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ 28-ാം തീയതിയിലെ വേറൊരു ചോദ്യമുണ്ട്. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് എത്ര പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട് ? 208 പുസ്തകങ്ങൾ ഇത് ഞാൻ കൺസോളിഡേറ്റുചെയ്ത ഷീറ്റാണ്. കൺസോളിഡേറ്റുചെയ്തുവെന്നു മാത്രമല്ല, ഞാനിന്നലെ വളരെയധികം നേരം കണക്കുകൂട്ടി നോക്കിയതാണ്. ഇതിന്റെ പ്രിന്റ് എത്രയാണെന്നുനോക്കാൻ പറ്റാഞ്ഞിട്ട് ഞാൻ കമ്പ്യൂട്ടറിന്റെ എക്സ്. എൽ.

LIBRARY ARCHIVES Kerala Legislative Assembly

ഷീറ്റിലിട്ടിട്ട് കണക്കുകൂട്ടി എടുത്തതാണ്. 208 പുസ്തകങ്ങൾക്ക് എത്ര കോപ്പിയാണെന്നറിയാമോ ? മൊത്തം 60,70,000 കോപ്പികൾ, ഇത് നിയമസഭാ രേഖയാണ്. പുസ്തകങ്ങൾ സമൃദ്ധം, സംതൃപ്തം, സമാധാനപൂർവ്വം, സ,സ,സ, ഒപ്പിച്ചിട്ടാണത്. അതിന് എത്രയാണ് ചെലവെന്നറിയാമോ? പ്രിന്റ് 60,70,000 കോപ്പി, ചെലവ് എത്രയാണെന്നറിയാമോ? ചെലവ് 17,45,616 രൂപ. ഗൾഫ് യൂറോ ഡയറി 104 പേജ്. 30,000 കോപ്പി, അഴിമതിമുക്തം, ആശാഭരിതം 30,000 കോപ്പി, 7,29,000 രൂപ; മുഖ്യമന്ത്രിയും മാർപാപ്പയും ഭഗവത്ഗീതയും 15,000 കോപ്പി, 2,38,457 രൂപ സമഗ്ര വികസനത്തിന്റെ ശംഖൊലി 60,000 കോപ്പി, 4,45,415 രൂപ, ഭദ്രം വികസനോന്മുഖം. 60,000 കോപ്പി, ചെലവ് 2,64,649 രൂപ. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് എന്തിന്റെ കേടാണ് ? ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇത്രയധികം പണം നിങ്ങൾ ഇതിനുവേണ്ടി ചെലവഴിക്കുകയാണ്. വേറൊരു മഹാഗ്രന്ഥമുണ്ട്, കാലത്തിന്റെ കണ്ണാടി അതിന് 15 ലക്ഷം രൂപയാണ് ചെലവ്. അതിന്റെ കണക്ക് ഇതിൽ വന്നിട്ടില്ല. നിങ്ങളുടെ ഈ പുസ്തകങ്ങളൊക്കെ ആരാണ് വായിക്കുന്നത് ? കാലത്തിന്റെ കണ്ണാടി എത്ര മഹാഗ്രന്ഥമാണ് ? ആളുകളോട് വേണമെങ്കിൽ സമ്മർദ്ദം ചെലുത്തിയിട്ട് ആ പുസ്തകം വായിക്കാം ഒറ്റ കണ്ടീഷൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞാൽ മതി. ചരിത്രത്തിൽ ഏതെങ്കിലുമൊരു നിമിഷം കാലത്തിന്റെ കണ്ണാടിയിൽ നിങ്ങൾ സ്വയമൊന്ന് നോക്കണം.

ശ്രീ. ജി. കാർത്തികേയൻ : സർ, ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച മുഖ്യമന്ത്രിയുടെ കാലത്തിന്റെ കണ്ണാടി ആരു വായിക്കുമെന്ന് അങ്ങ് ചോദിക്കുകയുണ്ടായി. ഞാൻ വിനയപൂർവ്വം ഒരു ചോദ്യം ചോദിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മാർക്സിസ്റ്റുകാരിലുള്ള ഏതെങ്കിലുമൊരു എം. എൽ. എ. ആ പുസ്തകം വായിച്ചിട്ടുണ്ടോ ?.....(ബഹളം)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നിങ്ങൾ വായിച്ചിട്ടുണ്ടാകാം. ഞാൻ പറയുന്നത് ശ്രീ. ഇ. കെ. നായനാരെപ്പോലെയുള്ളവർ പുസ്തമെഴുതട്ടെ, നമ്മുടെ രാജ്യത്തിന് അത് ആവശ്യമാണ്. വിദേശ യാത്രയെക്കുറിച്ച് പറഞ്ഞല്ലോ. വിദേശ യാത്ര എല്ലാവരും നടത്താറുണ്ട്. ശ്രീ. ഇ. കെ. നായനാർ അഞ്ചു പ്രാവശ്യം വിദേശ യാത്ര നടത്തി. 38 ദിവസം വിദേശത്ത് തങ്ങി. ശ്രീ. പി. ജെ. ജോസഫ് അഞ്ചു പ്രാവശ്യം വിദേശ യാത്ര നടത്തി. 45 ദിവസം വിദേശത്ത് തങ്ങി. ശ്രീ. ടി. കെ. രാമകൃഷ്ണൻ നാലു പ്രാവശ്യം വിദേശയാത്ര നടത്തി, 31, ദിവസം വിദേശത്ത് തങ്ങി. ശ്രീ. പിണറായി വിജയൻ 3 പ്രാവശ്യം വിദേശ യാത്ര നടത്തി. 41 ദിവസം വിദേശത്ത് തങ്ങി. ശ്രീ. എ. സി. ഷൺമുഖദാസ് ഒരു പ്രാവശ്യം വിദേശ യാത്ര നടത്തി. 16 ദിവസം വിദേശത്ത് തങ്ങി. ശ്രീ. കെ. രാധാകൃഷ്ണൻ 1 പ്രാവശ്യം വിദേശ യാത്ര നടത്തി 22 ദിവസം വിദേശത്ത് തങ്ങി. ശ്രീ. കെ. ഇ. ഇസ്മയിൽ മൂന്നു പ്രാവശ്യം വിദേശയാത്ര നടത്തി, 21 ദിവസം വിദേശത്തു തങ്ങി. ശ്രീമതി സുശീലാ ഗോപാലൻ മൂന്നു പ്രാവശ്യം വിദേശ യാത്ര നടത്തി, 22 ദിവസം വിദേശത്തു തങ്ങി. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ രണ്ടു പ്രാവശ്യം വിദേശ യാത്ര നടത്തി. 16 ദിവസം വിദേശത്ത് തങ്ങി. ശ്രീ. ടി. ശിവദാസമേനോൻ 1 പ്രാവശ്യം വിദേശ യാത്രനടത്തി. 15 ദിവസം വിദേശത്തു തങ്ങി. ശ്രീ. പി. ആർ. കുറുപ്പ്

2.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രാവശ്യം വിദേശ യാത്ര നടത്തി, 15 ദിവസം വിദേശത്ത് തങ്ങി. മൊത്തം 282 ദിവസം മന്ത്രിമാർ വിദേശത്തായിരുന്നു. എന്തിനാണ് നിങ്ങൾ പോയത് ? ശ്രീ. പിണറായി വിജയനും മുഖ്യമന്ത്രിയും ഫ്രാൻസിൽ പോയി ഈഫൽ ഗോപുരത്തിന്റെ മുകളിൽ കയറി നിന്നിട്ട് ഫ്രാൻസിൽ എങ്ങനെയാണ് വ്യാവസായിക വികസനം നടക്കുന്നതെന്ന് കണ്ടു മടങ്ങി വന്നാൽ നാട്ടിന് എന്താണ് കാര്യം. പോയത് എവിടെയൊക്കെ ആണെന്നോ ? അമേരിക്ക, ഫ്രാൻസ്, ജർമ്മനി, യു.എ.ഇ, കാനഡ, ദോഹ, ഇറ്റലി, ഒമാൻ, മസ്ക്കറ്റ്, അബുദാബി, കുവൈറ്റ്, റോം, ഇംഗ്ലണ്ട്, സിറ്റ്സർലണ്ട്, സ്വീഡൻ, അങ്ങനെ പോകുകയാണ്. 14,020 ഡോളർ വിദേശനാണ്യം അനുവദിച്ചു വിമാനക്കൂലി, ഓരോരുത്തർക്കും കൊടുത്ത ടി. എ., ഡി. എ. തുടങ്ങിയവ കൂടാതെയാണ്. ക്ലിന്റൻ വന്ന് താജ് കാണാൻ പോയി എന്നൊക്കെ ശ്രീ. വിശ്വൻ പറഞ്ഞല്ലോ ? നിങ്ങൾ പോയില്ലേ ? അഞ്ചു കൊല്ലം ഭരിക്കുന്നതിന് നിങ്ങൾ എന്തിനാണ് നാലു പ്രാവശ്യം അമേരിക്കയിൽ പോയത് ? അമേരിക്കയിൽ ഒന്നുമില്ലെങ്കിൽ നിങ്ങൾ പോകുമോ ? ക്ലിന്റൻ വരുന്ന സമയത്ത് നിങ്ങൾ ഗംഭീരമായി പ്രകടനങ്ങളൊക്കെ നടത്തിയല്ലോ ? എനിക്ക് ആക്ഷേപിക്കേണ്ട കാര്യമില്ല. കാരണമെന്താണെന്നു വച്ചാൽ അതു നിങ്ങളുടെ ഒരു അഹങ്കാരമല്ല, നിങ്ങളുടെ ഒരു വിനയത്വമാണ്. 'വലിയ മുതലാളിക്ക് ആവശ്യമുണ്ടെങ്കിൽ എന്തിനാണ് ഇങ്ങോട്ടു വന്ന് ബുദ്ധിമുട്ടുന്നത് ഞങ്ങൾ അങ്ങോട്ടു വരില്ലേ ? പണ്ടും വന്നിട്ടുണ്ടല്ലോ ഇനിയും വരാമല്ലോ ?' അത്രയും നിങ്ങൾ പൊളൈറ്റാണ്. നിങ്ങളുടെ വിനയത്വമാണ് അതിൽ കാണുന്നത്. അല്ലാതെ നിങ്ങൾക്ക് അമേരിക്കയ്ക്കു പോകേണ്ട കാര്യമൊന്നുമില്ല. ക്ലിന്റൻ ഭരണകൂടവും അമേരിക്കയ്ക്ക് മേൽത്തൂക്കമുള്ള സംവിധാനങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന സാമ്പത്തിക സംവിധാനങ്ങളുടെ സൗകര്യവും ഏറ്റവുമധികം ഉപയോഗിച്ച ഇന്ത്യൻ മുഖ്യമന്ത്രിമാരിൽ ഒരാൾ ജ്യോതിബസുവാണ്. നിങ്ങൾ അതു മനസ്സിലാക്കണം. ഇതൊക്കെ അറിഞ്ഞുകൊണ്ടു തന്നെയാണ് ഞങ്ങൾ പറയുന്നത്. ഇതിലൊരു അത്ഭുതമുണ്ട്. ഇവിടെ ഈ കേരളത്തിലെ സാമ്പത്തിക ഘടനയെ സംബന്ധിച്ച് നോക്കുന്ന സമയത്ത് ഒരു അഗ്നിപർവ്വതത്തിന്റെ മുകളിൽ നിൽക്കുകയാണ് എന്നാണ് തോന്നുന്നത്. ഇവിടെ നിങ്ങൾ പറഞ്ഞല്ലോ എല്ലാം ഭദ്രമാണെന്ന് ? ആ അഗ്നിപർവ്വതത്തിന്റെ മുകളിൽ കയറി നൽക്കുന്ന നിങ്ങൾക്ക് കേരളത്തിന്റെ സമ്പദ്ഘടനയെപ്പറ്റി ഒന്നും അറിയില്ല. നിങ്ങൾ ആലോചിക്കണം. കേരളത്തിന്റെ സമ്പദ്ഘടന-നിങ്ങളുടെ സിരകളിലൂടെ ഹിമജലത്തിന്റെ തണുപ്പുള്ള രക്തമാണ് ഓടുന്നത്. കേരളത്തിന്റെ സമ്പദ് ഘടനയെപ്പറ്റി ഇവിടെ ശ്രീ. എം. വി. ജയരാജനും മറ്റും സംസാരിക്കുന്നതു കേട്ടു. നിങ്ങൾ ക്ഷോഭിച്ചിട്ടു കാര്യമില്ല. കേരളത്തിന്റെ തൊഴിലില്ലായ്മയെക്കുറിച്ച് പറയുകയാണെങ്കിൽ, 1996-97-ൽ പ്രൊഫഷണൽ ടെക്നിക്കൽ ജോബ് സീക്കേഴ്സിന്റെ എണ്ണം 1,38,597 ആയിരുന്നുവെങ്കിൽ 1998-99-ൽ 1,54,815 ആയി ഉയർന്നു. നിങ്ങൾക്ക് ഇതു നിഷേധിക്കാൻ സാധിക്കുമോ ? 1996-97-ൽ ഗ്രാഡ്യുവേറ്റ് ജോബ് സീക്കേഴിസിന്റെ എണ്ണം 1,82,000 ആയിരുന്നെങ്കിൽ 1998-99-ൽ 2,09,000 ആയി കൂടി. ശ്രീ. ടി. ശിവദാസമേനോൻ പുരുഷനാണെങ്കിലും സ്ത്രീകൾക്ക് ആനുകൂല്യം കൊടുത്ത ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചതെന്ന് പറയുകയുണ്ടായി. നിങ്ങളുടെ അഞ്ചു കൊല്ലക്കാലത്തെ ഭരണത്തിൽ സ്ത്രീകളോടുള്ള സ്നേഹം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് ഇന്ന് മൂന്നു ലക്ഷത്തിലധികം സ്ത്രീകൾ തൊഴിലില്ലാത്തവരായി നിൽക്കുന്നതെന്ന് നമുക്കു കാണാൻ സാധിക്കും. സ്ത്രീകൾക്ക് ആനുകൂല്യം കൊടുത്തതിന്റെ ഗുണം തന്നെയാണ് ഈ കാണുന്നത്. സ്ത്രീ തൊഴിലന്വേഷകരുടെ എണ്ണം പുരുഷ തൊഴിലന്വേഷകരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. പുരുഷന്മാർ 17.14 ലക്ഷം, സ്ത്രീകൾ 20.77 ലക്ഷം. ഇതിൽ ഏറ്റവും വിചിത്രമായ കാര്യങ്ങളാണ് എന്റെ ബഹുമാനപ്പെട്ട ഒരു സഹോദരി ഇന്നലെ പ്രസംഗിച്ചപ്പോൾ പറഞ്ഞത്. ജനകീയാസൂത്രണത്തെക്കുറിച്ച് ശ്രീ. വിശ്വനോട് ഞാനൊന്നു ചോദിക്കട്ടെ, അയ്യായിരം രൂപയ്ക്ക് മേൽ ഒരു പഞ്ചായത്ത് പ്രസിഡന്റിനു പാസ്സാക്കണമെങ്കിൽ ഡയറക്ടറുടെ സമ്മതം വേണ്ടേ ? പിന്നെ എന്തു അധികാര വികേന്ദ്രീകരണമാണ് നിങ്ങൾ പറയുന്നത്. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ നിങ്ങൾ ചെയ്തിട്ടില്ല. ഇന്ന് രാവിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് എന്നെ വിളിച്ചിരുന്നു. എന്താണ് കാര്യമെന്നറിയാമോ ? മൂന്നാമത്തെ ഗഡു, നിങ്ങൾ കൊടുത്ത ചെക്ക് ട്രഷറിയിൽ നിന്നു മാറ്റി കിട്ടുന്നില്ല. വണ്ടിച്ചെക്കാണ്. മൂന്നാമത്തെ ഇൻസ്റ്റാൾമെന്റിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടു വേണം നാലാമത്തെ പണം വാങ്ങാൻ. ട്രഷറിയിൽ നിന്നും പണം വാങ്ങാൻ പോയിട്ടു കിട്ടുന്നില്ല. ആശയമൊക്കെ നല്ലതുതന്നെ. ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ അടുത്ത് മിനിഞ്ഞാന്ന് പോയി ഞാൻ ഒപ്പിട്ടു വാങ്ങിയില്ലേ ? എന്തിനാണെന്നോ ? ഫുട്ബാൾ കളി നടത്തുന്ന സമയത്ത് വിനോദകാശ് ഒഴിവാക്കാൻ വേണ്ടി രണ്ടു ദിവസമായി പഞ്ചായത്തു പ്രസിഡന്റ് ഇവിടെ വരികയാണ്. എന്തിനെന്ന് അറിയാമോ? ഉത്തരവ് കിട്ടുവാൻ. നിങ്ങൾ അധികാരമല്ല. ചുമതലയാണ് കൊടുത്തിട്ടുള്ളത്. കൊടുക്കേണ്ടത് അധികാരമാണ്. നിങ്ങൾക്ക് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കുവാൻ പറ്റുമോ ? പറ്റില്ല. അധികാരങ്ങൾ കൊടുത്തിട്ടില്ല. ഇപ്പോൾ ബില്ലു കൊണ്ടു വന്നിട്ടുണ്ട്. നല്ല കാര്യമാണ്. യഥാർത്ഥത്തിൽ അധികാര വികേന്ദ്രീകരണമെന്ന ആശയത്തെ ഫലപ്രദമായി നിങ്ങൾക്ക് ഉപയോഗപ്പെടുത്താൻ പറ്റില്ല. വികസനത്തെപ്പറ്റി പറഞ്ഞല്ലോ ? നിങ്ങളിപ്പോൾ അഭിമാനത്തോടുകൂടി ഇരിക്കുന്ന കസേര, കേരളം ഗ്രോത്ത് റേറ്റിന്റെ കാര്യത്തിൽ 5-ാം സ്ഥാനത്താണെന്നു നിങ്ങൾ പറഞ്ഞു നടക്കുന്നുണ്ടല്ലോ ? നിങ്ങൾ പ്രസംഗിക്കുന്നുണ്ടല്ലോ? നിങ്ങൾക്ക് ആ കസേരയിൽ ഇരിക്കാനുള്ള യോഗ്യത ഉണ്ടാക്കിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ശ്രീ. ഉമ്മൻ ചാണ്ടി ഇന്നലെ പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു ഞങ്ങളാണ് ഈ പൊസിഷനിലേയ്ക്ക് കേരളത്തെ ഉയർത്തിയതെന്ന്. എന്താണ് പറഞ്ഞിട്ടുള്ളത് "Hand Book of Statistics of Indian Economy, 1999" shows that the Net Domestic Product of Kerala registered a growth of 45.1 per cent during the period 1991-92 to 1997-98. In fact, Kerala occupies the 5th position among the major States in the country climbing from 9th position during the period proceeding 1991 to 1998. ഞങ്ങളുടെ കാലഘട്ടത്തിലാണ് വന്നത്. ആ ഒരു അവസ്ഥാവിശേഷം ഈ രാജ്യത്ത് വരുത്തിയത് ഞങ്ങളാണ്. നിങ്ങൾ ഉൽസാഹിക്കുന്നില്ല എന്നല്ല പറഞ്ഞത്. നിങ്ങളും ശ്രമിക്കുന്നുണ്ട്. നിങ്ങൾക്കുള്ള ഒരു കുഴപ്പമെന്താണെന്നു വച്ചാൽ പണം കൈയിൽ കിട്ടുന്ന സമയത്ത് അതിന്റെ പ്രയോറിറ്റി തീരുമാനിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഞാൻ ധനകാര്യവകുപ്പുമന്ത്രിയെക്കുറിച്ച് ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. പണം ചോരുന്ന നാളികളുടെ മുമ്പിൽ മൂകനായി നിൽക്കുകയാണ് ധനകാര്യമന്ത്രി. പ്ലസ് ടുവിന് എത്ര കോടി രൂപയാണ് ചെലവാക്കാൻ പോകുന്നത് ? കോളേജിലെ മാഷുമാരെ നിങ്ങൾ തൊട്ടിട്ടില്ല. പ്രീഡിഗ്രി പഠിപ്പിക്കുന്ന മാഷുമാർ അവിടെ നിൽക്കുകയാണ്. ഇപ്പുറത്ത് നിങ്ങൾ ശമ്പളം കൊടുത്ത് ആളെ വയ്ക്കുകയാണ്. അപ്പുറത്ത് മാഷ്മാർക്ക് വേറെ കൊടുക്കുന്നു. കോടികളാണ് ഇങ്ങനെ പോകുന്നത്. ആരുടെ പണമാണ് പോകുന്നത്. നിങ്ങൾക്ക് വല്ല നഷ്ടവും ഉണ്ടോ ? ശ്രീ. ജേക്കബ് പ്രീഡിഗ്രി ബോർഡ് ഉണ്ടാക്കിയപ്പോൾ ഏറ്റവും കൂടുതൽ അതിനെ എതിർത്തത് നിങ്ങൾ ആണ്. ആ നിങ്ങൾ കോളേജിൽ മാറി നിൽക്കുന്ന അധ്യാപകർക്ക് പഠിപ്പിക്കാൻ പറ്റുന്ന കോഴ്സുണ്ടോ എന്നു പരിശോധിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങളെങ്ങനെയാണ് കോഴ്സു കൊടുക്കാൻ പോകുന്നത്. അവർക്ക് പറ്റിയ കോഴ്സ്. മാഷൻമാർക്ക് പറ്റിയ കോഴ്സ്. ഈ വിദ്യയല്ലേ നിങ്ങൾ പ്രയോഗിക്കുന്നത്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. കേരളത്തിന്റെ സാഹചര്യങ്ങളെക്കുറിച്ച് വളരെ വളരെ ദുഃഖത്തോടെ പറയുന്നുണ്ടെങ്കിലും ഉത്സവ പറമ്പിൽ സന്തോഷത്തോടുകൂടി കുട്ടികൾ തൂക്കിക്കൊണ്ടു നടക്കുന്ന വർണ്ണ ബലൂണുണ്ടല്ലോ. അതു പോലെയാണ് കേരളത്തിന്റെ ഇക്കോണമി. ചെറിയൊരു മൊട്ടുസൂചി കൊണ്ടു കുത്തിയാൽ ഏതു നിമിഷവും പൊട്ടിത്തകരുന്ന വിധത്തിലാണ് കേരളാ ഇക്കോണമി നിൽക്കുന്നത് എന്നുള്ള കാര്യം മനസ്സിലാക്കണം. 1990-ലെ ധനകാര്യ കമ്മി കേവലം 4 ശതമാനം മാത്രമായിരുന്നുവെങ്കിൽ രണ്ടായിരമായപ്പോൾ അതു 6 ശതമാനമായി. ഏറ്റുവുമധികം ധനകാര്യ കമ്മിയുള്ള നാലു സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും അധികം കമ്മിയുള്ള സംസ്ഥാനമായി കേരളം വരികയാണ്. 1980-കളിൽ 20 ശതമാനമായിരുന്നു ഒരു വ്യക്തിയുടെ ധനകാര്യ കമ്മിയെങ്കിൽ 1999-ആയപ്പോൾ അതു 45%-ൽ എത്തി നിൽക്കുകയാണ്. പുതിയ നൂറ്റാണ്ടു വന്ന സമയത്തു, അതിന്റെ ആദ്യത്തിൽ സംസ്ഥാനത്തെ ഒരു വ്യക്തിക്കുള്ള പെർക്യാപിറ്റാ കടം നാലായിരം രൂപയോളം എന്ന നിലയിൽ നമ്മുടെ സംസ്ഥാനം വന്നു നിൽക്കുകയാണ്. ഇതു നിങ്ങൾ മനസ്സിലാക്കണം. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ, അംഗീകരിക്കാനെ ഇവിടെ എല്ലാം ശരിയാണ്. ഇവിടെ ഞങ്ങളെല്ലാം ഞങ്ങളുടെ ക്രമീകരണങ്ങൾ കൊണ്ടും ഭരണ പരിഷ്കാരങ്ങൾ കൊണ്ടും ഈ രാജ്യത്താകെ നന്മയാണ് ചെയ്യുന്നത് എന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുപോലെ സർവ്വീസ് സെക്ടറിൽ പണം കുറയ്ക്കാൻ ആർക്കും കഴിയില്ല. ശ്രീ. ശിവദാസമേനോനും കഴിയില്ല. കാരണം ഹെൽത്തിലും എഡ്യൂക്കേഷനിലും വന്നിട്ടുള്ള മാറ്റങ്ങളാണ്. അതിന്റെ ഫലമായി കിട്ടുന്ന നേട്ടം, അതിലൊന്നും ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് അവിടെ ചുരുക്കാൻ സാധ്യമല്ല. പക്ഷേ നിങ്ങൾ കാണേണ്ട ഒരു കാര്യം എന്താണെന്നു അറിയാമോ? ഇവിടേയും ചെയ്യാൻ കഴിയുന്ന പരിഷ്കാരങ്ങൾ ചെയ്യണം. കുറച്ചിട്ടല്ല, കുറയ്ക്കാതെ ചെയ്യണം. കാർഷികമേഖലയെക്കുറിച്ച്, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ പറയുന്നുണ്ട്. അദ്ദേഹം വളരെ താല്പര്യമെടുത്ത ആളല്ല എന്നല്ല ഞാൻ പറയുന്നത്, നെല്ല്, കാപ്പി, മരച്ചീനി ഇവയെല്ലാം തകരുകയാണ്. ഇപ്പോൾ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ് ? ഏറ്റവും കൂടുതൽ തെങ്ങുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജില്ല ഇപ്പോൾ കേരളമല്ല. കോയമ്പത്തൂരാണ്. മണ്ഡരി രോഗത്തെക്കുറിച്ചു പറയുമ്പോൾ നിങ്ങൾ ചൊടിച്ചിട്ടു കാര്യമില്ല. അതൊരു യാഥാർത്ഥ്യമാണ്. ഇക്കണോമിക് റിവ്യൂവിലും പറയുന്നുണ്ട്. അതിന്റെ ഇമ്പാക്ട് വളരെ വലിയ തോതിൽ ഇവിടെ വരാൻ പോകുകയാണ്. ഒരു സ്റ്റേറ്റിന്റെ ഇക്കോണമിയെ നിയന്ത്രിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ഘടകമാണ് എക്സ്പോർട്ട്. എന്താണ് ഇന്ന് അതിന്റെ സ്ഥിതി ? ശ്രീ. ശിവദാസമേനോൻ പഠിച്ചിട്ടുള്ള ആളാണല്ലോ ? ഏറ്റവും പ്രധാനപ്പെട്ട നമ്മുടെ എക്സ്പോർട്ട് ഐറ്റമെന്നു പറയുന്നത് മറൈൻ പ്രോഡക്ടാണ്. മറൈൻ പ്രോഡക്ടിന്റെ കയറ്റുമതി എങ്ങനെയാണ് ? 1997-98-ൽ 89,366 മെട്രിക് ടൺ ആയിരുന്നു കയറ്റി അയച്ചതെങ്കിൽ 1998-99-ൽ 70,641 മെട്രിക് ടൺ കയറ്റി അയച്ചിരിക്കുന്നു എന്നു പറഞ്ഞാൽ 18,725 മെട്രിക് ടൺ മറൈൻ പ്രോഡക്ടിന്റെ എക്സ്പോർട്ട് കുറഞ്ഞിരിക്കുകയാണ്. സംഖ്യയുടെ കാര്യമെടുത്ത് പരിശോധിച്ചാൽ 948.01 കോടി രൂപയായിരുന്നു. 1997-98-ലെ മറൈൻ പ്രോഡക്ട് എക്സ്പോർട്ട് എങ്കിൽ 1998-99 ആയപ്പോൾ 816.55 കോടി രൂപ എന്നു പറഞ്ഞാൽ 131.47 കോടി രൂപ കുറഞ്ഞിരിക്കുന്നു. നിങ്ങൾ ഇതിൽ കാണേണ്ട ഒരു സംഗതിയുണ്ട്. ഒരു സ്റ്റേറ്റിന്റെ ഇക്കോണമിയെപ്പറ്റി സംസാരിക്കുന്ന സമയത്ത് പ്രൊഡക്ഷൻ സൈഡിൽ എന്താണുള്ളത്? കൃഷിരംഗത്ത് തകർച്ചയാണ്. റബ്ബറിന്റെ കാര്യം ഞാൻ പറയുന്നില്ല. ഇൻഡസ്ട്രീയൽ സെക്ടറിൽ എന്താണ് സംഭവിക്കുന്നത് ? നമ്മൾ എത്ര ശ്രമിച്ചിട്ടും പൊതുമേഖലയുടെ സ്ഥിതി മെച്ചപ്പെടുത്തിയെടുക്കാൻ സാധിക്കുന്നില്ല. സെൻട്രൽ ഇൻവെസ്റ്റുമെന്റ് കിട്ടുമെന്ന് വിചാരിച്ചിട്ട് കാര്യമില്ല. അതൊന്നും കിട്ടുകയില്ല. അതിന് വേറെ കാര്യങ്ങളുണ്ട്. നമ്മുടെ പ്രൊഡക്ഷൻ സൈഡ് വളരെ മോശമാകുന്നു. dependability rate വളരെ കൂടുന്നു. സോഷ്യൽ സെക്ടറിൽ നമ്മുടെ ചെലവ് കൂടുന്നു. ഇതെല്ലാം കണ്ടില്ലെന്ന് നടിച്ചിട്ട് കാര്യമില്ല. നികുതി പിരിവിന്റെ കാര്യമെന്നും ഞാൻ ഇവിടെ പറയുന്നില്ല. ശ്രീ. ശിവദാസമേനോൻ അതിന്റെ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. കാരണങ്ങളുണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി സി. ആന്റ് എ. ജി. യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെടുത്ത് നോക്കുകയാണെങ്കിൽ ഇതിൽ 278.32 കോടി രൂപ വിവിധ സെയിൽസ് ടാക്സ്, ലാന്റ് റവന്യൂ എന്നീ ഇനങ്ങളിൽ പിരിച്ചെടുക്കേണ്ടതായിട്ടുണ്ട്. ഡിസംബർ വരെ ക്ലെയിം ഉന്നയിച്ചു കഴിഞ്ഞിട്ടുള്ള 1068.06 കോടി രൂപയുടെ നികുതി വിവിധ വകുപ്പുകളിൽ നിന്നും കിട്ടാതെ മുടങ്ങി കിടക്കുകയാണ്. അർഹമായ പലിശ വസൂലാക്കാത്തതിന്റെ ഫലമായി 78.96 ലക്ഷം രൂപ കിട്ടാനുണ്ട്. ഇതിന്റെയൊക്കെ ഉത്തരവാദിത്വം ആർക്കാണ് ? കിട്ടേണ്ട പണം പിരിക്കുന്നില്ല. ഉള്ളതെടുത്ത് കൊടുക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി ധർമ്മിഷ്ടനായിട്ട് എന്താണ് കാര്യം ? ധർമ്മിഷ്ടനാകുന്നതല്ലല്ലോ കാര്യം. സ്റ്റേറ്റിന്റെ ഇക്കോണമിയെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റിനു വരുമാനം കിട്ടുന്ന നടപടികളെടുക്കാനുള്ളതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. കേന്ദ്രം തരുമെന്ന് വിചാരിച്ച് പ്ലാൻ ചെയ്യാൻ പറ്റുമോ ? സത്യത്തിൽ കേരളത്തിൽ നിന്നുള്ള ഒരു മന്ത്രി കേന്ദ്രത്തിലുണ്ടായിരുന്നാൽ അത് ഏത് ഭരണകൂടത്തിനാണെങ്കിലും ഗുണം കിട്ടുമെന്ന് വിചാരിച്ചു. ശ്രീ. ഒ. രാജഗോപാൽ മന്ത്രിയായി. ഈ രാജഗോപാലിനെപ്പോലുള്ള ഒരു മന്ത്രിക്ക് കേരളം ജന്മം കൊടുത്തുവെന്നുള്ളതിൽ കേരളീയർ ദുഃഖിക്കണമെന്നാണ് എന്റെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. റേഷൻ ഗോഡൗണുകൾ നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. ഇനി റേഷൻ വേണ്ട, റേഷൻ ചോദിക്കുന്നതും ക്യൂ നിൽക്കുന്നതും പഴഞ്ചൻ ആശയമാണെന്ന് പറഞ്ഞ ഒരു മന്ത്രി കേരള മണ്ണിൽ പിറന്നുപോയതുകൊണ്ട് കേരളീയർ ദുഖിക്കണമെന്നാണ് ഞാൻ പറയുന്നത്. കേന്ദ്രസഹായത്തിന്റെ കാര്യം നിങ്ങൾ നോക്കണ്ട. കേന്ദ്രത്തിൽ നിന്നും കിട്ടുകയില്ല. അതിന് ആര് ഭരിച്ചാലും അതിന്റേതായിട്ടുള്ള ചില പ്രശ്നങ്ങളുണ്ട്. ഇവിടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോയുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കണം. ഞാൻ പലപ്പോഴും സംസാരിച്ചിട്ടുള്ളതാണ്. നാഷണൽ ബാങ്ക്സ് കോമേഴ്സ്യൽ ബാങ്ക്സ് ഇവ എടുക്കുന്ന സമീപനമെന്താണ് ? 1998-ൽ സി.ഡി. റേഷ്യോ 64.77 ആയിരുന്നുവെങ്കിൽ 1999-ൽ 40.02 ആയി കുറഞ്ഞു. ആകെ ക്രെഡിറ്റ് ഫ്ലോ കേരളത്തിന്റെ ഷെയർ 2.86 ശതമാനം മാത്രമാണ്. ഇത് ബാങ്കിന്റെ കാര്യം. ആൾ ഇൻഡ്യാ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷന്റെ കാര്യം, നബാർഡ്, എൻ. സി. ഡി. സി., ഐ. ഡി. ബി. ഐ പോലുള്ള സ്ഥാപനങ്ങളുടെ സമീപനം എന്താണെന്നു വച്ചാൽ മഹാരാഷ്ട്രയുടെ ഷെയർ 16.7 ശതമാനമാണെങ്കിൽ കേരളത്തിന്റെ ഷെയർ 2.5 ശതമാനമാണ്. കേരളത്തിലെ കോമേഴ്സ്യൽ ബാങ്കുകളെടുക്കുന്ന ഈ സമീപനം ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂഷൻസ് എടുക്കുന്ന ഈ സമീപനത്തിനെതിരായി ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോയുള്ള വ്യത്യാസം കൂടാതെ ഒരുമിച്ച് പൊരുതണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ഗൗരവതരമായി എടുക്കേണ്ട ഒരു കാര്യമാണ്. കോമേഴ്സ്യൽ ബാങ്കുകൾ ഈ സമീപനമാണെടുക്കുന്നത്. രണ്ടാമത്തേത് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കാര്യമാണ്. ആ മേഖലയെ ശക്തിപ്പെടുത്തിയെടുക്കുക, അതിന്റെ പോരായ്മ തീർക്കുകയെന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇതെടുത്ത് നോക്കുന്ന സമയത്ത് ഇവിടെ എന്താണ് സംഭവിക്കുന്നത് ? നമ്മുടെ സഹകരണബാങ്കുകളുടെ കാര്യത്തിൽ വേണ്ടത്ര ശോഭനമായൊരു ചിത്രമല്ലയുള്ളത് എന്നുള്ള കാര്യം നമുക്ക് കാണാൻ സാധിക്കും. 31-3-1999-ൽ Cumulative loan disbursement of the State Co-operative Bank 468.11 കോടി രൂപയായിരുന്നുവെങ്കിൽ ഇത് മുൻവർഷം 518.10 കോടി രൂപയായിരുന്നു. എന്നുപറഞ്ഞാൽ 49.99 കോടി രൂപ കുറവാണ്. കോ-ഓപ്പറേറ്റീവ് ബാങ്കിംഗ് സെക്ടറിനെ സമഗ്രമായി എങ്ങനെ നന്നാക്കിയെടുക്കാമെന്നുള്ളത് നമ്മുടെ കൈയ്യിലുള്ള സംഗതിയാണ്. അതല്ലാതെ ആൾ ഇൻഡ്യാ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനേയോ മറ്റ് ബാങ്കുകളേയോ മാത്രമാശ്രയിച്ച് നിൽക്കുന്നതിന് പകരം (അതിനെതിരെ ഫൈറ്റ് ചെയ്യണമെന്നുള്ളത് വേറെ കാര്യം) നമ്മുടെ സാധ്യത ഉപയോഗിച്ച് അതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. അഗ്രിക്കൾച്ചറൽ രംഗത്ത്, പ്രൊഡക്ഷൻ ആന്റ് ഇൻവെസ്റ്റ്മെന്റ് സെക്ടറിൽ ബാങ്കിന്റെ റിലീസ് എത്രയാണെന്ന് ചോദിച്ചാൽ 31-3-1999-ൽ 155.03 ആണ്. അത് മുൻവർഷം 167.61 കോടി രൂപയാണ് എന്നുപറഞ്ഞാൽ 12.58 കോടി രൂപ ഇതിൽ കുറവാണ്. ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ സാധിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ വർഷം ഒരു കമ്മിഷനെ നിയമിച്ചു. ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിലെ ഫൈനാൻസിന്റെ ചുമതലയുള്ള ഒരു പ്രൊഫ. രഞ്ജിത്, അദ്ദേഹമായിരുന്നു ആ കമ്മിറ്റിയുടെ ചെയർമാൻ.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ സലിം എന്നുപേരുള്ള ഒരാളും വേറൊരു ഉദ്യോഗസ്ഥനുമുണ്ടായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റിപ്പോർട്ട് എന്റെ കൈയിലുണ്ട്. ആ റിപ്പോർട്ട് ഞാൻ പഠിച്ചിട്ടുണ്ട്. ഫിനാൻസ് മിനിസ്റ്റർ ആ റിപ്പോർട്ട് ഗൗരവതരമായി എടുക്കണം. കാരണം ബാങ്കിംഗ് മേഖലയുടെ കോൺട്രിബ്യൂഷനെന്ന് പറയുന്നത് വികസന പ്രക്രിയയുടെ നിർണ്ണായകമായ ഒരു കാര്യമാണ്. അതിന്റെ സ്വാധീനമില്ലാതെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ വളരെ പ്രയാസമുണ്ട്. ആൾ ഇൻഡ്യാ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസും മറ്റ് ബാങ്കുകളും ഈ സമീപനമെടുക്കുന്ന സമയത്ത് കോ-ഓപ്പറേറ്റീവ് സെക്ടറിനെ സമഗ്രമായി ഉയർത്തിക്കൊണ്ടുവന്നെങ്കിലല്ലാതെ ഒരു പരിധിവരെ നമുക്ക് പിടിച്ച് നിൽക്കാൻ പറ്റുകയില്ല. ഈ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഓർഗനൈസേഷനെ സംബന്ധിച്ചും, സ്ട്രക്ചറിനെ സംബന്ധിച്ചും ക്രെഡിറ്റ് മാനേജ്മെന്റിനെ സംബന്ധിച്ചും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തെ സംബന്ധിച്ചും എല്ലാം ഏതാണ്ട് 26 നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടാണ് രഞ്ജിത് കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് വളരെ ഗൗരവതരമായി എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ കോ-ഓപ്പറേറ്റീവ് ബാങ്കിംഗ് സെക്ടറിനെ സജ്ജമാക്കിക്കൊണ്ടു വരികയും അതിന്റെ ബാലാരിഷ്ടതകൾ പരിഹരിച്ച്, (വലിയ നാഷണലൈസ്ഡ് ബാങ്കുകളുമായി കോമ്പീറ്റ് ചെയ്യാൻ പറ്റുകയില്ലെങ്കിൽ പോലും) ഉയർത്തിക്കൊണ്ടുവരണം. എങ്കിൽമാത്രമേ കൃഷിക്കാരനേയും സാധാരണക്കാരനേയും രക്ഷിക്കാൻ സാധിക്കുകയുള്ളുവെന്നാണ് എനിക്ക് ഇതിനെപ്പറ്റി പറയുവാനുള്ളത്. അതുപോലെതന്നെ ഫോറസ്റ്റ്, എക്സൈസ്, പോലീസ് ഇവിടെ നിന്നൊക്കെ കേസിൽ പിടിച്ചെടുക്കുന്ന വണ്ടികളുടെ സ്ഥിതിയെന്താണെന്നുവച്ചാൽ ഏത് സ്ഥലത്തെ കോടതിയിൽ പോയി നോക്കിയാലും കോടതിയുടെ കോമ്പൗണ്ടിൽ വണ്ടികൾ കെട്ടിക്കിടക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. കേസ് കഴിയുന്നത് രണ്ട് കൊല്ലം മൂന്നുകൊല്ലമൊക്കെ കഴിയുമ്പോഴാണ്. അപ്പോൾ സംഭവിക്കുന്നത് എന്താണെന്നുവച്ചാൽ ഇയാൾക്ക് കേസിൽ ശിക്ഷ ഒഴിവാക്കിക്കൊടുത്താൽ അയാൾക്കും ഗവൺമെന്റ് കണ്ടുകെട്ടുകയാണെങ്കിൽ ഗവൺമെന്റിനും ഉപയോഗമില്ലാത്ത ഒരവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് നിയമപരമായി ഭേദഗതി കൊണ്ടുവന്ന് ഒന്നുകിൽ ഇത് സമയത്തിന് ഓക്ഷൻ ചെയ്യുക എന്നിട്ട് ആ പണം ഡിപ്പോസിറ്റ് ചെയ്യുക. എന്നിട്ട് കേസിൽ ഇയാളെ വിടുകയാണെങ്കിൽ പലിശയോടുകൂടി മടക്കിക്കൊടുക്കുക, അതല്ലെങ്കിൽ ഗവൺമെന്റ് എടുക്കുക. അങ്ങനെ എന്തെങ്കിലും ഒരു സംവിധാനം കൊണ്ടുവന്നാൽ കുറെയെങ്കിലും പണം അ രീതിയിൽ സേവ് ചെയ്യാൻ സാധിക്കും എന്നാണ് ഇതിനെക്കുറിച്ച് എനിക്ക് പറയുവാനുള്ളത്. മറ്റൊരു കാര്യം പറയുവാനുള്ളത് ഇറിഗേഷൻ പ്രോജക്ടുകൾക്കുണ്ടാകുന്ന കാലതാമസം കൊണ്ട് ധാരാളം നഷ്ടമുണ്ടാകുന്നുണ്ട്. എന്റെ മണ്ഡലത്തിൽ 20. കൊല്ലമായി കൂട്ടായി റെഗുലേഷൻ കം ബ്രിഡ്ജ് - 86 ലക്ഷം രൂപയാണ് അതിന്റെ എസ്റ്റിമേറ്റ്. ഇന്നത്തെ എസ്റ്റിമേറ്റ് അഞ്ച് കോടി രൂപ, എന്നിട്ടും ഒന്നുമായിട്ടില്ല. ഇതിന്റെ ഒരു കാര്യമെന്ന് പറയുന്നത് ഇറിഗേഷൻ പ്രോജക്ടുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലുള്ള നില തുടരുകയാണ്. ഡിലേ വരുന്ന എസ്കലേഷൻ കോസ്റ്റിന്റെ കാര്യം വേറെ. ഇറിഗേഷൻ പ്രോജക്ടുകളെക്കുറിച്ച് സമഗ്രമായി പരിശോധിക്കണം. ഈ പ്രോജക്ടുകൾ നമ്മുടെ പണം തിന്നു മുടിക്കുകയാണ്. കാലാവധി കഴിഞ്ഞിട്ടും തുടരുന്ന സ്റ്റാഫ്, ദീർഘകാലമായി നീണ്ടുപോകുന്നതിന്റെ ഫലമുണ്ടാകുന്ന എസ്കലേഷൻ കോസ്റ്റ്, ഇത് താങ്ങാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ പ്രോജക്ടുകളെ സംബന്ധിച്ച് ഗൗരവതരമായി അന്വേഷിക്കണം. വിദ്യാഭ്യാസത്തെ സംബന്ധിച്ചു പറയുമ്പോൾ self financing ഞങ്ങൾ കൊണ്ടു വന്നു. നിങ്ങൾ അതിനെ എതിർത്തു. ഇപ്പോൾ നിങ്ങൾ self finance ലേയ്ക്ക് പോയി. അതൊക്കെ ഓരോ കാലഘട്ടത്തിലും വരുന്ന സമീപനങ്ങളാണ് ഞാൻ അതിന്റെ ഗുണദോഷ വശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ രംഗത്ത് നമ്മൾ കാണേണ്ട ഒരു കാര്യം സാധുക്കളായ കുട്ടികൾക്ക് പരമാവധി സൗജന്യം കൊടുക്കണം. ഇനിയും വർദ്ധിപ്പിക്കണം, പക്ഷേ കൊടുക്കാൻ നിവൃത്തിയുള്ളവരിൽ നിന്നും എഡ്യൂക്കേഷൻ ഫീസ് ഈടാക്കണം. അതിനുവേണ്ടിയുള്ള സമീപനമുണ്ടാകണം. അല്ലെങ്കിൽ അത് പിരിച്ചെടുക്കാൻ സാധിക്കുകയില്ല. നമുക്ക് ശാസ്ത്ര സാങ്കേതിക രംഗത്ത് മത്സരിക്കണമെങ്കിൽ അതിനനുസരിച്ചുള്ള കോഴ്സുകൾ കൊടുക്കാൻ കഴിയണം. പാവങ്ങൾക്ക് കൺസഷൻ കൊടുക്കണം. എഡ്യൂക്കേഷൻ രംഗത്ത് സെസ്സ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കണം. വികലാംഗരുടെ കാര്യത്തിൽ ഇവിടെ നിയമം പാസ്സാക്കി. ഞാനും ശ്രീ. കരീം, ശ്രീമതി ഭാർഗ്ഗവി തങ്കപ്പനും മെമ്പറാണ്. കേരളത്തിൽ ഇത് നടപ്പിലാക്കാൻ വേണ്ടി ഒന്നും ചെയ്തിട്ടില്ല. ഞാൻ എത്രയോ പ്രാവശ്യം ഇതിനെ സംബന്ധിച്ച് പറഞ്ഞതാണ്. ഇത് സംബന്ധിച്ച് മന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. ഇവിടെ സംഭവിച്ചതെന്താണെന്നു വച്ചാൽ നിയമസഭയിലുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തു. എന്നിട്ട് കമ്മിറ്റിയുണ്ടാക്കാൻ ഒരു കൊല്ലമെടുത്തു. ഒരു മീറ്റിംഗ് വിളിച്ചു. നിയമപ്രകാരം ഇവർക്ക് ഉദ്യോഗങ്ങളിലടക്കം സംവരണമുണ്ട്. ശ്രീ. ശിവദാസമേനോൻ ഇന്നലെ പറഞ്ഞതിന്റെ കൂട്ടത്തിൽ അവർക്ക് പെൻഷൻ കൂട്ടുന്ന സമയത്ത് കൂട്ടാമെന്ന് പറഞ്ഞു. അവർക്കുള്ള സംവരണം അവർക്ക് കിട്ടുന്നില്ല. അവർക്ക് ഈ നിയമപ്രകാരം പല ആനുകൂല്യങ്ങളും പറഞ്ഞിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റിനു ഇത് ചെയ്യാനുള്ള ബാദ്ധ്യതയുണ്ട്. നിങ്ങളുടെ ഗവൺമെന്റിനു ഇനി കുറച്ചു കാലമേയുള്ളു. അതിനിടയിലെങ്കിലും നിങ്ങൾ ഇത് ഇംപ്ലിമെന്റ് ചെയ്യണം. അതിനുണ്ടാക്കിയ കമ്മിറ്റി ഇപ്പോൾ വിളിച്ചുകൂട്ടുന്നില്ല. ആരാണ് കണ്ണില്ലാത്തവർക്കുവേണ്ടി കാണാനുള്ളത്. ചെവിയില്ലാത്തവർക്കുവേണ്ടി കേൾക്കാനുള്ളത്. ആ പാവങ്ങൾക്കുവേണ്ടി പാസ്സാക്കിയിട്ടുള്ള നിയമം ആ നിയമത്തിൽ ഇംപ്ലിമെന്റേഷൻ നടക്കുന്നില്ല. ഇത് ഗൗരവതരമായി എടുക്കണം. നമ്മൾ ആനുകൂല്യങ്ങൾ കൊടുക്കണം. കൊടുക്കുന്ന ആനുകൂല്യങ്ങൾ കൂടുതലാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ ഇതുപോലുള്ള സെക്ഷനുകളിൽ ആരേയും നോക്കാനാളില്ല. അവർക്ക് ബഹളമുണ്ടാക്കാൻ പറ്റുകയില്ലല്ലോ. അവർ അന്ധന്മാരും ബധിരന്മാരും മൂകന്മാരുമാണല്ലോ. അന്ധന്മാരുടേയും മൂകന്മാരുടെയും ബധിരന്മാരുടേയും ശബ്ദത്തിനായി നമ്മൾ നിൽക്കണം. അവർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ അങ്ങ് കൊടുക്കണം. അവർക്കുവേണ്ടി പാസ്സാക്കുന്ന നിയമം നടപ്പിലാക്കണം. അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ട് വരുന്നതുതന്നെ വളരെ പുണ്യകരമായ ഒരു കാര്യമാണ്. പ്രായോഗികമായിട്ടുള്ള സമീപനങ്ങൾ എന്താണെന്നുള്ളത് ഗവൺമെന്റിനു ഇപ്പോഴും ബോദ്ധ്യം വന്നിട്ടില്ല. ഉള്ള പണത്തിന്റെ എഫക്ടീവ് യൂട്ടിലൈസേഷനെ സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ചപാടില്ല. ഈ കാരണങ്ങൾകൊണ്ട് ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റ്സിനെ എതിർക്കുകയാണ്.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, ഈ സപ്ലിമെന്ററി ഗ്രാന്റ്സിനെ ഞാൻ പിന്താങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ എടുത്ത സമീപനവും ഇൻഡ്യയിൽ ഇന്ന് കോൺഗ്രസ്, ബി. ജെ. പി. ഗവൺമെന്റുകൾ എടുക്കുന്ന സമീപനവും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. ആ വ്യത്യാസം നമുക്ക് പകൽപോലെ ബോദ്ധ്യപ്പെട്ടതാണ്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ മുൻവശത്ത് വലിയ അക്ഷരത്തിലുള്ള ഹെഡ്ഡിംഗ്, 'മണ്ണെണ്ണ-പാചകവാതക വില കുത്തനെ കൂട്ടി'. അത് സെൻട്രൽ ഗവൺമെന്റിന്റെ സമീപനമാണ്. എന്നാൽ അതിനുതാഴെ റേഷൻ നിലനിർത്തും. അതിനു 71 കോടി രൂപയുടെ സൗജന്യംകൂടി കേരള നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ രണ്ടു വ്യത്യാസവും ബോദ്ധ്യപ്പെടാതെ ഈ ബഡ്ജറ്റിനെക്കുറിച്ചോ സപ്ലമെന്ററി ഗ്രാന്റിനെക്കുറിച്ചോ വർത്തമാനം പറയുന്നതുകൊണ്ട് വലിയ കാര്യം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. മനുഷ്യമുഖമുള്ള, മാനവീകതയിൽ അധിഷ്ഠിതമായ സമീപനം സ്വീകരിക്കുന്ന ബഡ്ജറ്റുകളാണ് കഴിഞ്ഞ അഞ്ചുവർഷവും ഈ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ളത്. മനുഷ്യമുഖമുള്ള ബഡ്ജറ്റ് എന്നു പറയുമ്പോൾ സാധാരണ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മനസ്സാക്ഷിയോടുകൂടി കാര്യങ്ങൾ ചെയ്യുന്ന സമീപനമുള്ള ഒരു ഗവൺമെന്റ് എന്നർത്ഥം. മറിച്ച് സെൻട്രൽ ഗവൺമെന്റാണെങ്കിൽ ഈ നടപടികളെ എപ്പോഴും എതിർത്തുകൊണ്ട് അതിനെ പരാജയപ്പെടുത്തുന്ന രീതിയിലുള്ള, പത്തോ പതിനഞ്ചോ ശതമാനം വരുന്ന ഒരു ന്യൂനപക്ഷ വിഭാഗം ആളുകൾക്ക് ലോകത്തുള്ള സുഖസൗകര്യങ്ങൾ മുഴുവൻ ഇൻഡ്യയിൽ ലഭ്യമാകത്തക്ക രീതിയിൽ നിയമനിർമ്മാണവും അതോടൊപ്പം ബഡ്ജറ്റ് സമീപനവുമുള്ള ഒരു ഗവൺമെന്റ്. തീർച്ചയായും അതിനെതിരെയുള്ള നിലനിൽപ്പിനുവേണ്ടിയുള്ള ശ്രമകരമായ ജോലിയിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്. കേരളത്തിൽ കശുവണ്ടി തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമ നടപടികൾ എടുക്കുന്ന ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. അതിനെ എതിർത്ത, അതിനെ പരാജയപ്പെടുത്തിയ സമീപനമാണ് പലപ്പോഴും യു. ഡി. എഫ്. ഗവൺമെന്റിനുള്ളത്. യു. ഡി. എഫ്. ഗവൺമെന്റ് ഭരിച്ച കാലത്ത് 13 ദിവസം മാത്രം ജോലി നൽകിയ കൊല്ലം ജില്ലയിലെ ബഹുഭൂരിപക്ഷം വരുന്ന കശുവണ്ടി തൊഴിലാളികൾക്ക് 140 ദിവസത്തെ ജോലി പ്രതിവർഷം കൊടുക്കാനുള്ള സഹായങ്ങൾ ബഡ്ജറ്റിൽ കൊടുത്തുകൊണ്ട് രണ്ട് ലക്ഷം കുടുംബങ്ങൾക്ക് അനുകൂലമായ സമീപനം സ്വീകരിച്ചതാണോ ബഷീർ സാഹിബേ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്ത കുറ്റം ? ഒന്നര ലക്ഷത്തോളം വരുന്ന കൈത്തറി തൊഴിലാളികൾക്ക് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽനിന്ന് 36 കോടി രൂപയുടെ സഹായങ്ങളും സൗജന്യങ്ങളും ചെയ്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അവരെ പരിരക്ഷിച്ചത് കുറ്റമാണോ ? കടലോരത്ത് ആരോരുമില്ലാതെ, ഉറ്റവരുമുടയവരുമില്ലാതെ അരക്ഷിതാവസ്ഥയിൽ ജീവിച്ചിരുന്ന മത്സ്യ തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ നടപടികൾ എടുക്കുകയും അതിനുവേണ്ടി ബഡ്ജറ്റിൽ തുക മാറ്റിവയ്ക്കുകയും അത് ചെലവഴിക്കുകയും അവരെ ഉദ്ധരിക്കുന്നതിനുവേണ്ടി എളിയ പ്രവർത്തനങ്ങൾ നടത്തി ഒരടിയെങ്കിലും മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചതാണോ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്ത കുറ്റം? കശുവണ്ടി തൊഴിലാളികൾക്കും, കൈത്തറി തൊഴിലാളികൾക്കും മത്സ്യതൊഴിലാളികൾക്കും സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മറ്റ് ആളുകൾക്കും സംരക്ഷണം നൽകുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അഞ്ചു ലക്ഷം കുടുംബങ്ങളിൽനിന്നും വരുന്ന കയർ തൊഴിലാളികളിൽ മിക്കവരും ദാരിദ്ര്യരേഖയ്ക്കുതാഴെ ജീവിക്കുന്നവരാണ്. അവർക്ക് അനുകൂലമായി സമാശ്വാസ നടപടികളും തൊഴിൽ നൽകുന്നതിന് ആവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പണം ചെലവഴിക്കുന്നതാണോ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്ത കുറ്റമായി നിങ്ങൾ കാണുന്നത്? നേരെമറിച്ച് ഓഹരി കമ്പോളത്തിൽ ഇടപ്പെടുന്നവർക്ക് അനുകൂലമായി സമീപനം സ്വീകരിക്കുന്ന ബഡ്ജറ്റ് നയമാണോ ശരി ? ഊഹകച്ചവടക്കാർക്ക് യഥേഷ്ടം കൊള്ളയടിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തതാണോ ശരി ? വിദേശ രാജ്യത്ത് എവിടെയുമുള്ള സുഖഭോഗ സാധനങ്ങൾ യാതൊരു നിയന്ത്രണവും കൂടാതെ ഇവിടെ കൊണ്ടുവന്ന്, മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ട ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആർഭാടപൂർവ്വം ജീവിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് സമീപനത്തിൽനിന്നും വ്യത്യസ്തമല്ലേ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനം ഈ നയ സമീപനത്തിൽ നിങ്ങൾ ഏത് ഭാഗത്തുനിൽക്കുന്നു എന്നുള്ളതാണ് കാതലായ വിഷയം. 45 സംവത്സരം ഭരിച്ച ഒരു പാർട്ടിയാണ് കോൺഗ്രസ്. ഈ കണ്ട ദുരിതങ്ങൾക്കെല്ലാം ഏറ്റവും കൂടുതൽ ഉത്തരവാദിയായ പാർട്ടിയും കോൺഗ്രസ്സ് തന്നെയാണ്. ദരിദ്രന്മാരെ സൃഷ്ടിക്കുന്നതിൽ ഉത്തരവാദികളായവർ കോൺഗ്രസ്സിന്റെ ഭൂരിപക്ഷ ഭരണത്തിൻ കീഴിൽ ഭരിച്ച ആളുകൾ തന്നെയാണ്. അവർ തിരിഞ്ഞുനിന്നുകൊണ്ട് ഇപ്പോൾ ഇങ്ങനെ ആയതിന് ഉത്തരവാദികൾ അഞ്ചു വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണെന്നു പറഞ്ഞാൽ അശേഷം അംഗീകരിച്ചു തരികയില്ല. നിങ്ങൾ അത് സമ്മതിക്കുമെന്നാണ് എന്റെ അഭിപ്രായം. ബഷീർ സാഹിബ് പറഞ്ഞതനുസരിച്ച്, ഒരു മഹാൻ പറഞ്ഞിട്ടുള്ളത് വിശക്കുന്നവന്റെ കയ്യിൽ പുസ്തകം കൊടുക്കണമെന്നാണ്. പുസ്തകം തിന്നാനല്ല, മറിച്ച് പുസ്തകം പഠിച്ച് അവൻ വിശപ്പ് അടക്കാനുള്ള മാർഗ്ഗം സ്വീകരിക്കും എന്നുള്ളതുകൊണ്ടാണ് പുസ്തകം കൊടുക്കാൻ പറഞ്ഞത്. പുസ്തകം അച്ചടി ദോഷമാണെന്നും അത് ഖജനാവിന് നഷ്ടമാണെന്നും പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. മാനവീയം മോശമാണെന്ന് നിങ്ങൾക്ക് പറയാം. മാനവീയത്തിന്റെ വിപരീതം രാക്ഷസീയമാണ്. ഏത് വേണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കാം. രാക്ഷസീയമായ സമീപനമല്ലാതെ ഇടയ്ക്കു മറ്റൊരു മാർഗ്ഗമുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് തോന്നുന്നില്ല. കാർഷിക രംഗത്ത് എന്ത് പുരോഗതിയാണ് കഴിഞ്ഞ ബഡ്ജറ്റിലെ പണം ചെലവാക്കിയുണ്ടാക്കിയതെന്ന് ശ്രീ. പി. ജെ. ജോയി ചോദിക്കുകയുണ്ടായി. ശ്രീ. പി. ജെ. ജോയി നോൺ വെജിറ്റേറിയനാണ്. അതുകൊണ്ട് പച്ചക്കറിയെ സംബന്ധിച്ച് വിലയ വിവരമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. 1101 ഹരിത സംഘങ്ങൾ വഴി 600 കോടി രൂപയുടെ പച്ചക്കറി കഴിഞ്ഞ ഒരു വർഷത്തിൽ ഉല്പാദിപ്പിച്ചു. നിങ്ങൾ നിൽക്കുന്ന സ്ഥലത്തുനിന്ന് ഒരു ഇഞ്ച് മാറുകയില്ലെന്നു പറഞ്ഞാൽ എന്തു ചെയ്യാൻ ? എന്റെ നിയോജകമണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും ഹരിത സംഘങ്ങൾ ഉണ്ട്. ആ ഹരിത സംഘങ്ങളിൽ കൃഷി ഏർപ്പാടുകളും, അത് ശേഖരിക്കുന്നതിനുള്ള ഏർപ്പാടും വിതരണ സംവിധാനവും ഇപ്പോഴുണ്ട്. എനിക്ക് നേരിട്ടുകണ്ട് ബോദ്ധ്യമുള്ളതുമാത്രം പറയുകയാണ്. ഞാൻ കണക്കുകൊണ്ട് പറയുന്നതല്ല. നിങ്ങൾ നിൽക്കുന്നിടത്തുനിന്നു അല്പം മാറിയാൽ നിങ്ങൾക്ക് മനസ്സിലാകും. ബഹുമാനപ്പെട്ട ബഷീർ സാഹിബ് പറഞ്ഞതനുസരിച്ച് കൃഷിയിടം കുറഞ്ഞു പോയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കുഴപ്പമാണോ ? കൃഷിയിടം കുറഞ്ഞുപോയതിനു ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയല്ലാതെ ഒരു മാർഗ്ഗവും കണ്ടു പിടിച്ചിട്ടില്ല. ഇക്കണോമിക് റിവ്യൂ എടുത്തുനോക്കിയാൽ അറിയാം. നെൽകൃഷിയിടം കുറഞ്ഞിട്ടുണ്ടെങ്കിലും ഉല്പാദനക്ഷമതകൊണ്ട് പ്രൊഡക്ഷൻ കൂട്ടാൻ കഴിഞ്ഞത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്ത കുറ്റമാണോ ? അല്ലെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ നിങ്ങൾ കുറ്റം പറഞ്ഞാൽ അത് വസ്തുതാപരമായിരിക്കുകയില്ല. അതുപോലെ കശുവണ്ടി തൊഴിലാളികൾക്കും, കയർ തൊഴിലാളികൾക്കും മത്സ്യ തൊഴിലാളികൾക്കും ഇക്കുറി സൗജന്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ആ സൗജന്യം കൊടുക്കേണ്ടതല്ലേ ? ഇവരല്ലേ അർഹതയുള്ളവർ ? അതല്ലേ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒന്നാം പഞ്ചവത്സരപദ്ധതി കാലത്ത് പറഞ്ഞത്. പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുന്ന നടപടികളാണ് ഇൻഡ്യയുടെ സാമൂഹിക പുരോഗതിക്ക് പതടസ്സം സൃഷ്ടിക്കുന്ന അടിസ്ഥാനപരമായ കാര്യമെന്നു പറഞ്ഞതുകൊണ്ട് അതിനുവേണ്ടിയാണ് സൗജന്യങ്ങൾ ഏർപ്പെടുത്തിയത്. ആ സൗജന്യങ്ങൾ ഏർപ്പെടുത്തി വീണ്ടും പരിശോധിച്ചു, പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം ഇല്ലായ്മ ചെയ്യുകയല്ലാതെ സാമൂഹിക പുരോഗതി സാദ്ധ്യമാകുകയില്ലെന്ന് കാണുകയുണ്ടായി. എനിക്ക് പറയാനുള്ളത് നിങ്ങൾ തീർച്ചയായും ജനസംഖ്യയിൽ 85 ശതമാനം വരുന്ന ആളുകളെ കണ്ടില്ലെന്ന് നടിച്ചുള്ള സമീപനത്തോടുകൂടി പോയാൽ രാജ്യത്തിന്റെ സമ്പത്ത് ചിലപ്പോൾ ഓഹരി കമ്പോളത്തിൽ മെച്ചപ്പെട്ടതായിരിക്കും, വിദേശ നാണയ വിനിമയ നിരക്ക് കൂടുതലുണ്ടാകും. പക്ഷെ ഇൻഡ്യയിലെ ദരിദ്ര നാരായണൻമാരുടെ എണ്ണം കൂടി പോകും. രാജ്യം ദാരിദ്ര്യം കൊണ്ട് നിറയുകയും രാജ്യത്ത് അസംതൃപ്തി വർദ്ധിക്കുകയും ചെയ്യുന്ന ഏത് ധനകാര്യ ശാസ്ത്രജ്ഞന്മാരുടെ നിയമമായാലും അത് അംഗീകരിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഒരു സാഹചര്യം നമ്മുടെ നാട്ടിൽ നിലനിൽക്കണോ ? ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുമ്പോൾ ഇല്ലാത്തവന് സഹായങ്ങൾ നൽകി മുന്നോട്ടു കൊണ്ടു പോകാൻ ശ്രമിക്കണ്ടേ ? നമ്മുടെ നാട്ടിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഈ ജനങ്ങൾക്ക് ഗവൺമെന്റിനോടുള്ള സമീപനം അവശതയ്ക്കു പരിഹാരം കാണാനുള്ള നിയമനിർമ്മാണം നടത്തുകയോ തങ്ങളെ സംരക്ഷിക്കുകയോ ചെയ്യാത്ത ഗവൺമെന്റാണെന്നുള്ള ബോധം മനസ്സിൽ വന്നു കഴിഞ്ഞാൽ എ. ഡി. 1600-ലെ സ്ഥിതി ഇവിടെ വീണ്ടും വരും. ക്ലിന്റൻ വരുന്നതിനെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുന്നു. ക്ലിന്റനെ നമ്മൾ കാണുന്നതെന്തിനാണ് ? എത്ര ബാലിശമായ ചോദ്യമാണ്. ഒരു രാഷ്ട്രത്തിന്റെ തലവനെ മറ്റൊരു രാജ്യത്തിന്റെ പ്രതിനിധി കാണുന്നത് മുതലാളിത്ത സംസ്ക്കാരമായതുകൊണ്ട് മോശമാണെന്ന് പറയുന്നത് ബാലിശമാണ്. ടാറ്റാ മുതലാളി ആയതുകൊണ്ട് ഇടതുപക്ഷക്കാർ ടാറ്റായുടെ സോപ്പ് വാങ്ങരുത് എന്ന് പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ ? ഒരു മുതലാളിത്ത സമ്പത്ത് ഘടനയിൽ മുതലാളിത്ത സമ്പത്ത് ഘടനയുടെ ചട്ടക്കൂട്ടിനുള്ളിൽ കമ്മ്യൂണിസ്റ്റായി ജീവിക്കാനൊന്നും ഒക്കുകയില്ല. To be communist is very difficult. കമ്മ്യൂണിസ്റ്റു പാർട്ടി മെമ്പാറാകാം. പക്ഷേ അത് വലിയ പാടുള്ള കാര്യമാണ്. ഇന്നലെ ഇവിടെ ചോദിക്കുന്നതു കേട്ടു. എന്റെ ചങ്ക് ഇടിച്ചു പോയി. തരുന്നതിനെ വാങ്ങിച്ചു നന്ദിയോടെ എടുക്കണ്ടേയെന്ന്. അത്തരം അടിമ ബോധമാണ് ഈ ഭരണത്തെ ഈ ഗതിയിൽ എത്തിച്ചത്. പക്ഷേ തരുന്നതെല്ലാം എന്റെ രാഷ്ട്രത്തിന്റെ പരമാധികാരവും ജനാധിപത്യവും മതേതരത്വവും ലംഘിക്കുന്നതിനുവേണ്ടിയുള്ളതാണ്, അതിൽ കൈകടത്താനുള്ളതാണെങ്കിൽ പോടായെന്ന് പറയാനുള്ള ധാർമ്മിക ബാദ്ധ്യത ഇൻഡ്യൻ ഭരണാധികാരിക്കുണ്ടാകണം. അതല്ലെങ്കിൽ നിങ്ങൾ ആ ഭരണത്തിൽ ഇരിക്കുന്നവനെങ്കിൽ തരുന്നവർക്ക് 100 ശതമാനം രാജ്യം തീറ് കൊടുക്കും. അതാണ് വ്യത്യാസം. എ. ഡി. 1600-ൽ മുതലാളിമാർ കച്ചവടത്തിന് വന്നു. ഇവിടത്തെ ജനങ്ങളെ സമുദായികമായി തിരിച്ചു. മഹാ ഭൂരിപക്ഷത്തിനും റോഡിൽ കൂടി നടന്നുകൂടാ. അമ്പലത്തിൽ കയറിക്കൂടാ. വിദ്യാഭ്യാസം ചെയ്തു കൂടാ. സ്ത്രീകൾക്ക് മേൽമുണ്ട് ധരിച്ചുകൂട. നിയമംമൂലം ചാതുർവർണ്യത്തിന്റെ സന്തതികളാക്കി അവരെ തിരിച്ചു നിർത്തി. അവർക്ക് രാജ്യത്തിന്റെ ഭരണത്തോട് യാതൊരു കൂറും ബാദ്ധ്യതയുമില്ല. ആര് ഭരിച്ചാലും എനിക്കൊന്നുമില്ല എന്ന നിസ്സംഗ ഭാവത്തിൽ മാറിനിന്നപ്പോൾ കച്ചവടത്തിനു വന്നവർ ഇവിടെ രാജ്യഭാരമേറ്റു. ഇന്ന് മഹാഭൂരിപക്ഷത്തെ നമ്മൾ ദാരിദ്ര്യരേഖ എന്ന മനോഹര രേഖയ്ക്ക് അപ്പുറത്തേയ്ക്ക് തള്ളി നിർത്തുന്നതുകൊണ്ട് ഇല്ലാത്തവന്റെ സംഖ്യ കുറയ്ക്കുന്നതിനും അവരും പണക്കാരുമായിട്ടുള്ള അന്തരം കുറയ്ക്കുന്നതിനും വേണ്ടിയുള്ള സഹായങ്ങൾ ഓരോന്ന് എടുത്തു കളഞ്ഞു. മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചു. റേഷൻ സബ്സിഡി എടുത്തു കളഞ്ഞു. അവന്റെ ആഹാര സാധനത്തിന്റെ സബ്സിഡി എടുത്തു. ജീവിതം ദുഃസഹമാക്കി. ഈ ഗവൺമെന്റിൽ നിന്ന് എനിക്ക് ദോഷമല്ലാതെ ഗുണം കിട്ടുകയില്ല എന്ന ബോധം പൗരന് ഉണ്ടായാൽ ഈ ഗവൺമെന്റിനെകൊണ്ട് എനിക്ക് എന്ത് ഗുണം എന്ന് ചിന്തിച്ച് മഹാ ഭൂരിപക്ഷം പൗരനും നിസംഗത കാണിച്ചാൽ നിങ്ങൾ പറഞ്ഞതു പോലെ ഭരണാധികാരി ക്ലിന്റൻ വരുമ്പോൾ ഓച്ചാനിച്ചു നിൽക്കുന്നവനാണെങ്കിൽ തീർച്ചയായും ഭരണം അവന്റെ കയ്യിൽ പോകും. സംശയമില്ല. ഈ ജനതയാണ് പ്രധാനം. ഈ ജനതയെ കാണാനുള്ള, മനുഷ്യനെ കാണാനുള്ള കണ്ണില്ലാതെ സമ്പത്ത് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞാൽ എനിക്ക് അമർത്യാസെൻ പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഈ കേരള മോഡലിൽ തീർച്ചയായും മനുഷ്യ മുഖമുള്ള ഭരണാധികാരിക്ക് മാത്രമേ ഈ സമീപനമെടുക്കാൻ കഴിയുകയുള്ളു. ഈ കേരളത്തിൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ തുക അനാവശ്യമായി ചെലവാക്കുന്നുവെന്ന് പറയുമ്പോൾ തന്നെ ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ന്യൂട്രീഷനിൽ ഏറ്റവും മുമ്പന്തിയിൽ നിൽക്കുന്നത്. കേരള സംസ്ഥാനമാണ്. ന്യൂട്രീഷന്റെ അടിസ്ഥാനം ആഹാര സാധനമാണ്. ആ ആഹാര സാധനം പാവപ്പെട്ടവന് അവയിലബിൾ ആക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഒരൊറ്റ ഉദാഹരണമുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ എടുത്തു നോക്കിയാൽ സാമ്പത്തിക പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ 9-ാം സ്ഥാനത്ത് നിന്നതല്ലേ ? ഇപ്പോൾ 5-ാം സ്ഥാനത്ത് നിൽക്കുവാനുണ്ടായ സംഭവമെന്നുപറയുന്നത് മിറക്കിൾസ് വല്ലതുമാണോ ? അല്ലല്ലോ. ഈ ഗവൺമെന്റ് ബഡ്ജറ്റിൽ കൊള്ളിച്ച തുക ഉപയോഗിച്ച് ചെയ്ത ഗുണഫലങ്ങളായി പാവപ്പെട്ടവന്റെ ജീവിതത്തിൽ ഒരടി മുന്നോട്ടു പോകാൻ കഴിഞ്ഞാൽ നമ്മൾ മനസ്സിലാക്കണം 45 സംവൽസരം ഭരിച്ചപ്പോൾ 40 ശതമാനം ആളുകൾക്ക് കൂടി വെള്ളം കൊടുക്കാൻ കഴിയാത്ത ഗവൺമെന്റ് ആയിരുന്നു ഇൻഡ്യാ ഗവൺമെന്റ്. അവന് കുടിവെള്ളം കൊടക്കുമെന്ന് പറഞ്ഞപ്പോൾ എന്റെ സുഹൃത്ത് ശ്രീ. ജോയി പറഞ്ഞത് ഇപ്പോൾ കൊടുത്തുകൊള്ളണമെന്നാണ്. 45 വർഷം നിങ്ങൾ കൊടുക്കാത്തതെന്ത് എന്ന് അങ്ങോട്ട് ചോദിച്ചാൽ ഒരു ചോദ്യത്തിന് മറുചോദ്യം ഉത്തരമല്ല എന്ന് എനിക്ക് നല്ല ബോധ്യമുണ്ട്. പക്ഷേ 45 വർഷവും കുടിവെള്ളം എത്തിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റ് കോടാനുകോടി രൂപ ഈ ബഡ്ജറ്റിൽ ഉപയോഗിച്ചത് പാവപ്പെട്ടവന് വേണ്ടിയല്ല, പണക്കാരനുവേണ്ടിയാണ്. ആ സംവിധാനമാണ് ഗാട്ട് കരാർ ഒപ്പിടുക മൂലം നമ്മുടെ രാജ്യത്തെ പാവപ്പെട്ടവന് അനുകൂലമായ നടപടികൾ എടുക്കുന്നതിൽ ഗവൺമെന്റ് കൂച്ചുവിലങ്ങിടുന്നതാണ് അത്. ഇവിടെ വളരെ ലാഘവ ബുദ്ധിയോടുകൂടി യു. ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആറു മാസത്തെ നോട്ടീസ് കൊടുത്ത് എഗ്രിമെന്റിൽ നിന്നും പിൻവാങ്ങാത്തതെന്തേ എന്ന് ചോദിച്ചത് നല്ല ബുദ്ധിയല്ല എന്ന് എനിക്ക് അഭിപ്രായമുണ്ട്. അങ്ങനെ മാറാൻ ഒക്കുന്നതല്ല. ആ ഒരു കരാർ ഒപ്പിട്ട് ആ കരാറിന്റെ തജ്ജന്യഫലമായ ഈ വില വർദ്ധനവും തൊഴിലില്ലായ്മയും അതുപോലെ തന്നെ പട്ടിണിയുണ്ടെങ്കിൽ അതും ഇതെല്ലാം ഈ ജനങ്ങൾക്ക് സമ്മാനിച്ചതിനുശേഷം നീ മാറി നിന്ന് ഒരു തുരുത്തുപോലെ ഇവയെല്ലാം ഭംഗിയാക്കിക്കൊള്ളണം എന്നു പറയുന്നത് ശരിയല്ല. മണ്ണെണ്ണ വില കേന്ദ്ര ഗവൺമെന്റ് കൂട്ടിയാൽ അതേപ്പറ്റി പറയാനല്ല. മണ്ണെണ്ണ ഇവിടെ സബ്സിഡൈസ് ചെയ്ത റേറ്റിൽ കൊടുത്തു കൊള്ളണം, കൊടുക്കേണ്ടത് ആവശ്യമാണ്, കൊടുക്കുന്നു. ഈ ഗവൺമെന്റിന് കഴിയുന്ന കാര്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിച്ച ജനങ്ങളോടുള്ള ആ സമീപനമാണ് പ്രധാനം. മുതലാളിത്ത സമീപനം തന്നെയാണ്. കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി കൈക്കൊള്ളുന്നത്. ഇപ്പോൾ അത് കുത്തക മുതലാളിമാരുടെ സമീപനമായി മാറി. ഇവിടെ പാവപ്പെട്ടവനെ അനുരോധമായ മാനുഷികമായ മൂല്യങ്ങളിൽ വില കല്പിക്കുന്ന മനുഷ്യനെ കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമീപനം ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് സ്വീകരിക്കണം. അത് പ്രത്യുല്പാദനപരമല്ലാത്തതാണെന്ന് ഈ അസംബ്ലിയിൽ പ്രതിപക്ഷ നേതാവായിരുന്ന ശ്രീമാൻ കരുണാകരൻ പ്രസംഗിച്ചത് ഞാൻ ഈ ലൈബ്രറിയിൽ നിന്നും വായിച്ചു. കർഷക തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനെപ്പറ്റിയല്ല പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്കുവേണ്ടി ഖജനാവിലെ പണം ചോർത്തി ഈ കമ്മ്യൂണിസ്റ്റുകാർ നൽകുന്നത് ഈ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രത്യുല്പാദനപരമാണെന്ന് ഞങ്ങൾ പറഞ്ഞു. അതല്ലെന്നുള്ളത് സത്യമാണ്. പക്ഷേ പ്രത്യുല്പാദനപരമാണോ അല്ലയോ എന്നുള്ളതല്ല പ്രശ്നം. മനുഷ്യർ ജീവിക്കണോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. ആ മനുഷ്യന്റെ ഭയാനരീക്ഷത്തിൽ പോലും ചെറിയ താലോടൽ നൽകി അവനെകൊണ്ടുവരാൻ കഴിയുന്നില്ല എന്നുണ്ടെങ്കിൽ പിന്നെ ഈ ഗവൺമെന്റ് മനുഷ്യന്റെ ഗവൺമെന്റാണെന്ന് എങ്ങനെ പറയും? ഒരു ഗവൺമെന്റ് ഇക്കോണമിക്കലായിട്ട് ചിലപ്പോൾ രാജ്യത്തെ സമ്പൽസമൃദ്ധിയിലേയ്ക്കു കൊണ്ടു പോകാം. ഈ മഹാഭൂരിപക്ഷം മനുഷ്യനെയും കൊണ്ടല്ലാതെ പോയാൽ ഈ ജനാധിപത്യം തകർന്നു പോകും. ജനങ്ങൾക്ക് ഈ ഗവൺമെന്റിനോടുള്ള സമീപനത്തിൽ മാറ്റമുണ്ടാകും. ഈ മാറ്റം ഉണ്ടാകുന്നതിനുവേണ്ടിയാണ് ഈ ദുർബലവിഭാഗങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് എടുത്ത നടപടി. എന്നാൽ നമ്മുടെ ബഡ്ജറ്റിൽ ഈ ദുർബല വിഭാഗങ്ങൾക്കുവേണ്ടി വകകൊള്ളിച്ചതെല്ലാം ശരിയാണെന്ന അഭിപ്രായം എനിക്കില്ല. കൈത്തറി തൊഴിലാളികൾക്ക് തീർച്ചയായും ഇന്ന് നിശ്ചയിച്ചിട്ടുള്ളത് പര്യാപ്തമല്ല. അവരെ സംരക്ഷിക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. അതുപോലെ തന്നെ കയർ തൊഴിലാളികളുടെ വിഷയത്തിലും. 10 കോടി രൂപയാണ് അനുവദിച്ചത്. അത് മതിയാകുമെന്ന് തോന്നുന്നില്ല. അതിൽ നിന്നും ഒരു വ്യത്യസ്തമായ സമീപനം ഉണ്ടാകണം. നിശ്ചയമായും ഈ ഗവൺമെന്റ് എടുക്കുന്ന നടപടികൾ ജനങ്ങളിൽ മഹാഭൂരിപക്ഷം വരുന്നവർക്ക് അവരുടെ സങ്കൽപ്പങ്ങൾക്ക് അനുരോധമായിട്ട് വേണം അതല്ല എന്നാണെങ്കിൽ കണക്കുകൾ കൊണ്ടു മാത്രം ഈ ജനങ്ങൾ സംതൃപ്തരല്ല എന്നുള്ളതാണ്. 45 വർഷത്തെ ഭരണത്തിൽക്കൂടി കര, കടൽ, വ്യോമസേന എന്നിവയെയും ഖജനാവിന്റെ താക്കോലും കോൺഗ്രസ് പാർട്ടിയെയുമാണ് ഇവിടെ ജനങ്ങൾ ഏൽപ്പിച്ചത്. ഒരക്ഷരം, വള്ളിപുള്ളി വിസർഗ്ഗം അതിനെ എതിർക്കാതെ തന്നെ അന്ന് ഏൽപ്പിച്ചതാണ്. എന്നിട്ട് നിങ്ങൾ ഈ രാജ്യത്തെ കൊണ്ടുചെന്നെത്തിച്ചിടത്തു നിന്നാണ് ഈ രാജ്യത്തെ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം വർദ്ധിച്ച് വർദ്ധിച്ച് ദാരിദ്ര്യരേഖയുടെ താഴേക്ക് ആളുകൾ പൊയ്ക്കൊണ്ടിരുന്ന 40%, 50% വരെ എത്തിയ ആ സന്ദർഭത്തിൽ അതിന്റെ ഭാഗമായ ഈ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ കാർമേഘത്തിനടുത്ത് ഒരു രജത രേഖപോലെ ഈ സങ്കൽപ്പങ്ങളുമായിട്ട് മുന്നോട്ട് വന്നത്. ശ്രീ. ബഷീർ സാർ കേട്ടില്ലേ ഞാൻ പറഞ്ഞത്. അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് വിഷമം തോന്നി. ആ എക്സ്റ്റന്റ് വരെ പോകണമായിരുന്നോ. ശ്രീ. ക്ലിന്റൻ വരുന്നതും പറയുന്നതും ശരിയാണെന്നു പറയുകയും ശ്രീ. ക്ലിന്റനുമായിട്ടുള്ള ബി. ജെ. പി. ഗവൺമെന്റിന്റെ സമീപനത്തെ ന്യായീകരിക്കുകയും ചെയ്യുന്ന, ന്യായീകരിച്ചില്ല എങ്കിലും ഏകദേശം അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടുത്തുവരെ എത്തുന്ന ഒരു പ്രയോഗം തീർച്ചയായും ഇന്ത്യയുടെ നിലനിൽപ്പിനെ ബാധിക്കും. ഇന്ത്യയിലെ മൈനോറിറ്റി കമ്മ്യൂണിറ്റിയെ സാരമായി ബാധിക്കുന്ന വിഷയമാണ്. സാമ്പത്തികം മാത്രമല്ല. ഇന്ത്യയിലെ സാമൂഹ്യ പുരോഗതിയിൽ തീർച്ചയായും ഈ ഒരു അണിചേരൽ അനിവാര്യമാണ്. ഈ ബഡ്ജറ്റിലെ സമീപനം പോലെതന്നെ ഈ ഒരണിചേരൽ ഇന്ത്യയിൽ ഇന്ന് അനിവാര്യമാണ്. ആ അണിചേരലിൽ ഇന്ത്യയുടെ മതേതരത്വവും ജനാധിപത്യവും നമ്മുടെ പരാമാധികാരവും സംരക്ഷിക്കാൻ സാദ്ധ്യതയുള്ള ആളുകൾ ഒരു ഭാഗത്തുണ്ട്. എങ്ങനെയും ഇന്ത്യയിലെ സമ്പത്ത് വർദ്ധിപ്പിച്ചാൽ സുഖലോലുപരായി കഴിയാമെന്നു മാത്രം ചിന്തിക്കുന്ന സമീപനമുള്ളവർ മറുഭാഗത്ത് നിൽക്കും. ആ അണിചേരലിൽ തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനമല്ലാതെ ശ്രീ. ബഷീർ സാഹിബ് ഉൾപ്പെടെയുള്ള മൈനോറിറ്റി കമ്മ്യൂണിറ്റിക്ക് ഇന്ന് ഇന്ത്യയിൽ ആൾട്ടർനേറ്റീവ് ഇല്ല. അവർ ആ നിലപാട് സ്വീകരിച്ച് മുന്നോട്ടു വരാൻ തീർച്ചയായും അവസരമുണ്ട്, ആ അവസരം പാഴാക്കരുത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഉപധനാഭ്യർത്ഥന എന്നുള്ളത് ഒരവകാശ വാദം പോലെ എല്ലാ ബഡ്ജറ്റിന്റെയും അവസാനത്തിൽ വരണം, വേണം എന്ന് നിർബന്ധമുള്ളതുപോലെ തോന്നുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ അങ്ങനെ ഒരു ഏർപ്പാടൊന്നുമില്ല. ശരിയായി രാജ്യത്തിന്റെ എല്ലാ പ്രശ്നങ്ങളും പഠിച്ച്, വരുമാനങ്ങൾ എല്ലാം പഠിച്ച് ആവശ്യമുള്ള ചെലവെല്ലാം കണ്ടെടുത്ത് ചെലവാക്കിയാൽ ആകെയുള്ള ചെലവും ആകെയുള്ള വരവും ഏതാണ്ട് അടുത്തടുത്ത് വരുമെന്ന് ജനാധിപത്യത്തിന് മുൻപുതന്നെ ഈ ബഡ്ജറ്ററി സമ്പ്രദായം തെളിയിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോൾ നമ്മുടെ ബഡ്ജറ്റിലൊക്കെ നിർബന്ധമാണ് ഉപധനാഭ്യർത്ഥന. നമുക്ക് ചെയ്യാവുന്നത് എങ്കിലും ചെയ്തുകഴിഞ്ഞാൽ ഉപധനാഭ്യർത്ഥനകളിലെ പല കാര്യങ്ങളും നമുക്ക് കുറയ്ക്കാൻ കഴിയും. പക്ഷേ ഇപ്പോഴത്തെ ബഡ്ജറ്റിലെ ഒന്ന് , രണ്ട് കാര്യങ്ങൾ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അർബൻ ഡവലപ്പ്മെന്റിൽ ഡിമാന്റ് (12)-2217 മേജർ ഹെഡിൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് 14 ജില്ലകളിലും കാർ നൽകിയിട്ടുണ്ട്. എന്നാൽ ഇന്ന് കോട്ടയം, എറണാകുളം, സി. ടി. പി. എന്നിവിടങ്ങളിൽ മാത്രമാണ് ഡീസലിന് പ്രത്യേകം അനുവദിച്ചിട്ടുള്ളത്. മറ്റേത് വണ്ടിയേയുള്ളൂ. ബാക്കിയുള്ളിടത്തെല്ലാം ഡീസൽ വാങ്ങിക്കാൻപോലും തുക കൊടുത്തിട്ടില്ല. അത് കൊടുക്കാതിരിക്കാൻ ഒക്കില്ലല്ലോ, കൊടുക്കും. കൊടുക്കുമ്പോൾ കടമാകും. അത് അടുത്ത ഉപധനാഭ്യർത്ഥനയിൽ കൊണ്ടു വരികയും ചെയ്യും. ഇതാണ് ഏർപ്പാട്. ശാസ്ത്രീയമായിട്ടുള്ള ബഡ്ജറ്റ് എന്നൊക്കെ പറയുമ്പോൾ ഞാനും ഓർത്തു അങ്ങനെയൊക്കെ ആയിരിക്കുമെന്ന്. ഈ ഓഫീസ് കാറുകൾക്കൊന്നിനും റിപ്പെയറിനോ, മെയിന്റനൻസിനോ വേണ്ടി ഒരു പൈസപോലും അനുവദിച്ചിട്ടില്ല. ഇപ്പോഴത്തെ ഈ ചൂടുമാറാത്ത ബഡ്ജറ്റിൽ അവസാനം അത് എങ്ങനെയിരിക്കുമെന്ന് കാണാം. പ്ലാനിംഗിന്റെ കോട്ടയം, തൃശൂർ ഓഫീസുകളിൽ താത്ക്കാലിക തൂപ്പുകാരുണ്ട്. അവർക്ക് ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

610 രൂപയും ഫെസ്റ്റിവൽ അലവൻസ് 225 രൂപയും കൊടുക്കണമെന്നുണ്ട്. പക്ഷേ ഒരു പൈസയും ചേർത്തിട്ടില്ല. അവർക്ക് ശമ്പളം കൊടുക്കാതിരിക്കാനൊക്കില്ലല്ലോ ? അപ്പോൾ ഇതെല്ലാം കൊടുത്ത്, കൊടുത്ത് കടമാക്കി അടുത്ത കൊല്ലം ഇതൊരു സപ്ലിമെന്ററി ബഡ്ജറ്റായി അവതരിപ്പിക്കും ഇതാണ് നമ്മുടെ സാമ്പത്തിക ക്രമീകരണത്തിലെ അച്ചടക്കം. ഇവിടെ പറയുന്നിടത്തെല്ലാം ഇവിടുത്തെ സാമ്പത്തിക അച്ചടക്കമാണ്. എവിടെയാ അച്ചടക്കമുള്ളത്, ഒരു ഉറുപ്പികക്ക് പോലും അച്ചടക്കം കാണിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല എന്ന് എല്ലാ പ്രവർത്തനങ്ങളിലും കാണാൻ കഴിയും. ഇതൊക്കെ ഒരു മോടിക്ക് പറയുന്നു എന്നല്ലാതെ, ബഹുമാനപ്പെട്ട വക്കീൽ ഇപ്പോൾ ദീർഘമായി വാദിക്കുന്നതുപോലെ പറഞ്ഞു. അതൊക്കെ എവിടെയാ, കൊല്ലം പ്രദേശത്തുള്ള തുണിനെയ്ത്തുകാർക്കും കശുവണ്ടി തൊഴിലാളികൾക്കുമെല്ലാം, ഈ കേരളം വളരെയേറെ നീളമുള്ളതാണ്. അവിടെയുള്ള കാര്യങ്ങളെപ്പറ്റിയോ അവിടെയുള്ള ആളുകളുടെ ജീവിതത്തെപ്പറ്റിയോ ഒന്നും പറയാൻ വക്കീലിന് ഭാഷയില്ല. വക്കീൽ എപ്പോഴും ചാത്തന്നൂരിലേക്ക് ഓടുകയാണ്. ചാത്തന്നൂരിലെ നെയ്ത്തുകാർക്കും, അവിടത്തെ കശുവണ്ടി തൊഴിലാളികൾക്കും ഒക്കെ കൊടുക്കുന്നതിൽ ഞങ്ങൾക്കാർക്കും വിരോധമില്ല. ആർക്കു കൊടുക്കുന്നതിലും, ശരിയായിട്ടാണെങ്കിൽ ഈ രാജ്യത്തിലെ പ്രജകൾക്കോ, മനുഷ്യർക്കോ ഒക്കെ കൊടുക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. ബഹുമാനപ്പെട്ട ശ്രീ. ബഷീർ ഇവിടെ പറഞ്ഞതിൽ ഒരു തെറ്റുമില്ല, അദ്ദേഹം ശ്രീ. ക്ലിന്റന്റെ ബന്ധുവല്ല, ക്ലിന്റൺ വന്നതിൽ സന്തോഷിച്ചുമില്ല, 'ക്ലിന്റൺ ഗോ ബാക്ക്' എന്നെഴുതിയ ആളുകളാണ് അദ്ദേഹത്തെ കൂടുതൽ സന്തോഷിപ്പിച്ചത് എന്നുമാത്രമേ പറയുന്നുള്ളൂ. ശ്രീ. ക്ലിന്റൺ ഞങ്ങൾക്കാരാ, ഞങ്ങൾക്കാരുമല്ല. ശ്രീ. ക്ലിന്റനെ എതിർത്തവരും, സഹായിച്ചവരും കൂടെക്കൂടെ പോയി കാണുന്നവരുമൊക്കെ ഞങ്ങളല്ല അങ്ങനെ പോകുന്നവർ ഉണ്ടായിരിക്കാം. ചെയ്യുന്നതൊന്ന്, പറയുന്നതൊന്ന്. ഈ ബഡ്ജറ്റിലും അങ്ങനെ ആയതുകൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റിലെ അനുഭവം ഈ ഉപധനാഭ്യർത്ഥന ഇവിടെ കൊണ്ടുവരേണ്ടതായിട്ട് വന്നത്, ഈ ബഡ്ജറ്റും അതിൽ ഒട്ടും മോശമല്ല. അടുത്ത കൊല്ലം ഈ ഉപധനാഭ്യർത്ഥന ആര് കൊണ്ടുവരും എന്ന് ഇപ്പോൾ പറയാൻ കഴിയില്ല. ഏതായാലും ഇങ്ങനെ ഒരു ചെറിയ ഉദാഹരണം മാത്രമാണ് പറഞ്ഞത്. ഒരു ഡിപ്പാർട്ടുമെന്റിന്റെ ഒരു ഹെഡിൽ ചെയ്യേണ്ടുന്നത് ചെയ്യാത്തതുകൊണ്ട് ഒരു പക്ഷേ ശമ്പളം കൊടുക്കാൻ കഴിയാതെ പോകുമ്പോൾ കടം മേടിച്ച് കൊടുക്കും. കടം മേടിച്ച് കൊടുക്കുന്നത് പിന്നെ കൊടുക്കണമെങ്കിൽ സപ്ലിമെന്ററിയിൽ കൂടിയല്ലേ പറ്റൂ, അങ്ങനെയുള്ള ഏർപ്പാടുകൾ കൊണ്ടാണ് ഈ സപ്ലിമെന്ററി മുഴുവൻ കുത്തി നിറച്ചിരിക്കുന്നത്. അതല്ലാതെ ഈ രാജ്യത്തിനാകെയുള്ള വരുമാനം, സംഭരണം, ചെലവ് ഇതൊക്കെ ദീർഘ വീക്ഷണത്തോടെ കാണാൻ കഴിയുന്ന ഒരു എക്കോണമിസ്റ്റിന് ഒരിക്കലും ഇത്ര അപാകത ഉണ്ടാകില്ല എന്നുള്ളത് തീർച്ചയാണ്. ഇതൊന്നുമില്ലാതെ തവള ചാടുന്നതുപോലെ ഒരു ചാട്ടമാണ്. നമുക്ക് കുറേ കോടി രൂപ വരവ്, കുറേ കോടി രൂപ ചെലവ് ഇങ്ങനെ പറഞ്ഞാൽ അവസാനം കണക്ക് എഴുതുമ്പോഴും ഇതൊക്കെ വേണ്ടിവരും. അതിന് ശ്രീ. മേനോനെ കുറ്റം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. കുറേ കാലമായി കേരളത്തിൽ അനുവർത്തിക്കുന്ന നയമാണിത്. പറക്കമുറ്റാത്ത ഒരു നാടാണ് കേരളം. തുടങ്ങിയിട്ടേയുള്ള, പറക്കമുറ്റാത്ത ഈ നാട്ടിലെ വികസനം, ഈ സംസ്ഥാനത്ത് എന്തൊക്കെ ചെയ്യണം, എവിടെ ചെയ്താൽ വികസനം ഉണ്ടാകും എന്നൊക്കെ ആലോചിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഈ സംഭരണം, ധനാഗമനത്തിനുള്ള മാർഗ്ഗത്തെപ്പറ്റി ചിന്തിക്കാനോ, അത് പിരിച്ചെടുക്കാനോ അതിൽ ആകെ തുക കണ്ടിട്ട് അതനുസരിച്ച് ചെലവാക്കാനോ ഒന്നും പഠിച്ചിട്ടില്ല. വരുന്നതു പോലെ അങ്ങ് ചെലവാക്കും, കിട്ടുന്നതൊക്കെ പിരിച്ചെടുക്കും എന്നതിൽ കവിഞ്ഞ് ഒരു ശാസ്ത്രീയ വീക്ഷണം ഈ ബഡ്ജറ്റിൽ ഇല്ല, ഇതിനുമുൻപും ഉണ്ടായിട്ടില്ല എന്നുപറയാതിരിക്കാൻ തരമില്ല. നമ്മുടെ ബഡ്ജറ്റിനെ ആകപ്പാടെ അലങ്കോലപ്പെടുത്തുന്നത് ഇതാണ്. പഠിക്കാതെ ചിന്തിക്കാതെ എന്താണ് ഈ രാജ്യത്ത് ചെയ്യേണ്ടത് എന്നുള്ളതുപോലും കണക്കാതെ അതിന്റെ ആകെ ചെലവ് എന്താകും എന്നുപോലും ചിന്തിക്കാതെ, കിട്ടുന്നതുപോലെ ചെലവാക്കുന്ന, കോതയ്ക്ക് വായിൽ തോന്നിയത് പാട്ട് എന്നുപറയുന്നതുപോലെ കിട്ടുന്നതൊക്കെ വാരിചെലവാക്കുന്ന ഒരു ഏർപ്പാടായി ഈ സാമ്പത്തിക രംഗം കൈകാര്യം ചെയ്താൽ അപകടമാകും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ സാമ്പത്തിക അടിസ്ഥാനമില്ലാത്ത പുതിയ സംരംഭങ്ങൾ ജനത്തെ തെറ്റിദ്ധരിപ്പിക്കാനല്ലേ പറ്റൂ. ഒന്നു വിളിച്ചുപറയുമ്പോൾ ഞാൻ നിനക്ക് ആയിരം രൂപ തന്നേക്കാം, പോക്കറ്റിൽ പത്ത് കാശ് എങ്കിലും വേണ്ടേ, അതിന് നമ്മുടെ മിക്ക സംരംഭങ്ങൾക്കും സാമ്പത്തികമായി അടിസ്ഥാനമില്ല. ആളുകൾ കേൾക്കുമ്പോൾ വിജൃംഭിതരാകും, അവരൊക്കെ അതിശയപ്പെടും. എന്നും എന്നും പുതിയ പരിഷ്ക്കാരമല്ലേ? ഇട്ട കല്ലുകൾ ചാകോരപ്പടപോലെ കിടക്കുകയാണ്, ഒന്നും അനക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ നാട്ടിലുമുണ്ട് കുറേ കല്ല്. രാജ്യത്തിന്റെ വരുമാനത്തെപ്പറ്റി ചിന്തിക്കാതെ, ചെലവുകൾ എഴുതി എടുത്ത് ആ ചെലവുകൾക്കുവേണ്ടി മാത്രം പണം ചെലവാക്കാൻ ഒരു നിഷ്ക്കർഷത കാണിക്കാതെ വരുന്നതുപോലെ കിട്ടുന്നതൊക്കെ വാങ്ങുകയും, വരുന്നതുപോലെ ചെലവാക്കുകയും ചെയ്യുന്ന ഒരു സർക്കാരിന് മാത്രമേ ഈ ബഡ്ജറ്റിനെക്കാൾ വലിയ ഉപധനാഭ്യർത്ഥനയൊക്കെ കൊണ്ടുവരാൻ കഴിയൂ, അത് ഇനിയും ആവർത്തിക്കും. സർ, ബഡ്ജറ്റ് എന്നു പറയുമ്പോൾ ആ സംസ്ഥാനത്തെപ്പറ്റി പഠിക്കണം. അതിന്റെ ചെലവ് അത് വികസനോൻമുഖമാണെങ്കിൽ ഏതെല്ലാം രീതിയിൽ അത് വികസിപ്പിക്കണം എന്നൊക്കെ ഓർക്കാതെ കിട്ടുന്നപാടെ വന്നവന് വാരികൊടുക്കുന്ന ഏർപ്പാട് ഒരു ബഡ്ജറ്റിലും ശരിയാകുകയില്ല. മാനവീയത്തെപ്പറ്റി പറഞ്ഞപ്പോൾ ഇവിടെ ആരോ തുള്ളിച്ചാടി, എന്താണ് മാനവീയം, ഇവിടെ എന്താണ് നടന്നത്, ഞങ്ങൾ ഈ രാജ്യത്ത് ജീവിക്കുന്നവരല്ലേ, മാനവീയം, മാനവീയം എന്ന് പത്രത്തിൽ അച്ചടിച്ചതല്ലാതെ ഒരു മനുഷ്യനും അതിൽ കൂടുതൽ നന്നായിട്ടില്ല. മാനവീയം കാണാൻ പോയിട്ടുമില്ല, ഒരുപാട് കലാപരിപാടികൾ നടത്തി, അവരവർക്ക് താൽപര്യമുള്ള ആളുകളെ വരുത്തി കലാപരിപാടികൾ നടത്തി കുറച്ചു കാശ് കൊടുത്തുവെങ്കിൽ അത് ഞങ്ങളോട് പറയുന്നത് എന്തിനാണ്? പണമുണ്ടെങ്കിൽ ചെലവാക്കിക്കൊള്ളട്ടെ, ആ മാനവീയത്തിന് ചെലവാക്കിയ കാശ് പോലും ഇവിടത്തെ പാവപ്പെട്ടവരായ മിണ്ടാപ്രാണികൾക്ക്,

LIBRARY ARCHIVES Kerala Legislative Assembly

അതല്ലെങ്കിൽ കണ്ണില്ലാത്തവന്, കാലില്ലാത്തവർക്ക് കൊടുക്കാൻകൂടി താൽപ്പര്യം കാണിക്കാത്ത ഒരു ഗവൺമെന്റിന്റെ ഭരണനൈപുണ്യത്തെപ്പറ്റി ബഹുമാനപ്പെട്ട അനിരുദ്ധൻ ഇവിടെ പറഞ്ഞു കേട്ടതിൽ എനിക്ക് സങ്കടമില്ല, എങ്കിലും അസത്യമാണ് എന്നുമാത്രമേ പറയുന്നുള്ളൂ, എന്താ സാർ, വാക്കുകൊണ്ട് കസർത്തു കാണിച്ച് ഈ രാജ്യത്ത് എല്ലാം ശരിപ്പെടുത്താമെന്നാണോ വിചാരിച്ചത്. അന്നത്തെപ്പോലെ തന്നെ അഞ്ചുവർഷക്കാലം മുൻപ് എന്റെ നിയോജക മണ്ഡലത്തിൽ ഏതെല്ലാം ഇലകൾ ചലിച്ചോ, ആ ഇലകൾ മാത്രമേ ഇന്നും ചലിക്കുന്നുള്ളൂ, അന്ന് ടാറിട്ട റോഡുകളുണ്ടെങ്കിൽ ഇന്നും ടാർ ഇട്ടു. ഒടിഞ്ഞ ടാറുകളുണ്ടെങ്കിൽ ഒടിഞ്ഞിരിക്കുന്നു. ഇന്നും ഭാഗികമായി ടാറിട്ട റോഡുകളെക്കൊണ്ട് നിറഞ്ഞതാണ് എന്റെ നിയോജകമണ്ഡലം, ഞങ്ങൾക്ക് അതിൽ പരാതിയില്ല, അങ്ങനെയായിരിക്കാം പതിവ്, ഓരോരോ പാർട്ടി ഭരിക്കാൻ വരുമ്പോൾ എല്ലാപേർക്കും പൊതുവായി ചെയ്യാനുള്ള സാഹചര്യം ഇല്ലായിരിക്കും, പക്ഷേ, ഞങ്ങളൊക്കെ ഈ രാജ്യത്ത് ഭരിച്ചിട്ടില്ല, മന്ത്രിമാരായിരുന്നുവെന്ന് അവകാശപ്പെടുന്നുമില്ല. എങ്കിലും അന്നൊന്നും അങ്ങനെയായിരുന്നില്ല. അത് ശരിയല്ല, അതുപോലും ചെയ്യാൻ കഴിയാത്ത ഈ ബഡ്ജറ്റിന്റെ മേന്മയെപ്പറ്റി അവകാശപ്പെടാൻ കഴിയില്ല. ഈ ബഡ്ജറ്റിൽ ഉടനീളം ആലോചനയില്ലാതെ ചെയ്തതുകൊണ്ടാണ് ഈ രീതിയിൽ വന്നെത്തിയത്. അതുകൊണ്ട് ഇതിനെ അനുവദിക്കാൻ തരമില്ല എന്നുമാത്രമേ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട മേനോന്റെ ഈ അടുത്ത കാലത്തെ ബഡ്ജറ്റുകളിൽ തെറ്റുകളാണ് കാണുന്നത്. അദ്ദേഹത്തിന്റെ കുറ്റമാണെന്നു ഞാൻ പറയുന്നില്ല. എന്തുകൊണ്ട് ഉപധനാഭ്യർത്ഥനകൾ കൂടിക്കൂടിവരുന്നു, കാറു വാങ്ങിച്ചാൽ, പെട്രോൾ വാങ്ങണ്ട, ഡ്രൈവറെ കൊടുക്കണ്ട, തൂപ്പുകാരെ വച്ചിട്ട് ശമ്പളം കൊടുക്കണ്ട, എന്നുള്ള രീതിയിൽ എഴുതിയാൽ, അവർക്ക് ഇതൊക്കെ കൊടുക്കണം, കൊടുക്കുകയും ചെയ്യും. അതൊക്കെ കൂട്ടിക്കൂട്ടി വരുമ്പോൾ അവസാനത്തിൽ അതൊരു കടമായിവരും. അത് കൊടുക്കണം. ചെയ്യാൻ കഴിയുന്നത് ചെയ്യാതെ മറ്റാരെയോ പഴിചാരാൻവേണ്ടി, ഇതെല്ലാം കൂട്ടിക്കൊണ്ടുവന്നാൽ അതിനകത്ത് ഗംഭീരമായി എന്തൊക്കെയോ ചെയ്തെന്ന് തോന്നും, അങ്ങനെ ചെയ്തതായിട്ടൊന്നും ഓർമ്മയില്ല, അദ്ദേഹത്തെപ്പറ്റി എനിക്ക് കുറ്റമൊന്നും പറയാനില്ല, പക്ഷേ ഈ ബഡ്ജറ്റ്.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, പോയിന്റ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മുൻപ് ഉണ്ടായിരുന്ന ടാറിട്ട റോഡുകളുള്ളതല്ലാതെ ഒരൊറ്റ റോഡുപോലും പുതുതായി ടാറിട്ട് കണ്ടില്ല, ഒരിലയും പുതിയതായി പറന്നുകണ്ടില്ല എന്നു പറയുകയുണ്ടായി. ഈ കേരള സംസ്ഥാനത്ത് ജനകീയാസൂത്രപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവവഴി എല്ലാ പഞ്ചായത്തിലും പുതിയ റോഡുകൾ നിർമ്മിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിലും ഇതുപോലെ നിരവധി റോഡുകൾ പുതിയതായി മെറ്റലിടുകയും ടാർ ഇടുകയും ചെയ്തിട്ടുണ്ട്, ആ വസ്തുത മറച്ചുവെച്ചുകൊണ്ട് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പറയുന്നത് ഓർഡറിലാണോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : ഞാൻ ശ്രീ. ആനത്തലവട്ടം ആനന്ദനെ എന്റെ നിയോജകമണ്ഡലത്തിലേയ്ക്ക് വിളിക്കുകയാണ്. നമുക്ക് ഒന്നു പോയി പരിശോധിക്കാം, ഞാൻ റോഡിന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. പി. ഡബ്ല്യൂ. ഡി. റോഡിന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. അതുപോലെ പള്ളിക്കൂടങ്ങളുടെ കാര്യം എടുക്കാം. സർ, എവിടെയാണ് നേട്ടം. അനിരുദ്ധൻ വളരെ ഗംഭീരമായിട്ട് പറഞ്ഞു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരു ബഡ്ജറ്റിംഗ് സമ്പ്രദായത്തിൽ ശരിയായി കൈകാര്യം ചെയ്യാത്തതുകൊണ്ട്, നാട്ടിൽ ഒരു വർഷക്കാലത്തേയ്ക്ക് എത്ര രൂപ സംഭരിക്കണമെന്നും എന്തെല്ലാം ചെലവാക്കണമെന്നും പോലും കണക്കാക്കാതെ വാരിക്കോരി ചെലവാക്കിയതിന്റെ ഫലമായി ഈ കടം തീർക്കാൻവേണ്ടി ഉപധനാഭ്യർത്ഥകൊണ്ടുവരുന്ന ഈ ഏർപ്പാട് നല്ല ബഡ്ജറ്റിംഗ് അല്ല, എന്നു മാത്രമേ പറയുന്നുള്ളൂ. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഈ സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ അനുകൂലിക്കുന്നു. ബഹുമാന്യനായ ശ്രീ. നാരായണക്കുറുപ്പ് സംസാരിച്ചപ്പോൾ പറഞ്ഞത് സാമ്പത്തികരംഗത്ത് അച്ചടക്കം പാലിക്കാൻ കഴിയാത്ത ബഡ്ജറ്റും സാഹചര്യങ്ങളുമാണ് കേരളത്തിലുള്ളതെന്നാണ്. അദ്ദേഹം പറഞ്ഞത് ഏതർത്ഥത്തിലായാലും സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിഞ്ഞിട്ടുള്ളത് എൽ. ഡി. എഫ്. ഗവൺമെന്റിനാണെന്ന് നമുക്ക് കാണാൻ കഴിയും. കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രാവശ്യംപോലും ട്രഷറി പൂട്ടാതെ കേരളത്തിന്റെ ദൈനംദിന ആവശ്യങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നത്. കാര്യക്ഷമതയുള്ള ധനകാര്യമാനേജുമെന്റ് കേരളത്തിൽ ഉള്ളതുകൊണ്ടാണത് യു. ഡി. എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ എന്തു സാമ്പത്തിക അച്ചടക്കമാണ് പാലിച്ചിട്ടുള്ളത്. ഇവിടെ കുറുപ്പു സാർ, കിട്ടുന്ന കാശ് കിട്ടുന്നതുപോലെ, വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്ന മാതിരി ഒരു പദപ്രയോഗം നടത്തി, തോന്നിയതുപോലെ കാശ് വിനിയോഗിക്കുന്നു, എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. അങ്ങനെ വിനിയോഗിച്ചിട്ടുള്ളത് യു. ഡി. എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ ആണെന്ന സത്യം അങ്ങ് മറന്നുപോയി.

ശ്രീ. കെ. നാരായണക്കുറുപ്പ് : പ്രായോഗികമായല്ലാതെ ചെലവഴിച്ചാൽ കുഴപ്പമുണ്ടാകാം. അതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥന കൊണ്ടുവരേണ്ടിവരുന്നത്. ഞങ്ങളുടെ കാലത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽനിന്ന് കടം വാങ്ങിച്ചില്ല.

ശ്രീ. മോൻസ് ജോസഫ് : ഇക്കാര്യത്തിൽ എൽ. ഡി. എഫ്. ഗവൺമെന്റ് പൂർണ്ണമായ കാര്യക്ഷമതയോടുകൂടി, ആത്മാർത്ഥതയോടുകൂടി കേരളത്തിന്റെ വികസന പ്രവർത്തനങ്ങളും, ക്ഷേമ പ്രവർത്തനങ്ങളും നടത്താൻ കഴിയുന്ന രീതിയിൽ കേരളത്തെ നയിക്കാൻ വേണ്ട ശ്രമങ്ങൾ നടത്തുകയായിരുന്നു. സാമ്പത്തിക അച്ചടക്ക കാര്യത്തിൽ തികഞ്ഞ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ സപ്ലിമെന്ററി ഡിമാന്റ് വരുന്ന സാഹചര്യങ്ങൾ, ഭരണപരമായിട്ടുള്ള കാര്യങ്ങളും , കൂടുതലായിട്ട് വരുന്ന

സാമ്പത്തിക ബാദ്ധ്യതകളും ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകുന്നതുകൊണ്ടാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനത്തോടുകൂടി എൽ. ഡി. എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നമുക്ക് കാണാൻ കഴിയും. ബഹുമാന്യനായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു, കുഴിയിലേയ്ക്ക് കാലുനീട്ടുന്നവരെ തൈലം പുരട്ടേണ്ട സാഹചര്യത്തെക്കുറിച്ച് അദ്ദേഹം എൽ. ഡി. എഫ് . സർക്കാരിനെ ഉദ്ദേശിച്ചാണ് പറഞ്ഞതെങ്കിലും യഥാർത്ഥത്തിൽ കുഴിയിലേയ്ക്ക് കാലും നീട്ടിയിട്ടിരിക്കുന്നത് കേരളത്തിലെ യു. ഡി. എഫ്. ആണെന്നുള്ള യാഥാർത്ഥ്യം ബഹുമാനപ്പെട്ട മെമ്പറെ ഓർമ്മിപ്പിക്കുകയാണ്. എന്താണ് ഇവിടെ യാഥാർത്ഥ്യം ? ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്ന മുഴുവൻ തെരെഞ്ഞെടുപ്പുകളും വിലയിരുത്തണം, ജനാധിപത്യത്തിൽ രാഷ്ട്രീയ അടിത്തറയുടെ മാനദണ്ഡം എന്താണ് ? ജനങ്ങളുടെ ഇച്ഛാശക്തിയും രാഷ്ട്രീയ കാഴ്ചപ്പാടും പ്രകടിപ്പിക്കുന്നത് തെരഞ്ഞെടുപ്പുകളിലാണ്. തെരെഞ്ഞെടുപ്പിൽ കാണാമെന്ന് ഈ ഗവൺമെന്റ് വന്ന അന്നുമുതൽ നിങ്ങൾ പറയാൻ തുടങ്ങിയതാണ്. പറഞ്ഞ കാലഘട്ടങ്ങളിലെല്ലാം രാഷ്ട്രീയ അനുഭവം വ്യക്തമായി. നമുക്ക് ഓരോ തെരെഞ്ഞെടുപ്പിലും കാണാമെന്നു പറഞ്ഞുകൊണ്ടുപോയ യു.ഡി.എഫ്.-നെ ജനങ്ങൾ കാണിച്ചുകൊടുത്തു. എൽ. ഡി. എഫ്.-നെ ജനങ്ങൾ വിജയിപ്പിച്ചുകൊണ്ടു വീണ്ടും വീണ്ടും ശക്തി നല്കുകയാണ്. എത്രയോ ഉപതെരഞ്ഞെടുപ്പുകൾ ഇവിടെ നടന്നു, ആ തെരഞ്ഞെടുപ്പുകളിലെല്ലാം എൽ. ഡി. എഫി.-ന് അനുകൂലമായ സാഹചര്യങ്ങളുണ്ടായി. ഇപ്പോൾ അഭിമാനത്തോടുകൂടി പറയാൻ കഴിയും എൽ. ഡി. എഫ് ഗവൺമെന്റിന്റെ ചിട്ടയായ പ്രവർത്തനങ്ങൾ അഴിമതിരഹിതമായും ജനോപകാരപ്രദമായും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കേരളത്തെ മുന്നോട്ടു നയിക്കാൻ കഴിയും എന്ന്. ജനങ്ങളുടെ അടിസ്ഥാനപ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് മുൻപന്തിയിലാണ്. പാർപ്പിടപ്രശ്നം ജനജീവിതത്തെ ബാധിക്കുന്ന അടിസ്ഥാന ആവശ്യമാണ്. പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിയുന്ന കാര്യത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് എൽ. ഡി. എഫ്. നേതൃത്വം കൊടുത്ത ഈ ഗവൺമെന്റ് എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. യു .ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി എത്ര വീടുകൾ തീർത്തുകൊടുത്തിട്ടുണ്ട് എന്ന കാര്യം പരിശോധിക്കേണ്ടതാണ്. 8000 വീടുകൾ എന്നാണ് നമ്മുടെ നിയമസഭയിൽ കിട്ടിയിട്ടുള്ള കണക്കുകൾ. സർ, ഇവിടെ എൽ. ഡി. എഫ്.

3 P.M.] ഗവൺമെന്റ് നാലുവർഷം പിന്നിടുന്ന സാഹചര്യത്തിൽ രണ്ടു ലക്ഷത്തോളം വീടുകൾ കേരളത്തിൽ പൂർത്തിയാക്കി, കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ചെയ്തുകൊടുക്കാൻ കഴിയുന്ന ഏറ്റവും നല്ല കാര്യമാണ് . നേരിട്ടുള്ള ദൃഷ്ടാന്തമാണ്. സർ, ഇപ്പോൾത്തന്നെ ഭക്ഷ്യോല്പാദനത്തെക്കുറിച്ച് പറഞ്ഞു. ഭക്ഷ്യോല്പാദനത്തിന്റെ കാര്യത്തിൽ ഇന്ന് കേരളം മുന്നിലാണ്. കേന്ദ്ര അവഗണനയും മറ്റു പ്രശ്നങ്ങളും നിൽക്കുന്നതിനിടയിൽ പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് റേഷൻ സംവിധാനം ഉറപ്പാക്കിക്കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള ആത്മാർത്ഥമായ സമീപനവും ഗവൺമെന്റിന്റെ നിലപാടും സഭയ്ക്കകത്ത് ഇന്ന് കൂടുതൽ വ്യക്തമായി. കാര്യക്ഷമതയുള്ള പ്രവർത്തനങ്ങളിലൂടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മുൻമന്ത്രി കൂടിയായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഇന്ന് വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നുവെന്നും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുള്ളത് യു.ഡി.എഫ് ആണെന്നും . ഉദാഹരണമായി നമ്മുടെ പുതിയ പ്ലസ്ടു സംവിധാനമാണ് പറഞ്ഞത്. അതിനെ പഴയ പ്രീ ഡിഗ്രി ബോർഡുമായി ബന്ധപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയുണ്ടായി. പഴയ പ്രീ- ഡിഗ്രിബോർഡും ഇന്നത്തെ പ്ലസ്ടു സംവിധാനവും ഒന്നാണെന്നു വരുത്തിത്തീർക്കാൻവേണ്ടി യു. ഡി. എഫ്. നടത്തുന്ന ശ്രമം ശരിയല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് പ്രീ-ഡിഗ്രി ബോർഡ് എന്നു പറഞ്ഞ് കോളേജുകളിൽനിന്ന് പ്രീ-ഡിഗ്രി വേർപ്പെടുത്തി ഒരു പ്രത്യേക ബ്ലോക്കായി പ്രീഡിഗ്രി മാറ്റി സ്കൂളിലാണോ എന്നു ചോദിച്ചപ്പോൾ സ്കൂളിൽ അല്ല, കോളേജിലാണോ എന്നു ചോദിച്ചാൽ കോളേജിൽ അല്ല. ഇതിനു രണ്ടിനും ഇടയിൽ ഒരു ബോർഡ് ഉണ്ടാക്കുകയാണ്, ഒരു പ്രത്യേക സംവിധാനമായി മാറ്റാനുള്ള ക്രമീകരണമാണ് യു.ഡി.എഫ്. ന്റെ കാലഘട്ടത്തിൽ ഉണ്ടായത്. കേരളത്തിലെ എൽ. ഡി. എഫ്. പ്രസ്ഥാനങ്ങൾ അതിനെ എതിർത്തിട്ടുണ്ട്. ദേശീയ പാറ്റേണുമായി യാതൊരു ബന്ധവുമില്ലാത്ത പ്രീഡിഗ്രിബോർഡ് എന്ന ഒരു പുതിയ തട്ട് ഉണ്ടാക്കുന്നതല്ലാതെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകമായ ഒരു ഗുണവും ചെയ്തില്ല എന്നതുകൊണ്ടാണ് എൽ. ഡി. എഫ്. അതിനെ എതിർത്തിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ വിദ്യാഭ്യാസ നയങ്ങളുടെ ഭാഗമായി അതിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഹയർസെക്കന്ററി വിദ്യാഭ്യാസം പ്ലസ്ടു നടപ്പാക്കാൻ തയ്യാറായി. അതു കാര്യക്ഷമതയോടുകൂടി കേരളത്തിൽ നടപ്പാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. പ്ലസ് ടുവിന്റെ കാര്യത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു അപാകത ഇന്ന് കോളേജുകളിൽ നിന്ന് പ്രീ-ഡിഗ്രി വേർപെടുത്തുമ്പോൾ ആ കോളേജുകളിലെ അദ്ധ്യാപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി പുതിയ കോഴ്സുകൾ ആ കോളേജുകളിൽ കൊടുക്കുന്നുവെന്നതാണ്. അങ്ങനെ സൂചിപ്പിച്ചിരിക്കുന്നത് ശരിയല്ല. കോളേജുകളിൽനിന്നും പ്രീ ഡിഗ്രി വേർപ്പെടുത്തുമ്പോൾ ആ കോളേജുകളിൽ അത്രയും സ്ഥലസൗകര്യമുണ്ടാവുകയാണ്. അങ്ങനെ സ്ഥലസൗകര്യമുണ്ടാകുമ്പോൾ കേരളത്തിലെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുന്ന നിലയിൽ കോളേജ് വിദ്യാഭ്യാസത്തിന് പുതിയ കോഴ്സുകൾ കൊടുക്കണം. അത്രയും വലിയ ആത്മാർത്ഥതയോടുകൂടി സംസാരിക്കുന്ന യു.ഡി.എഫ്. കേരളം ഭരിച്ചിരുന്ന കാലത്ത് കേരളത്തിലെ കോളേജുകൾക്ക് എത്ര കോഴ്സുകൾ കൊടുത്തിട്ടുണ്ടെന്നുകൂടി പറയണ്ടേ. കോഴ്സുകൾ കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. സ്വകാര്യ മേഖലയ്ക്കുവേണ്ടി വാദിക്കുന്ന, സ്വകാര്യ മേഖലക്കുവേണ്ടി എന്നും സംസാരിക്കുന്ന യു .ഡി. എഫ്.-ന്റെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

എത്രയോ കോളേജുകൾ സ്വകാര്യ മേഖലയിൽ കോളേജുകൾക്കുവേണ്ടി അപേക്ഷ സമർപ്പിച്ചുകൊടുത്തിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ വർഷവും കഴിഞ്ഞ വർഷവുമായി കേരളത്തിലെ നൂറു കണക്കിനു കോളേജുകളിൽ പുതിയതായി കൊടുത്തിരിക്കുന്ന കോഴ്സ് അദ്ധ്യാപകരെ സംരക്ഷിക്കാൻ വേണ്ടിയല്ല. വിദ്യാർത്ഥികളെ സംരക്ഷിക്കാൻ, വിദ്യാർത്ഥികൾക്ക് ഉപകരിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ കൊടുത്തതാണ്. അങ്ങനെയാണ് ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമത കാണിച്ചത്. ഞങ്ങൾ കോഴ്സുകൾ കൊടുത്തത് ഞങ്ങളുടെ ഇഷ്ടമനുസരിച്ചല്ല. സർവകലാശാലകൾ ശുപാർശ ചെയ്ത കോളേജുകാർ അപേക്ഷിച്ച കോഴ്സുകളാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കൊടുത്തിട്ടുള്ളത്. സെൽഫ് ഫൈനാൻസിംഗ് കോളേജുകളെക്കുറിച്ച് ബഹുമാനപ്പെട്ട മുൻമന്ത്രി സംസാരിച്ചു. സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ കാര്യത്തിൽ യു. ഡി. എഫ്. എടുത്ത സമീപനമെന്താണ് ? ഇപ്പോൾ ഞങ്ങൾ അതിനെ അംഗീകരിച്ചു വെന്നാണ് യു. ഡി. എഫ്. പറഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. എടുത്ത സമീപനമല്ല ഞങ്ങൾ സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ കാര്യത്തിൽ കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. നിങ്ങൾ എടുത്ത തെറ്റായ നിലപാട് ഞങ്ങൾ തിരുത്തുകയാണ് ചെയ്തത്. നിങ്ങൾ സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ കാര്യത്തിൽ എടുത്ത നിലപാട് ഏതാണ് ? ഇവിടെ പണക്കാരൻ മാത്രം പഠിച്ചാൽ മതിയെന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. കാശുള്ളവനു മാത്രം വിദ്യാഭ്യാസം. കാശില്ലാത്തവന് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ അഡ്മിഷൻ കിട്ടില്ല. ഇന്ന് അഡ്മിഷൻ കിട്ടും. ഇന്ന് 50% സീറ്റുകൾ കേരളത്തിലെ പഠിക്കാൻ മിടുക്കരായ കുട്ടികൾക്ക് മറ്റിവച്ചിട്ടുണ്ട്. കാശിന്റെ മാനദണ്ഡത്തിൽ അല്ല. മറ്റു കോളേജുകളിൽ കൊടുക്കുന്നതുപോലെ യൂണിവേഴ്സിറ്റികളിൽ കൊടുക്കുന്നതുപോലെ പഠിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കികൊടുത്തത് ഈ ഗവൺമെന്റാണ്. പാവപ്പെട്ട കുട്ടികൾക്ക് പരമാവധി സൗകര്യം ഒരുക്കി കൊടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത് ചെയ്തിട്ടുള്ളത്. നിങ്ങൾ ചെയ്ത തെറ്റ് തിരുത്താനുള്ള ആത്മാർത്ഥത ഈ ഗവൺമെന്റ് കാണിച്ചുവെന്നതാണ് സത്യം. കുട്ടികളുടെ പഠന അവസരങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുന്ന കാര്യത്തിൽ വളരെയേറെ മുന്നേറാൻ കഴിഞ്ഞു. കുട്ടികൾ പഠിക്കാൻവേണ്ടി സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പ്രധാനമായും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. സ്ഥിതിമാറ്റാൻ പോളി ടെക്നിക്കുകളും എഞ്ചിനീയറിംഗ് കോളേജുകളും പുതിയതായി തുടങ്ങിയെന്നുമാത്രമല്ല, ഇപ്പോഴുള്ള സീറ്റുകൾ പരമാവധി ഇരട്ടിയായി വർദ്ധിപ്പിക്കാനും ഈ ഗവൺമെന്റിനു കഴിഞ്ഞു. ഇതിനൊക്കെ സാമ്പത്തികമായ ബാദ്ധ്യതയില്ലേ ? എന്നിട്ടും സാമ്പത്തികമായ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പരിപൂർണ്ണമായ അച്ചടക്കം പാലിച്ചുകൊണ്ട് വികസനപരമായ പാതയിലേക്ക് കേരളത്തെ നയിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കാൻ നമുക്കു കഴിഞ്ഞു. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കുന്ന കാര്യത്തിൽ ഇന്ന് നമ്മൾ പ്രധാനമായും ശ്രദ്ധിക്കേണ്ടത് പ്രാഥമികാരോഗ്യത്തിന്റെ കാര്യത്തിലാണ്. ഏറ്റവും കൂടുതൽ പൈസ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുംവേണ്ടി നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയാണ്. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സ്ഥിതി ഇന്ന് വളരെ ദയനീയമായ അവസ്ഥയിലാണ് നിൽക്കുന്നത്. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തു. അവർ പ്രത്യേകമായ കുറെ നിയമനങ്ങൾ നടത്തിക്കൊണ്ട് ഇക്കാര്യത്തിൽ അത്മാർത്ഥമായി പ്രവർത്തിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ആ മേഖലയിലെ പ്രശ്നങ്ങൾ പൂർണ്ണമായും നമുക്ക് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾതന്നെ ഗവൺമെന്റ് ആത്മാർത്ഥതയോടുകൂടി പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താനായി അഞ്ഞൂറോളം ആളുകൾക്ക് ഓർഡർ കൊടുത്തു. എന്നാൽ പകുതി ആളുകൾപോലും നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ജോയിൻ ചെയ്യാൻ തയ്യാറായിട്ടില്ല എന്ന സത്യം ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുകയുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റ് മുൻകൈ എടുത്തുകൊണ്ട് എന്താണ് ഒരു പരിഹാരമാർഗ്ഗമെന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. പാവപ്പെട്ട ആളുകൾ ഗ്രാമ പ്രദേശങ്ങളിൽ ആശ്രയിക്കുന്ന പ്രധാന മേഖല എന്ന നിലയിൽ നമ്മുടെ പി.എച്ച്.സി. കളെ ശക്തിപ്പെടുത്താൻ കഴിയുന്ന സാഹചര്യമുണ്ടാകണം. സപ്ലിമെന്ററി ഡിമാന്റ് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും യു.ഡി.എഫ്.-ന്റെ കാലത്തുണ്ടാക്കിയ കുഴപ്പങ്ങളുടെ ഉത്തരവാദിത്വം ഉൾപ്പെടെ എൽ.ഡി.എഫ്. ഏറ്റെടുക്കുകയാണ്. ഇവിടെ എത്രയോ വിഷയങ്ങൾക്കാണ് ഡിമാന്റിൽ തുക കണ്ടെത്തുന്നത് എന്ന് നോക്കണം.

വിഴിഞ്ഞം വർഗ്ഗീയ കലാപവും അതിന്റെ പേരിലുണ്ടായിട്ടുള്ള ഗോപാലകൃഷ്ണപിള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ, ശിവഗിരിയിലുണ്ടായ അതിക്രമങ്ങൾ, ആ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ട് അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ബ്രഹ്മപുരം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള 75 കോടി രൂപയുടെ അഴിമതി അന്വേഷണ പ്രവർത്തനങ്ങൾ ഇക്കാര്യങ്ങളുടെ ഭാഗമായിട്ടുള്ള ഭരണപരമായ പ്രവർത്തനങ്ങൾക്കുകൂടി സപ്ലിമെന്ററി ഡിമാന്റിൽ കാശ് ആവശ്യമായിരിക്കുകയാണ്. യു. ഡി. എഫ്. ഉണ്ടാക്കിയ കുഴപ്പങ്ങളുടെ കാര്യങ്ങൾ വരെ പരിശോധിക്കാനുള്ള ഉത്തരവാദിത്വം ഉൾപ്പെടെ ഏറ്റെടുത്തുകൊണ്ടാണ് സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവന്നിട്ടുള്ളത്. നന്മ നിറഞ്ഞ പാതയിലൂടെ കേരളത്തെ നയിക്കാൻവേണ്ടിയുള്ള എൽ. ഡി. എഫ്. ഗവൺമെന്റിന്റെ പരിശ്രമങ്ങൾ വിജയിപ്പിക്കാൻ ഈ സപ്ലിമെന്ററി ഡിമാന്റ് ആവശ്യമാണെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു. ഞാൻ നിറുത്തുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എതിർക്കാനുള്ള കാരണം ഇവിടെയിരിക്കുന്നതുകൊണ്ടല്ല നമ്മുടെ നിയമസഭയിൽ എല്ലാവർഷവും ബഡ്ജറ്റുകൾ അവതരിപ്പിക്കും. ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ഉപധനാഭ്യർത്ഥന കൊണ്ടുവരും. എന്താണ് ഉപധനാഭ്യർത്ഥന കൊണ്ടുവരുന്നതിന്റെ പിന്നിൽ, യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റുകൾ തയ്യാറാക്കുന്നുവെന്നുള്ളതുകൊണ്ടു മാത്രമാണ് ഇതുപോലെയുള്ള ഉപധനാഭ്യർത്ഥനകൾ വേണ്ടിവരുന്നതെന്നാണ് എന്റെ അഭിപ്രായം. ആ കാരണത്താൽതന്നെ ഞാൻ ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുകയാണ്. മുമ്പുണ്ടായ കാര്യങ്ങൾ ഉൾപ്പെടെയാണ് ഞാൻ പറയുന്നത്. മറ്റുള്ള കാര്യങ്ങളിലേക്കു കടക്കുന്നതിനുമുമ്പ് അപ്പുറത്തുള്ള ആളുകൾ ശ്രീ. അനിരുദ്ധൻ, ശ്രീ. മോൻസ് ജോസഫ് ഒക്കെ പ്രസംഗിക്കുന്നതു കേട്ടു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

അവർ അങ്ങനെ പ്രസംഗിക്കാൻ കടപ്പെട്ടവരാണ്. ഇന്നലെ ഈ നിയമസഭയിൽ ബഹുമാന്യനായ മന്ത്രി രാമകൃഷ്ണപിള്ള, അദ്ദേഹം മറുപടി പറഞ്ഞ അവസരത്തിൽ ഒരു പാട്ടുപാടി. അദ്ദേഹത്തിന്റെ പാട്ട് അല്പനേരത്തേക്ക് ഞാൻ കടമെടുക്കുകയാണ്. അദ്ദേഹം പാടിയതു വേറൊന്നുമല്ല. പാടാൻ പണം മേടിച്ചാൽ സംഘാടകർ പറയുന്ന ഒരു പാട്ടുകൂടി പാടേണ്ടിവരും എന്നു പറഞ്ഞു. ഒരു പാട്ടുകൂടി പാടേണ്ടിവരും. ആടാൻ പറഞ്ഞാൽ ആടേണ്ടിവരുമെന്നാണ് പറഞ്ഞത്. ഇവിടെ ഭരണത്തിൽ പങ്കാളികളായിരിക്കുന്ന കക്ഷികൾ എന്ന നിലയിൽ മുഖ്യസംഘാടകർ പറയുന്ന ഒരു പാട്ടുപാടാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ് അതിലപ്പുറം ഞാൻ അതിനെ കാണുന്നില്ല. എല്ലാവരും കയ്യടിച്ചു. ഇന്നലെ അപ്പുറത്തുള്ളവരും കയ്യടിച്ചു. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കാർ കാരണം അങ്ങ് യാഥാർത്ഥ്യബോധത്തോടുകൂടി എന്തെങ്കിലും കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ? 193 കോടി രൂപയുടെ കമ്മി പറഞ്ഞ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്നലെ കുറെ ആനുകൂല്യങ്ങൾ കൂടി പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ 202 കോടി രൂപയായി അതു വർദ്ധിച്ചു. യാഥാർത്ഥ്യബോധമില്ലെന്നുപറയുന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്നലെ ഈ നിയമസഭയിൽ ലഭിച്ച ഒരു ഉത്തരം. ആ ഉത്തരം എന്തായിരുന്നു എന്നറിയാമോ ? അതു ഈ ബജറ്റിൽ കാണണ്ടേ. നമ്മുടെ യഥാർത്ഥ കമ്മി എന്താണെന്നറിയാനുള്ള അവകാശം കേരളത്തിലെ ജനങ്ങൾക്കില്ലേ ? ഈ നിയമസഭയിലെ 2739-ാം നമ്പർ ചോദ്യം. പി. ഡബ്ലിയൂ. ഡി. ജലസേചന വകുപ്പുകളിൽ കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക സർക്കാർ കൊടുക്കാനുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം: റോഡുകളും പാലങ്ങളും വിഭാഗത്തിൽ 500.52 കോടി രൂപ, കെട്ടിട വിഭാഗം 56.07 കോടി രൂപ, ജലസേചനത്തിനും ഇൻവെസ്റ്റിഗേഷനും 5.56 കോടി രൂപ, ഇറിഗേഷൻ പ്രോജക്ട് (i) 7.99 കോടി രൂപ, ഇറിഗേഷൻ പ്രോജക്ട് (ii) 9.79 കോടി രൂപ, ഇറിഗേഷൻ പ്രോജക്ട് (iii) 6.05 കോടി രൂപ, ഇൻവെസ്റ്റിഗേഷൻ ആന്റ് റിസർച്ച് 68 കോടി രൂപ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ 53.68 കോടി രൂപ, നാഷണൽ ഹൈവേ 9.38 കോടി രൂപ. ഇതിന് പുറമേ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയിനത്തിൽ 26 കോടി രൂപ, തൊഴിലില്ലായ്മ വേതനം കുടിശ്ശികയിനത്തിൽ 48.50 കോടി രൂപ.

ഈ കണക്ക് നമ്മൾ എവിടെ കാണിക്കും ? ഈ കുടിശ്ശിക നമ്മൾ കൊടുത്തു തീർക്കാനുള്ളതല്ലേ ? ഇവിടെ യാഥാർത്ഥ്യബോധത്തോടുകൂടിയാണ് ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതെങ്കിൽ, ഒരു ഉപധനാഭ്യർത്ഥന കൊണ്ടുവരുന്നതെങ്കിൽ 725 കോടി രൂപ ഞാൻ ഇപ്പോൾ വായിച്ച കണക്കിലുണ്ട്. ഇവിടെ എവിടെ വകയിരുത്തിയിരിക്കുന്നു. ഇതാണ് യാഥാർത്ഥ്യ ബോധമില്ലാത്ത ഒരു ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നതെന്നും

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം ഉപധനാഭ്യർത്ഥന കൊണ്ടുവരേണ്ടി വരുന്നതെന്നും ഞാൻ പറയാൻ കാരണം. ഇവിടെ മന്ത്രി പറയുന്ന കാര്യങ്ങൾ അല്ലെങ്കിൽ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് പുറത്ത് പറയുന്ന കാര്യങ്ങൾ ആത്മാർത്ഥമായി പിൻതുടരാനും അത് നടപ്പിലാക്കാനുമുള്ള സമീപനമുണ്ടോ ? എന്റെ കൈയിൽ പബ്ലിക് റിലേഷൻസ് വിഭാഗം ഇറക്കിയ ഒരു നോട്ടിഫിക്കേഷനുണ്ട്. എന്താണ് ? വിൽപ്പന നികുതി കാർഷികാദായ നികുതി സമാശ്വാസ പദ്ധതിയെന്നുപറഞ്ഞ് ഇറക്കിയ ഒരു നോട്ടിഫിക്കേഷനാണ്. അതിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ദീർഘനാളായി വിൽപ്പന നികുതി കുടിശ്ശിക വരുത്തിയ വ്യാപാരിയോ കാർഷികാദായനികുതി കുടിശ്ശിക വരുത്തിയ കർഷകനോ ഉണ്ടെങ്കിൽ ആ കുടിശ്ശികയിന്മേൽ പലിശ അനിയന്ത്രിതമായി ചിലപ്പോൾ മുതലിനെക്കാളധികവും വർദ്ധിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് ഇളവ് അനുവദിച്ചുകൊണ്ടുള്ള ഒരു നോട്ടിഫിക്കേഷനാണ്. കാർഷികാദായനികുതി കൊടുക്കുന്ന കൃഷിക്കാരെ സംബന്ധിച്ച് ഇപ്പോൾ ചില ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. കാർഷികാദായനികുതി കൊടുക്കാൻ കഴിവില്ലാതെ കുടിശ്ശികയായി കിടക്കുന്ന ആളുകൾക്ക് ഈ നോട്ടിഫിക്കേഷൻ വന്നപ്പോൾ വളരെ സന്തോഷം തോന്നി. പക്ഷേ, പിന്നീട് ഇറക്കിയ ഓർഡിനൻസുണ്ടല്ലോ അതിനകത്ത് സെയിൽസ്ടാക്സ് കുടിശ്ശികയുള്ളവരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കാർഷികാദായ നികുതി കൊടുക്കേണ്ട കൃഷിക്കാരെ അതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. അങ്ങയുടെ ഡിപ്പാർട്ടുമെന്റ് പുറത്തിറക്കിയ ഒരു പബ്ലിക്കേഷനിൽ, അല്ലെങ്കിൽ ഒരു പരസ്യത്തിൽ പറഞ്ഞിരിക്കുന്ന കാര്യംപോലും പിന്നീടിറക്കിയ ഓർഡിനൻസിൽ കൊണ്ടുവരാൻ അങ്ങേക്ക് കഴിഞ്ഞില്ല. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിലെ കൃഷിക്കാരോട് അങ്ങേയ്ക്ക് അല്പമെങ്കിലും താൽപര്യമുണ്ടെങ്കിൽ ഓർഡിനൻസിലുൾപ്പെടുത്താൻ കഴിയാത്ത ഈ കാര്യം കൂടി ഉൾപ്പെടുത്തണം. ആ ആനുകൂല്യം വരുന്ന ഏപ്രിൽ 31 വരെ കേരളത്തിലെ കൃഷിക്കാർക്കും സെയിൽസ്ടാക്സ് കൊടുക്കാനുള്ളവർക്കും ആഗ്രികൾച്ചറൽ ഇൻകം ടാക്സ് കൊടുക്കാനുള്ളവർക്കും ബാധകമാകത്തക്കവിധത്തിൽ അതിന്റെ കാലാവധി നീട്ടി കൊടുക്കണം. അതിനുള്ള സൻമനസ്സ് അങ്ങ് കാണിക്കണം. ഒരു കാര്യം പ്രധാനമായി പറയാനുള്ളത്, ഇന്നലെ ഇവിടെ ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്ക് മറുപടി പറഞ്ഞ അങ്ങ് കുറെ ലിസ്റ്റൊക്കെ എടുത്ത് വായിച്ചു. കുറെയേറെ മെമ്പർമാർക്ക് എന്തോ ഒക്കെ കൊടുത്തുവെന്ന്. അതിൽ എന്റെ പേരും അങ്ങ് വായിച്ചു. എന്നിട്ട് ചോദിച്ചു ജോണി നെല്ലൂരിന് എത്ര വർക്കുണ്ടെന്ന് പറയണമോയെന്ന്. ഞാൻ മിണ്ടാതെയിരുന്നു, പറയണ്ടെന്ന് വച്ചുകൊണ്ട്. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, എന്റെ മണ്ഡലത്തിൽ 14-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിനോട് അനുബന്ധമായി തന്നിരിക്കുന്ന വോള്യം 1-ൽ ഒരു വർക്ക് എങ്കിലും ടെന്റർ ചെയ്യാനാവശ്യമായ തുക ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ടെന്ന് അങ്ങേക്ക് കാണിക്കാൻ കഴിയുമോ ? അങ്ങ് നിയമസഭയിൽ പറഞ്ഞല്ലോ, എത്രയെത്ര എം. എൽ. എ മാരുടെ വർക്കിനെപ്പറ്റി. എവിടെയാണ് ഉൾപ്പെടുത്തിയതെന്ന് ഞാൻ പറയുന്നില്ല. എനിക്ക് അതിൽ ആക്ഷേപവുമില്ല. അവരെപ്പോലെതന്നെ തെരഞ്ഞെടുക്കപ്പെട്ട് വന്നവരാണ് ഞങ്ങളും. ജനങ്ങൾ വോട്ടുചെയ്ത് വിജയിപ്പിച്ച് വിട്ടവരാണ് ഞങ്ങളും. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ്. അങ്ങയുടെ ഗവൺമെന്റ് പ്രഖ്യാപിച്ച മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ ആരംഭസ്ഥലം മൂവാറ്റുപുഴയിലാണ്. തേനി ഹൈവേയുടെ ആരംഭസ്ഥലത്തെ ചാലിക്കടവ് പാലം മൂന്നേകാൽ കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി തന്ന ഒരു വർക്കാണ്. അത് ടെന്റർ ചെയ്യണമെങ്കിൽ 60 ലക്ഷം രൂപവേണം. അങ്ങ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് എത്രയാണ് ? 13 ലക്ഷം രൂപയാണ്. ടെന്റർ ചെയ്യാൻ നിർവ്വാഹമില്ല. ആ ഒരു പാലത്തിന് ടെന്റർ ചെയ്യാനാവശ്യമായ തുകയെങ്കിലും ബഡ്ജറ്റിൽ ഉൾപ്പെടുത്തിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട മൂവാറ്റുപുഴ കൂത്താട്ടുകുളം റോഡ്. ഇതിനൊക്കെ ബഡ്ജറ്റിൽ പൈസ കിട്ടണമെന്ന് ആവശ്യപ്പെടുന്നത് ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്റെ നിയോജകമണ്ഡലത്തോടുള്ള എന്റെ ചുമതലയാണ്. പക്ഷേ ഞാൻ ചൂണ്ടിക്കാണിക്കുന്നത് ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ യാഥാർത്ഥ്യബോധമില്ലെങ്കിൽ അത് ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്. അതിനാണ് എന്നെ ജനങ്ങൾ ഇവിടെ പറഞ്ഞ് അയച്ചിരിക്കുന്നത്. ആ ഉത്തരവാദിത്വം ഞാൻ നിറവേറ്റും. അത് കേൾക്കുമ്പോൾ ഒരുപക്ഷേ സുഖിക്കാത്തവരുണ്ടെങ്കിൽ അത് മനസ്സിലിരിക്കുകയേയുള്ളൂ. മൂവാറ്റുപുഴ കൂത്താട്ടുകുളം റോഡിന് മുന്നേകാൽ കോടി രൂപയുടെ എ.എസ്. ഉം, എസ്.എസ്. ഉം ഉണ്ട്. ബഡ്ജറ്റിൽ ഈ പ്രാവശ്യം തന്നുവെന്ന് പറയുന്നത് എത്രയാണ് ? രണ്ടുലക്ഷം. 60 ലക്ഷം രൂപയെങ്കിലുമില്ലെങ്കിൽ ചെയ്യാൻ കഴിയുകയില്ല. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണുമ്പോൾ ബഡ്ജറ്റിലുൾപ്പെടുത്തിയതിനെക്കാൾ കൂടുതൽ തുക ഉപധനാഭ്യർത്ഥനയിൽ കൊണ്ടുവരുന്നു. ഈ സംവിധാനം നമുക്ക് മാറ്റണ്ടേ ? എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. യാഥാർത്ഥ്യബോധത്തോടുകൂടി ബഡ്ജറ്റ് തയ്യാറാക്കാനും അതിൽ വരവു ചെലവ് കണക്കുകൾ അവതരിപ്പിക്കാനും കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണേ എന്നാണ് അങ്ങ് ആത്മാർത്ഥമായി പരിശോധിക്കണം. എവിടെയാണ് വീഴ്ച, എവിടെയാണ് ഉൾപ്പെടുത്താതെ പോയത്. ഈ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്. ഇവയൊക്കെ എല്ലാവർക്കും അറിയാൻ അവകാശമില്ലേ ? ആരോടാണ് നമ്മൾ ഒളിച്ചുവയ്ക്കുന്നത് ? അത് ഒളിച്ചു വയ്ക്കേണ്ട കാര്യമാണോ ? ഒരു ബഡ്ജറ്റെന്നുപറയുന്നത് ഒരു സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രേഖയാണ്. ആ രേഖയിൽ വരേണ്ട കാര്യങ്ങൾ വരുത്തണ്ടേ ? ഇവിടെ കുറെ കാര്യങ്ങൾ പറയും. കുറെ പ്രഖ്യാപനങ്ങൾ നടത്തും. പ്രവർത്തനത്തിൽ ഒന്നുമില്ല. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, അപ്പുറത്തുള്ളവർ ഭരണത്തിൽ പങ്കാളികളാണെന്നുള്ളതുകൊണ്ട് ഒരു പക്ഷെ ഓശാനപാടി അങ്ങയെ വാനോളം പുകഴ്ത്തിയെന്നുവരാം, അത് നല്ലതിനുവേണ്ടിയുള്ള പുറപ്പാടല്ല. ഞങ്ങൾ ഇത് പറയുന്നത് അങ്ങയോടുള്ള വിരോധം കൊണ്ടല്ല. അങ്ങ് ഒരു അദ്ധ്യാപകനാണല്ലോ. അദ്ധ്യാപകർ കുട്ടികളെ പഠിപ്പിച്ച് മാത്രം ശീലമുള്ളവരാണ്. പക്ഷേ അദ്ധ്യാപകനാണെങ്കിൽ കൂടി നമുക്ക് മുൻ അനുഭവങ്ങൾ ധാരാളമുണ്ട്. പ്രതിപക്ഷത്തുള്ള ഞങ്ങൾ ക്രിയാത്മകമായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ അത് ഉൾക്കൊള്ളാനുള്ള മാനസികവിശാലത അങ്ങ് കാണിക്കണം. അതുകൊണ്ട് കേരളത്തെ സംബന്ധിച്ച് ഇരുളടഞ്ഞ ഒരു ഭാവിയാണ് നമ്മുടെ മുന്നിലുള്ളത്. അല്ലാതെ ഭരണത്തിൽ പങ്കാളിയായതുകൊണ്ടുമാത്രം ആടാൻ പറഞ്ഞാൽ ആടണം, പാടാൻ പറഞ്ഞാൽ പാടണം. അതല്ല നമുക്ക് വേണ്ടത്. വസ്തുതാപരമായ സമീപനമാണ് വേണ്ടത്. ആ സമീപനം എല്ലാവരുടെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ ഉപധനാഭ്യർത്ഥനകളിൽ ഇവിടെ വകയിരുത്തിയിരിക്കുന്ന കാര്യങ്ങളിൽ ഇനിയും ഉപധനാഭ്യർത്ഥന കൊണ്ടുവരേണ്ടിവരും. ഇനി എത്രയോ കാര്യങ്ങളുൾപ്പെടുത്താനുണ്ട്. ഈ ഉപധനാഭ്യർത്ഥനകളിൽപ്പോലുമുൾപ്പെടുത്താതെ അനേകം വർക്കുകളുണ്ട്. ഈ ഗവൺമെന്റിന്റെ ഭാഗത്തുവന്ന ചില വീഴ്ചകൾ ചൂണ്ടിക്കാണിക്കട്ടെ. ഭരണാനുമതിപോലും കൊടുക്കാതെ, പ്രത്യേകാനുമതി കൊടുക്കാതെ, ബഡ്ജറ്റിൽ തുകയില്ലാതെ ഈ ഗവൺമെന്റ് ചില നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അത് വെളിപ്പെടുത്തേണ്ട സമയത്ത് ഞങ്ങൾ വെളിപ്പെടുത്തിക്കൊള്ളാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഉപധാനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. റവന്യൂ കാർഡ് സംവിധാനം നടപ്പിലാക്കുന്നതിന് ചെലവഴിച്ച 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയിരിക്കുകയാണ്. നാം ഒരു ഉപധനാഭ്യർത്ഥനയെ വിലയിരുത്തുമ്പോൾ ആ ചെലവുകൾ എന്തിനുവേണ്ടി ചെയ്തുവെന്നുള്ളതാണ് പരിശോധിക്കേണ്ടത്. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ആർക്കും ഈ ചെലവുകൾ ദോഷകരമായി ചെലവഴിച്ചുവെന്ന് പറയാൻ കഴിഞ്ഞിട്ടില്ല. ദേശീയ സമ്പാദ്യ പദ്ധതിയുടെ ഏജന്റുമാരുടെ പ്രതിമാസ അലവൻസ് കുടിശ്ശികയും അതുപോലെ നിക്ഷേപകർക്കുള്ള ഇൻസെന്റീവിനും കൂടി 5 കോടി രൂപ ചെലവഴിക്കേണ്ടിവന്നു. 32 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പത്തുലക്ഷത്തി പതിനയ്യായിരം രൂപ അധികമായി കണ്ടെത്തേണ്ടതായി വന്നു. ഇ.എം.എസ്.-ന്റെ പ്രതിമ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പതിനാലു ലക്ഷത്തി അറുപത്തി അയ്യായിരം രൂപയാണ് കണ്ടെത്തേണ്ടിവന്നത്. വടകര റെയിൽവേ ഓവർ ബ്രിഡ്ജിന് 45.09 ലക്ഷം രൂപ കണ്ടെത്തേണ്ടതുണ്ട്. ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ കനോലി കനാലിന് കുറുകെ പുളിക്കടവ് പാലം നിർമ്മിക്കാൻ ഒരു കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഇതെല്ലാം നാം പരിശോധിക്കണം. ഈ ചെലവുകൾ ഈ ഗവൺമെന്റ് നിർവഹിച്ചുവന്നത് തീർച്ചയായും ഈ ഗവൺമെന്റിന്റെ പുരോഗതി മുന്നോട്ടുകൊണ്ടുപോകുന്നതിന് അനിവാര്യമാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ടുതന്നെയാണ്. ഇതിൽ ഏതെങ്കിലും ഒരു ചെലവ് ആവശ്യമില്ലാത്തതാണെന്നു പറയാൻ നമുക്ക് കഴിയുമോ ? പൊതുമരാമത്തു വകുപ്പിൽ പീരുമേട് സിവിൽ സ്റ്റേഷനുവേണ്ടി 6.23 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. മണ്ണാർക്കാട് സിവിൽ സ്റ്റേഷന് 12 ലക്ഷവും ഹൈക്കോടതി ബിൽഡിംഗിനുവേണ്ടി 9.75 ലക്ഷവും രൂപ ചെലവഴിച്ചിട്ടുണ്ട്. ഞാൻ സൂചിപ്പിച്ചത് ഈ ചെലവുകളെല്ലാം ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ളത് ഗവൺമെന്റിന് അടിസ്ഥാനപരമായി ബോദ്ധ്യമുള്ളതുകൊണ്ടാണ്. ഈ ചെലവുകൾ പരിശോധിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ഒഴിവാക്കാൻ കഴിയുന്നതാണെന്ന് പറയാൻ കഴിയുകയില്ല. ഈ ഉപധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ ഉപധനാഭ്യർത്ഥനയുമായിട്ട് ബന്ധപ്പെട്ടതാണെന്ന് അദ്ദേഹം പറഞ്ഞു. നമുക്ക് മുമ്പ് യു. ഡി. എഫ്. ഗവൺമെന്റുണ്ട്. അഴിമതിയിൽ മുങ്ങിക്കുളിച്ച് ആർഭാടത്തിന്റെ നെറുകയിൽ നൃത്തം ചവിട്ടിയ ഒരു ഗവൺമെന്റാണ്. ആ ഗവൺമെന്റിൽ പങ്കാളിയായിരുന്ന ഒരു മന്ത്രിയാണ് ഈ ആർഭാടത്തെക്കുറിച്ച് പറഞ്ഞത്. നമ്മുടെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിപദം ഏറ്റെടുക്കാൻപോലും പ്രത്യേകം പ്ലെയിൻ ചാർട്ട് ചെയ്തുവരുന്ന സ്ഥിതിയുണ്ടായിരുന്നു. അതുപോലെ ശ്രീ. കെ. കരുണാകരന്റെ നീന്തൽകുളം ഉൾപ്പെടെയുള്ള കാര്യങ്ങൾ നമുക്കറിയാം. ഞാൻ പറഞ്ഞത് ആർഭാടത്തെക്കുറിച്ച് സംസാരിക്കുന്ന ആളുകൾ ആ ആർഭാടം തങ്ങളുടെ ഭരണകാലത്ത് ഇവിടെ ഉണ്ടായിരുന്നു എന്നുകൂടി ചിന്തിക്കണം.

ശ്രീ. കെ. ബാബു : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് ആ നീന്തൽക്കുളത്തിൽ ഞാൻ എന്റെ പട്ടിയെ കുളിപ്പിക്കുമെന്നാണ്. ഇപ്പോഴും അതിന്റെ മെയിന്റനൻസിന് വേണ്ടി പണം ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ ***** ആ കുളത്തിൽ കുളിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

മി. ചെയർമാൻ : അങ്ങയുടെ ചോദ്യത്തിലുള്ള ദുഃസ്സൂചന രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : കെ. കരുണാകരൻ കുളിക്കാൻവേണ്ടി കുളം നിർമ്മിച്ചപ്പോൾ അടുത്ത ഗവൺമെന്റിന്റെ ബാദ്ധ്യത ആ കുളം മുന്നോട്ടു കൊണ്ടുപോകുകയെന്നുള്ളതാണ്. ഞാൻ സൂചിപ്പിച്ചത് ഇവിടെ ആർഭാടത്തിന് എതിരായിട്ടുള്ള പ്രസംഗം ആർഭാടത്തിന്റെ നടുവിൽ നിന്നുകൊണ്ട് എന്നുമാത്രമാണ്. ഇപ്പോൾ പ്ലസ് ടുവിനെക്കുറിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ആക്ഷേപം പറഞ്ഞു. അദ്ദേഹം പറഞ്ഞ ആക്ഷേപം എന്താണ് ? ആ പ്ലസ് ടു അനുവദിച്ചപ്പോൾ അദ്ദേഹത്തിന്റെ പാർട്ടി പ്രതിനിധാനം ചെയ്യുന്ന സമുദായത്തിന് അർഹമായ പരിഗണന കിട്ടിയില്ല എന്നുള്ളതാണ്. പ്ലസ് ടു അനുവദിച്ചത് ശരിയായില്ലയെന്നു പറയുകയും ആ പ്ലസ് ടു അനുവദിച്ചതിൽ തന്നെ അർഹമായ പ്രാതിനിധ്യം കിട്ടിയില്ല എന്നു പറയുകയും ചെയ്യുന്ന ആ വൈരുദ്ധ്യം .....

ശ്രീ. ഇസ്ഹാക് കുരിക്കൾ : ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞത് പ്ലസ് ടു എന്നു പറയുന്ന ആശയമാണ് പ്രീഡിഗ്രി ബോർഡ്. ആ പ്രീഡിഗ്രി ബോർഡിനെ പ്രീഡിഗ്രി കോളേജിൽ നിന്നും മാറ്റി വേറെ ഒരു സംവിധാനം ഏർപ്പെടുത്താനുള്ള നീക്കത്തെ എതിർത്തവർ ഇന്ന് അതുപോലുള്ള കാര്യങ്ങൾ കൊണ്ടു വരുന്നു. മറ്റൊന്ന് സെൽഫ് ഫിനാൻസിംഗ് കോളേജിനെ എതിർത്തവർ ഇന്ന് സെൽഫ് ഫിനാൻസിംഗ് കോളേജ് നടപ്പിലാക്കുന്നു. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

***** ബഹുമാനപ്പെട്ട ചെയർമാന്റെ ഉത്തരവ് പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: പ്ലസ് ടൂ ഏർപ്പെടുത്തിയത് ശരിയായില്ലയെന്നു പറയുകയും അതിൽ തങ്ങൾക്ക് അർഹതപ്പെട്ട പ്രാതിനിധ്യം വേണമെന്നു പറയുകയും ചെയ്യുന്നതിന്റെ വൈരുദ്ധ്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. വളരെ അത്യാവശ്യമായിട്ട് ധനകാര്യമന്ത്രിക്ക് തോന്നിയ കാര്യങ്ങൾ, പുളിക്കടവ് പാലത്തിനുവേണ്ടി ഒരുകോടി രൂപ കൊടുക്കേണ്ടത് അത്യാവശ്യമാണ്. തർക്കമില്ല. പക്ഷെ ഈ അത്യാവശ്യമെന്നു തോന്നിയത് എല്ലാ ഭാഗത്തുനിന്നും വേണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ ചേലച്ചുവട്-വണ്ണപ്പുറം റോഡ്, ആലപ്പുഴ-മധുര റോഡ് സംസ്ഥാന ഹൈവേയുടെ ഭാഗമാണ്. ആ റോഡിന് സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 6 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കണ്ടെത്തണം. സംസ്ഥാന ഗവൺമെന്റ് 6 കോടി രൂപ കണ്ടെത്തിയാൽ മാത്രമേ ആ 9 കോടി രൂപ ചെലവഴിക്കാൻ കഴിയുകയുള്ളൂ. അത് കണ്ടെത്താൻ കഴിയണമെങ്കിൽ ഒരു കോടി 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണം. അപ്പോൾ 9 കോടി രൂപയുടെ പ്രവർത്തനം നടത്താനും ചേലച്ചുവട്-വണ്ണപ്പുറം റോഡ് പൂർത്തിയാക്കാനും കഴിയും. എന്തുകൊണ്ട് ഈ പുളിക്കടവ് പാലത്തിന് കൊടുത്ത പ്രാധാന്യം ഈ റോഡിനും കൊടുത്തുകൂടാ. അതുപോലെ പ്രധാനപ്പെട്ട ഒരു റോഡാണ് വണ്ണപ്പുറം-ചേലച്ചുവട്. ആ റോഡ് തീർത്താൽ ഇടുക്കിയും തൊടുപുഴയുമായിട്ടുള്ള ദൈർഘ്യം ഏതാണ്ട് 60 കി. മി. കുറയുകയാണ്.

ശ്രീ. എ. കെ. മണി: തൊടുപുഴയ്ക്കല്ലാതെ എന്റെ മണ്ഡലത്തിലും അങ്ങയുടെ മണ്ഡലത്തിലും ശ്രീ. അഗസ്തിയുടെ മണ്ഡലത്തിലും ഇതിൽ ഏതെങ്കിലും മണ്ഡലത്തിന് പ്രയോജനപ്പെടുന്ന ഏതെങ്കിലും ഒരു സ്കീം ബഡ്ജറ്റിലുണ്ടോ ? സത്യം മറച്ചു വച്ചുകൊണ്ട് പറയരുത്.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: എന്റെ മണ്ഡലത്തിന് പ്രയോജനപ്പെടുന്ന ഒരുപാട് റോഡുകളുണ്ട്. പക്ഷെ ആ റോഡുകൾ മാത്രം പോരായെന്നുള്ള അഭിപ്രായവും എനിക്കുണ്ട്. ഞാൻ സൂചിപ്പിച്ച ചേലച്ചുവട്-വണ്ണപ്പുറം റോഡിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പരിഹാരമുണ്ടാക്കണം. 1.20 കോടി രൂപ വകകൊള്ളിച്ചാൽ അത് പ്രാവർത്തികമാക്കാൻ കഴിയും. അതുപോലെ 83-ൽ എ.എസും., എസ്.എസും. കിട്ടിയ 2 വർക്കുകൾ, എത്ര വർഷമായി, ഒന്നര വ്യാഴവട്ടം കഴിഞ്ഞിരിക്കുന്നു. അതിന് ഈ ബഡ്ജറ്റിൽ മതിയായ തുക വകകൊള്ളിക്കാത്തതുകൊണ്ട് ആ വർക്ക് ഏറ്റെടുത്തു നടത്താൻ കഴിയാത്ത സ്ഥിതിയാണ്. ഇതുപോലുള്ള പ്രശ്നങ്ങൾ കാണാൻ കഴിയണം. ഇടുക്കി ഡെവലപ്മെന്റ് അതോറിട്ടി 1000 ഏക്കർ ഭൂമി സ്വന്തമായിട്ടുള്ള ഒരു വികസന അതോറിറ്റിയാണ്. ബാക്കി എല്ലാ വികസന അതോറിറ്റികൾക്കും പണം കൊടുത്തു. ആ വികസന അതോറിറ്റിക്ക് പണം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഈ കാര്യത്തിൽ ഒരു പൊതുവായ സമീപനമുണ്ടാകണം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസഹാക് കുരിക്കൾ]

20 ശതമാനം തുകയില്ലെങ്കിൽ നമ്മുടെ ഈ വർക്കുകൾ ഏറ്റെടുത്ത് നടത്താൻ കഴിയുകയില്ലയെന്ന സ്ഥിതിയുണ്ട്. നമ്മൾ ഈ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കാണാൻ കഴിയുന്നത് ധാരാളം ജോലികൾക്ക് മതിയായ ബഡ്ജറ്റ് വിഹിതമില്ലാത്തതുകൊണ്ട് നടപ്പാക്കാൻ കഴിയാതെ പോകുന്ന സ്ഥിതിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുക്കണം. നമ്മുടെ സംസ്ഥാനത്തെ മലയോരമേഖലയ്ക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് മലയോരമേഖലയിലെ ആളുകളുടെ ജീവിതങ്ങളും കഷ്ടപ്പാടുകളും ബോദ്ധ്യപ്പെട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റ് അപ്രോച്ച് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, 10-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള എന്റെ ബഹുമാന്യരായ സഹപ്രവർത്തനകന്മാർ ശ്രദ്ധാക്ഷണിക്കൽ പ്രമേയത്തിലൂടെയും സബ്മിഷനിലൂടെയും ഈ സംസ്ഥാനത്തെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. കാർഷിക മേഖലയുടെ തകർച്ച, കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ, വ്യവസായിക മേഖലയിലെ പ്രശ്നങ്ങൾ, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ, മത്സ്യമേഖലയുടെ തകർച്ച. അതിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഇതെല്ലാം കഴിഞ്ഞ ദിവസങ്ങളിലായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സബ്മിഷനിലൂടെയും ശ്രദ്ധാക്ഷണിക്കലിലൂടെയും വസ്തുതാപരമായി ഇവിടെ അവതരിപ്പിക്കുകയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ പൊതു സ്ഥിതിയെന്താണ്. ഈ സംസ്ഥാനത്തെ പൊതുസ്ഥിതിയെന്ന് പറയുന്നത്, ഒരു ക്ഷാമം ബാധിച്ച ഒരു പ്രതീതിയാണ്. ഈ സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. കട കമ്പോളങ്ങളിൽ കച്ചവടമില്ല, ഓട്ടോ റിക്ഷാകാർക്ക് ഓട്ടമില്ല. ടാക്സി ഡ്രൈവർമാർക്ക് ഓട്ടമില്ല. ഈ സംസ്ഥാനത്ത് ഒരു ചലനമുണ്ടാകുന്നത് 1-ാം തീയതി മുതൽ 7-ാം തീയതി വരെ ശമ്പളം കിട്ടുന്ന ആ ഒരാഴ്ചക്കാലം മാത്രമാണ്. ശമ്പളം കിട്ടുന്ന ഒരാഴ്ച മാത്രമാണ് ഈ കേരളത്തിൽ ചലനമുള്ളത്. നമ്മുടെ സംസ്ഥാനത്ത് പണത്തിന്റെ ദൗർലഭ്യം മുമ്പ് ഉണ്ടായിട്ടില്ല, അത്തരത്തിൽ പണത്തിന്റെ ദൗർലഭ്യമുണ്ടായിരിക്കുകയാണ്. ഈ അടുത്തകാലത്തായി എത്രയെത്ര കൂട്ട ആത്മഹത്യകളാണ് ഈ കേരളത്തിൽ നടക്കുന്നത്. സാമ്പത്തിക തകർച്ചകൊണ്ട് വ്യവസായ-വാണിജ്യ രംഗത്ത് നില്ക്കുന്ന പല കുടുംബങ്ങളും കടക്കെണിയിൽപ്പെട്ട് അഭിമാനം കാത്ത് രക്ഷിക്കാൻവേണ്ടി കൂട്ട ആത്മഹത്യ നടത്തുന്നു. കേരളത്തിലെ പണം എവിടെ പോയി, ഈ സംസ്ഥാനത്തെ പണം എവിടെ പോയി, അത് പറയുമ്പോഴാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് ഈ നാല് വർഷം നമ്മുടെ സംസ്ഥാനത്ത് വളർന്നുവന്ന മദ്യ മാഫിയ, വ്യാജ ചാരായവും, വ്യാജ മദ്യവും, ആ മദ്യമാഫിയായുടെ കൈകളിൽ കോടിക്കണക്കിന് രൂപ കുന്നുകൂടിയിരിക്കുകയാണ്. പോലീസിലേയും എക്സൈസിലേയും ഉയർന്ന ഉദ്യോഗസ്ഥന്മാർ, ഇതിന് രാഷ്ട്രീയമായി സഹായം ചെയ്തിട്ടുള്ള ചില നേതാക്കന്മാർ, അങ്ങനെ മദ്യ മാഫിയായുടെ കൈയിലായി ഈ സംസ്ഥാനത്തിന്റെ പണം. ഞാൻ ഒരു സർവ്വേ നടത്തി. സാധാരണ 200 രൂപ കൂലി കിട്ടുന്ന ഒരു തൊഴിലാളി-ഒരു പുരുഷ തൊഴിലാളിയാണെങ്കിൽ 80 രൂപ വരെ ഷാപ്പിൽ ഒരു ദിവസം പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തെ തൊഴിലാളികളുടെ വരുമാനത്തിന്റെ ശരാശരി 30 ശതമാനം ഷാപ്പിലേയ്ക്ക് പോകുന്നു. ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ 25 ശതമാനത്തോളം ബാർ ഹോട്ടലുകളിലേയ്ക്കും ഹോട്ടലുകളിലേയ്ക്കും പോകുകയാണ്. ഒരു രൂപ മുടക്കിയാൽ 100 രൂപ കിട്ടുന്നു ലാഭം. അങ്ങനെയുള്ള വ്യവസായമാണ് മദ്യ വ്യവസായം. അങ്ങനെ വ്യവസായങ്ങളിലേയ്ക്ക് പോയിക്കഴിഞ്ഞാൽ അവർക്ക് ആ പണം ചെലവഴിക്കാൻ കഴിയുന്നില്ല. അത് കേന്ദ്രഗവൺമെന്റിന്റെ ഇൻകം ടാക്സിന്റെ പോളിസിയാണ്. ഒരു ടെലിഫോൺ വാങ്ങിക്കാൻ പറ്റില്ല, ഒരു കാർ വാങ്ങിക്കാൻ പറ്റില്ല, ഒരു വസ്തു വാങ്ങിക്കാൻ പറ്റില്ല. ഇതിന്റെ ഫലമായി നോട്ടു കെട്ടുകളും അല്ലെങ്കിൽ സ്വർണ്ണമായി ശേഖരിച്ചു ഈ സംസ്ഥാനത്തിന്റെ പണം മുഴുവൻ ഞാൻ നേരത്തെ പറഞ്ഞ മദ്യ ലോബിയുടെയും ഈ സംസ്ഥാനത്തെ പോലീസ് എക്സൈസ് ഉദ്യോഗസ്ഥന്മാരുടെയും അതുപോലെ ഇവർക്ക് രാഷ്ട്രീയ അഭയം കൊടുത്ത ചില നേതാക്കന്മാരുടെയും പോക്കറ്റിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്ത് ഇന്ന് സാമ്പത്തികമായി പണമില്ല. പണം കുറഞ്ഞിക്കൊണ്ടിരിക്കുന്നു. ആ പണം കുറഞ്ഞുന്നില്ലായെന്നു വരികിൽ അതിന്റെ ദൗർലഭ്യമാണ് ഇന്ന് കേരളത്തിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. മദ്യമാഫിയയിൽനിന്നും ഈ പണം വെളിയിൽ കൊണ്ടുവരാൻ എന്താണ് മാർഗ്ഗമെന്ന് സംസ്ഥാന ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ മെമ്പർമാരും സബ്മിഷനിലൂടെയും ശ്രദ്ധക്ഷണിക്കലിലൂടെയും ഈ സ്റ്റേറ്റിന്റെ ദുരന്തം ചിത്രീകരിച്ചിട്ടുണ്ട്. ഞാൻ ഇന്നലെ വളരെ ഉത്തരവാദബോധത്തോടുകൂടി അതിന്റെ എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ടാണ് ഈ സഭയിൽ ഈ ആരോപണം ഉന്നയിച്ചത്. ആരോപണം ഉന്നയിച്ചതിന് വ്യക്തമായ മറുപടി പറയാതെ ആരോപണത്തിന്റെ പങ്ക് പറ്റിയ ചില ആളുകൾ എഴുതി കൊടുത്തത് ഇവിടെ കൊണ്ടുവന്നു വായിച്ചു. ഞാൻ വളരെ അനുതാപത്തോടുകൂടിയാണ് ഈ ചർച്ചയിൽ പങ്കെടുത്ത് ഇത് അവതരിപ്പിച്ചത്. ശ്രീ. വി. പി. രാമകൃഷ്ണപിള്ളയെ സംബന്ധിച്ച് ഞാൻ പറഞ്ഞാൽ, പരിപാവനമായ ഈ നിയമസഭയെ കളങ്കപ്പെടുത്തരുതെന്നുള്ളതുകൊണ്ടാണ് ഞാൻ അതിലേയ്ക്ക് പോകാതിരുന്നത്. അദ്ദേഹം സംസാരിച്ച കൂട്ടത്തിൽ ചെമ്പഴ്കുഞ്ഞിന്റെ സംസ്കാരമാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. ആ സംസ്കാരത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ ഉന്നത സംസ്ക്കാരംകൊണ്ടാണ് ഇന്നലെ ആ ആരോപണം ഉന്നയിച്ചപ്പോൾ പോലും അതിന്റെ മാന്യത കൈവിടാതെ ശ്രീ. വി. പി. രാമകൃഷ്ണപിള്ള ആരാണെന്ന് ഞാൻ ഇവിടെ പറഞ്ഞില്ല. കൊല്ലം ബസ് സ്റ്റാന്റിലും, റെയിൽവേ സ്റ്റേഷനിലും, ബോട്ട് ജട്ടിയിലും, ഓലക്കടയിലും അന്വേഷിച്ചാൽ അറിയാം. അതൊന്നും ഞാൻ പറഞ്ഞില്ല. പറയാതിരുന്നത് എന്റെ ഉന്നതമായ രാഷ്ട്രീയ സംസ്കാരം, ചെമ്പൻകുഞ്ഞ് സംസ്കാരം. അതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. ഞാൻ ഈ സഭയിൽ ഇന്നലെ ഒരു കാര്യം പറഞ്ഞു. 1996-ൽ നിയമസഭാ പരിസ്ഥിതി സമിതിയുടെ ചെയർമാനായിരുന്ന അവസരത്തിൽ എന്തോ കെട്ടുകൾ അദ്ദേഹത്തിന്റെ കൈയിലുണ്ടെന്ന് പറഞ്ഞു. എൽ.ഡി.എഫ്. ന്റെ കൈയിലുണ്ടെന്ന് പറഞ്ഞു. ആ കമ്മിറ്റിയിൽ എന്നോടൊപ്പം ശ്രീ. എളമരം കരിം, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. പി. രാജേന്ദ്രൻ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആന്റണി രാജു, ശ്രീ. പി. ജെ. ജോയി, ശ്രീ. ബി. വിജയകുമാർ, ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. എം. കെ. മുനീർ, ഈ നിയമസഭയിൽ ഏറ്റവും പ്രഗൽഭന്മാരായ ഞാൻ അടക്കം 9 എം.എൽ.എ. മാരാണ് ആ കമ്മിറ്റിയിൽ ഉണ്ടായിരുന്നത്. എനിക്ക് അഭിമാനമുണ്ട്. ഞാൻ ചെയർമാൻ ആയിരുന്ന ആ കമ്മിറ്റി, കേരളത്തിൽ അല്ലെങ്കിൽ ഇങ്ങനെയൊരു കമ്മിറ്റി കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞത് ഞാൻ ചെയർമാൻ ആയിരുന്ന കാലഘട്ടത്തിലാണ്. ആ കമ്മിറ്റി 13 റിപ്പോർട്ടുകൾ കൊടുത്തു. ആർക്ക് എതിരെയായിരുന്നു റിപ്പോർട്ട്. ഇവിടത്തെ വനം കൊള്ളക്കാർക്ക് എതിരായി, മൂന്നാറിലെ ടാറ്റായ്ക്ക് എതിരായി, മാവൂർ ഗ്വാളിയോർ റയോൺസിലെ ബിർലയ്ക്ക് എതിരായി. ഈ രാജ്യത്ത് മറ്റാരും കൈവയ്ക്കാതിരുന്ന ആ മേഖലയിലാണ് ഞാൻ ചെയർമാനായ കമ്മിറ്റി 13 റിപ്പോർട്ട് ഇവിടെ കൊടുത്തത്, എന്നോടൊപ്പം എന്റെ കമ്മിറ്റിയിലുണ്ടായിരുന്ന മെമ്പർമാരോട് അന്വേഷിക്കണം. എന്റെ പൊതു ജീവിതം അവസാനിപ്പിക്കാൻ തയ്യാറാണ്. രാഷ്ട്രീയപ്രവർത്തനം മാത്രമല്ല, എം. എൽ. എ. സ്ഥാനം മാത്രമല്ല എന്റെ പൊതു ജീവിതം അവസാനിപ്പിക്കാൻ തയ്യാറാണ്. ആ രണ്ട് വർഷക്കാലം ശബരിമലയെക്കുറിച്ച് പഠനം നടത്തിയപ്പോൾ ഒട്ടേറെ പരാതികൾ എനിക്കെതിരെ ഉണ്ടായി. ഒട്ടേറെ ആളുകൾ എനിക്കെതിരെയായി സ്പീക്കർക്ക് പരാതി, മന്ത്രിമാർക്ക് പരാതി, എൻ.ഡി.എഫി.-ന് പരാതിയുണ്ടായിട്ടുണ്ട്. അവരാരും കൈവയ്ക്കാത്ത മേഖലയിൽ ഞങ്ങൾ കൈവച്ചപ്പോൾ സ്വാഭാവികമായും വനം ലോബിക്ക് എതിരാണ്, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഒന്നര രൂപ ഉണ്ടായിരുന്ന ആ പാട്ടം 1300 ആയി ഏകീകരിക്കുവാൻ ഗവൺമെന്റിന് തീരുമാനമെടുക്കേണ്ടി വന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യവനഭൂമി ഏറ്റെടുക്കാനുള്ള നിയമം വരാൻ പോകുന്നത്. അതുപോലെതന്നെ മൂന്നാറിലെ എൺപത്തഞ്ച് ശതമാനം ഭൂമിയും റ്റാറ്റായുടെ കൈയിലിരിക്കുകയാണ്. വെറും 50 രൂപയാണ് പാട്ടം കൊടുക്കുന്നത്. ഒരു ഏക്കറിന് ഒരു ലക്ഷം രൂപ ലാഭമുണ്ടെന്നാണ് അസംബ്ലി കമ്മിറ്റിയിൽ പറഞ്ഞത്. കമ്മിറ്റിയുടെ റിപ്പോർട്ടിലുണ്ട്. ഞാൻ ചോദിച്ചു. നിങ്ങൾക്ക് ഒരു ലക്ഷം രൂപലാഭം കിട്ടുന്നുണ്ട് അല്ലേ എന്ന്.

മി. ചെയർമാൻ : ഈ റിപ്പോർട്ട് സഭയിൽ വച്ചതാണ്.

പ്രൊഫ. എ. വി. താമരാക്ഷൻ : ലജനാവിൽ പണമില്ലല്ലോ. കുറെ പണം കൊടുക്കുമോ എന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, ഗവൺമെന്റ് ചോദിക്കുന്നില്ല. ഞങ്ങൾ കൊടുക്കാൻ തയ്യാറാണ് എന്നാണ്. ഈ തരത്തിൽ ഏത് അന്വേഷണത്തിലാണ് ആരോപണം, എവിടെയാണ് എന്ന് പറയണം. അതിലേ എനിക്കു പരാതിയുള്ളൂ. പാർട്ടിക്കോ, അല്ലെങ്കിൽ എൽ.ഡി.എഫ്. നോ ആ പരാതി ഉണ്ടെങ്കിൽ അത് അസംബ്ലിയിൽ ചർച്ച ചെയ്യണ്ടെ? അത് ഒരു അസംബ്ലി കമ്മിറ്റിയാണ്. ഞാൻ അസംബ്ലി കമ്മിറ്റി ചെയർമാനെന്ന നിലയിൽ ആ കമ്മിറ്റിയിൽ അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ ഇത് ഏറ്റവും ഗൗരവമായ ഒരു വിഷയമാണ്. ഇത്തരം ബാലിശമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് അന്തസ്സുള്ളവർക്ക് യോജിക്കുന്നതല്ല എന്നുമാത്രമാണ് എനിക്കു പറയാനുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട ദാസൻ സംസാരിച്ച കൂട്ടത്തിൽ ഒരു കാര്യം പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം അറിയാതെ പറഞ്ഞതാണെന്ന് എനിക്കു തോന്നുന്നു. ഞാൻ കൺവീനറായി ഹരിപ്പാട് ഒരു എക്സിബിഷൻ നടത്തി. അതിന്റെ കണക്കു വച്ചില്ല എന്ന് അദ്ദേഹം പറഞ്ഞു. അതു ശരിയല്ല. ഞാൻ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന് ആരുടെയോ സമ്മർദ്ദം കൊണ്ടാണ് പറയേണ്ടിവന്നത് എന്നാണ്. എങ്കിലും ഞാൻ പറയുന്നു. ഞാൻ കൺവീനറായി ഒരു എക്സിബിഷൻ നടത്തി. ഹരിപ്പാടുള്ള മുഴുവൻ പൗരപ്രമുഖരുമുള്ള കമ്മിറ്റിയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ് അതിന്റെ ടിക്കറ്റ് വിറ്റതുമെല്ലാം. എല്ലാം ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്ത് കണക്കുകളെല്ലാം പാസ്സാക്കി. മിച്ചമുണ്ടായിരുന്ന പണം ഹരിപ്പാട് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് ബഞ്ചും ഡസ്കും ഉണ്ടാക്കാനും അതുപോലെ ഹരിപ്പാട് ക്ഷേത്രത്തിനു ചുറ്റുമതിൽ കെട്ടാനും ഫ്ളൂറസെന്റ് ലാംപിടാനുമായി ചെലവഴിച്ചിട്ടുണ്ട്. എല്ലാം വളരെ ക്ലിയറായിട്ട് ചെയ്തിരിക്കുകയാണ്. ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ വളരെ പാവപ്പെട്ട ഒരു കുടുംബത്തിൽ നിന്നാണ് രാഷ്ട്രീയത്തിൽ വന്നത്. ചെമ്പൻകുഞ്ഞിന്റെ കുടുംബത്തിൽനിന്നും. ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും 62 വയസ്സുവരെ കടലിൽ മീൻ പിടിക്കാൻപോയ ഒരു അച്ഛന്റെ മകനായിട്ടാണ് ഞാൻ വന്നത്. പാവപ്പെട്ട ഒരു കുടുംബത്തിൽ നിന്നും. അവിടെനിന്നും പഠിച്ച് വിദ്യാഭ്യാസം നേടി. ഞാൻ ജനിച്ചു വളർന്ന വിഭാഗത്തിന്റെ ചൂഷണത്തിനെതിരായി പോരാടി രാഷ്ട്രീയ രംഗത്തുവന്നു. എന്റെ പൊതുജീവിതത്തിൽ അൽപംപോലും കളങ്കം ഉണ്ടാകരുത്, ഒരു പോറൽ പോലും ഉണ്ടാകരുത് എന്ന് ആഗ്രഹിക്കുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. എന്ത് അന്വേഷണം വേണമെങ്കിലും നേരിടാൻ ഞാൻ തയ്യാറാണ്. ഈ ഗവൺമെന്റ് മാത്രമല്ല, ഒ. ഇ. സി.എഫ്. ഉം പസഫിക് കൺസൾട്ടൻസും ചേർന്ന ഒരു ഗൂഢസംഘം ഇന്ത്യയൊട്ടാകെ ഓടുന്നു. കേരളത്തിൽ മാത്രമല്ല, ഹൈദ്രാബാദിലും അവർ പ്രശ്നം ഉണ്ടാക്കി. അവിടേയും പസഫിക് കൺസൾട്ടൻസാണ്. തമിഴ്നാട് മാത്രമാണ് നേരിട്ടുനിന്നത്. ഇത് ഇന്നലേയും ഞാൻ പറഞ്ഞ കാര്യമാണ്. അതുകൊണ്ടാണ് സി. ബി. ഐ. അന്വേഷിക്കണമെന്നു പറഞ്ഞത്. അത്രയും ഗൗരവമായ ഒരു പ്രശ്നം ഉന്നയിച്ചപ്പോൾ അതിനെ ഈ ബാലിശമായ ഇത്തരം ആരോപണങ്ങൾ പറഞ്ഞ് തടിതപ്പാൻ ശ്രമിക്കുന്നത് ശരിയല്ല. എനിക്കു പറയാനുള്ളത് അങ്ങ് ഉന്നയിച്ച ആരോപണത്തിൽ നിന്നും അങ്ങേയ്ക്ക് രക്ഷപ്പെടാനാകില്ല. ഓടല്ലേ അമ്മാവാ ആളറിയാം എന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സാധാരണഗതിയിൽ ചിലയാളുകൾ നമ്മുടെ സംസ്ഥാനത്ത് ഓട്ടവും ചാട്ടവുമൊക്കെ നടത്തുന്ന കാലഘട്ടമാണിത്. ആര് ഓടിയാലും ആളറിയും. അതുകൊണ്ട് അങ്ങനെയൊന്നും പറഞ്ഞ് വിരട്ടണ്ട. ഓടിയാലും ഇന്നടംവരെ ഓടൂ എന്നും ജനങ്ങൾക്ക് അറിയാം. അപ്പോൾ ആ കാര്യങ്ങളിലേയ്ക്ക് നമ്മൾ കടക്കണ്ട. ഇത് അറിയാത്തവർ ആരുമില്ലല്ലോ. ഈ വന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞ് നമ്മൾ വിലപ്പെട്ട സമയം കളയേണ്ട കാര്യമില്ല. യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാൻ എല്ലാവരും പരിശ്രമിക്കണം. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഉപധനാഭ്യർത്ഥന അവതരിപ്പിച്ചു. സ്വാഭാവികമായും ഗവൺമെന്റുകൾക്ക് ഉപധനാഭ്യർത്ഥനകളെ ആശ്രയിക്കേണ്ടി വരില്ലേ ? വരും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട ടി. നാണുമാസ്റ്റർ, അങ്ങയുടെ ഒപ്പമുണ്ടായിരുന്ന പ്രൊഫ. എ. വി. താമരാക്ഷനാണ് വളരെ ഉത്തരവാദിത്വത്തോടുകൂടി ഒരു ആരോപണം ഇവിടെ ഉന്നയിച്ചത്. തിരിച്ചും വന്നിട്ടുണ്ട്. അതുകൊണ്ട് രണ്ടു കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കുന്നതിന് എന്താണ് ബുദ്ധിമുട്ട്.

ശ്രീ. ടി. നാണുമാസ്റ്റർ : അങ്ങ് ഈ സഭയിലല്ല ഇരിക്കുന്നത് എന്നു തോന്നുന്നു. ഇവിടെ അന്വേഷണം നടത്താനും അന്വേഷണത്തിന് വിധേയമായിട്ടുള്ള ആളുകൾക്കെതിരായി നടപടിയെടുക്കാനും അഴിമതി നടത്തിയിട്ടുള്ള മന്ത്രിമാർക്കെതിരായും നടപടിയെടുക്കാനും ആവശ്യപ്പെട്ട് ഈ നിയമസഭയിൽ നിരാഹാരം അനുഷ്ടിച്ചിട്ടുള്ളവരാണ് എൽ. ഡി. എഫിലെ ആളുകൾ. ഞാനും അതിൽപ്പെടും. അതിനൊന്നും ആരും ആരേയും മാറ്റി നിർത്തണ്ട. യു. ഡി. എഫ്. നടത്തിയിട്ടുള്ള അഴിമതിക്കെതിരായി അഴിമതി വീരന്മാർക്കെതിരായി നടപടിയെടുക്കണമെന്ന് ഞങ്ങൾ, അന്നത്തെ പ്രതിപക്ഷങ്ങൾ, നിയമസഭയിൽ നിരാഹാര സത്യാഗ്രഹം വരെ നടത്തിയിട്ടുള്ള ആളുകളാണ്. അതുകൊണ്ട് ആ കാര്യം മനസ്സിലാക്കുന്നതാണ് നല്ലത്. ഇവിടെ അഴിമതിയാരോപണമല്ല പ്രശ്നം. ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയാണ്. അതിനെ സംബന്ധിച്ച് ഞാനും അങ്ങനെ പറയാൻ ആഗ്രഹിക്കുന്നില്ല. അവർക്ക് എന്തും പറയാം. അവർക്ക് വല്ല ഉത്തരവാദിത്വവുമുണ്ടോ ; ഈ ജനങ്ങളോട് ഉത്തരവാദിത്വമുണ്ടോ ; ഈ നാട്ടിലെ ആളുകളോട് ഉത്തരവാദിത്വമുണ്ടോ ; പ്രതിപക്ഷത്തോട് ഉത്തരവാദിത്വമുണ്ടോ ; ഭരണപക്ഷത്തോട് ഉത്തരവാദിത്വമുണ്ടോ ? ആർക്കും എന്തും എവിടേയും പറയാം എന്നു കരുതി, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ഉപധനാഭ്യർത്ഥനകളാണ് വിഷയം. ഒരു സർക്കാർ ജനോപകാരപ്രദമായിട്ടുള്ള നടപടിയുമായി മുന്നോട്ടു പോകുമ്പോൾ തീർച്ചയായും ഉപധനാഭ്യർത്ഥനകളെ ആശ്രയിക്കേണ്ടി വരും. ഏതു ഗവൺമെന്റാണ് ഉപധനാഭ്യർത്ഥനയില്ലാതെ മുന്നോട്ടു പേകുന്നത് ? ഈ ഗവൺമെന്റ് ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടു നീങ്ങുന്നു. കാർഷികമേഖലയിൽ മുരടിപ്പാണെന്ന് പറയുന്നു. കാർഷിക മേഖലയിൽ ക്രമാനുഗതമായി, പടിപടിയായി ഉൽപാദനം ഉയർത്താൻ, കാർഷികാശ്വാസം നൽകാൻ, കർഷകത്തൊഴിലാളികൾക്ക് രക്ഷ നൽകാൻ, കാർഷിക മേഖലയെ സംപുഷ്ടമാക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നു. 1987-ൽ ശൂന്യതയിൽ നിന്നും ആരംഭിച്ചിട്ടുള്ള കൃഷിഭവന്റെ നേതൃത്വത്തിൽ ലക്ഷക്കണക്കിനു രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞ 3 കൊല്ലമായി പരിശ്രമിക്കാത്ത പഞ്ചായത്ത് ഏത് ? വ്യവസായ മേഖലയും അതുപോലെതന്നെയാണ്. എത്രയോ ലക്ഷക്കണക്കിന് ചെറുകിട വ്യവസായങ്ങളെ ഉയർത്തുന്നതിനുവേണ്ടി, പീഡിത വ്യവസായങ്ങളെ ഉയർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. അപ്പുറത്തെ എന്റെ സ്നേഹിതൻ വികലാംഗരെ സംബന്ധിച്ചു പറയുന്നതുകേട്ടു. യു.ഡി.എഫിന്റെ ഭരണകാലത്ത് വികലാംഗർ തിരുവനന്തപുരത്ത് പ്രകടനം നടത്തി. അതിന് അന്നത്തെ മുഖ്യമന്ത്രി കരുണാകരന്റെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് അവരെ അടിച്ചു. ആ വികലാംഗർ അടികൊണ്ട് ഈ റോഡിലൂടെ അലഞ്ഞു. എം. എൽ. എ. ക്വാർട്ടേഴ്സിൽ കയറി. ഞങ്ങൾ, ഞാനടക്കമുള്ള എം. എൽ. എ. മാർ ഘോരാവോ ചെയ്ത് അവർക്കുവേണ്ടി ആവലാതി പറഞ്ഞു. അതായിരുന്നു വികലാംഗർക്ക് അന്നത്തെ ഭരണം കാഴ്ചവച്ചത്. അല്ലേ ? നിഷേധിക്കാൻ കഴിയുമോ ? ഈ ഗവൺമെന്റ് വികലാംഗരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുൾപ്പെടെ, അഗതികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുൾപ്പെടെ, വിധവകളായിട്ടുള്ള 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്കുൾപ്പെടെ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് മുന്നോട്ടു പോകുന്നു. അങ്ങനെയുള്ള വിവിധ മേഖലകളിലുള്ള ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റിന് സ്വാഭാവികമായും ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരേണ്ടിവരും. അല്ലാതെ അവിടെ ധൂർത്തടിച്ചു, ഇവിടെ ധൂർത്തടിച്ചു എന്നൊക്കെ പറയുന്നത് ശരിയല്ല. യാഥാർത്ഥ്യബോധം ഉൾക്കൊള്ളാതെ മുന്നോട്ടു പോകുന്ന പ്രതിപക്ഷങ്ങൾ ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുകയാണ്. ഇത് അപകടവുമാണവർക്ക്. ഇത് അവർക്ക് അപകടമാണ്. അതുകൊണ്ട് അത്തരത്തിലുള്ള ജല്പനങ്ങൾ ഒക്കെ അവസാനിപ്പിച്ച് യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങൾ, പ്രത്യേക സാഹചര്യങ്ങൾ ഇവ കണക്കിലെടുത്തുകൊണ്ട് മുന്നോട്ടു പോകണം. ഇന്ന് ഇന്ത്യയിൽ നടപ്പാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ മേഖലയിലുമുള്ള നയങ്ങളിൽ നിന്ന്, നടപടികളിൽ നിന്ന് കേരളത്തിന് ഒറ്റയ്ക്കു നിൽക്കാൻ കഴിയുമോ ? പണ്ടത്തെ തിരുവിതാംകൂർ മോഡൽ വാദം പോലെ അമേരിക്കൻ മോഡൽ വാദംപോലെ നമുക്ക് മുന്നോട്ടു പോകാൻ കഴിയുമോ ? ഇപ്പോൾ ക്ലിന്റൻ വരുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ക്ലിന്റനെ ആശ്രയിക്കുന്നു. എന്തിന് ? അമേരിക്കൻ മോഡൽ ഭരണ സമ്പ്രദായം കൊണ്ടുവരാൻ അമേരിക്കൻ പ്രസിഡന്റുമായി പുതിയ ബാന്ധവം. മനസ്സിലാക്കണം. ജനാധിപത്യ വ്യവസ്ഥ പുനഃസ്ഥാപിച്ചുകൊണ്ട് ഒരു നല്ല ഇന്ത്യ കെട്ടിപ്പടുക്കാൻ 50 കൊല്ലത്തോളം രാജ്യം ഭരിച്ച കോൺഗ്രസിനു കഴിഞ്ഞില്ല. ക്ഷേമരാഷ്ട്രം എവിടെപോയി എന്ന് ചൂണ്ടിക്കാണിക്കാൻ അവർ നന്നേ വിഷമിക്കുന്നു. ഈ സാഹചര്യങ്ങളിൽ തെറ്റായ സാമ്പത്തിക നയങ്ങൾ സൃഷ്ടിക്കുന്ന വളരെയധികം അപകടകരമായ സാമ്പത്തിക ചുറ്റുപാടിൽനിന്നും നമ്മുടെ സംസ്ഥാനത്തിന് കരകയറാൻ സാധിക്കില്ല. അതാണ് യാഥാർത്ഥ്യം കാണണമെന്നു പറയുന്നത്. അതുകൊണ്ട് ഈ സാഹചര്യത്തിൽ ഈ ഗവൺമെന്റ് ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടു പോകുമ്പോൾ സഹകരിച്ച്, സഹകരണത്തോടുകൂടി നമ്മുടെ നാട്ടിലേയും സംസ്ഥാനത്തിലേയും ജനങ്ങളുടെ പ്രശ്നങ്ങൾ അഭിമുഖീകരിച്ച് പരിഹാരമുണ്ടാക്കി മുന്നോട്ടു പോകാനുള്ള ക്രിയാത്മക പ്രതിപക്ഷമായി നിങ്ങൾ മാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. എന്റെ പ്രീയസുഹൃത്ത് സുപ്രസിദ്ധ എഴുത്തുകാരനും ചിന്തകനുമായ ആനന്ദിന്റെ ശ്രദ്ധേയമായ ഒരു നോവലുണ്ട്. 'മരുഭൂമികളുണ്ടാകുന്നതെങ്ങിനെ' ? ചരിത്രാനുഭവങ്ങളെ സാക്ഷിയാക്കിക്കൊണ്ട് മനുഷ്യന്റെ

LIBRARY ARCHIVES Kerala Legislative Assembly

മഹാദുരിതങ്ങളും സ്വന്തംനാട്ടിൽതന്നെ അഭയാർത്ഥികളായി അലയേണ്ടിവരുന്ന ജനങ്ങളുടെ ദുഃസ്ഥിതിയും മറ്റും മഹാസങ്കടങ്ങളുമാണ് ആ നോവലിലൂടെ ആനന്ദൻ ആവഷിക്കരിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഇന്ന് സകല മേഖലകളിലും കാണുന്ന വരൾച്ചയ്ക്കു നിദാനമെന്തെന്ന് പരിശോധിക്കുമ്പോൾ തോന്നിപ്പോകുന്നത് 'മരുഭൂമികൾ വളർത്തുന്നതെങ്ങിനെ' ? എന്നുള്ള വിഷയത്തെ പുരസ്കരിച്ചു 1991 മുതൽ നരസിംഹറാവുവും മൻമോഹൻസിംഗും ചേർന്നുതുടങ്ങിവച്ച പരീക്ഷണങ്ങളുടെ ഭീകരപരിണാമമാണെന്നാണ്. നല്ല പാരമ്പര്യം അവകാശപ്പെടാവുന്ന കോൺഗ്രസ്സിന്റെ പ്രധാനമന്ത്രിയും മൻമോഹൻസിംഗും അതു ചെയ്തുകൂടായിരുന്നു. അന്ന് ഇതിന്റെ അപകടത്തെക്കുറിച്ച് ഇടതുപക്ഷകക്ഷികളും സാമ്പത്തിക വിദഗ്ധരും സാമൂഹ്യസാംസ്ക്കാരിക പ്രവർത്തകരും മുന്നറിയിപ്പുതന്നതാണ്. അതിനെതിരായി പ്രതിഷേധിച്ചതാണ്. സമരം ചെയ്തതാണ്. സൽബുദ്ധിയുടെ ശബ്ദം അന്ന് അധികാരത്തിലുള്ളവർ അവഗണിച്ചു. നീതിയുടെ നിലവിളികൾ കേട്ടില്ല. തങ്ങളുദ്ദേശിച്ച ഉദാരവൽക്കരണം ഇതല്ല എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ പറയുന്നത്. അദ്ദേഹം ആത്മാർത്ഥമായി പറയുന്നതാകാം. അദ്ദേഹത്തിന്റെ വ്യക്തിപരമായ ആത്മാർത്ഥതകൊണ്ട് ഇപ്പോൾ എന്തു പ്രയോജനം ? കുടത്തിൽ നിന്നും തുറന്നുവിട്ട ഭൂതത്തിനെ വീണ്ടും കുടത്തിലാക്കാൻ മുക്കുവനുപോലും സാധ്യമല്ലാത്ത നിലയിലേയ്ക്ക് സ്ഥിതിഗതികൾ മാറിപ്പോയി. ഭൂതം മുക്കുവനേയും വിഴുങ്ങിയിരിക്കുന്നു. ദുർഭൂതം വളർന്ന് ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളുടേയും ജീവിതം ദുസ്സഹവും ദുരിതപൂർണ്ണവുമാക്കുന്നു. ആരാണിതിനുത്തരവാദി ? മരുഭൂമികൾ വളർന്നുകൊണ്ടിരിക്കുന്നു.

'സുജലാം സുഫലാം, മലയജശീതളാം
സസ്യശ്യാമളാം ..... മാതരം
ഫുല്ലകുസുമിത ദ്രുമദല ശോഭിനിം
സുഹാസിനിം സുമധുരഭാഷിണിം....മാതരം. വന്ദേ മാതരം'

എന്ന് പാടിക്കൊണ്ട് ഈ ദുർഭൂതം മാതൃഭൂമിയുടെ അന്തസ്സും അഭിമാനവും പിച്ചിച്ചീന്തുന്നു. മാതൃഹൃദയം വേദനിക്കുകയാണ്. നന്മകൾ നശിപ്പിക്കുന്നു. ഭാരതത്തിന്റെ സവിശേഷതകളും സമ്പന്നതകളും നഷ്ടമാക്കുന്നു. മാതൃഭൂമി മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ

'മരുഭൂക്കളിനൊക്കെയപ്പുറ-
ത്തൊരു ദേശത്തുപദക്ഷിണാപഥം
ഉരസുന്നുനഭസ്സ് വിന്ധ്യനാം
പുരുമേഘാംബരഡംബരൻഗിരി'

വിന്ധ്യനുമപ്പുറം ദക്ഷിണദേശത്ത് സഹ്യന്റെ തണലിൽ മലയജശീതളയായി മരുഭൂമിയുടെ വളർച്ചയെ തടഞ്ഞുനിർത്തുന്ന ഒരു സസ്യശ്യാമളയുണ്ട് കേരളം. ദുർഭൂതത്തിന്റെ അലർച്ച അവിടെയും ഇടർച്ചയുണ്ടാകുന്നെങ്കിലും അതിനെ കേരളം തടഞ്ഞുനിർത്തുന്നു. 'മാനവീയ' ത്തിന്റെ മഹാപരിചയാണ് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ സഹായി. പാട്ടും കൂത്തും ആട്ടവുമാണ് കരുത്തുനൽകുന്നത്. ചെകുത്താനോട് വേദമോതുന്നതുകൊണ്ട് പ്രയോജനമില്ലെന്നൊരു ധാരണയുണ്ട്. ചെകുത്താനോടാണ് വേദമോതേണ്ടത്. മാനവീയത്തിന്റെ വേദമന്ത്രധ്വനികൾകൊണ്ട് ദുർഭൂതബാധയെ അകറ്റാനാകും. അതിനാണ് പുസ്തകങ്ങൾ. പുസ്തകങ്ങൾ വായിക്കാൻ പഠിപ്പിക്കണം. അല്ലെങ്കിൽ പഠിപ്പിക്കണം. 'വിശക്കുന്ന മനുഷ്യാ, പുസ്തകം കയ്യിലെടുക്കൂ' എന്ന കവിവാക്യം പ്രയോഗത്തിൽ കൊണ്ടുവന്നതിലൂടെയാണ് കേരളം ഇന്നത്തെ കേരളമായത്. ഭാരതത്തെ മരുഭൂമിയാക്കി, അതിന്റെ സാഫല്യങ്ങളെല്ലാം കെടുത്തിക്കളയുന്ന, കേന്ദ്ര സർക്കാരിന്റെ അതിഥിയായെത്തിയ ഏകധ്രുവലോകത്തിന്റെ സർവ്വാധിപതിയായ ക്ലിന്റൻ പോലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കേരളത്തെ പ്രത്യേകം പരാമർശിച്ചതായി കാണുന്നു. 'വനിതകളെ ശക്തിപ്പെടുത്താനുള്ള നടപടികളെടുക്കുന്ന കേരളത്തെ ക്ലിന്റൻ പ്രശംസിച്ചുവെന്നും പാവങ്ങളുടേയും ദുർബലരുടേയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണ് അടിസ്ഥാനപരമായ പുരോഗതിയുടെ അടയാളമെന്ന് അദ്ദേഹം പറഞ്ഞതായും പത്രറിപ്പോർട്ടിൽ കാണുന്നു. ക്ലിന്റൺ വന്നത് ഭാരതത്തെ നന്നാക്കാനല്ല. കേരളത്തിലെ ഇടതുപക്ഷ സർക്കാരിന് സർട്ടിഫിക്കറ്റു നൽകാനും അല്ല. ഭാരതത്തെ അമേരിക്കയുടെ ചൊൽപ്പടിക്കു നിർത്താനും അമേരിക്കയുടെ താൽപ്പര്യങ്ങൾ അടിച്ചേൽപ്പിക്കാനുമാണ്. ക്ലിന്റൺ പാർലമെന്റിൽ പ്രവേശിച്ചതിന്റെ ആവേശകരമായ റിപ്പോർട്ട് വായിക്കേണ്ടതാണ്. കൗതുകകരമാണ്. 'ക്ലിന്റൻ പാർലമെന്റിൽ ആവേശമായിരുന്നു. യുവ എം. പി. മാരും സീനിയർ എം. പി. മാരും ക്ലിന്റന്റെ സാമീപ്യത്തിനും കൈകൊടുക്കുന്നതിനും പാർലമെന്റിൽ തിക്കിക്കൂടി. അല്ല, വിശിഷ്ടാതിഥിയെ വളഞ്ഞു. ഒന്നുകാണാൻ, ഒന്നു തൊടാൻ കിട്ടിയ ഭാഗ്യം കൺമുമ്പിലെത്തിയപ്പോൾ എന്തിനു പാഴാക്കണം. ഭാരതത്തിന്റെ ഭാഗ്യം ! യജമാനഭക്തിയുള്ളവർ, ക്ലിന്റനുപോലും കേരളത്തെ ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. എല്ലാ പ്രതികൂല സാഹചര്യങ്ങളേയും നേരിട്ടുകൊണ്ട് പുരോഗതിയുടെ പാതയിലേയ്ക്ക് കേരളത്തെ നയിക്കുന്ന ഇടതുപക്ഷ സർക്കാരിനും അതിന്റെ ചുക്കാൻപിടിക്കുന്ന ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോനും പിന്തുണ നൽകേണ്ടത് പുരോഗമനമാഗ്രഹിക്കുന്നവരുടെ കടമയാണ്. അതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ പിൻതാങ്ങാൻ മടിക്കുന്നത് പുരോഗതിയുടെ ശത്രുക്കൾ മാത്രമായിരിക്കും. കേരളത്തെ അവഗണിക്കുകയും കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുകയും സബ്സിഡികൾ എടുത്തുകളയുകയും ചെയ്ത് കേരളത്തെ പട്ടിണിക്കിടാൻ ഒരുമ്പെടുന്ന കേന്ദ്ര സർക്കാരിന്റെ ദുഷ്ടവിചാരം നാം മനസ്സിലാക്കണം. കേരളത്തിലെ റേഷൻ സമ്പ്രദായം അനാവശ്യമാണെന്ന് പറയുന്ന മലയാളിയായ കേന്ദ്രമന്ത്രിയുടെ പ്രതികാരബുദ്ധി കേരളീയർ തിരിച്ചറിയണം. കേന്ദ്ര ബഡ്ജറ്റിലെ കഠിന നടപടികൾ നാടിനെ നന്നാക്കാനാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ ഭാഷ്യം. പട്ടിണിക്കിട്ടു പാഠം പഠിപ്പിച്ചു നന്നാക്കാനായിരിക്കും. കേരള സർക്കാരിന്റെ സമീപനം അതല്ല എന്ന് വ്യക്തമാണ്. ജനങ്ങളുടെ ഭാരം ലഘൂകരിക്കാനും അവർക്കാശ്വാസമെത്തിക്കാനും വികസന പ്രവർത്തനത്തിലൂടെ പുരോഗതി ഉറപ്പാക്കാനും മാനവീയത്തിലൂടെ മനുഷ്യമഹത്വം വിളംബരം ചെയ്യാനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായ പരിശ്രമമാണ് സർക്കാർ ഏറ്റെടുത്തുനടത്തുന്നത്. പുരോഗതിയുടെ പാതയിൽ തടസ്സം നിൽക്കുന്നവർ ആത്മപരിശോധന നടത്തി തെറ്റുപറ്റിയിട്ടുണ്ടെന്ന് ബോധ്യമാകുന്നുവെങ്കിൽ ജനങ്ങളോട് മാപ്പുപറയണം. മഹാനായ മാർപാപ്പപോലും 2000 വർഷത്തെ മനുഷ്യവർഗ്ഗത്തിന്റെ കുറ്റങ്ങൾക്കും കുറവുകൾക്കും മാപ്പുപറഞ്ഞു. മഹത്തായ മാതൃക യുഗത്തിന്റെ പ്രത്യാശയാണ്. ആ പ്രത്യാശയോടുകൂടി ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ വീണ്ടും പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കേരളത്തിലെ പ്രഗൽഭനായ ധനകാര്യവകുപ്പുമന്ത്രി സമർത്ഥരായ ഉദ്യോഗസ്ഥന്മാരുടെയും വകുപ്പുമേധാവികളുടെയുമെല്ലാം സഹായത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അതിസങ്കീർണമായ സാമ്പത്തിക പ്രതിസന്ധിയുടെ ഇടയിൽനിന്നാണ് കേരളത്തിന് ഈ ബഡ്ജറ്റും ഉപധനാഭ്യർത്ഥനയും തയ്യാറാക്കേണ്ടിവന്നത് എന്ന് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്..... നമ്മുടെ രാജ്യം ഇത്രയും വലിയ ഒരു പ്രതിസന്ധിയിൽ അകപ്പെടുമ്പോൾ ആ പ്രതിസന്ധിയിൽ നിന്നും ഈ രാജ്യത്തെ രക്ഷിക്കാൻ ബാധ്യസ്ഥരാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും ഇവിടെ നമ്മൾ കേരളത്തിലെ ജനങ്ങളുടെ പ്രതിനിധികളാണ്. ഈ ഭാഗത്തിരിക്കുന്നത് ഭരണകക്ഷിക്കാരാണെങ്കിൽ മറുഭാഗത്തിരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ള എല്ലാവരുംതന്നെ ജനങ്ങളുടെ പ്രതിനിധികളാണ്. ആ ജനങ്ങളുടെ പ്രതിനിധികളായിട്ടുള്ള പ്രതിപക്ഷം ഈ രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകളാണോ ബഡ്ജറ്റിന്റെയും ഉപധനാഭ്യർത്ഥനകളുടെയും എല്ലാം ഭാഗമായി ഈ സഭയിൽ നടത്തിയതെന്ന് പരിശോധിക്കണം. ഞങ്ങൾക്ക് വളരെ പ്രതീക്ഷയുണ്ടായിരുന്നു. ബഡ്ജറ്റിന്റെയൊക്കെ ഭാഗമായി പ്രതിപക്ഷം നടത്തുന്ന ചർച്ച ഭാവിയിൽ ഈ കൊച്ചു കേരളത്തെയും രാജ്യത്തെയും രക്ഷിക്കാൻ ഉതകുന്ന വിലപ്പെട്ട നിർദ്ദേശങ്ങളുള്ളതായിരിക്കുമെന്ന്. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ശ്രീ. ഉമ്മൻചാണ്ടിയടക്കമുള്ള ആളുകൾ സത്യത്തിൽ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ നേരത്തെയുണ്ടായിരുന്ന ഉത്കണ്ഠയും ഭീതിയും ഞങ്ങളെപ്പോലുള്ളവർക്ക് കൂടുകയാണ് ചെയ്തത്. രാജ്യത്തിന്റെ വികസനത്തെക്കുറിച്ചോ പ്രശ്നപരിഹാര മാർഗ്ഗങ്ങളെക്കുറിച്ചോ എന്താണ് നിങ്ങളുടെ കാഴ്ചപ്പാട്. വയലാർ രവിയൊക്കെ ലേഖനമെഴുതികണ്ടപ്പോൾ ഞങ്ങൾ പ്രതീക്ഷിച്ചു. കോൺഗ്രസ്സിനകത്ത് വലിയ മാറ്റം നടക്കുകയാണ് എന്ന്. കോൺഗ്രസ്സ് വർക്കിംഗ്

4 P.M.] കമ്മിറ്റിയുടെ യോഗം ചേർന്നപ്പോൾ കോൺഗ്രസ്സിന്റെ നയങ്ങളെ മാറ്റണമെന്നു പറഞ്ഞുകൊണ്ടുള്ള പത്ര പ്രസ്താവനകളുടെ രേഖകൾ ഞങ്ങളുടെ കൈയിലുണ്ട്. Congress shifts stand on Liberalisation. ഞങ്ങൾ ആലോചിച്ചിട്ടുണ്ട്. ഈ രാജ്യത്ത് കോൺഗ്രസ് എത്രതന്നെ തകർന്നാലും ഇന്ന് നിലനിൽക്കുന്ന ഒരു മതേതര പ്രസ്ഥാനമാണത് അതു പൂർണ്ണമായിട്ടും നടപ്പിലാക്കാൻ അതിന്റെ നേതൃത്വം അനുവദിക്കുന്നുണ്ടോ എന്നുള്ള കാര്യം വേറെ, ഞങ്ങൾ വിമർശനപരമായിട്ട് ആ കാര്യം വിലയിരുത്താറുണ്ട്. പക്ഷെ വസ്തുത അംഗീകരിക്കേണ്ടതുണ്ട്. എത്ര തന്നെ തകർന്നാലും കോൺഗ്രസ്സിനകത്ത് ആയിരക്കണക്കിനു ആളുകൾ ഇപ്പോഴും അംഗങ്ങളായുണ്ട്. അവരെ അടക്കം അണിനിരത്തിക്കൊണ്ടു മാത്രമേ ഇന്ത്യാ രാജ്യത്ത് വന്നുഭവിച്ചിട്ടുള്ള ഗുരുതരമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങളെ നേരിടാൻ കഴിയൂ. പക്ഷെ കോൺഗ്രസ് (ഐ) യുടെ നേതാക്കന്മാർ ആ ജനങ്ങളെ എങ്ങോട്ടാണ് വലിച്ചുകൊണ്ടുപോകുന്നത് ? ഈ രാജ്യത്തെ നശിപ്പിക്കുന്നവരുടെ കൂടാരത്തിലേയ്ക്ക് വീണ്ടും അവരെ നയിച്ചു കൊണ്ടുപോകുന്ന സമീപനമാണ് കോൺഗ്രസ് (ഐ) യുടെ നേതാക്കന്മാർ സ്വീകരിക്കുന്നത്. ഇവിടെ ഉപധനാഭ്യർത്ഥനയെയും ബഡ്ജറ്റിനെയും വിമർശിച്ചുകൊണ്ട് നിങ്ങൾ സംസാരിക്കുമ്പോൾ ഞാൻ വിഷയത്തിൽനിന്നു തന്നെ തുടങ്ങട്ടെ, ഉപധനാഭ്യർത്ഥനകളെ ന്യായീകരിക്കുവാനും അതിനെ അംഗീകരിക്കുവാനും വേണ്ടിയുള്ള അവസരമാണ്. ആ ഉപധനാഭ്യർത്ഥനകൾ പരിശോധിച്ചാൽതന്നെ കേരളത്തിൽ ഈ പ്രതിസന്ധിക്കിടയിൽ എത്ര സമർത്ഥമായ ധനകാര്യ മാനേജ്മെന്റാണ് നടത്തിയതെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഇവിടെ മുൻ വിദ്യാഭ്യാസ മന്ത്രി അടക്കമുള്ള ആളുകൾ പുസ്തക പ്രസിദ്ധീകരണത്തിന്റെ കണക്ക് അടക്കം വച്ചിട്ട് പ്രതിപക്ഷത്തിനെ വെട്ടാനുള്ള ആയുധങ്ങൾ തേടുകയാണ്. പുസ്തക പ്രസിദ്ധീകരണത്തിന്റെ കണക്ക് ചുണ്ടിക്കാണിച്ചിട്ട് ദുർവ്യയമാണെന്ന് വ്യാഖ്യാനിക്കുകയാണ്. അങ്ങനെ ആയിരുന്നോ ചെയ്യേണ്ടിയിരുന്നത് ? ഈ ഉപധനാഭ്യർത്ഥനകളിൽ ജനോപകാരപ്രദമായ കാര്യങ്ങളിലേയ്ക്ക് എന്തുകൊണ്ട് നിങ്ങൾക്ക് കടന്നുചെല്ലാൻ കഴിയുന്നില്ല ? ഏതു ഗവൺമെന്റ് ഭരിക്കുമ്പോഴും ആ ഗവൺമെന്റിന്റെ ചെയ്തികളെ ജനങ്ങളിൽ എത്തിക്കുന്നതിനു ആവശ്യമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നത് നടപ്പിലുള്ള ഒരു കാര്യമാണ്. അതൊന്നും മാറ്റിവയ്ക്കേണ്ടകാര്യമല്ല. അതിനെയും വിദേശ യാത്രകളെയും പർവ്വതീകരിച്ച് കാണിക്കുകയും ചെയ്തുകൊണ്ട് ഈ ബഡ്ജറ്റിനകത്തുള്ള ഉപകാരപ്രദമായ കാര്യങ്ങൾ കാണാതിരിക്കുന്ന സമീപനം സ്വീകരിച്ചത് ഒട്ടും ശരിയായിട്ടില്ല എന്നാണ് പറയുവാനുള്ളത്. ഉപധനാഭ്യർത്ഥനയുടെ ചർച്ചയിൽ പൊതുവിതരണ രംഗത്തിൽ ഇടപെടുന്നതല്ല, നിങ്ങൾ പറഞ്ഞു കേരളത്തിനുവേണ്ടി ഒന്നും ചെയ്തില്ല എന്ന്. കേരളം ആകെ മുരടിച്ചു കിടക്കുകയാണെന്ന് പറഞ്ഞു. കേരളത്തിൽ മുരടിപ്പ് ഒക്കെ ഉണ്ട്. ആ മുരടിപ്പ് കേരളത്തിൽ മാത്രം നിലനിൽക്കുന്നതല്ല. അതു വഴിയേ നമുക്ക് പരിശോധിക്കാം. പക്ഷെ കേരളത്തിലെ മുരടിപ്പ് ഇല്ലാതാക്കുന്നതിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ പ്രതിസന്ധി ഉള്ളപ്പോഴും സമർത്ഥമായ ഇടപെടലുകൾ ഈ സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഇവിടെ ഓണം സീസണിൽ അത്യാവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ 160 ലക്ഷംരൂപയാണ് വിനിയോഗിച്ചത്. കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്തില്ല എന്നു പറയുവാൻ നിങ്ങൾക്ക് കഴിയുമോ ? ഇവിടെ ഓരോ പച്ചക്കറി ഉല്പാദനത്തെപ്പറ്റി ഒന്നും അറിഞ്ഞില്ലെന്ന് പറഞ്ഞു. നിങ്ങൾക്ക് അറിയുമോ ഈ മൂന്നു സീസണിൽ കൃഷിവകുപ്പിന്റെ സ്റ്റാളുകൾവഴി 20 ശതമാനം സബ്സിഡി റേറ്റിൽ പച്ചക്കറി വിതരണം ചെയ്ത സർക്കാരാണ് ഇതും. എന്റെ നാട്ടിൽ സ്ത്രീകൾ പച്ചക്കറി വാങ്ങി തിരിച്ചു വരുമ്പോൾ പറഞ്ഞിട്ടുള്ള കാര്യം, ജീവിതത്തിൽ ആദ്യമായിട്ടാണ് ഇത്ര ചെറിയ വിലയ്ക്ക് പച്ചക്കറി കിട്ടിയിട്ടുള്ളതെന്ന്. പച്ചക്കറി ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളുടെ മുൻപിൽ നിങ്ങൾ ഇതിനെതിരായ കാര്യങ്ങൾ പറഞ്ഞാൽ അതൊന്നും അവർ അംഗീകരിക്കുവാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിസമർത്ഥമായിട്ടുള്ള ഇടപെടലാണ് പൊതു മാർക്കറ്റിനകത്ത് നടത്തിയിട്ടുള്ളതെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ പറയുവാൻ കഴിയും. ചെറുകിട കർഷകർക്ക് രക്ഷാപദ്ധതി നടപ്പിലാക്കാൻ ഒരു കോടിരൂപ വകയിരുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിപറയുകയുണ്ടായി ഇവിടെ ചെലവഴിച്ചതും ഈ ബഡ്ജറ്റിൽ വകയിരുത്തിയതും മാത്രമല്ല. ആവശ്യം വരുമ്പോൾ കൂടുതൽ തുക ചിലവഴിക്കുന്നുണ്ട്. അങ്ങനെ ഒരു തീരുമാനം എടുക്കുന്നതിനുപിന്നിലുള്ള മനോവികാരമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഈ ഗവൺമെന്റ് ആർക്കുവേണ്ടി നിലനിൽക്കുന്നു ? ഈ ഗവൺമെന്റ് സാധാരണക്കാർക്കുവേണ്ടി നിലനിൽക്കുന്നു എന്നുള്ളതിന്റെ സൂചനയാണ് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിലും അതുപോലെതന്നെ മറ്റെല്ലാ പ്രവർത്തനങ്ങളിലും കാണാൻ കഴിയുന്നത്. സോഷ്യൽ വെൽഫെയർ ബോർഡിനു 10 ലക്ഷം രൂപ സ്റ്റേറ്റ് സ്കീം ഇനത്തിൽ നല്കിയിരിക്കുകയാണ്. ഐ. സി. ഡി. എസ്. ട്രെയിനിംഗ് പ്രോഗ്രാമിനുവേണ്ടി പണം അനുവദിച്ചിരിക്കുന്നു. ബീഡിക്ഷേമനിധിയിൽ സർക്കാരിന്റെ കോൺട്രിബ്യൂഷനായി ചെലവഴിച്ചത് 5 ലക്ഷം രൂപയാണ്. കശുവണ്ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അവർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നതിനുവേണ്ടി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം കൂടെ തന്നെ സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കാനും കേരളത്തിന്റെ ശില്പിയായിട്ടുള്ള ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ ആദരിക്കുവാനും ഒക്കെ ഇതിനകത്ത് തുക വകയിരുത്തിയിട്ടുണ്ട്. ഏറ്റവും സമർത്ഥമായിട്ടുള്ള രീതിയിൽ ജനകീയ പ്രസ്ഥാനങ്ങൾക്കുവേണ്ടി തുക മാറ്റിവയ്ക്കുവാൻ കഴിഞ്ഞിട്ടുള്ള ഗവൺമെൻറാണ് ഈ ഗവൺമെന്റ് എന്നു കാണുവാൻ നിങ്ങൾക്ക് കഴിയണം. കടബാധ്യതയുടെ കാര്യം പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിലെ കടബാധ്യത വർദ്ധിക്കുകയാണോ ചെയ്തത്? ഇവിടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പ്രസംഗിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം കടബാധ്യതകൾ വർദ്ധിച്ചിരുന്നതിന്റെ റേറ്റ് കുറയ്ക്കുകയാണ് ചെയ്തത് എന്നാണ് യഥാർത്ഥത്തിൽ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. 101 ശതമാനം അഖിലേന്ത്യാടിസ്ഥാനത്തിൽ Increase in the debts of the State Governments ഉണ്ടായിരുന്ന സമയത്ത് യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്ത്, സംസ്ഥാനത്തിൽ 115 ശതമാനം വർദ്ധനവുണ്ടായിരുന്നു. 93 ശതമാനം അഖിലേന്ത്യാടിസ്ഥാനത്തിൽ Rate of increase in debts ഉണ്ടായിരിക്കുന്ന സമയത്താണ് ഇവിടെ 73 ശതമാനം മാത്രം ഇൻക്രീസ് ഉണ്ടാകുന്നത്. അതു മാറ്റമല്ലേ ? ഈ മാറ്റത്തെ നിങ്ങൾക്ക് എന്തുകൊണ്ട് കാണാൻ കഴിയുന്നില്ല ? ഇവിടെ കടത്തിന്റെ കാര്യത്തിൽ വർദ്ധനവ് ഉണ്ടാക്കിയില്ല എന്നു പറയുവാൻ പറ്റില്ല. നമ്മൾ ജീവിക്കുന്ന ഇൻഡ്യയുടെ അന്തരീക്ഷം ആ രീതിയിലുള്ളതാണ്. സ്റ്റേറ്റ് ഗവൺമെന്റുകളുടെ സ്ഥിതി എന്താണ് ? കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പൊളിച്ച് എഴുതണമെന്നും നികുതി ഘടന പൊളിച്ചെഴുതണമെന്നും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾ ആവശ്യപ്പെടുന്ന സമയത്ത് അതിനെ അനുകൂലിക്കുന്നതിൽ എന്തെങ്കിലും ചെയ്തിട്ടുള്ളവരാണോ നിങ്ങൾ ? കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ വലിയ മാറ്റംതന്നെ ഉണ്ടാകണം. സ്റ്റേറ്റ് ഗവൺമെന്റുകളുടെ അവസ്ഥ മെച്ചപ്പെടണമെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനത്തിനും നയത്തിനും മാറ്റം ഉണ്ടാകണം. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പ്രസിദ്ധീകരിച്ച ഒരു പ്രസിദ്ധീകരണത്തിനകത്ത് സംസ്ഥാന ഗവൺമെന്റുകളുടെ ബഡ്ജറ്റുകളെ കുറിച്ച് പറയുന്ന ഭാഗത്ത് വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. While the States have been required to shoulder large development responsibilities, there exists sharp imbalances between revenue reserve powers and spending responsibilities of States relative to Centre. സംസ്ഥാന ഗവൺമെന്റിനോട് കേന്ദ്രഗവൺമെന്റ് കാണിക്കുന്ന സമീപനം എന്താണ് ? ഇതിനെക്കാൾ നല്ല ബഡ്ജറ്റ് അവതരിപ്പിക്കാൻ ആഗ്രഹമുണ്ടായിരുന്നു. ബഡ്ജറ്റ് എങ്ങനെയാണ് അവതരിപ്പിക്കാൻ കഴിയുന്നതെന്ന് നിങ്ങൾ പറയുക. സംസ്ഥാന ഗവൺമെന്റിനു കിട്ടുന്ന പദ്ധതിവിഹിതത്തിന്റെ 70 ശതമാനം ഇപ്പോൾ കടമായിട്ടാണ് കിട്ടുന്നത്. 30 ശതമാനം മാത്രമാണ് ഗ്രാന്റായിട്ട് കിട്ടുന്നത്. ആ 70 ശതമാനത്തിൽനിന്ന് മുൻകാല ബാധ്യതകൾ പിടിച്ചുവച്ച് നാമമാത്രമായ പദ്ധതിവിഹിതം മാത്രമാണ് സംസ്ഥാന ഗവൺമെന്റുകൾക്ക് തരിക. ഇവിടുത്തെ കോർപ്പറേറ്റ് മാനേജ്മെന്റുകളോട് കാണിക്കുന്ന ദാക്ഷിണ്യം സംസ്ഥാന സർക്കാരുകളോട് കാണിച്ചിട്ടുണ്ടോ? കേന്ദ്രം ഭരിച്ച കോൺഗ്രസ് (ഐ)യും ഇപ്പോൾ അതിന്റെ പിന്തുടർച്ചാവകാശം ഏറ്റെടുത്തിട്ടുള്ള B.J.P.യും താതനും തനയനുമാണ്.

താതൻ മറന്നാൽ തനയൻ തുടർന്ന്
തദ്വ്യുത്തഗണ്ഡം പരിപൂർണ്ണമാക്കുമെന്ന്

കവി പാടിയിട്ടുണ്ട്. കോൺഗ്രസ് തുടർന്നുവന്ന നയസമീപനങ്ങൾ മറന്നുപോയതുംകൂടി നടപ്പിലാക്കാൻ തനയൻ (ബി.ജെ.പി.) ഒരുങ്ങുകയാണ്. കോർപ്പറേറ്റ് മനേജ്മെന്റിനോട് കാണിക്കുന്ന ദാക്ഷിണ്യം ഇവിടെ കാണിക്കുന്നുണ്ടോ? കോൺഗ്രസ് (ഐ)യുടെ നേതാവ് ശ്രീമതി സോണിയാഗാന്ധി (FICCI) ഫിക്കിയും അസോചെമ്മും അടക്കമുള്ള വൻകിട കുത്തക വ്യവസായികളുടെ സമ്മേളനത്തിനുപോയി ഉദാരവൽക്കരണ സമീപനത്തെ പുകഴ്ത്തി സംസാരിച്ചല്ലോ ; അവർ അവിടെ ചെല്ലുമ്പോൾ എന്താണ് അവസ്ഥ? ഇവിടത്തെ ബാങ്കുകൾ നഷ്ടത്തിലാകുവാൻ പോവുകയാണ്. പൊതുമേഖലാ ബാങ്കുകൾ. ആ നഷ്ടത്തിലാകുന്ന പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കണമെന്ന് പറയുകയാണ്. എങ്ങനെയാണ് ഇൻഡ്യയിലെ പൊതുമേഖലാ ബാങ്കുകൾ നഷ്ടത്തിലായിട്ടുള്ളത് ? കോൺഗ്രസ് (ഐ)യുടെയും പ്രതിപക്ഷത്തിലെയും നേതാക്കന്മാർ ഇതിന് ഉത്തരം പറയണം. 58,000 കോടി രൂപ ഇൻഡ്യയിലെ വൻകിട കോർപ്പറേറ്റ് മാനേജ്മെന്റുകൾ ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിൽനിന്നും എടുത്ത കടം തിരിച്ചടയ്ക്കാതെ ബാക്കി വച്ചിരിക്കുകയാണ്. ആ കടം എഴുതിതള്ളിക്കൊണ്ട് ആ ബാങ്കുകളെ സ്വകാര്യമേഖലയിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശമാണ് പുത്തൻ സാമ്പത്തിക നയത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഭാഗമായി കൊണ്ടുവന്നിരിക്കുന്നത്. ഈ ഉദാരവൽക്കരണ സമീപനം ഇന്നു തുടങ്ങിയതല്ല. കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ ആ 58,000 കോടി രൂപയുടെ കടം എഴുതിതള്ളാനുള്ള ആനുകൂല്യം ഉണ്ടല്ലോ; അതുപോലെ സംസ്ഥാനഗവൺമെന്റിന്റെ കടബാധ്യത ഒന്ന് പരിഷ്ക്കരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കടമാക്കിയിട്ട് മാറ്റാനെങ്കിലും അല്ലെങ്കിൽ ആ കടത്തിൽ ഒരു അല്പം എങ്കിലും മാറ്റിവയ്ക്കുവാനുള്ള ദാക്ഷിണ്യമെങ്കിലും കാണിച്ചിരുന്നുവെങ്കിൽ ഇൻഡ്യയിലെ ഈ ഫെഡറൽ സംവിധാനം ഇതിനെക്കാൾ ശക്തമാകുമായിരുന്നു. കേരളത്തിൽ ഇതിനെക്കാൾ മെച്ചപ്പെട്ട ബഡ്ജറ്റ് അവതരിപ്പിക്കുവാൻ കഴിയുമായിരുന്നു. ഇന്നത്തെ രാഷ്ട്രീയ അന്തരീക്ഷത്തിലെ സാമ്പത്തിക അന്തരീക്ഷത്തിലെ വൈഷമ്യങ്ങൾ കാണുന്നില്ല. ഇവിടെ ആരുണ്ട് പുത്തൻ സാമ്പത്തിക നയത്തെ എതിർക്കുവാൻ ? കോൺഗ്രസ് ഇപ്പോൾ പറയുന്നുണ്ട്. പക്ഷേ, കോൺഗ്രസ്സിൽ എല്ലാപേരും പറയുന്നില്ല. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ചേർന്നിട്ട് ഉദാരവൽക്കരണ സമീപനവും പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങളും രാജ്യത്തിന് ആപത്താണ്. അതു മാറ്റണമെന്ന് പറയുകയാണ്. നന്നായിട്ട് ചിലർക്ക് മനസ്സിലായിട്ടുണ്ടെന്നാണ് തോന്നുന്നത്. മനസ്സിലായതുകൊണ്ട് മാത്രമല്ല തെരഞ്ഞെടുപ്പിൽ ഉണ്ടായ തകർച്ചയുടെ ഭാഗമായിട്ടാണ് ഇങ്ങനെ ഒരു ആലോചന നടത്തിയത്. അതിനകത്ത് എന്താണ് പറഞ്ഞതെന്ന് അറിയാമോ ? The CWC resolution said, the pivotal point is that every policy and programme must be people-oriented. സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്രയും വർഷക്കാലം കഴിഞ്ഞിട്ടാണോ people-oriented ആയിരിക്കണം പ്രോഗ്രാം എന്ന് മനസ്സിലായത് ? ഇവിടെ പ്രതിപക്ഷത്തെ നേതാക്കന്മാർ സംസാരിച്ചപ്പോൾ പറഞ്ഞു, ബി.ജെ.പി. ക്കാരാണ് ഇതിന് എല്ലാം ഉത്തരവാദികൾ എന്ന്. ബി.ജെ.പി.ക്കാർ മാത്രമാണോ ? കൗടില്യന്റെ അർദ്ധശാസ്ത്രത്തിൽ ഒരു പരാമർശമുണ്ട്. അതിൽ പറയുന്നത്, അന്ധനായിട്ടുള്ള രാജാവാണോ അതല്ല ചലിത ശാസ്ത്രനായിട്ടുള്ള രാജാവാണോ കൂടുതൽ അപകടം പ്രജകൾക്ക് ? ചിലർ പറഞ്ഞു കണ്ണുകാണാത്ത രാജാവാണ് അപകടമെന്ന്. പക്ഷേ, കൗടില്യൻ പറഞ്ഞത് അങ്ങനെയല്ല ചലിത ശസ്ത്രനായിട്ടുള്ള രാജാവാണ്. ശാസ്ത്രത്തിൽനിന്നും വ്യതിചലിക്കുന്ന രാജാവാണ് ജനങ്ങൾക്ക് കൂടുതൽ അപകടകാരി. അയാൾ രാജ്യത്തെ കുളത്തിൽ ഇറക്കുമെന്ന് പറഞ്ഞു. അങ്ങനെ കോൺഗ്രസ് (ഐ)യുടെ നേതാക്കന്മാരും ബി.ജെ.പി.യുടെ നേതാക്കന്മാരും ചലിത ശസ്ത്രനായിട്ടുള്ള രാജാക്കന്മാരായിരുന്നു. പുതിയ സാമ്പത്തിക നയം എന്ന പേരിൽ വേൾഡ് ട്രേഡ് ഓർഗനൈസേഷനും അതുപോലെ ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിനും വേൾഡ് ബാങ്കിനും വഴങ്ങിക്കൊണ്ട് Trade related Intellectual Property Rights എന്നുപറയുന്ന നിയമത്തിനു വശംവദമായിട്ട് പേറ്റന്റ് നിയമം പാസ്സാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചതുപോലെ കോൺഗ്രസ്സ് (ഐ) അനുകൂലിച്ചില്ലേ ? ആ പേറ്റന്റ് നിയമത്തിനുമുമ്പുതന്നെ പാരീസ് കൺവെൻഷനിൽ ഇന്ത്യ ചേരുന്നു എന്നുപറഞ്ഞപ്പോൾ അങ്ങനെ ചേരരുത് എന്നുപറയുവാൻ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉണ്ടായിരുന്നു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ വളരെ വ്യക്തമായിട്ട് പാരീസ് കൺവെൻഷനിൽ ചേർന്നാൽ ഉണ്ടാകുന്ന അപകടത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ കത്തിനു മറുപടിയായി പ്രധാനമന്ത്രി മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ പാരീസ് കൺവെൻഷനിൽ ചേർന്നാലുള്ള ഗുണഗണങ്ങളെയാണ് വർണ്ണിച്ചത്. നിങ്ങൾ ഇന്ന് വർണ്ണിച്ചുകൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഗുണഗണങ്ങളാണ്. പക്ഷേ, അതിനു മറുപടിയായി വീണ്ടും കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങോട്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

കത്തയച്ചു, എങ്ങനെയാണ് പാരീസ് കൺവെൻഷനിൽ ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് സ്വാധീനംചെലുത്തുന്നത് ? ഇവിടെ ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ അടക്കം പേറ്റന്റ് നിയമത്തിന് എതിരായി, മരുന്നിന്റെ രംഗത്തുണ്ടാകുന്ന വിലക്കയറ്റത്തിന് എതിരായി ശ്രദ്ധക്ഷണിക്കൽ ഒക്കെ അവതരിപ്പിച്ചു. ഞങ്ങൾക്ക് നന്ദി ഉണ്ട് ആ കാര്യത്തിൽ. സർ, അതെല്ലാം ഒരു വശത്തു പറഞ്ഞിരിക്കുന്നു. എന്നിട്ട് പുത്തൻ സാമ്പത്തികനയത്തിന്റെ എല്ലാ നിബന്ധനകളെയും കൈപൊക്കി അംഗീകരിക്കുന്ന ഒരു സ്ഥിതിയുണ്ടായാൽ ഈ രാജ്യം എവിടെയെത്തിച്ചേരുമെന്ന് ആലോചിക്കണം. ഇവിടെ സായ്പിന്റെ വരവിന്, ബിൽ ക്ലിന്റന്റെ വരവിന് 'ജയജയ' പാടുകയാണ്. പണ്ട് ബ്രിട്ടീഷുകാർ വന്നപ്പോൾ, അന്നദാതാവായ അഞ്ചാം ജോർജ് തിരുമേനിക്ക് മംഗളം പാടിക്കൊണ്ട് കുട്ടികളെ പഠിപ്പിക്കണമെന്ന് പറഞ്ഞവർ ഇന്ത്യാമഹാരാജ്യത്തുണ്ടായിരുന്നു. ധാരണയില്ലാഞ്ഞിട്ടാണ്. ഇപ്പോഴും അതുതന്നെ പറയുകയാണ്. വളരെ ബാലിശമായിട്ടാണ് നിങ്ങൾ കാര്യങ്ങളെ കാണുന്നത്. എനിക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് വളരെയേറെ ബഹുമാനമുണ്ട്. അദ്ദേഹം എന്താണ് പറഞ്ഞത് ? നിയോ കൊളോണിയലിസത്തിന്റെ വരവ്, സാമ്രാജ്യത്വലോകങ്ങൾ ഏർപ്പെടുത്തുന്ന നിബന്ധന. ഇപ്പോൾ ക്ലിന്റന്റെ കൂടെ 'വിഷൻ സ്റ്റേറ്റ്മെന്റി'ൽ ഒപ്പിട്ടിരിക്കുകയാണ്. എന്താണ് വിഷൻ സ്റ്റേറ്റ്മെന്റ്? ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട മേഖലകളെല്ലാം പരിശോധിക്കാനും കാണാനും അമേരിക്കൻ സാമ്രാജ്യത്വത്തിന്, ലോക പോലീസിന് സ്വാതന്ത്ര്യം നേടിക്കൊടുക്കുന്ന വിഷൻ സ്റ്റേറ്റ്മെന്റിൽ ഒപ്പിട്ടിരിക്കുകയാണ്. ആളുകളുടെ ജീവിതത്തിന്റെ ഗതി എന്തായിരിക്കുമെന്നു നിങ്ങൾ പരിശോധിക്കണം. 'നാറ്റോ'-വിലൂടെയും എൽ.പി.ജി-യിലൂടെയും (ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ) നമ്മുടെ രാജ്യം പോലുള്ള മൂന്നാം ലോകരാജ്യത്തെ സമ്പത്ത് ഊറ്റിയെടുക്കുന്ന ഡ്രാക്കുളയായിട്ടു മാറിയിരിക്കുകയാണ് സാമ്രാജ്യത്വം. അതിനെ എതിർക്കാൻ കഴിയുമോ? നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ചേരിചേരാ നയംപോലും തട്ടിത്തെറിപ്പിക്കുമ്പോൾ നിങ്ങൾക്ക് പറയാനുള്ള ഒരു ന്യായമുണ്ട്, വേറെ പോംവഴി ഇല്ലെന്ന്. വേറെ പോംവഴിയില്ലേ ? കൊച്ചു രാജ്യമായ ക്യൂബയെ നിങ്ങൾ പരിശോധിച്ചു നോക്കൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ബക്കറ്റ് പിരിവില്ലേ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഞങ്ങൾ ബക്കറ്റ് പിരിവു നടത്തും. ഞാൻ പറയുന്നതു നിങ്ങൾ കേൾക്കുക. ഞാൻ ക്യൂബ സ്വർഗ്ഗമാണെന്നൊന്നും വിശദീകരിക്കുകയല്ല. ഇന്ത്യ ഭരിച്ചിട്ടുള്ള കോൺഗ്രസ്സ് (ഐ)യും ബി.ജെ.പി.യു മടക്കമുള്ള മന്ത്രിമാരുടെ രാജ്യസ്നേഹമില്ലായ്മയെ തുറന്നു കാണിക്കാനാണ് ഞാൻ പറയുന്നത്. ക്യൂബയുടെ വിദേശകാര്യമന്ത്രി ഐക്യരാഷ്ട്ര സഭയുടെ 54-ാമത് സെഷനിൽ പങ്കെടുത്തുകൊണ്ട് ഒരു പ്രസംഗം നടത്തി. ഇവിടെയിരിക്കുന്ന എല്ലാവരും കേൾക്കേണ്ട പ്രസംഗമാണ്. ഐക്യരാഷ്ട്രസഭയുടെ സെഷനിൽ ചെന്നിട്ട് ക്യൂബൻ വിദേശകാര്യമന്ത്രി പറഞ്ഞു. ഇവിടെയിരിക്കുന്നത് 150-ഓളം വരുന്ന വിവിധ രാജ്യങ്ങളിലെ അംബാസഡർമാരും വിദേശകാര്യ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിമാരും വിദേശകാര്യമന്ത്രിമാരുമാണ്. നിങ്ങളോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ഐക്യരാഷ്ട്രസഭ ഈ ലോകത്തിലെ രാജ്യങ്ങളുടെ തുല്യത കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ആർക്കിടയിലാണ് തുല്യത കൊണ്ടു വരുന്നത് ? 25,000 ഡോളറിന്റെ ഗ്രോസ്സ് ഡൊമസ്റ്റിക് പ്രോഡക്റ്റ് (ജി.ഡി.പി) യുള്ള രാജ്യങ്ങളുടെ പ്രതിനിധികൾ ഇവിടെയിരിക്കുന്നു. 300 യു.എസ്. ഡോളർ മാത്രം വരുമാനമുള്ള രാജ്യങ്ങളുടെ പ്രതിനിധികളും ഇവിടെയിരിക്കുന്നു. ഇവരുടെയിടയിൽ എങ്ങനെയാണ് തുല്യതയുണ്ടാക്കുന്നത്?' നിങ്ങൾ പുതിയ സാമ്പത്തിക നയം മത്സരമുണ്ടാക്കുമെന്നു പറഞ്ഞില്ലേ ? ആ മത്സരത്തിലൂടെ ഇൻഡ്യൻ വ്യവസായം കിളിർത്തുവരുമെന്ന് നിങ്ങൾ പ്രമുഖ പത്രങ്ങളിൽ എഴുതിപ്പിച്ചില്ലേ ? ഇതു ദാവീദിന്റെയും ഗോലിയാത്തിന്റെയും പഴയ കഥ പോലെയല്ല. ദാവീദും ഗോലിയാത്തും കൂടി യുദ്ധം ചെയ്യാൻ പുറപ്പെട്ടാൽ ഭവിഷ്യത്ത് ഇൻഡ്യൻ ജനത അനുഭവിക്കേണ്ടതായിവരും. ക്യൂബൻ വിദേശകാര്യമന്ത്രി ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചു. 17 കോടി യു.എസ്. ഡോളർ വളർത്തുമൃഗങ്ങളുടെ പഥ്യാഹാരത്തിന് ചെലവഴിക്കുന്നതിന്റെ പ്രതിനിധികളും ഇവിടെയിരിക്കുന്നു, എന്നാൽ ഒരു നേരത്തെ ആഹാരത്തിന് ഗതിയില്ലാത്ത പട്ടിണിപാവങ്ങൾ അടിഞ്ഞുകൂടുന്ന മഹാഭൂരിപക്ഷം വരുന്ന ഈ ഭൂമിയിലെ ഭൂപ്രദേശത്തിന്റെ ഉടമകളും ഇവിടെയിരിക്കുന്നു എന്നാണ്. അമേരിക്കയിലെ കോടീശ്വരൻ ബിൽ ഗേറ്റ്സ് വിചാരിച്ചാൽ, അമേരിക്ക എന്നു മാത്രം പറയേണ്ട. ഇവിടെ പ്രോജിയുമുണ്ട്. അവർ വിചാരിച്ചാൽ ലോകത്തിലെ 48 രാജ്യങ്ങളെ വിലയ്ക്കെടുക്കാനുള്ള സമ്പത്ത് അവർക്കുണ്ട്. ഞങ്ങൾ പറയുന്നത്, ആ സമ്പത്തിന്റെ വികേന്ദ്രീകരണത്തിനാണ്. അതു രാജ്യത്തിലെ പൗരന്മാർക്കുവേണ്ടി ഉപയോഗിക്കണമെന്ന ഈ മനഃശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ് കേരളത്തിലെ ബഡ്ജറ്റും ജനകീയാസൂത്രണപ്രക്രിയയും ഞങ്ങൾ തയ്യാറാക്കുന്നത്. നിങ്ങൾക്ക് അതു മനസ്സിലാകുന്നില്ല. നിങ്ങൾക്ക് മധ്യവർഗ്ഗത്തിന്റെ വ്യാമോഹം പിടികൂടിയിരിക്കുകയാണ്. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട നേതാക്കൾക്ക് പോലും അങ്ങനെ പിടികൂടിയല്ലോയെന്നു ഓർക്കുമ്പോൾ ഞങ്ങൾക്ക് അതീവസങ്കടമുണ്ട്. നിങ്ങൾ സൂപ്പർമാർക്കറ്റിലെ ആഡംബരവും ധൂർത്തും മാത്രമേ കാണുന്നുള്ളൂ. ടെക്നോളജി വികസിപ്പിക്കണമെന്നു നിങ്ങൾ പറയുമ്പോൾ സാധാരണക്കാരന്റെ പട്ടിണി അകറ്റാൻ, കാർഷികമേഖലയിലും ചെറുകിട വ്യവസായസംരംഭങ്ങളിലുമുണ്ടാകേണ്ട പരിഷ്ക്കാരങ്ങൾ നിങ്ങൾ കാണുന്നില്ല. ഇതാണ് വികസനത്തെ സംബന്ധിച്ചുള്ള വ്യത്യാസം. വികസനം പല വിധത്തിലുണ്ട്. ഡൽഹിയിലെ സാമ്പത്തികശാസ്ത്രജ്ഞനായിട്ടുള്ള ഇഗ്നേസി സാച്ചസ് പറഞ്ഞത് വികസനം മൂന്നു-നാലു തരത്തിലാകാമെന്നാണ്. ഒന്ന്, സാവേജ് ഗ്രോത്താണ്. സാവേജ് ഗ്രോത്തിനകത്ത് ഇക്കണോമിക്കൽ സൈഡ് നല്ലതായിരിക്കും. പക്ഷേ, എൻവയോൺമെന്റൽ സൈഡും ജനങ്ങൾക്ക് ഇക്യൂറ്റബിളായിട്ടുള്ള യാതൊന്നും തന്നെ അതിലുണ്ടായിരിക്കുകയില്ല. സാവേജ് ഗ്രോത്ത് ആഗ്രഹിക്കുന്നുണ്ടോ ? സാവേജ് ഗ്രോത്ത് ആഗ്രഹിച്ചിട്ടായിരിക്കണം കോൺഗ്രസ് (ഐ) ഉദാരവൽക്കരണസമീപനം കൊണ്ടുവന്നത്. ഞങ്ങൾ സാവേജ് ഗ്രോത്തിൽ വിശ്വസിക്കുന്നില്ല. എൻവയോൺമെന്റലായിട്ടും ജനങ്ങൾക്ക് ഇക്യൂറ്റബിളായിട്ടുള്ള whole ഗ്രോത്താണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആ ഹോൾ ഗ്രോത്തിനാണെങ്കിൽ സമ്പത്തിന്റെ വികേന്ദ്രീകരണം ആവശ്യമാണ്. ചൂഷകരെ നിയന്ത്രിക്കാൻ ആവശ്യമാണ്. അതുപോലെ കോടീശ്വരൻമാർ അടയ്ക്കാനുള്ള, കെട്ടിക്കിടക്കുന്ന നികുതി കുടിശ്ശിക പിടിച്ചെടുക്കാൻ ആവശ്യമാണ്. ഇങ്ങനെയൊരു സമീപനം എന്തുകൊണ്ട് ഇന്ത്യൻ പാർലമെന്റിനകത്ത് നടക്കുന്നില്ല. ഇതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ്. അതിനെതിരായിട്ടുള്ള സമീപനം കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നടത്താൻ, വരവുചെലവുകളുടെ കണക്കുകളുടെ ബാലൻസ് അല്പമെങ്കിലും പിടിച്ചുനിർത്താൻ കേരളത്തിലെ ധനകാര്യമന്ത്രിക്ക് കഴിഞ്ഞു എന്നതാണ്. കേരളത്തിലെ ജനകീയാസൂത്രണ പ്രക്രിയ ലോകത്തിലെ ദാരിദ്ര്യമനുഭവിക്കുന്ന മുഴുവൻ ജനങ്ങൾക്കും ആശയുടെ ഒരു കിരണമായിട്ട് വളർന്നുവരികയാണ്. അതിനെ മാറ്റാൻ നിങ്ങളെത്ര പറഞ്ഞാലും കഴിയുകയില്ല. ഒരു 'ടൈറ്റാനിക്' ദുരന്തത്തിലേയ്ക്ക് ഈ രാജ്യം നീങ്ങുകയാണ്. ഐസ്ബെർഗുകൾ കണ്ടുകൊണ്ട് അതിനു നേർക്കുതന്നെ കപ്പലോടിക്കുന്ന കപ്പിത്താനായിട്ട് ഇന്ത്യൻ ഭരണാധികാരികൾ മാറുമ്പോൾ, ഐസ്ബെർഗുകൾ ഉണ്ടെന്നു വിളിച്ചുപറയാനുള്ള കാരുണ്യമെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷം ഈ രാജ്യത്തെ ജനതയോട് കാണിക്കണം. നിങ്ങൾ നൂറുകോടി ജനതയോടും കാരുണ്യം കാണിക്കണം. അവർക്കുവേണ്ടി നിങ്ങൾ നില കൊള്ളണമെന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ കേരളമെന്നു പറയുന്നത്, സമ്പൽസമൃദ്ധമായ ഒരു കൊച്ചു കേരളമാണ്. ഐശ്വര്യപൂർണ്ണമായ കൊച്ചുകേരളത്തിലെ നിയമനിർമ്മാണ സഭയിലിരുന്നുകൊണ്ട് നമ്മുടെ കൊച്ചു സങ്കൽപ്പങ്ങളും നമ്മുടെ കൊച്ചു ബഡ്ജറ്റും ചർച്ച ചെയ്യുമ്പോൾ ക്യൂബയും റഷ്യയും അമേരിക്കയുമൊന്നും കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ശ്രീമതി ശൈലജ ടീച്ചർ വളരെ നല്ല കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 1999 മാർച്ച് 18-ന് അവതരിപ്പിച്ച 1999-2000-ത്തിലെ ബഡ്ജറ്റിൽ പറഞ്ഞതിൽ നിന്നു വ്യത്യസ്തമായി കുറേക്കൂടി തുക ചെലവഴിക്കുമെന്ന ആവശ്യവുമായിട്ടാണ് ഇവിടെ ഫൈനൽ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവന്നിട്ടുള്ളത്. ഒരുപാട് ഉപധനാഭ്യർത്ഥനകൾ കണ്ട സഭയാണിത്. ഉപധനാഭ്യർത്ഥനകൾ സഭയിൽ വരികയും അതു പാസ്സാക്കുന്നതും ഇതിന്റെ ഭാഗം തന്നെയാണ്, ഞങ്ങളും ചെയ്തിട്ടുള്ള കാര്യമാണ്. ഞങ്ങൾക്ക് അതിൽ എതിരുമില്ല. ഉപധനാഭ്യർത്ഥനയിൽ പോലും രാഷ്ട്രീയം കടത്തുന്ന വളരെ മോശമായ ഒരു സമീപനം ഇതിനു മുമ്പ് എപ്പോഴെങ്കിലും സഭയിൽ നടന്നിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുള്ള ഒരാളാണ് ഞാൻ. അപ്പുറത്ത് നിന്ന് സംസാരിച്ചവർ കമ്മീഷനുകളെക്കുറിച്ച് പറഞ്ഞു. ശിവഗിരി കമ്മീഷൻ, വിഴിഞ്ഞം കമ്മീഷൻ, ബ്രഹ്മപുരം കമ്മീഷൻ തുടങ്ങിയ പലതരം കമ്മീഷനുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതൊക്കെ നല്ല കാര്യങ്ങളാണ്. അഴിമതികളൊക്കെ കണ്ടുപിടിക്കാൻ ഞങ്ങൾ കുറേ തുക വകയിരുത്തിയിട്ടുണ്ട് എന്നാണ് പറയുന്നത്. കമ്മീഷനെ വയ്ക്കുന്നതിൽ ഞങ്ങളാരും എതിരല്ല. ഞങ്ങൾ അഴിമതിക്കു കൂട്ടുനിൽക്കുന്ന ആളുകളല്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

അതാണോ നമ്മുടെ പ്രശ്നം ? കേരളത്തിന്റെ കാർഷിക-വ്യവസായിക രംഗം, ടൂറിസം, പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം തുടങ്ങിയ മേഖലകളെല്ലാം ഇന്നെവിടെ നിൽക്കുന്നു ? ബഹുമാനപ്പെട്ട മന്ത്രി മറ്റൊരു ബഡ്ജറ്റും ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഇവിടെ ചർച്ച ചെയ്യുന്ന കാര്യത്തിന്റെ കാലാവധി ഈ മാർച്ച് 31-ന് കഴിയുകയാണ്. അതിൽ കേരളത്തിലെ അടിസ്ഥാന മേഖലകൾക്ക് പ്രയോജനം ചെയ്യുന്ന, കഴിഞ്ഞ വർഷം വരുത്തിയ വീഴ്ചകൾക്ക് മാറ്റം വരുത്താൻ എന്തെങ്കിലും കാര്യം ഈ സപ്ലിമെന്ററി ഡിമാന്റ് എന്നു പറയുന്ന ബുക്കിനകത്തുണ്ടോ ? തൊഴിലില്ലായ്മ വേതനത്തിൽ 37 കോടി രൂപയാണ് ഇപ്പോൾ കുടിശ്ശിക. കർഷകത്തൊഴിലാളി പെൻഷനിൽ 34 കോടി രൂപയാണ് കുടിശ്ശിക. അതിനുവേണ്ടി ഇതിൽ ഒരു രൂപയെങ്കിലും പറഞ്ഞിട്ടുണ്ടോ ? ഇവിടെ ശ്രീ. ജോണിനെല്ലൂർ സംസാരിച്ചപ്പോൾ പറഞ്ഞു, കോൺട്രാക്റ്റർമാർക്ക് ഏതാണ്ട് 760 കോടി രൂപയാണ് കുടിശ്ശികയായിട്ടുള്ളത്. കേരളത്തിന്റെ വികസനമാകെ മുരടിച്ചുനിൽക്കുകയാണ്. ആ കുടിശ്ശിക തുക ഇതിനകത്തു വകയിരുത്തിയിട്ടുണ്ടോ ? എന്നിട്ടാണ് ഇവിടെ പ്രസംഗിക്കുന്നത്. ഇവിടത്തെ പ്രസംഗമെല്ലാം ജനകീയാസൂത്രണത്തെക്കുറിച്ചാണ്. അവസാനം പ്രസംഗിച്ച ബഹുമാനപ്പെട്ട ടീച്ചർ പറഞ്ഞത്, എൻവയോൺമെന്റൽ ആന്റ് ഇക്യൂറ്റബിൾ ഗ്രോത്തിലാണ് ഞങ്ങൾക്ക് വിശ്വാസമെന്ന്. നല്ലതാണ് ഇനി ജനകീയാസൂത്രണത്തിന്റെ കാര്യമെടുക്കാം. നിയമസഭയിൽ എനിക്കു നൽകിയ മറുപടി ഇവിടെയിരിപ്പുണ്ട്. ജനകീയാസൂത്രണത്തിന് കഴിഞ്ഞവർഷം 1020 കോടി രൂപയാണ് മാറ്റിവച്ചത്. മറ്റിനങ്ങൾക്കായി 268.13 കോടി രൂപ മാറ്റിവച്ചു. 13-3-2000-ന് 424-ാം നമ്പർ സ്റ്റാർഡ് ക്വസ്റ്റ്യനായി ഞങ്ങൾ ചോദിച്ച ചോദ്യത്തിന് ബഹുമാന്യനായ മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി നൽകിയ മറുപടിയുണ്ട്. എന്താണ് ആ മറുപടി ? അതിൽ 1020 കോടിരൂപ പ്ലാൻ സ്കീമിലും മറ്റിനങ്ങളിലായി 268.13 കോടി രൂപയുമായിട്ട് ആകെ 1288.13 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഞങ്ങൾ ചോദിച്ചല്ലോ എത്രയാണ് ചെലവായത് എന്ന്. കണക്കുകേൾക്കണ്ടേ ? 29-2-2000, രണ്ടാഴ്ച മുമ്പുവരെ ജില്ലാ പഞ്ചായത്ത് ആകെ ചെലവഴിച്ചത് 68,56,54,302 രൂപ; ഗ്രാമപഞ്ചായത്ത് 2,41,50,31,844 രൂപ. ശ്രീ. കെ. പ്രകാശ് ബാബു ഇതു കേൾക്കണം, മുനിസിപ്പാലിറ്റീസ് ആന്റ് കോർപ്പറേഷൻ ചെലവാക്കിയത് 90,57,00,000 രൂപ. അങ്ങനെ ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റീസും കോർപ്പറേഷനും കൂടി ആകെ ചെലവഴിച്ച തുക, രണ്ടാഴ്ച മുമ്പുവരെ 460,54,16,146 രൂപ മാത്രം. അനുവദിച്ചതോ ? 1288 കോടി 13 ലക്ഷം രൂപ അനുവദിച്ചതിൽ 460,54,16,146 രൂപ മാത്രമെന്നു പറഞ്ഞാൽ അനുവദിച്ച തുകയുടെ 36.5 ശതമാനം തുക മാത്രമാണ് ഒരാഴ്ച ബാക്കിനിൽക്കുമ്പോൾ ചെലവാക്കിയത്. എന്താണ് നിങ്ങളുടെ ജനകീയാസൂത്രണം ? ഇപ്പോൾ ചെക്ക് എഴുതിത്തുടങ്ങി,

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് പോകുന്നത് എവിടേയ്ക്കാണ് ? കെ.എസ്.ഇ.ബി. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലേയ്ക്ക് ചെക്കെല്ലാം പോകും. വർഷാന്ത്യ കണക്കിൽ ഇതെല്ലാം ശരി. പ്രത്യുല്പാദന മേഖലയിൽ വികസനരംഗത്ത് വട്ടപ്പൂജ്യമാണ് നിങ്ങൾ.

ശ്രീ. കെ. പ്രകാശ് ബാബു : സർ, മിനിഞ്ഞാന്നുള്ള പത്രത്തിൽ വിവിധ ജില്ലാ പഞ്ചായത്തുകൾക്ക് മൂന്നുകോടി, രണ്ടുകോടി രൂപവീതം അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റിന്റെ ഉത്തരവ് തലസ്ഥാന വാർത്തകളിൽ ഉൾപ്പെടുത്തിവന്നിട്ടുണ്ട്. ശ്രീ. തമ്പാനൂർ രവി അതുവായിച്ചാൽ മനസ്സിലാകും.

ശ്രീ. തോമസ് ചാഴികാടൻ : സർ, മിനിഞ്ഞാന്നുള്ള പത്രത്തിൽ വിവിധ ജില്ലാ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് വന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട കെ. പ്രകാശ് ബാബു ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ കോട്ടയം ജില്ലാ പഞ്ചായത്ത് ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആളുകളാണ്. ഇടതുപക്ഷം ഭരിക്കുന്ന ജില്ലാ പഞ്ചായത്തിൽ മൊത്തമുള്ള പദ്ധതിവിഹിതത്തിന്റെ, അതായത് 9 കോടി രൂപയുടെ പദ്ധതി ഇവിടെ സമർപ്പിച്ചിട്ട് അതിൽ 1,80,00,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും ബാക്കിയുള്ള 7,20,00,000 രൂപ ലാപ്സാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി അവരെ ഏല്പിച്ചിട്ടുണ്ടെന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. തമ്പാനൂർ രവി : സർ, അതാണ് ഞാൻ പറയുന്നത്. ശ്രീ. കെ. പ്രകാശ് ബാബു എന്നോട് ക്ഷമിക്കണം. എന്റെ കൈയിലുള്ള രേഖ ആധികാരിക രേഖയാണ്. ഈ സഭയ്ക്കകത്തെ രേഖയാണ്. ഈ കഴിഞ്ഞ മാർച്ച് 13-ന് ബഹുമാന്യനായ എൽ.എ. മിനിസ്റ്റർ ശ്രീ പാലൊളി മുഹമ്മദ് കുട്ടി നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 424-ന് നൽകിയ ഉത്തരമാണ്. ഇതിലപ്പുറം വേറെ രേഖയുണ്ടോ ? ഇതാണ് ലേറ്റസ്റ്റ് റിക്കോർഡ്. ആ രേഖയനുസരിച്ച് കേരളത്തിൽ 1288 കോടി 13 ലക്ഷം രൂപ കൊടുത്തപ്പോൾ ഈ സാമ്പത്തിക വർഷം ഇനി 10 ദിവസംമാത്രം ബാക്കി നിൽക്കെ ചെലവാക്കിയത് വെറും 460 കോടി രൂപമാത്രം, അതായത് 36.5 ശതമാനം ബാക്കി 63.5 ശതമാനം എന്തുചെയ്യും? ചെക്കെഴുതിത്തുടങ്ങി. ഇതല്ലേ തരിക ? ഈ ആസൂത്രണം വേണോ ? എന്റെ ചോദ്യമതാണ്. ത്രിതല സംവിധാനത്തിനോ അധികാരവികേന്ദ്രീകരണത്തിനോ ഒന്നും ഞങ്ങളാരും എതിരല്ല. ഇതല്ലേ അവിടെ നടക്കുന്നത് ? ഞാൻ മാനവീയത്തിനെതിരല്ല. മാനവീയം നമ്മുടെ കേരളത്തിന്റെ തനിമ നിലനിർത്തുവാൻ, സാംസ്ക്കാരികരംഗം വളർത്തുവാൻ പുതിയ സഹസ്രാബ്ദത്തിൽ വളരെ നല്ല ഒരാശയമാണ്. ഞങ്ങൾ ആലോചിച്ചു നോക്കി. ഞങ്ങൾ എതിർത്തില്ല. ഇന്ത്യയിലെ മറ്റേതെങ്കിലുമൊരു സംസ്ഥാനത്ത് മാനവീയം പോലുള്ള ഒരു പരിപാടിക്ക് ഇത്രയേറെ ധൂർത്തുണ്ടാക്കുന്ന ഒരു സംസ്ഥാനം കേരളത്തിലല്ലാതെ വേറെയുണ്ടോ? ഇവിടെ എന്താണ് നടക്കുന്നത് ? ഇവിടെ കേരളത്തനിമ തെറ്റിച്ചുകൊണ്ട്, കേരളത്തിന് താല്പര്യമില്ലാത്ത, കേരളത്തിന് അംഗീകരിക്കാൻ കഴിയാത്ത കുറെ ആളുകളെ കൊണ്ടുവന്ന് ആട്ടവും കൂത്തും പാട്ടുമൊക്കെ നടത്തിയിട്ട് അതിന് കോടികൾ ധൂർത്തടിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ ഒരുകോടി രൂപ മാറ്റിവച്ചു. ഇതിനകം എത്ര കോടി രൂപ നിങ്ങൾ ചെലവഴിച്ചു ? ഞങ്ങൾ ടി.വി. ചാനൽ കൊണ്ടുവരുമെന്ന് നേരത്തേ ഇവിടെ ശ്രീ. പി. വിശ്വൻ പറഞ്ഞല്ലോ ? കൊണ്ടുവന്നോ. ഈ മാനവീയം പരിപാടിയും നിങ്ങളുടെ ടി.വി. ചാനൽ പരിപാടിയും വരുമ്പോൾ കേരളത്തിൽ ഒരു റിയോകാർണിവൽ നടത്തുമോ എന്നാണ് സംശയമുള്ളത്. ഈ നിലയ്ക്കുപോയാൽ ഒരു റിയോ കാർണിവൽ കേരളത്തിൽ നടത്താൻ മാർക്സിസ്റ്റു പാർട്ടി തയ്യാറാകുമോ എന്നാണ് ഈ ചാനൽ ടി.വി.യും അതുപോലെതന്നെ മാനവീയവും കൂടി കൂട്ടി വായിക്കുമ്പോൾ എന്റെ സംശയം. ഇവിടെ ഒരുകാര്യം വളരെ വ്യക്തമാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവസാനം പറഞ്ഞു ധനകാര്യവകുപ്പുമന്ത്രി വളരെ നല്ല മന്ത്രിയാണെന്ന്. ശരിയാണ്, ധനകാര്യവകുപ്പുമന്ത്രി നല്ലവനാണ്. മിടുക്കനാണ്, എനിക്ക് സംശയമില്ല. നമ്മുടെ ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരൊക്കെ വളരെ മിടുക്കൻമാരാണ്. പക്ഷേ, അവരെ കാര്യം ചെയ്യാൻ വിടണ്ടേ? ഇതാരാണ് ചെയ്യുക? ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ തകരാറെന്താണ്? ഈ ഗവൺമെന്റിനെ നിയന്ത്രിക്കുന്നത് ബാഹ്യഭരണഘടനാ ബിന്ദുക്കളാണ്. Extra Constitutional centres. ഇവിടെ ഭരണം നടത്തുന്നത് സെക്രട്ടേറിയറ്റിലല്ല. ഞാൻ സ്ഥലം പറയേണ്ടല്ലോ, വേറെ സ്ഥലങ്ങളിലാണ്. അവിടെയിരിക്കുന്ന ആളുകൾ ഈ ജനാധിപത്യമൊന്നും നോക്കാതെ, ഈ ഭരണത്തിന്റെ ചട്ടക്കൂടൊന്നും നോക്കാതെ ചില സ്ഥലങ്ങളിലിരുന്നുകൊണ്ട് ചില കാര്യങ്ങൾ തീരുമാനിക്കുകയും ആ തീരുമാനം നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കി വരികയും ചെയ്യുമ്പോൾ നമ്മുടെ മിടുക്കൻ ഉദ്യോഗസ്ഥന്മാർ നോക്കുകുത്തികളാകുന്നു. മിടുക്കന്മാരായ മന്ത്രിമാർ നോക്കുകുത്തികളാകുന്നു. ഫലമോ? ഇതൊരു സാമ്പത്തിക വൈദഗ്ദ്ധ്യമാണ്. finance management expertise എന്നാണ് പറയുന്നത്. ധനകാര്യരംഗത്ത് പ്രധാനപ്പെട്ട ഒരു കാര്യമാണത്. ഇന്ന് ആ ധനകാര്യ മാനേജുമെന്റിലെ വൈദഗ്ദ്ധ്യം ഈ ഗവൺമെന്റിന് പൂർണ്ണമായി നശിച്ചിരിക്കുകയാണ്. ഇവിടെ എന്തു ചെയ്യണം, എന്തു ചെലവാക്കാം. എന്തു ചെലവാക്കാൻ പാടില്ല എന്നതാണ് ഇന്ന് ഏറ്റവും വലിയ പ്രശ്നം. അവസരത്തിലും അനവസരത്തിലും ആവശ്യമായ മേഖലകളിൽ വാരിക്കോരി പണം ചെലവഴിക്കുന്ന ഈ ഗവൺമെന്റ് യഥാർത്ഥത്തിൽ ജനകീയ പ്രശ്നത്തിൽ മുഖം തിരിച്ചുനിൽക്കുകയാണ്. പബ്ലിസിറ്റിക്കുവേണ്ടി അവർ എന്തും ചെയ്യും. നമ്മൾ പുതിയ ബഡ്ജറ്റിലേയ്ക്ക് കടക്കുമ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ എന്തൊക്കെ ചെയ്തു എന്നുള്ളകാര്യം വളരെ പ്രധാനമല്ലേ? കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. പി. ജെ. ജോയി ചില കാര്യങ്ങൾ പറഞ്ഞു. അതിൽ ഒന്നുരണ്ട് കാര്യങ്ങൾ എടുത്തുപറയുകയാണ്. ആയിരം കിലോമീറ്റർ വരുന്ന ദേശീയ പാതയുടേയും ജില്ലാ റോഡുകളുടേയും പുനർനിർമ്മാണത്തിന് ഈ വർഷം തുടക്കം കുറിക്കും. എവിടെ കുറിച്ചു? ഇനി 10 ദിവസമുണ്ട്, തുടക്കം കുറിച്ചിട്ടുണ്ടോ? ഇല്ല. അപ്പോൾ ഈ ബഡ്ജറ്റിൽ വല്ല കാര്യവുമുണ്ടോ? ഇല്ല. സംസ്ഥാന എക്സ്പ്രസ് ഹൈവേയുടെ ഒന്നാം ഘട്ടമായി കണ്ണൂർ കോഴിക്കോട് ഹൈവേ ഏറ്റെടുക്കുമെന്നുപറഞ്ഞു. സർവ്വേ കുറച്ചു നടന്നു എന്നുള്ളതല്ലാതെ എന്തെങ്കിലും നടന്നോ ? നടന്നിട്ടില്ല. ഇതുകൊണ്ട് എന്തെങ്കിലും അർത്ഥമുണ്ടോ മി. ശിവദാസമേനോൻ ? നബാർഡിൽ നിന്നും റോഡുകളുടേയും പാലങ്ങളുടേയും

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിന് 90 കോടി രൂപ പ്രതീക്ഷിക്കുന്നു എന്നുപറഞ്ഞു. ചർച്ച നടന്നിട്ടില്ല എന്നുമാത്രമല്ല, കാലാകാലങ്ങളിൽ കാർഷിക മേഖലയ്ക്ക് മുന്നൂറും നാന്നൂറും അഞ്ഞൂറും കോടി രൂപ അനുവദിക്കുന്ന നബാർഡ് ഈ ഗവൺമെന്റിന്റെ പിടിപ്പുകെട്ട സാമ്പത്തികനയം മൂലം കാശുതരാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊണ്ട് നബാർഡ് ഇവിടെ ഗവൺമെന്റിന് കത്തുനൽകിയിരിക്കുന്നു. ഞാനിന്നലെ ആ കത്ത് സഭയിൽ വായിച്ചു. ചൈനയുടെ സഹായത്തോടെ 18 ജലവൈദ്യുത പദ്ധതികൾ തുടങ്ങും, നടപ്പുവർഷം നാലെണ്ണം പൂർത്തിയായിട്ടുണ്ടെന്നു പറഞ്ഞു. എത്രയെണ്ണം പൂർത്തിയായി എന്ന് അങ്ങ് മറുപടി പറയുമ്പോൾ ദയവായി പറയണം. അതുപോലെ രണ്ടായിരമാണ്ടിനകം ഗ്രാമങ്ങൾക്ക് പ്രതിദിനം ആളോഹരി 40 ലിറ്റർ ശുദ്ധജലവും നഗരങ്ങളിൽ 7 ലിറ്റർ ശുദ്ധജലവും ലഭ്യമാക്കുമെന്നു പറഞ്ഞു. ഒന്നും കൊടുത്തില്ല. അതേ പാരഗ്രാഫ് കടമെടുത്ത് ഇത്തവണത്തെ ബഡ്ജറ്റിലും വച്ചിട്ടുണ്ട്. 1999-2000 വർഷത്തിൽ പറഞ്ഞ കുടിവെള്ള പ്രശ്നം തന്നെ വള്ളിപുള്ളി വിസർഗ്ഗം തെറ്റാതെ 2000-2001 ബഡ്ജറ്റിലും ഇവിടെ പ്രിന്റു ചെയ്തുവച്ചിരിക്കുകയാണ്. ഹരിതവിപ്ലവം, പച്ചക്കറി വിപ്ലവം എന്നൊക്കെയാണ് പറയുന്നത്. കേരളത്തിനാവശ്യമുള്ള പച്ചക്കറികൾ, ലോറികളിൽ ഇങ്ങോട്ടു വന്നില്ലെങ്കിൽ വെണ്ടക്കയുടെയൊക്കെ വില ഒറ്റ ദിവസംകൊണ്ട് 100 ശതമാനം കൂടുകയാണ്. ഇവിടെയൊരു ഹരിതവിപ്ലവവും ഇല്ല. ഇവിടെ പറഞ്ഞു 600 കോടി രൂപ വില വരുന്ന പച്ചക്കറികൾ ഇവിടെ ഉല്പാദിപ്പിക്കുമെന്ന്. 600 കോടി രൂപ പോയിട്ട് 60 കോടി രൂപയുടെ പച്ചക്കറി പോലും ഉല്പാദിപ്പിക്കുന്നില്ല. കണക്കിലൊക്കെയുണ്ട്, ഏട്ടിലെ പശു പുല്ലു തിന്നില്ല. ഈ സഭയിൽ പറയുന്നതു റിയലിസ്റ്റിക്കായിരിക്കണം. ചുമ്മാ പബ്ലിസിറ്റിക്കുവേണ്ടി പറയരുത്. 600 കോടി രൂപയുടേതുപോയിട്ട് 60 കോടി രൂപയുടെ പച്ചക്കറിപോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. വ്യവസായങ്ങൾക്ക് നീക്കി വച്ചിരിക്കുന്ന തുക, ബാങ്കുകളുടെ നിക്ഷേപ അനുപാതത്തിന്റെ സ്ഥിതിയെന്താണ്? ബാങ്കുകളുടെ ഡെപ്പോസിറ്റ് ക്രെഡിറ്റ് റേഷ്യോ കുത്തനെ താഴെപ്പോയി. എത്രയാണെന്നറിയാമോ ? ബിലോ 30 ശതമാനം. സഹകരണ സംഘത്തിന്റെ സ്ഥിതി എന്താണ് ? ഞങ്ങൾ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.ഡി. റേഷ്യോ എന്നു പറയുന്നത് 150 ശതമാനമാണ്. ഇപ്പോൾ അത് 33.66 ശതമാനമാണ്. അങ്ങനെ നോക്കിയാൽ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ ഒരു കാര്യവും ജനോപകാരപ്രദമായ ഒരു കാര്യവും നടപ്പിലാക്കിയിട്ടില്ല എന്നു മാത്രമല്ല ഒരു അധര വിപ്ലവം നടത്തി എന്നുമാത്രം. സാധാരണ ഒരു ഫൈനൽ സപ്ലിമെന്ററി ഡിമാന്റ് സഭയിൽ വരുമ്പോൾ അത് നമ്മളെല്ലാവരും ഉറ്റുനോക്കുന്നതാണ്. ശ്രീ. ടി. ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഫൈനൽ എസ്.ഡി.ജി.യിൽ ഒരു നല്ല കാര്യവും കണ്ടില്ല. ഒന്നുകിൽ അങ്ങേയ്ക്ക് ചെയ്യാൻ ആഗ്രഹമുണ്ട്. അല്ലെങ്കിൽ ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് ഞാൻ പറയുന്നത് ഈ സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്കും കേരളത്തിലെ ചെറുപ്പക്കാർ നേരിടുന്ന തൊഴിലില്ലായ്മയ്ക്കും പരിഹാരം കാണാനുള്ള ഒരു ശ്രമം പോലും നടന്നിട്ടില്ല. വെറുതെ പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ പലതും നടപ്പിലാക്കാതെ ഇരിക്കുമ്പോൾ ഈ പുതിയ ബഡ്ജറ്റിൽ എങ്ങനെയാണ് വിശ്വസിക്കുക ? അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ സ്ഥിതിയൊക്കെ ഒന്നുമാറ്റണം. ജനകീയാസൂത്രണമൊക്കെ നല്ലതാണ്. വികസന രംഗത്ത് കുറെക്കൂടി ക്രീയാത്മകമായി ശ്രദ്ധിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണം. തൊഴിലില്ലായ്മയെക്കുറിച്ചുള്ള അങ്ങയുടെ കണക്കുകൂട്ടൽ തെറ്റാണ്. തൊഴിലില്ലാത്തവരുടെ എണ്ണം കഴിഞ്ഞ വർഷത്തെക്കാൾ രണ്ടര ലക്ഷം കൂടിയിരിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തവരുടെ എണ്ണം കൂടുതലാണ്. തൊഴിലവസരങ്ങളില്ല. നമ്മുടെ ഇൻഫർമേഷൻ, സോഫ്ട് വെയർ ടെക്നോളജിയെക്കുറിച്ച് ഇന്നലെ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞല്ലോ, ഇൻഫർമേഷൻ, സോഫ്ട് വെയർ ടെക്നോളജിക്ക് ചെലവാക്കുന്നത് 250 കോടിരൂപ. പബ്ലിസിറ്റിക്കു കൊടുക്കുന്നത് 750 കോടി രൂപ. ഒരു കാര്യം വളരെ വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത്, ശാസ്ത്രസാങ്കേതിക രംഗത്ത് നമ്മുടെ സംസ്ഥാനം വളരെ പിന്നിലാണ്. ഇൻഫർമേഷൻ ടെക്നോളജിയും സോഫ്ട് വെയർ ടെക്നോളജിയും കുറെക്കൂടി ശക്തിപ്പെടുത്തുന്നതിനാവശ്യമുള്ള തുക വേണം. പതിനായിരം കോടി രൂപ ബഡ്ജറ്റിൽ വച്ചതുകൊണ്ടോ ഡിപ്പാർട്ടുമെന്റ് മൂന്നു ശതമാനം കൊടുത്തതുകൊണ്ടോ മാത്രം തീരുന്ന പ്രശ്നങ്ങളല്ല. കുറെക്കൂടി ആത്മാർത്ഥമായ സമീപനം ഈ രംഗത്തുണ്ടാകണം. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും തുക നീക്കി വച്ചു. അതു നിങ്ങളുടെ ഔദാര്യം കൊണ്ടല്ല, കേരളത്തിലെ സാമൂഹ്യ പശ്ചാത്തലത്തിൽ വിദ്യാഭ്യാസവും ആരോഗ്യവും ഒരു സോഷ്യൽ സെക്ടറാണ്. അതുകൊണ്ട് ഞാൻ പറയുന്നത്, ഇങ്ങനെയുള്ള യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാതെ കള്ളക്കണക്കുകൾ മാത്രം അവതരിപ്പിച്ച് രാഷ്ട്രീയമായി വെള്ളപൂശാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഫൈനൽ എസ്.ഡി.ജി.യെ ഞാൻ എതിർക്കുന്നു.

ശ്രീ. ജോസ് ബേബി : സർ, കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിനേയും അതുമായി ബന്ധപ്പെട്ടുകൊണ്ട് 1999-2000 വർഷത്തേയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റിനേയും ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ ഏറ്റവും സുശക്തമായ ഒരു ധനകാര്യമാനേജുമെന്റിന് നേതൃത്വം കൊടുക്കുവാൻ നമ്മുടെ ധനകാര്യമന്ത്രിക്ക് കഴിഞ്ഞിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റിന്റെ ഒരു പ്രത്യേകത, ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചതിനുശേഷം ആ ബഡ്ജറ്റിൽ തന്നെ പറഞ്ഞിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 1999-ലെ ഹാൻഡ് ബുക്കിൽ പറഞ്ഞിരിക്കുന്നത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ 5-ാം സ്ഥാനത്ത് നിൽക്കുകയാണെന്ന്. 5-ാം സ്ഥാനത്ത് നിൽക്കുന്നു എന്നു പറയുമ്പോൾ ഇതര സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി വേണം നമുക്ക് ഇതു കാണേണ്ടത്. ഇതു പറയാൻ കാരണം ഞങ്ങൾ കേരള നിയമസഭയുടെ സ്പോർട്സ് ബില്ലിന്റെ സെലക്ടു കമ്മിറ്റി പഞ്ചാബ് സന്ദർശിക്കുകയുണ്ടായി. പഞ്ചാബ് സന്ദർശിച്ച സമയത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. കെ. സി. വേണുഗോപാൽ തുടങ്ങിയവർ ആ കമ്മിറ്റിയിലുണ്ടായിരുന്നു. പഞ്ചാബ് ധനകാര്യവകുപ്പുമന്ത്രിയെ പാട്യാലയിൽ വച്ച് കാണുകയുണ്ടായി. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ഞങ്ങൾ ഒരു ദിവസം കഴിച്ചു കൂട്ടിയത്. അയാളുമായി സംസാരിച്ചു പോയതിനുശേഷം അവിടെയുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ പറഞ്ഞു, പഞ്ചാബ് എന്നു പറയുന്ന സംസ്ഥാനത്തിന്റെ പ്രത്യേകത നമുക്കറിയാം. ഇന്ത്യാ രാജ്യത്ത് സാമ്പത്തിക രംഗത്ത് വളരെയേറെ വളർച്ചയുണ്ടായിട്ടുള്ള ഒരു സംസ്ഥാനം, ചെറുകിട വ്യവസായ രംഗത്ത് വളരെയേറെ വളർച്ചയുണ്ടായിട്ടുള്ള ഒരു സംസ്ഥാനം, ആരോഗ്യരംഗത്ത് എന്തും ചെയ്യാൻ തടിമിടുക്കുള്ള മനസ്സുള്ള ഒരു ജനതയുള്ള ഒരു സംസ്ഥാനം. അങ്ങനെയുള്ള പഞ്ചാബിൽ രണ്ടു മാസമായി ശമ്പളം കൊടുത്തിട്ടില്ലെന്ന് ധനകാര്യമന്ത്രി അവിടെ നിന്നു പോയപ്പോൾ അവിടെയുണ്ടായിരുന്ന ആളുകൾ പറഞ്ഞു. യു.പി. യിലും ശമ്പളം കൊടുത്തിട്ടില്ല. അങ്ങനെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ എടുത്തു പരിശോധിക്കുമ്പോൾ, ശമ്പളം കൊടുക്കാൻ പണമില്ലാതെ, വികസന പ്രവർത്തനങ്ങൾ നടത്തുവാൻ പണമില്ലാതെ, ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്ക് പണമില്ലാതെ നിൽക്കുന്ന ഒരു സാഹചര്യത്തിലാണ് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണിയെയും മന്ത്രിസഭയെയും അതിന്റെ വികസന പ്രവർത്തനങ്ങളേയും അതിന്റെ ബഡ്ജറ്റിനേയും നാം നോക്കി കാണേണ്ടത്. കേന്ദ്രഗവൺമെന്റ് കേരളത്തിന് കേന്ദ്രവിഹിതമായി 2117 കോടി രൂപ നൽകുമെന്നാണ് നമ്മുടെ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും തമ്മിൽ കണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത്. എന്നാൽ കേന്ദ്രഗവൺമെന്റ് 531 കോടി രൂപ അതിൽ വെട്ടിക്കുറച്ചു. 1586 കോടി രൂപയിൽ ഒറ്റ പൈസ പോലും നിങ്ങൾക്ക് അധികം തരാനാവില്ലെന്നാണ് കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞിരിക്കുന്നത്. അങ്ങനെ ഒരു രൂപ പോലും തരില്ലെന്ന് പറഞ്ഞു കഴിഞ്ഞാൽ നമ്മുടെ കേരളത്തിന്റെ പല വികസന പ്രവർത്തനങ്ങളിലും വളരെയേറെ പ്രയാസങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് പറയുമ്പോൾ ഇന്ത്യയിലെ മറ്റു ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന സംസ്ഥാനമാണ് കേരളം. ശമ്പള വർദ്ധനവ് ഇന്ത്യയിലെ എത്രയോ സംസ്ഥാനങ്ങളെക്കാൾ കൂടുതൽ കൊടുക്കുന്ന, കൊടുത്തു കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് വളരെയേറെ പണം ചെലവഴിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അങ്ങനെ കേരളത്തെ സാമ്പത്തികമായി ഞെരുക്കുവാൻ ശക്തിമത്തായ രീതിയിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ കേന്ദ്രത്തിന്റെ സമീപനവും നമ്മുടെ സംസ്ഥാനത്തെ ചില പ്രതിപക്ഷ പാർട്ടികളുടെ സമീപനവും കൂടി കാണുമ്പോൾ, ഇന്നു രാവിലെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പ്രസംഗിച്ചതു നോക്കൂ. വളരെ വിദഗ്ദ്ധമായി, വൈദഗദ്ധ്യത്തോടുകൂടി പറഞ്ഞൊപ്പിച്ചു. ജനക്ഷേമപ്രവർത്തനങ്ങൾക്ക് ഒന്നും പണം കൊടുക്കരുത്. അതുകൊണ്ടാണല്ലോ ഇവിടെ അനാവശ്യമായി കമ്മിയുണ്ടാകുന്നത്. അതുകൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങൾ എന്നു പറഞ്ഞുകൊണ്ട് നമ്മൾ കൊടുക്കുന്ന തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ, മറ്റു ക്ഷേമപ്രവർത്തനങ്ങളും പെൻഷനുകളുമൊക്കെ കൊടുക്കരുതെന്നും പറയുകയുണ്ടായി. ഇന്നു രാവിലെ എത്ര ഡ്രാമാ സ്റ്റൈലിലാണ് ഉപനേതാവ് ശ്രീ. ജി. കാർത്തികേയനും ഉമ്മൻചാണ്ടിയും പറഞ്ഞത്. കേന്ദ്രഗവൺമെന്റ് ഇന്നലെ അർദ്ധരാത്രിയിൽ മണ്ണെണ്ണയുടേയും

LIBRARY ARCHIVES Kerala Legislative Assembly

പാചക വാതകത്തിന്റേയും വില വർദ്ധിപ്പിച്ചു. കേരളത്തിൽ 1 ലിറ്റർ മണ്ണെണ്ണയ്ക്ക് ആറു രൂപ കൊടുക്കേണ്ടി വരുമെന്നാണ് പറയുന്നത്. പാചകവാതകത്തിന് ഒരു സിലിണ്ടറിന് 230 രൂപയോളം കൊടുക്കേണ്ടി വരും. അങ്ങനെ വരുന്ന ഒരു സാമ്പത്തിക ബാധ്യത സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ നിന്നു കൊടുക്കണമെന്ന് ശ്രീ. ജി. കാർത്തികേയൻ പറയുകയും, ഇന്നലെ ശ്രീ. ഉമ്മൻചാണ്ടി വളരെ വിദഗ്ദ്ധമായി ഇത്തരം അനാവശ്യ സഹായങ്ങളും സബ്സിഡികളും കൊടുക്കുന്നതുകൊണ്ടല്ലേ ഇവിടെ സാമ്പത്തിക പ്രശ്നങ്ങളുണ്ടാകുന്നത്, കമ്മിയുണ്ടാകുന്നത് എന്നു പറയുമ്പോൾ ഉണ്ടാകുന്ന വൈരുദ്ധ്യം ഒന്നു പരിശോധിക്കണം. പ്രതിപക്ഷം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി കൊണ്ടുവരുന്ന വികസന പ്രവർത്തനങ്ങൾക്കു നേരെ ഇത്തരമൊരു സമീപനമാണ് സ്വീകരിക്കുന്നത്. ഈ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വികസന പ്രവർത്തനങ്ങൾക്കു നേരെ അതില്ലാതാക്കുവാൻ എന്തൊക്കെ ചെയ്യാൻ പറ്റുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ കേരളത്തിലെ പ്രതിപക്ഷങ്ങളുടെ ചില കാര്യങ്ങൾ പരിശോധിക്കുമ്പോൾ സാക്ഷാൽ ആന്റണിയും എം.എം. ഹസ്സനും പാലോട് രവിയുമൊക്കെ ഒരു സുപ്രഭാതത്തിൽ നടന്നു പറഞ്ഞിരുന്നു ഹർത്താലും ബന്ദും ഒക്കെ ജനവിരുദ്ധ നടപടിയാണ് എന്ന്. ഇപ്പോൾ ദിവസേന രാവിലെ എഴുന്നേറ്റു കഴിഞ്ഞാൽ ഹർത്താലും ബന്ദുമാണ്. ഇന്ന് കോടതി പോലും പറഞ്ഞിട്ടുണ്ടല്ലോ ഹർത്താൽ നടത്താൻ പാടില്ലെന്ന്.

ശ്രീ. ജോണി നെല്ലൂർ : സർ, അങ്ങ് പ്രതിപക്ഷത്തുള്ള ആളുകൾ രണ്ട് സമീപനം സ്വീകരിക്കുന്നുവെന്നാണല്ലോ പറഞ്ഞത്. ഇവിടെ 2000-2001-ലെ ബഡ്ജറ്റ് 14-ാം തീയതി നിയമസഭയിൽ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചു. ബഡ്ജറ്റ് അവതരിപ്പിച്ചശേഷം അങ്ങ് ഈ സംസ്ഥാനത്തെ വാർത്താ മാധ്യമങ്ങളോട് നടത്തിയ പ്രതികരണം ഞങ്ങളൊക്കെ വായിക്കുകയും കേൾക്കുകയും കാണുകയുമൊക്കെ ചെയ്തതാണ്. അന്ന് അപ്പുറത്തുനിന്ന് പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കുന്ന അങ്ങേയ്ക്ക് ഇപ്പുറത്തുള്ള ആളുകളെകുറിച്ച് പറയാനെന്താണ് അവകാശം ?

ശ്രീ. ജോസ് ബേബി : സർ, അതാണ് നമ്മുടെ പ്രതിപക്ഷത്തിന്റെ പ്രത്യേകത. കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കാതെ അവസാനം വാലിൽ മാത്രം പിടിക്കുകയാണ്. ഞാൻ വാർത്താ മാധ്യമത്തോട് എന്ന് പറയണ്ട, നമ്മുടെ സംസ്ഥാനത്തെ ചില വിഷ്വൽ മീഡിയ എന്നോട് ഈ വിഷയത്തെക്കുറിച്ച് ചോദിച്ചു. ഞാൻ പറഞ്ഞു നമ്മുടെ സംസ്ഥാനത്ത് സാധാരണ ജനങ്ങൾക്ക് ഇത്രയേറെ പരിരക്ഷ കൊടുത്തിട്ടുള്ള ഒരു ബഡ്ജറ്റ് ഉണ്ടായിട്ടില്ല, എല്ലാ ജനവിഭാഗങ്ങൾക്കും പരിരക്ഷ കൊടുത്ത ഒരു ബഡ്ജറ്റ് ഇതിനുമുമ്പുണ്ടായിട്ടില്ല. അതോടൊപ്പം തന്നെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കുറച്ചുകൂടി തുക വകയിരുത്താൻ പറ്റിയിരുന്നുവെങ്കിൽ നന്നായിരുന്നു എന്നാണ് പറഞ്ഞത്. അല്ലാതെ ശ്രീ. ജോണി നെല്ലൂർ പറഞ്ഞതുപോലെ ഒരു മീഡിയായ്ക്കും ഒരു പ്രസ്താവനയും ഞാൻ കൊടുത്തിട്ടില്ല. വിഷ്വൽ മീഡിയ എന്നോട് ചോദിച്ചകാര്യമാണ്, അതിന് പറഞ്ഞ മറുപടിയാണ് ഇത്. അല്ലാതെ ഒരു സ്റ്റേറ്റ്മെന്റും കൊടുത്തിട്ടില്ല. ഇതാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് പ്രതിപക്ഷം ചെറിയ കാര്യങ്ങളെ പെരുപ്പിച്ച് കാണിക്കുകയാണ്. അങ്ങനെയുള്ള സമീപനത്തിന്റെ ഭാഗമല്ലേ ഇത്? ഞാൻ പറഞ്ഞത് ഈ സംസ്ഥാനത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. പിന്നോക്കവിഭാഗക്കാർക്കും പീഡിതർക്കും മറ്റും ഇത്രയും ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ള വേറൊരു ഗവൺമെന്റ് ഇതുവരെയുണ്ടായിട്ടില്ല. ഇതാണ് ഞാൻ പറഞ്ഞത്. അതിന് പകരം ആടിനെ പട്ടിയാക്കുന്ന രീതിയിൽ അതിന്റെ വാലിൽപ്പിടിച്ച് പ്രതികരിക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. സി. വേണുഗോപാൽ : ജോണി ചോദിച്ച ചോദ്യത്തിന് മറുപടി പറയാതെ അങ്ങ് ഒഴിഞ്ഞു മാറുകയാണ്. ഈ കഴിഞ്ഞ നാലുവർഷക്കാലമായി ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണത്തിൻ കീഴിൽ കേരളത്തിലെ ചെറുപ്പക്കാരുടെ പ്രശ്നം, അതുപോലെ നമ്മൾ ഇവിടെ കുറെ കൊല്ലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന പിൻവാതിലിലൂടെയുള്ള നിയമനങ്ങളുടെ പ്രശ്നം, ഈ പ്രശ്നങ്ങളൊക്കെ പരിപൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായി തൊഴിലില്ലായ്മ വേതനം ഇപ്പോൾ 20 രൂപ കൂട്ടിയല്ലോ. എട്ട് കോടി രൂപ കുറച്ചിട്ടാണ് എന്നുള്ള കാര്യങ്ങൾ ഒളിച്ചുവച്ചുകൊണ്ട് പറയുന്നത് ആത്മവഞ്ചനയല്ലേ?

ശ്രീ. ജോസ് ബേബി : സർ, ശ്രീ. കെ. സി. വേണുഗോപാൽ പറയുന്നതിൽ യാഥാർത്ഥ്യമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രണ്ടു ലക്ഷത്തി എൺപത്തി അയ്യായിരം പേർക്ക് തൊഴിലില്ലായ്മ വേതനം ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് മൂന്നു പ്രാവശ്യം വർദ്ധിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിൽ ഇപ്പോൾ വീണ്ടും 20 രൂപ വർദ്ധിപ്പിച്ചു, എന്നുമാത്രമല്ല നാളിതുവരെ കൊടുത്തുകൊണ്ടിരുന്നതിനേക്കാൾ കൂടുതൽ ആളുകൾക്ക് അതായത് രണ്ട് ലക്ഷത്തി എൺപത്തി അയ്യായിരം പേർക്ക് ഇപ്പോഴും കേരളത്തിൽ തൊഴിലില്ലായ്മാ വേതനം കൊടുത്തുകൊണ്ടിരിക്കുന്നത് ചെറുതായി കാണാൻ പറ്റുമോ? ഇത് ചെറിയ സംഭവമാണോ? കുടിശ്ശിക സഹിതം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോമസ് ചാഴികാടൻ : സർ, തൊഴിലില്ലായ്മാവേതനം 20 രൂപ കൂട്ടിക്കൊടുത്തു. പക്ഷേ, നേരത്തെ തൊഴിലില്ലായ്മാ വേതനം കിട്ടിക്കൊണ്ടിരുന്നവരുടെ എണ്ണത്തിൽ എത്രപേർ ഇപ്പോൾ കുറഞ്ഞുപോയിട്ടുണ്ടെന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ജോസ് ബേബി : സർ, ഇവർ പറയുന്ന കണക്ക് യാഥാർത്ഥ്യബോധമില്ലാത്തതാണ്. യഥാർത്ഥത്തിലുള്ള കണക്ക് ബഡ്ജറ്റ് ബുക്കിലുണ്ട്. കഴിഞ്ഞ ദശകത്തിൽ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മാ നിരക്ക് 1980-ൽ ഉണ്ടായിരുന്നു. ഈ സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ അനുപാതത്തിൽ .83 ശതമാനം കുറവുണ്ടായിട്ടുണ്ട്. ആദ്യമായിട്ടാണ് കേരളത്തിൽ ഇത് അനുഭവപ്പെടുന്നത്. അത്തരമൊരു കുറവ് കേരളത്തിൽ മൊത്തത്തിലുണ്ടാകുന്നത് ഇത് ആദ്യമായിട്ടാണ്. അതിന് ക്ലാസിക്കായിട്ടുള്ള ഒരു വിറ്റ് ഇന്നലെ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത് ലാറ്റക്സ് കമ്പനിക്കാരുടെ സഹായം കൊണ്ടാണെന്നാണ്. അതല്ല, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നശേഷമാണ്. അതിന് യാതൊരു സംശയവും വേണ്ട. പി.എസ്.സി. മുഖേന, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒട്ടേറെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കൃത്യമായ കണക്കിന്റെയടിസ്ഥാനത്തിലാണ് പറയുന്നത് അല്ലാതെ ലാറ്റക്സ് കമ്പനിക്കാരുടെ സഹായം കൊണ്ടാണെന്ന് പറയുന്നത് മര്യാദയില്ലാതെ പറയുന്നതാണ്. ഈ പറയുന്നത് യാഥാർത്ഥ്യബോധമില്ലാതെ പറയുന്നതാണ്. സത്യത്തിനു നേരെ കണ്ണടയ്ക്കരുത്. ഇപ്പോൾ വന്നിട്ടുള്ള ഈ സപ്ലിമെന്ററി ഡിമാന്റുതന്നെ പരിശോധിച്ചു നോക്കുക. മുൻഗവൺമെന്റിന്റെ കാലത്ത് പല സംഭവങ്ങളുണ്ടായിട്ടുണ്ട്. വിഴിഞ്ഞം കലാപം നമുക്കറിയാം ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ രണ്ട് വിഭാഗം ജനങ്ങൾ തമ്മിൽ പരസ്പരം തമ്മിലടിച്ച് അഞ്ച് ആളുകൾ മരിച്ചു. ജീവനുള്ള ചിലരെ കുഴിച്ചിട്ടു. ആ ജീവനുള്ള ആളുകളെ കുഴിച്ചിട്ട സംഭവമുൾപ്പെടെ ആ കാര്യത്തെക്കുറിച്ചന്വേഷിക്കുന്ന ഗോപാലകൃഷ്ണൻ കമ്മീഷനുവേണ്ടി പണം ഈ സപ്ലിമെന്ററി ഡിമാന്റിൽ വച്ചിട്ടുണ്ട്. അതുപോലെ ശിവഗിരി സംഭവവും മുൻഗവൺമെന്റിന്റെ കാലത്ത് നടന്നതാണ്. പരിപാവനമായ ശിവഗിരിയിൽ പോലീസിനെ വിട്ട് അതിനുള്ളിൽ കടന്ന് പാവപ്പെട്ട വിശ്വാസികൾക്കുനേരെ, ശ്രീ.നാരായണീയർക്കുനേരെ ക്രൂരമായ സംഭവമുണ്ടായപ്പോൾ മുസ്ലീംലീഗ് ഉൾപ്പെടെയുള്ളവർ അതിൽ പ്രതിഷേധിച്ചതാണ്. ആ സംഭവത്തെക്കുറിച്ചന്വേഷിക്കുന്ന ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷന് കൊടുത്ത ചെലവ് അതുപോലെ സാക്ഷാൽ ശ്രീ. സി.വി. പത്മരാജൻ വക്കീൽ നടത്തിയ ബ്രഹ്മപുരമുൾപ്പെടെയുള്ള സംഭവത്തിന്റെ ചെലവുൾപ്പെടെ ഈ സപ്ലിമെന്ററി ഡിമാന്റിൽ പണം കണ്ടെത്തിയിട്ടുണ്ട്. അതുപോലെ കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി, റവന്യൂ കാർഡ് നടപ്പാക്കുന്നതിനുവേണ്ടിയുള്ള ചെലവുകൾക്ക് ഈ സപ്ലിമെന്ററി ഡിമാന്റിൽ പണം വച്ചിട്ടുണ്ട്. അതുപോലെ നമ്മുടെ രാജ്യത്തിലെ റോഡ്, തോട് എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കും ഈ സപ്ലിമെന്ററി ഡിമാന്റിൽ പണം വകയിരുത്തിയിട്ടുണ്ട്. അതുകൊണ്ട് പലതും കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കരുത്. ഒരു ഉദാഹരണം പറയാം. ഇവിടെ ശ്രീ. കെ. പി. വിശ്വനാഥൻ പറഞ്ഞത് തിന്ന ചോറിന് നന്ദിവേണമെന്നാണ്. ബിൽ ക്ലിന്റൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ ഇന്നലെ പറഞ്ഞിരിക്കുന്നത് വനിതകളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷാ പദ്ധതിക്ക് കേരളം ചെയ്തിട്ടുള്ള സേവനം വളരെ വലുതാണെന്നാണ്. ഇത് ഇന്ത്യയ്ക്കാകെ മാതൃകയാണെന്നാണ്. ഇന്നലെ ഇത് പറയുവാനുള്ള കാരണം കേരളത്തിലെ ഇടതുപക്ഷ പുരോഗമന ഗവൺമെന്റുകൾ നടത്തിയിട്ടുള്ള ജനക്ഷേമപരമായ പ്രവർത്തനങ്ങളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ അനുകൂലമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. അതാണ് ഇന്നലെ പറഞ്ഞത്. ബിൽക്ലിന്റന്റെ തിന്ന ചോറിന് നന്ദിവേണമെന്ന് പറയുന്ന ആളുകൾ ഞങ്ങളല്ല. നിങ്ങളാണ്. സംസ്ഥാനത്തെ അഞ്ച് ഹെക്ടർവരെയുള്ള കൃഷിക്കാരെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയത്, കൃഷിക്കാരുടെ പലിശയിൽ ഇളവുചെയ്യുന്ന നടപടികൾ, അതുപോലെ ഭവനരഹിത ജനവിഭാഗത്തിന് വീടുവയ്ക്കുന്നതിന് 30 കോടി രൂപ മാറ്റിവച്ചു, ടൂറിസം മേഖലയ്ക്ക്, നിങ്ങൾ പുച്ഛത്തോടെ കാണുന്ന പഞ്ചായത്തുകൾക്കുവേണ്ടി ബഡ്ജറ്റിന്റെ 40 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പണം ചെലവാക്കുന്നു. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ ഇല്ലായ്മയിൽ നിന്ന് സാമ്പത്തികമായ പരിമിതിയുണ്ടായിട്ടുപോലും കേരളത്തിലെ സകല ജനവിഭാഗങ്ങൾക്കും ഉപകാരപ്രദമാക്കുന്ന തരത്തിൽ നിന്ദിതരും പീഡിതരും നിരാലംബരുമായ ജനങ്ങൾക്ക് കഴിയാവുന്ന തരത്തിൽ സഹായം ചെയ്തുകൊണ്ട് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ സപ്ലിമെന്ററി ഡിമാന്റിനെ പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, ഈ സപ്ലിമെന്ററി ഡിമാന്റ് സിനെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ ദിവസം ബഡ്ജറ്റ് അവതരിപ്പിച്ചു, അതിനുശേഷം ഇപ്പോൾ സപ്ലിമെന്ററി ഡിമാന്റ് സ് അവതരിപ്പിച്ചു. കേരളത്തിന്റെ സുവർണ്ണ കാലഘട്ടം വീണ്ടും സമാഗതമായിരിക്കുന്നു എന്നാണ് പുറത്ത് ജനസംസാരം. പാവപ്പെട്ടവർക്കുവേണ്ടി ഒരു സർക്കാർ, തൊഴിലാളികൾക്കുവേണ്ടി ഒരു സർക്കാർ, കർഷകർക്കുവേണ്ടി ഒരു സർക്കാർ. ലോകത്താകെ സാമ്പത്തിക തകർച്ചയെ നേരിടുമ്പോൾ ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും പിടിച്ചുനിൽക്കാൻ കഴിയാതെ കൊടുങ്കാറ്റിൽ ആടിയുലഞ്ഞപ്പോൾ ഒരു പോറലുമേൽക്കാതെ തന്റെ ചിറകിനുള്ളിൽ കേരളത്തെ ഭദ്രമാക്കിനിർത്താൻ ഗ്രീക്ക് പുരാണത്തിലെ ജൂപ്പിറ്റർ ദേവനെപ്പോലെ നമ്മുടെ മുഖ്യമന്ത്രി സഖാവ് നായനാർക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടത്തെ പ്രസംഗങ്ങൾ കേൾക്കുമ്പോൾ വളരെ സന്തോഷമാണ് തോന്നുന്നത്. കഴിഞ്ഞ ദിവസം എന്റെ സുഹൃത്ത് ശ്രീ. ഇ. എം. അഗസ്തി ബി.ജെ.പി.യുടെ ഭരണഘടനാ ഭേദഗതിയെക്കുറിച്ച് രൂക്ഷമായി വിമർശിക്കുകയുണ്ടായി. നമ്മളും വിമർശിക്കുന്നു. പക്ഷേ, കാലം വരുത്തിയ മാറ്റത്തിലാണ് സന്തോഷിക്കാൻ കഴിയുന്നത്. ഭരണഘടനയെ തങ്ങളുടെ സ്വകാര്യ ആവശ്യത്തിനുവേണ്ടി എങ്ങനെ പിച്ചിച്ചീന്താമെന്ന് നമ്മുടെ രാജ്യത്ത് വഴികാട്ടി തന്നിട്ടുള്ള രാഷ്ട്രീയ പാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. ഇത് മാപ്പിന്റെ കാലമാണ്. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ സിക്കുകാരുടെ കൊലപാതകത്തിൽ മാത്രമല്ല മാപ്പ് വരുന്നത്, മഹാനായ പോപ്പുപോലും മാപ്പ് പറയുന്ന ഒരു കാലഘട്ടമാണിത്. അപ്പം ചുടുന്നതുപോലെ ഭരണഘടന ഭേദഗതി ചെയ്യാമെന്ന് കാണിച്ചുതന്ന ഈ സംഭവത്തിന് യഥാർത്ഥത്തിൽ മാപ്പ് പറഞ്ഞുകൊണ്ടാണ് പ്രസംഗിക്കേണ്ടത്. അലഹബാദ് ഹൈക്കോടതി വിധിയെ മറികടക്കാൻ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിമാരുടെ തെരഞ്ഞെടുപ്പിൽ കോടതി ഇടപെടാൻ പാടില്ലായെന്ന് കുപ്രസിദ്ധമായി ഭരണഘടനാ ഭേദഗതി കൊണ്ടുവന്നുകൊണ്ട് ലോകത്തെ ഞെട്ടിച്ചതാണ്. അതാണ് ഇപ്പോൾ ബി.ജെ.പി.യുടെ വഴികാട്ടിയായി കോൺഗ്രസ്സ് മാറിയിരിക്കുന്നു എന്ന് പറഞ്ഞത്. ഭരണഘടനയെ എങ്ങനെയും അമ്മാനമാടാമെന്നാണ് കാണിച്ചുതന്നത്. നീതിയെയും നിയമത്തെയും നിഷേധിച്ച് നിങ്ങൾ ഭരണഘടനാ ഭേദഗതി ചെയ്തത് ഇപ്പോൾ ഓർക്കുമ്പോൾ ഞങ്ങൾക്ക് സങ്കടം തോന്നുന്നു. സിക്ക് കൊലപാതകത്തിൽ മാപ്പ് പറഞ്ഞതുപോലെ ഭരണഘടനയെ ക്രൂരമായി ഭേദഗതി ചെയ്ത് കാറ്റിൽ പറത്തിയതിലും മാപ്പ് പറയുന്നതിൽ യാതൊരു തെറ്റുമില്ല. അഞ്ചു വർഷക്കാലം കാലാവധി ഉണ്ടായിരുന്ന പാർലമെന്റ് ആറു വർഷക്കാലമായി നീട്ടി. ഇരുണ്ട ദിനങ്ങൾ ഇനിമേൽ

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിക്കുകയില്ലെന്ന് നമുക്ക് ആശിക്കാം. സാമ്പത്തിക നയത്തിന്റെ കാര്യത്തിലും മാപ്പ് പറയുന്ന സ്ഥിതിയിലേയ്ക്ക് നിങ്ങൾ വരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അബദ്ധം പറ്റിയെന്നുള്ള തോന്നലുണ്ടാകാൻ എട്ടു വർഷത്തോളം വേണ്ടിവന്നുവെന്ന് മാത്രം. ഇതുവരെ വന്നതൊക്കെ പോകട്ടെ, ഇനി ഞങ്ങൾ അനുവദിക്കുകയില്ലെന്നാണ് ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ആ സദ്ബുദ്ധിയെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ആഗോളവത്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം എന്നീ നയങ്ങളെക്കുറിച്ച് നമ്മൾ ഈ നിയമസഭയിൽ പറയുമ്പോൾ നിങ്ങൾക്ക് എന്ത് പുച്ഛമായിരുന്നു ഒരു കാലഘട്ടത്തിൽ. പുതിയ സാമ്പത്തിക നയം നടപ്പിലാക്കിയാൽ പ്രതിവർഷം സംസ്ഥാനത്തിന് 400 കോടി രൂപ അധിക വരുമാനം ഉണ്ടാകുമെന്നാണ് അന്ന് ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ പരസ്യപ്രസ്താവനയിൽ പറഞ്ഞത്. ഇവിടെ ബഹുമാന്യനായ ഉമ്മൻചാണ്ടി പ്രസംഗിച്ചപ്പോൾ ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗം മുഴുവൻ തകർന്നു എന്നുള്ള രൂപത്തിലുള്ള അവതരണമാണ് നടത്തിയത്. ഇൻഫർമേഷൻ ടെക്നോളജിക്കും ടൂറിസത്തിനും പ്രാധാന്യം നൽകുന്ന ഒരു ബഡ്ജറ്റാണെന്ന് പ്രഖ്യാപിക്കാൻ നമുക്ക് ഒരു എൽ.ഡി.എഫ്. സർക്കാർ ഇവിടെ വേണ്ടിവന്നു. ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇൻഫർമേഷൻ ടെക്നോളജിയെക്കുറിച്ച് വിലപിക്കുന്ന നിങ്ങൾ മനസ്സിലാക്കേണ്ടത്, 1987-ലെ എൽ.ഡി.എഫ്. ഗവൺമെന്റാണ് ഇവിടെ ടെക്നോപാർക്ക് സ്ഥാപിച്ചുകൊണ്ട് കമ്പ്യൂട്ടർ വിപ്ലവത്തിന് തുടക്കം കുറിച്ചത്. 1990 ജൂലൈ 28-ന് സയന്റിഫിക് സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും സ്ഥലമെടുത്ത്, 7 ലക്ഷം സ്കയർ ഫീറ്റ് സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തപ്പോഴാണ് ആ ഗവൺമെന്റ് രാജിവച്ച് പോയത്. പിന്നീട് നിങ്ങൾക്ക് കെട്ടിടം പണി പൂർത്തിയാക്കാൻ അഞ്ചുവർഷം വേണ്ടിവന്നു. 1995-ൽ ആ കെട്ടിടം നിർമ്മിച്ച് കേവലം 10 യൂണിറ്റുകൾ ആരംഭിച്ചു. കഴിഞ്ഞ മൂന്നര വർഷക്കാലത്തിനുള്ളിൽ 33 പുതിയ യൂണിറ്റുകൾ അവിടെ ആരംഭിച്ചിരിക്കുന്നു. 70,000 സ്കയർ ഫീറ്റ് സ്ഥലത്ത് പുതുതായി കെട്ടിട നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ഇക്കാര്യം ബഹുമാന്യനായ പി.ജെ. ജോയി മനസ്സിലാക്കണം. ആന്ധ്രാപ്രദേശും കർണ്ണാടകയുമൊക്കെ മുന്നിൽ കയറിയെന്നാണ് പറയുന്നത്. എപ്പോഴാണ് മുന്നിൽ കയറിയത്? 1987-ൽ ഈ ഗവൺമെന്റ് ടെക്നോപാർക്ക് സ്ഥാപിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലഘട്ടത്തിൽ ആന്ധ്രാപ്രദേശും കർണ്ണാടകയും സോഫ്റ്റ്വെയറിനെപ്പറ്റിയോ ഹാർഡ്വെയറിനെപ്പറ്റിയോ ആലോചിച്ചിട്ടു പോലുമില്ലാത്ത കാലഘട്ടമാണ്. പിന്നെ അഞ്ചു വർഷക്കാലം പോയി. നമുക്ക് തിരിച്ചുവരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ രംഗത്ത് ഇപ്പോൾ പുതിയൊരു സെക്രട്ടറിയെത്തന്നെ ഏർപ്പെടുത്തിക്കൊണ്ട് ഈ ഗവൺമെന്റ് ഈ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് മുന്നോട്ടു വന്നിരിക്കുകയാണ്. ഇവിടെ ജില്ലകൾ തോറും സോഫ്റ്റ്വെയർ പാർക്കുകൾ തുടങ്ങി. അടുത്തതായിട്ട് കോട്ടയം, കൊല്ലം ജില്ലകളിൽ ആരംഭിക്കുകയാണ്. കൊച്ചിയിൽ കിൻഫ്രയുടെ ഹൈടെക് പാർക്ക് ആരംഭിക്കാൻ പോകുന്നു. ഗവൺമെന്റിന്റെ ഈ സമീപനം സ്വകാര്യ മുതൽമുടക്കുകാർക്ക് പ്രോത്സാഹനമായി വന്നിരിക്കുകയാണ്. തിരുവനന്തപുരം, നഗരത്തിൽ മാത്രം അറുപതോളം സോഫ്ട്വെയർ,

LIBRARY ARCHIVES Kerala Legislative Assembly

ഹാർഡ്‌വെയർ വ്യവസായ യൂണിറ്റുകൾ സ്വകാര്യമേഖലയിൽ വന്നിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്ക് വൻതോതിൽ കയറ്റി അയയ്ക്കാൻ തുടങ്ങിയിരിക്കുന്നു. ടെലി-മെഡിസിൻ രംഗത്തും മെഡിക്കൽ ട്രാൻസ്മിഷൻ രംഗത്തും ആധുനികമായിട്ടുള്ള സോഫ്റ്റ്‌വെയർ തിരുവനന്തപുരത്ത് ഈ മേഖലയിൽ കരുപിടിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു. അതിന് ഒരു എൽ.ഡി.എഫ്. ഗവൺമെന്റ് തന്നെ വേണ്ടിവന്നു. ടൂറിസം വികസനത്തിന് 46 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ഇവിടെ നമ്മുടെ സർക്കാർ ഒന്ന് അനങ്ങിക്കഴിഞ്ഞപ്പോൾ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചു. കഴിഞ്ഞ വർഷം ഏതാണ്ട് രണ്ട് ലക്ഷം വിദേശ ടൂറിസ്റ്റുകളാണ് ഇവിടെ വന്നിരിക്കുന്നത്. നമ്മുടെ ദേശീയ രംഗത്ത് ടൂറിസ്റ്റുകളുടെ എണ്ണം 46 ലക്ഷമാണ്. ഇപ്പോൾ നിങ്ങൾ ജനകീയ പോലീസിനെ എതിർക്കുന്നു. യു.ഡി.എഫ്. ഭരിക്കുന്ന കോഴഞ്ചേരി പഞ്ചായത്ത് പത്തനംതിട്ട ജില്ലയിലാണ്. ഈ രൂപത്തിൽ അല്ലെങ്കിൽ ഏതാണ്ട് ഇതേ രൂപത്തിൽ തന്നെ അവിടെ മോഷണശല്യം വർദ്ധിച്ചപ്പോൾ യു.ഡി.എഫ്. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ മുഴുവൻ രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ള ഒരു കമ്മ്യൂണിറ്റി പോലീസിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഈ സമ്പ്രദായം ഏർപ്പെടുത്തി കഴിഞ്ഞപ്പോൾ കുറെനാളത്തേയ്ക്ക് മോഷണംതന്നെ ഇല്ലാതായി എന്നുള്ള മാറ്റമാണ് ഉണ്ടായത്. കുറ്റകൃത്യങ്ങൾ തടയാൻ ബീറ്റ് സംവിധാനം പോലീസിന്റെ ആരംഭഘട്ടം മുതൽ ഉള്ളതാണ്. ഈ ബീറ്റ് പോലീസുകാർ ഇന്ത്യയിൽ കുറെ ദിവസം താമസിച്ച് നാട്ടിൽ കുറ്റവാളികളെക്കുറിച്ചും കള്ളന്മാരെക്കുറിച്ചും കുറെ കാര്യങ്ങളൊക്കെ അറിഞ്ഞ് പോലീസ് സ്റ്റേഷനിൽ പോയി ബന്ധപ്പെട്ട് ഇൻസ്പെക്ടറുടെ അടുത്തുപോയി റിപ്പോർട്ട് ചെയ്യുന്ന ഒരു കാലഘട്ടംമുമ്പ് ഉണ്ടായിരുന്നു. ഇന്ന് ആ പോലീസുകാരന് വ്യക്തികളുടെ അടുത്ത് പോകേണ്ട. ഒരു ഗ്രാമപ്രദേശത്ത് വന്ന് അവിടെ ഒത്തുകൂടുന്ന നാട്ടുകാരുടെ മുമ്പിൽ വന്ന് കാര്യങ്ങൾ അന്വേഷിച്ച് ചർച്ച ചെയ്ത് തീർക്കുന്ന ഒരു സമ്പ്രദായമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. പോലീസിനെക്കൊണ്ട് എങ്ങനെ പണിയെടുപ്പിക്കാമെന്ന് നമുക്ക് മോശപ്പെട്ട പല അനുഭവങ്ങളുമുണ്ട്. അടുക്കളപ്പണിയും കുട്ടികളെ പഠിപ്പിക്കുന്നതുവരെ ഇവരെക്കൊണ്ട് ചെയ്ത ഒരു കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഓർക്കാൻ ബുദ്ധിമുട്ടാണ്. ലോകത്ത് പോലീസിനെ എങ്ങനെ കാണുന്നു, അത്തരത്തിലുള്ള ഉയർന്ന നിലവാരത്തിൽ പോലീസിനെ എത്തിച്ചു. ഇന്ത്യയിൽ കുറ്റകൃത്യങ്ങളും വ്യാജവാറ്റുകളും ഇല്ലാതാക്കാൻ വേണ്ടിയുള്ള ഒരു പരിശ്രമം ഇവിടെ ആരംഭിച്ചിരിക്കുന്നു. നാട് നന്നാക്കുന്നതും നാട്ടിൽ സമാധാനം ഉണ്ടാക്കുന്നതും നാട്ടുകാർ ഒരുമിച്ചുകൂടുന്നതും നിങ്ങൾക്ക് താല്പര്യമില്ലെന്നുള്ള രൂപത്തിലാണ് നിങ്ങൾ ഇതിനെ എതിർക്കുന്നത്. കള്ളവുമില്ല ചതിയുമില്ല, എള്ളോളമില്ല പൊളിവചനം എന്ന കാലഘട്ടത്തിലേയ്ക്ക് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണം കേരളത്തെ മടക്കിക്കൊണ്ടുവരാൻവേണ്ടി പരിശ്രമിക്കുമ്പോൾ നിങ്ങൾ എതിർക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കൺസ്യൂമർ കാർഡിനുവേണ്ടിയുള്ള അപേക്ഷാഫോം പ്രതിപക്ഷത്തിരിക്കുന്ന 60 എം.എൽ.എ.മാരിൽ പല ആളുകളും പൂരിപ്പിച്ചുകൊടുത്തു എന്നാണ് അറിഞ്ഞത്. ബാക്കി കേരളത്തിലെ 56 ലക്ഷം വരുന്ന വൈദ്യുതി ഉപഭോക്താക്കളിൽ മുഴുവൻ പേരും പൂരിപ്പിച്ചുകൊടുത്തു. ഉപഭോക്താവിന് തന്റെ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷനെ സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുന്നതിന് ഇപ്പോൾ ഒരു രേഖയുമില്ല. എക്സ്ട്രാ ബിൽ അടയ്ക്കാൻ ആവശ്യപ്പെട്ടാൽ ഉപഭോക്താവ് ബോർഡ് പറയുന്ന തുക അടയ്ക്കും. കോടതിയിൽ കേസിനു പോയാൽ ബോർഡ് നൽകുന്ന രേഖകൾ ആധികാരിക രേഖയായി മാറും. സ്വകാര്യവൽക്കരണത്തിനുവേണ്ടിയാണ് കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുന്നതെന്ന് ഐ.എൻ.ടി.യു.സി. പോലുള്ള ചില യൂണിയനുകൾ പ്രചരിപ്പിക്കുകയാണ്. ഇവിടെ സ്വകാര്യവൽക്കരണം നടത്തുന്നതിന് ഒരു ഫോമും പൂരിപ്പിക്കണ്ട.

5 P.M.] 23 കോൺഗ്രസ്സ് എം.എൽ.എ.മാർ ചാടി യു.പി.യിൽ പോയി ഉണ്ടാക്കിയ ബി.ജെ.പി. ഗവൺമെന്റും അതുപോലെ തന്നെ ഒറീസയിലെ ഗവൺമെന്റും സ്വകാര്യവൽക്കരണം നടത്തിയപ്പോൾ ഒരു ഫോമും പൂരിപ്പിച്ചില്ല. ഒരു ഫോമും പൂരിപ്പിച്ചല്ല സ്വകാര്യവൽക്കരണത്തിലേക്ക് വന്നത്. ഇത് ഉണ്ടാകില്ല എന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ തന്നെ പറഞ്ഞിട്ടുണ്ട്. റേഷൻ കാർഡു പോലെ ആധികാരിക രേഖ ഉപഭോഗത്തിന് ലഭിക്കുന്നത് തടയുന്നതു വഴി നമ്മൾ ജനങ്ങളെ ദ്രോഹിക്കുകയാണ് എന്നു പറയുന്നു. റബ്ബറിന്റേയും ഇഞ്ചിയുടേയും തേയിലയുടേയും അടയ്ക്കയുടേയും കുരുമുളകിന്റേയും ഏലത്തിന്റേയും ഉല്പാദനം കേരളത്തിൽ വർദ്ധിച്ചിരിക്കുന്നു. ആഗോള മാർക്കറ്റിൽ റബ്ബറിന്റെ വിലയെക്കാൾ കേരളത്തിൽ റബ്ബറിന്റെ വില ഉയർന്നുനിൽക്കുന്നു. 21 രൂപയായിരുന്ന റബ്ബറിന്റെ വില ഇപ്പോൾ 31 രൂപയായി ഉയർന്നു. പാലിന്റെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തതയിലേക്ക് കുതിക്കുന്നു. മത്സ്യബന്ധനം വർദ്ധിച്ചിരിക്കുന്നു. വൈദ്യുതി 845 മെഗാവാട്ടായി വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ കേരളത്തിലെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഒരു നിരാശബാധിച്ച പ്രതിപക്ഷമാണ്. എസ്.ബി. കോളേജ് ചാപ്പലിലെ സക്രാരിയിൽ കയറി മോഷ്ടിച്ച കള്ളനെ പിടിച്ചതിന് നിരാശയാണ്. കേന്ദ്രം റേഷനരിയുടെ സബ്സിഡി എടുത്തുകളഞ്ഞപ്പോൾ സന്തോഷവും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ റേഷൻ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചപ്പോൾ നിരാശയുമാണ്. എസ്.എൻ. കോളേജ് സമരം തീർന്നപ്പോൾ നിരാശയുണ്ടായി. ഗുരുദേവപ്രതിമ തകർത്തവരെ പിടികൂടിയപ്പോഴും നിരാശയാണ്. ജനകീയപോലീസ് വരുന്നുവെന്ന് കേട്ടപ്പോൾ നിരാശ. കൺസ്യൂമർ കാർഡ് ഏർപ്പെടുത്താൻ പോകുന്നുവെന്ന് കേട്ടപ്പോൾ നിരാശ, എന്തൊരു പ്രതിപക്ഷമാണ് ? നമ്മുടെ ആദരണീയനായ ധനകാര്യമന്ത്രി കേരളത്തെ രക്ഷിക്കാൻ വേണ്ടിയുള്ള ഒരു പടപ്പുറപ്പാടിനാണ് നേതൃത്വം കൊടുക്കുന്നത്. സംഗീതത്തിൽ ഇതിഹാസികനായ താൻസനെ നാം ഓർത്തുപോകേണ്ടകാര്യമാണ്. കേരളത്തിലെ സംഭാവനയാണ് അദ്ദേഹം. അദ്ദേഹം ലോകപ്രശസ്ത സംഗീതജ്ഞനാണ്. അദ്ദേഹം പാടിയാൽ മരുഭൂമിയിൽ സസ്യപുഷ്പ ലതാദികളും എല്ലാം സുന്ദരമായ ഒരു പൂന്തോട്ടമായി മാറും. അയാൾ പാടിയാൽ പക്ഷികൾ പാടും. കണ്ഠകഠോരങ്ങളായ പുലിയും കടുവയും അവരുടെ മൃഗീയതപോലും കുറച്ച് പാട്ടിനൊപ്പം പാടുന്ന അനുഭവം ഉണ്ടാക്കുന്നതാണ് താൻസന്റെ അനുഭവം. യു.ഡി.എഫ്. ഭരണം കഴിഞ്ഞ് എൽ.ഡി.എഫ്. ഭരണം വന്നപ്പോൾ കേരളം ഒരു മരുഭൂമിയായിരുന്നു. ഈ മരുഭൂമിയിലേക്കാണ്, ഖജനാവ് കാലിയായിരുന്നിടത്ത്, 10500 കോടി രൂപ കടമായിരുന്നിടത്ത് കേരളത്തിൽ സസ്യപുഷ്പലതാദികളെ സംപുഷ്ടമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ ധനകാര്യമന്ത്രി ശ്രീ. ശിവദാസമേനോന് കഴിഞ്ഞത്. ഓരോ വർഷത്തെയും ബഡ്ജറ്റുകൾ താൻസന്റെ സംഗീതം പോലെയാണ് നമുക്ക് അനുഭവപ്പെട്ടത്. കഠോരങ്ങളായ പ്രതിപക്ഷങ്ങൾ പോലും ഈ സംഗീതത്തോടൊപ്പം ഉറക്കെപ്പാട്ടു പാടാൻ കഴിയാതെ മൂളിപ്പാട്ടു പാടുന്ന അനുഭവമാണ് ഇവിടെയുള്ളത്. ഈ സപ്ലിമെന്ററി ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ബാബു : ഞാൻ ഈ സപ്ലിമെന്ററി ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. ഇവിടെ അപ്പുറത്തുള്ള ആളുകൾ പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ എനിക്ക് ഒരു കഥയാണ് ഓർമ്മ വരുന്നത്. ഒരാൾ മരിച്ചപ്പോൾ പള്ളിയിലെ അച്ചൻ നിന്ന് പ്രസംഗിക്കുകയാണ്. മരിച്ചു കിടക്കുന്ന ആളിന്റെ മക്കൾ സഹകാര്യമായി ചോദിക്കുകയാണ്, ഇത് നമ്മുടെ അപ്പനെക്കുറിച്ച് തന്നെയാണോ പറയുന്നതെന്ന്. ഇപ്പോൾ ശ്രീ. ശിവദാസമേനോന്റെ അവസ്ഥയും ആ രീതിയിലാണ്. ഇത്രയും അദ്ദേഹം പ്രതീക്ഷിച്ചിട്ടില്ല. അതാണ് സ്ഥിതി. ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കേണ്ടിവരും. അക്കാര്യത്തിൽ തർക്കമില്ല. ആ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുമ്പോൾ ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ കേരളത്തിന്റെ പ്രയാസങ്ങളെല്ലാം കാണിച്ചുകൊണ്ട് എന്തെങ്കിലും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങൾ നടത്തുമെന്ന് പ്രതീക്ഷിച്ചിരുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന് കേരളത്തിൽ ഈ ഗവൺമെന്റ് തുടർന്നു വരുന്ന ധൂർത്തും സാമ്പത്തിക അച്ചടക്കമില്ലാത്ത പ്രവർത്തനങ്ങളും തുടരുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കാതിരിക്കാൻ വയ്യ. ഞാൻ കൂടുതൽ കണക്കുകളിലേയ്ക്കൊന്നും കടക്കുന്നില്ല. നമ്മുടെ ധനകാര്യമന്ത്രി കമ്മിയെ സംബന്ധിച്ച് ഇന്നലെ പറഞ്ഞു. 203 കോടി രൂപ കമ്മി വരും എന്നാണ് അവസാനമായി പറഞ്ഞത്. ഈ കമ്മി ഇതിലൊന്നും നിൽക്കാൻ പോകുന്നില്ലായെന്നാണ്. 1999-2000 സാമ്പത്തിക വർഷത്തിൽ ശമ്പളത്തിനുവേണ്ടിയും ഡി.എ.യ്ക്കു വേണ്ടിയും 4851 കോടി രൂപയാണ് വകയിരുത്തിയത്. 2000-2001-ൽ 4710 കോടി രൂപയേ വകയിരുത്തിയിട്ടുള്ളൂ. ഇപ്പോൾ മുഖ്യമന്ത്രിയെക്കൊണ്ട് പ്രഖ്യാപിച്ച 10 ശതമാനം ഡി. എ. കൊടുക്കാൻ 780 കോടി രൂപ വേണം. 5 ശതമാനം ഡി. എ. കൂടി കൊടുക്കാനുണ്ട്. അതുകൂടി കൊടുക്കണമെങ്കിൽ 300 കോടി രൂപ കൂടി വേണം. മൊത്തം 1080 കോടി രൂപ കൂടി വേണം. അപ്പോൾ 1080 കോടി രൂപ അധികചെലവ് വരുന്ന ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തേയ്ക്ക് വച്ച തുകയെക്കാൾ കുറച്ച് തുകയാണ് ശമ്പളം കൊടുക്കാനും ഡി.എ. കൊടുക്കാനും വേണ്ടി വച്ചിട്ടുള്ളത്. ഇതുതന്നെ കമ്മി കൂടും എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. അതുപോലെ കോൺട്രാക്ടർക്ക് കൊടുക്കാനുള്ള പൈസ പലിശയ്ക്ക് വാങ്ങി നിക്ഷേപിച്ചിട്ടുണ്ട്. അത് 507 കോടി രൂപ. ഇതെല്ലാം കൂടി കണക്കാക്കിയാൽ ഈ കൊടുത്തുതീർക്കാനുള്ള തൊഴിലില്ലായ്മ വേതനം എല്ലാം കൊടുത്തു തീർക്കാൻ ഇടവന്നാൽ ഈ കമ്മി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയൊന്നും നിൽക്കാൻ പോകുന്നില്ല എന്നുള്ളതാണ് വസ്തുത. എക്സ്പെന്റിച്ചർ കുറച്ച് വയ്ക്കുകയും റസീപ്റ്റ്സ് കൂട്ടി വയ്ക്കുകയും ചെയ്യുന്ന ഒരു നടപടിയാണ് ഈ ബഡ്ജറ്റിൽ ഉള്ളത്. ഈ ബഡ്ജറ്റിന്റെ ക്രെഡിബിലിറ്റിയെ ഈ ബഡ്ജറ്റിന്റെ ഇന്റഗ്രിറ്റിയെ ബാധിക്കുന്ന വിധത്തിലേയ്ക്കാണ് വരുമാനം കൂട്ടി വയ്ക്കുകയും ചെലവ് കുറച്ച് വയ്ക്കുകയും ചെയ്യുന്നതിലൂടെ ധനകാര്യമന്ത്രി ചെയ്തിട്ടുള്ളത്. ചെലവ് ചുരുക്കുന്നതിൽ ഈ ഗവൺമെന്റിന് താൽപ്പര്യക്കുറവാണ്. ബി.ജെ.പി.യുടെ രഹസ്യ അജണ്ട നടപ്പാക്കുന്നതിനെ നിങ്ങളെല്ലാം ആരോപണം ഉന്നയിക്കുന്നുണ്ട്. സി.പി.എം.ന്റെ രഹസ്യ അജണ്ട നടപ്പാക്കലാണ് ഈ ഗവൺമെന്റിന്റെ പരിപാടിയെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ ഇന്നലെ പറഞ്ഞു. ബഹുമാനപ്പെട്ട ശിവദാസമേനോൻ, അദ്ദേഹം തറവാടിയാണ്. അതിൽ തർക്കമില്ല. പക്ഷേ, തറവാടിത്തം പുലർത്തുന്ന തരത്തിലുള്ള നിലപാട് അല്ലല്ലോ പാർട്ടിക്കുള്ളത്. അദ്ദേഹം പറഞ്ഞു അദ്ദേഹത്തിന്റെ പാർട്ടിയുടെ നയമാണ് നടപ്പാക്കുന്നതെന്ന്. രണ്ടുമൂന്ന് കാര്യങ്ങൾ കൂടിയുണ്ട്. സഹകരണ മേഖലയിൽ ആരംഭിച്ച കണ്ണൂർ മെഡിക്കൽ കോളേജ്. സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് നിങ്ങൾ എതിരായിരുന്നു. ഞാൻ പറഞ്ഞു വന്നത് ആ കോളേജ് ഏറ്റെടുക്കാൻ വേണ്ടി 50 കോടിരൂപ ബഡ്ജറ്റിൽ വച്ചു. അന്ന് അത് മുഖ്യമന്ത്രിയുടേയും അന്നത്തെ സഹകരണ വകുപ്പുമന്ത്രിയുടേയും പേരിലായിരുന്നു. വ്യക്തിപരമായ എന്നാണ് നിങ്ങളുടെ ആശങ്ക. അത് മാറ്റി മുഖ്യമന്ത്രിയുടെ പേരിലാക്കിയാൽ പോരെ. പക്ഷേ, 50 കോടി രൂപ അതിനുവച്ചു. നിങ്ങൾ തുടങ്ങാൻ പോകുന്ന പുതിയ സഹകരണ അക്കാഡമിക്കുവേണ്ടി 50 കോടി രൂപ. ഇത് ബഡ്ജറ്റിൽ നിന്നും ഒഴിവാക്കാമായിരുന്നു. അത് ഒഴിവാക്കിയില്ല. മാനവീയത്തിനുവേണ്ടി ലക്ഷക്കണക്കിന് രൂപ നിങ്ങൾ പൊടിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക പരാധീനതകൾ ഒന്നും കണക്കിലെടുക്കാതെ ലക്ഷക്കണക്കിന് രൂപ ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷമില്ലാത്ത പയ്യാവൂർ പഞ്ചായത്തിൽ ഭൂരിപക്ഷമില്ലാത്ത പ്രസിഡന്റിനെ നിലനിർത്താൻവേണ്ടി നിങ്ങൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസിന് ചെലവാക്കിയ വകയിൽ ലക്ഷക്കണക്കിന് രൂപയാണ് പൊടിച്ചത്. അതിന് ഇനിയും എത്ര വേണ്ടി വരുമെന്ന് പറയാൻ ഒക്കുകയില്ല. ഞാൻ ഒരു ചോദ്യം വായിക്കാം. ചോദ്യം 21-2-2000-ൽ 105-ാം നമ്പർ ചോദ്യം. ചോദ്യകർത്താവ് ശ്രീ. ഉമ്മൻചാണ്ടി ഉത്തരം മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ, പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ കോടതി അലക്ഷ്യ കേസിൽ സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റുമാർ ആരെല്ലാം ? ഉത്തരം സീനിയർ അഭിഭാഷകനായ ശ്രീ. കെ. കെ. വേണുഗോപാൽ ഹാരിസൺ സാൽവേ, ശ്രീ. പി. വി. റാവു, സോളിസിറ്റർ ജനറൽ ശ്രീ. സന്തോഷ് ഹെഗ്ഡേ, അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീ. സി. എസ്. വൈദ്യനാഥൻ, സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. ജയപ്രകാശ് എന്നിവർ വിവിധ ഘട്ടങ്ങളിൽ സുപ്രീംകോടതിയിൽ ഹാജരായിട്ടുണ്ട്. അവർ ഓരോരുത്തരും ആർക്കുവേണ്ടിയാണ് ഹാജരായത് ? ഉത്തരം സർക്കാരിനുവേണ്ടിയാണ് ഹാജരായത്. ഇവർക്ക് ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ട് എന്നും ഇനി എത്ര വീതം നൽകുവാനുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നും വെളിപ്പെടുത്തുമോ ? ഉത്തരം ശ്രീ. കെ. കെ. വേണുഗോപാൽ 2,53,000 രൂപ, ശ്രീ. വൈദ്യനാഥൻ 77,000 രൂപ, ശ്രീ. സാൾവേ 33,000 രൂപ, ശ്രീ. പി. വി. റാവു 50,000 രൂപ, ശ്രീ. സന്തോഷ് ഹെഗ്ഡേ 33,000 രൂപ. ബാക്കി കൊടുക്കാനുള്ള തുകയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. ഹൈക്കോടതിയിൽ ഈ കേസ് വാദിക്കാൻ വേണ്ടി സീനിയർ അഭിഭാഷകനായ ശ്രീ. കേളു നമ്പ്യാർ ഹാജരായതിന് 55,000 രൂപ കൊടുത്തു. ഭൂരിപക്ഷമില്ലാത്ത ഒരു പഞ്ചായത്തിൽ ജനാധിപത്യ വിരുദ്ധമായ വിധത്തിൽ ഒരു പഞ്ചായത്ത് പ്രസിഡന്റിനെ നിലനിർത്താൻ വേണ്ടി നിങ്ങൾ എത്ര ലക്ഷം രൂപ ചെലവാക്കി, ഈ ചെലവ് ഒഴിവാക്കാമായിരുന്നില്ലേ? ഇതാണ് ഞങ്ങൾ എതിർക്കുന്നതിന്റെ ഒരു കാരണം. മറ്റൊരു കാര്യം പറയാം. ഇവിടെ പത്ര സ്വാതന്ത്ര്യത്തെ ഹനിക്കുന്നവരാണ്, ഞങ്ങൾ സുതാര്യതയ്ക്ക് എതിരാണ് എന്നൊക്കെയാണല്ലോ നിങ്ങൾ പറയുന്നത്. നിങ്ങൾ സുതാര്യതയുടെ ആളുകളാണ്, പത്ര സ്വാതന്ത്ര്യത്തിന്റെ ആളുകളാണ്, ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ആളുകളാണ് എന്നല്ലേ പറയുന്നത് ? ഇവിടെ ലോവർ പെരിയാറുമായി ബന്ധപ്പെട്ട ഒരു കേസിന്റെ പ്രശ്നം കേരള കൗമുദി പത്രത്തിൽ പ്രസിദ്ധീകരിച്ചു. ശ്രീ. പിണറായി വിജയൻ നിയമസഭയിൽ ഉന്നയിച്ച ഒരു ആരോപണവുമായി ബന്ധപ്പെട്ട ഒരു കേസാണ്. അങ്ങനെ കേരള കൗമുദിയിൽ ആ കേസിന്റെ വാർത്ത വന്നു. നിങ്ങൾ കോർട്ട് അലക്ഷ്യത്തിന് കേസ് കൊടുത്തു. ആ കേസിന് ആരെക്കൊണ്ടാണ് വാദിപ്പിച്ചത് എന്നറിയാമോ ? ബി.ജെ.പി. സർക്കാർ നിയമിച്ച സോളിസിറ്റർ ജനറൽ കേരള സർക്കാരിനുവേണ്ടി ശ്രീ. ഹാരിഷ് സാൾവേ കേരള കൗമുദിക്കെതിരായി ഇപ്പോൾ കേസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു ദിവസത്തേയ്ക്ക് സോളിസിറ്റർ ജനറലിന് എത്ര രൂപ മുടക്കുമെന്നറിയാമോ ? ഒറ്റ അപ്പിയറൻസിന് രണ്ട് ലക്ഷം രൂപ. എത്ര സിറ്റിംഗ് കഴിഞ്ഞു, 8 സിറ്റിംഗ് കഴിഞ്ഞു. ഞങ്ങൾ സുതാര്യതയ്ക്ക് എതിരാണെന്നാണ് ആരോപണം. പണ്ട് വനംവകുപ്പു മന്ത്രിയായിരുന്ന അന്തരിച്ച കെ. ജി. അടിയോടി കേരള കൗമുദിക്കെതിരായി കേസ് കൊടുത്തു. ആ കാര്യം ഇപ്പുറത്തിരിക്കുന്ന ശ്രീ. കബീർ മാഷിനറിയാം. അന്ന് കേരളത്തിലെ കോൺഗ്രസ്സ് ചെയ്തത് എന്താണെന്നറിയാമോ ? കെ.പി.സി.സി. എക്സിക്യൂട്ടീവ് കൂടി ആ കേസ് പിൻവലിക്കാൻ ഗവൺമെന്റിനോടും വനംവകുപ്പുമന്ത്രിയോടും ഞങ്ങൾ ആവശ്യപ്പെട്ടു. നിങ്ങളോ, കേരളകൗമുദി പത്രം ഞങ്ങളെ അനുകൂലിക്കുന്ന പത്രമാണെന്ന് ആരും ആരോപിക്കില്ലല്ലോ. നിങ്ങൾ ആ കേരളകൗമുദി പത്രത്തിന് എതിരായി സുതാര്യത പറയുന്ന ആളുകൾ, പത്രസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രസംഗിക്കുന്ന ആളുകൾ, കേസ് നടത്തുന്നതിനുവേണ്ടി ബി.ജെ.പി.യുടെ സോളിസിറ്റർ ജനറലിന് ഒരു അപ്പിയറൻസിന് രണ്ടു ലക്ഷം രൂപ കൊടുത്ത് കേസ് നടത്തിക്കൊണ്ടിരിക്കുകയാണ്. നാണമില്ലല്ലോ നിങ്ങൾക്ക് ? ഈ പ്രസംഗമൊക്കെ എത്ര സുതാര്യം. പക്ഷേ, പ്രവർത്തി ഈ രൂപത്തിലാണ്. ഇതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്.

ശ്രീ. ജി സുധാകരൻ : സർ, ഇന്ത്യൻ ഭരണഘടനപ്രകാരം കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റായിട്ടുള്ള സൊളിസിറ്റർ ജനറൽ ഓഫ് ഇന്ത്യയെ ബി.ജെ.പി.യുടെ സോളിസിറ്റർ ജനറൽ എന്ന് വ്യാഖ്യാനിക്കുകയും സംസ്ഥാന ഗവൺമെന്റ് ഭരണഘടനാപരമായി കേസ് നടത്തുന്നതിനെ ബി.ജെ.പി.യുടെ

LIBRARY ARCHIVES Kerala Legislative Assembly

കെയർ ഓഫിൽ പറയുകയും ചെയ്യുന്നത് ഭരണഘടനാപരമല്ല. ഓർഡറിലല്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. കെ. ബാബു : ഞാൻ ബി.ജെ.പി. എന്നുള്ളത് വേണമെങ്കിൽ പിൻവലിക്കാം. ബി.ജെ.പി. അപ്പോയിന്റ് ചെയ്ത സോളിസിറ്റർ ജനറൽ എന്നു മാത്രമേയുള്ളൂ. സോളിസിറ്റർ ജനറലിനെ വച്ചത് ബി.ജെ.പി.യാണല്ലോ, അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. ജി. കാർത്തികേയൻ : ഇതിനകത്തുള്ള പ്രശ്നം, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബുവിന്റെ ഒരു പദപ്രയോഗത്തിലുള്ള അഭിപ്രായവ്യത്യാസമേ ശ്രീ. സുധാകരനുള്ളൂ. 16 ലക്ഷം രൂപ ഒരു പത്രത്തിനെതിരെയുള്ള കേസിൽ ഈ സർക്കാർ ചെലവാക്കിയ കാര്യത്തിൽ അദ്ദേഹത്തിന് അഭിപ്രായ വ്യത്യാസമുണ്ടോ ? അതാണ് അറിയേണ്ടത്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട കാർത്തികേയൻ സൂചിപ്പിച്ച പ്രശ്നം തന്നെയാണ് എന്റെയും. ഞാൻ വേറൊരു കാര്യം പറയാം. ഒരു ചോദ്യത്തിന്റെ ഉത്തരം 22-3-2000-ൽ സാമ്പത്തിക അച്ചടക്കം സംബന്ധിച്ച് ആർ.ബി.ഐ.യുടെ നിർദ്ദേശങ്ങൾ ചോദ്യം ശ്രീ. ഉമ്മൻചാണ്ടി. (എ) സാമ്പത്തിക പുനഃക്രമീകരണം, സാമ്പത്തിക കൺസോളിഡേഷൻ എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ട അടിയന്തിര നടപടികളെക്കുറിച്ച് റിസർവ് ബാങ്കിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ?

ഉത്തരം : ധനകാര്യ വകുപ്പുമന്ത്രി :- ധനകാര്യ വകുപ്പിന് നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. അതിൽ (ഇ) സാമ്പത്തിക അച്ചടക്കം പാലിക്കുന്ന സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ആവിഷ്ക്കരിച്ച പരിപാടിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തിന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?

ഉത്തരം : കേന്ദ്രഗവൺമെന്റ് അങ്ങനെ ഒരു പരിപാടി ആവിഷ്ക്കരിച്ചതായി അറിവില്ല. ഞാൻ ഒരു കാര്യം പറയാം. ഇത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ബുള്ളറ്റിൻ Finances of State Governments : 1999-2000. അതിനകത്ത് അവരുടെ സ്കീം The Central Government in the Supplementary Demand for Grants presented to the Parliament in December, 1999 made a provision for Rs. 3000 crore for creating an Extended Ways and Means Advances Facility for reforms-linked assistance to the State Governments. ഇത് റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുള്ള അവരുടെ ബുള്ളറ്റിനാണ്. നമ്മുടെ ധനകാര്യമന്ത്രി ഈ വിവരം അറിഞ്ഞിട്ടില്ല, ധനകാര്യ വകുപ്പ് അറിഞ്ഞിട്ടില്ല. ഉത്തരം ഉണ്ടല്ലോ. ഞാൻ റിസർവ് ബാങ്കിന്റെ പ്രസിദ്ധീകരണത്തിന്റെ ബാക്കി ഭാഗം വായിക്കാം. Gujarat was the first State to have a ceiling on the level of guarantees, Karnataka and Rajasthan have prescribed legislation by placing a cap on the total outstanding Government guarantees. Both Bihar and Nagaland are considering setting a ceiling on guarantees. As regards the operationalisation of the scheme of Consolidated Sinking Fund (CSF), five State Governments viz., Andhra Pradesh, Arunachal Pradesh, Goa, Maharastra

LIBRARY ARCHIVES Kerala Legislative Assembly

and Mizoram have already instituted the same, while West Bengal has issued notification to implement the scheme, and Nagaland and Punjab are actively considering the same. വെസ്റ്റ് ബംഗാളിൽ നടപ്പാക്കി എന്ന് റിസർവ് ബാങ്ക് ബുള്ളറ്റിനിൽ ഉണ്ട്. അപ്പോൾ മോശമാകില്ലല്ലോ. ധനകാര്യമന്ത്രി ഇവിടെ ഈ നിയമസഭയിൽ തന്ന ഉത്തരത്തിൽ പറഞ്ഞിരുന്നു ഇങ്ങനെ ഒരു സ്കീമിനെക്കുറിച്ച് അറിഞ്ഞുകൂടാ എന്ന്. എന്ത് ധനകാര്യ മാനേജ്മെന്റാണ്. ഞാൻ ആ കാര്യം നിർത്തുകയാണ്. ഇവിടെ നമ്മുടെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ സംസാരിക്കുന്നതു കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. കാരണം ശ്രീ. സത്യൻ മൊകേരി ഇന്നലെ വികാരം കൊണ്ടല്ലേ പ്രസംഗിച്ചത്. കഴിഞ്ഞ ഒരു മാസക്കാലം വെയില് കൊണ്ട് നാട് മുഴുവൻ നടന്ന് സർക്കാരിനെതിരായി പ്രസംഗിച്ച ശ്രീ. സത്യൻ മൊകേരി വികാരംകൊണ്ടു. കേന്ദ്രത്തിനും സംസ്ഥാനത്തിനും എതിരായിട്ട് പ്രസംഗിച്ചത് ഞാൻ കേട്ടതാണ്. എന്റെ സുഹൃത്ത് ശ്രീ. ജോസ് ബേബി, എ.ഐ.വൈ.എഫ്-ന്റെ പ്രസിഡന്റായിരുന്ന അദ്ദേഹം ഇവിടെ വന്നിട്ട് പറഞ്ഞ പറച്ചിലോ. എ.ഐ.വൈ.എഫ്.-ന്റെ സെക്രട്ടറി ശ്രീ. ശിവാനന്ദന്റെ പ്രസ്താവന ഈ ബഡ്ജറ്റിനെക്കുറിച്ച് ഞാൻ വായിച്ചു. ഈ ഗവൺമെന്റ് നടന്നുവന്ന വഴി മറന്നുപോകുന്നു. ഈ ഗവൺമെന്റ് ജനങ്ങളെ വഞ്ചിക്കുന്നു, ഞാൻ വായിച്ചതാണ്. ആ ശ്രീ. ജോസ് ബേബി കഴിഞ്ഞ ആഴ്ചയിലാണ് എ.ഐ.വൈ.എഫിന്റെ പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞത്. ശ്രീ. ജോസ് ബേബിയുടെ യുവജനസംഘടന ഇവിടെ സാമ്പത്തിക പരിഷ്ക്കാരങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസിന്റെ സാമ്പത്തിക നയത്തെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി രാവിലെ വിശദീകരിക്കുകയുണ്ടായി. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, 1991-ലാണ് ഈ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നമ്മുടെ രാജ്യത്ത് ആരംഭിച്ചത്. എന്തുകൊണ്ട് ആരംഭിച്ചു? 1991-ൽ ഞങ്ങൾ രാജ്യത്ത് അധികാരത്തിൽ വരുമ്പോൾ നിങ്ങൾ പിൻതാങ്ങി ഭരിച്ച ശ്രീ. വി. പി. സിംഗ് ഗവൺമെന്റിന്റെ തുടർച്ചയായിട്ടാണ് വന്നത്. അന്ന് ഇന്ത്യയിലെ സ്ഥിതി എന്താണെന്നറിയാമോ, ഇന്ത്യയിലെ സ്വർണ്ണം മുഴുവൻ ഇംഗ്ലണ്ടിൽ കൊണ്ടുപോയി പണയം വച്ചിരിക്കുകയായിരുന്നു. കെട്ടുതാലി എപ്പോഴാണ് പണയം വയ്ക്കുന്നത്, ഒരു ഗതിയും ഇല്ലാതാകുമ്പോൾ. ആ ഗതികെട്ട സാഹചര്യത്തിലാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. അന്ന് ഇറക്കുമതിക്കു വേണ്ടി നമ്മുടെ കൈയിൽ എത്ര പണമുണ്ടായി, ആകെ 5200 കോടി രൂപ, മൂന്നു മാസത്തെ ഇറക്കുമതിക്ക് വേണ്ടി തികയില്ല. ഞങ്ങൾ ഇറങ്ങിപ്പോകുമ്പോഴത്തെ സ്ഥിതി എന്താണെന്നറിയാമോ, 1,35,000 കോടി വിദേശനാണയം നമ്മുടെ കൈവശമുണ്ട്. സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഞങ്ങൾ നടപ്പാക്കിയതും ബി.ജെ.പി. ഇപ്പോൾ നടപ്പാക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒരു സംശയവും വേണ്ട. ഞാൻ ചോദിച്ചോട്ടെ നിങ്ങൾ പൊതുമേഖലയ്ക്കുവേണ്ടി വാദിക്കുന്നവരല്ലേ? നിങ്ങളുടെ ഗവൺമെന്റ്, (യു.എഫ്. ഗവൺമെന്റ്) വന്നപ്പോൾ ഷെയർ വിൽക്കുന്നതിനെ സംബന്ധിച്ച് എന്താണ് തീരുമാനം എടുത്തത്? ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ മൂവായിരം കോടി രൂപയുടെ ഡിസ്ഇൻവെസ്റ്റുമെന്റ് നടത്താനേ തീരുമാനിച്ചിരുന്നുള്ളൂ. നിങ്ങളോ അയ്യായിരം കോടി രൂപയുടെ ഡിസ്ഇൻവെസ്റ്റ്മെന്റ് നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. അല്ലേ? അതു മാത്രമല്ല, നിങ്ങൾ അതിനുവേണ്ടി ഒരു കമ്മീഷനെക്കൂടി നിയമിച്ചു. വേൾഡ് ഇക്കണോമിക്സ് കോൺഫറൻസിൽ അന്നത്തെ പ്രധാനമന്ത്രി, ബഹുമാനപ്പെട്ട ഗുജ്റാൾ, അദ്ദേഹം പങ്കെടുത്തുകൊണ്ട് പറഞ്ഞു, ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്ക്കാരങ്ങൾ അതേപടി തുടരും. ലോകരാജ്യങ്ങൾക്ക് മുഴുവൻ ശ്രീ. ഗുജ്റാൾ ഉറപ്പുകൊടുത്തു, ആരുടെ ബലത്തിലാണ്? നിങ്ങൾ ഉൾപ്പെടെ എല്ലാപേരുടേയും ബലത്തിലാണ്. നിങ്ങൾ അയ്യായിരം കോടി രൂപയുടെ ഡിസ്ഇൻവെസ്റ്റുമെന്റ് നടത്താൻ തീരുമാനിച്ചപ്പോൾ പൊതുമേഖല നിലനിർത്താൻവേണ്ടിയാണെന്ന് ഇപ്പോൾ വാദിക്കുന്നു. ഞങ്ങൾ മൂവായിരം കോടിയേ തീരുമാനിച്ചുള്ളൂ. കേന്ദ്രത്തിലെ യു.എഫ്. ഗവൺമെന്റ് അയ്യായിരം കോടി രൂപ ഡിസ്ഇൻവെസ്റ്റുമെന്റ് നടത്താൻ തീരുമാനിച്ചു. പത്തുവർഷമായി ഇത് ആരംഭിച്ചിട്ട് ഒരു പുനരവലോകനം വേണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അത് പ്രതിപക്ഷനേതാവ് പറഞ്ഞു, ഇവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടിനെക്കുറിച്ച് എല്ലാപേരും പറഞ്ഞു, ഞങ്ങൾക്ക് സൂപ്പർ മാർക്കറ്റുകളിലാണ് താൽപ്പര്യമെന്ന് പറഞ്ഞു. ലെനിനോട് ഇത്രയേറെ യോജിച്ചിട്ടുള്ള മറ്റൊരു പ്രസ്ഥാനമില്ല എന്നു തോന്നും. അദ്ദേഹം പറഞ്ഞു, എല്ലാ ഭൗതികസുഖങ്ങളും അനുഭവിക്കണമെന്നുതന്നെയാണ് മനുഷ്യന്റെ ആഗ്രഹം. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഇല്ലാതാക്കി നേട്ടങ്ങൾ ഉണ്ടാക്കണം എന്ന് കാറൽമാർക്സ് പറഞ്ഞിട്ടുണ്ട്. നിങ്ങൾ അത് അക്ഷരംപ്രതി പാലിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സോഷ്യലിസം വരുന്നതിനുമുമ്പുതന്നെ ഭൂമിയിലുള്ള എല്ലാ ഭൗതിക സുഖങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ പറയട്ടെ, നിങ്ങൾ സ്റ്റാലിന്റെ ഉന്മൂലനാശസിദ്ധാന്തവും റുമേനിയൻ പ്രസിഡന്റായിരുന്ന ചെഷസ്ക്യൂവിന്റെ ഭാര്യ എലീനയുടെ സ്വർണ്ണച്ചെരുപ്പുകൾ ഇട്ടുനടക്കുന്ന സുഖഭോഗ ആഡംബര സംസ്ക്കാരവുമായിട്ടാണ് ഇന്ന് മുന്നോട്ടു പോകുന്നത്. എന്നിട്ട് പ്രോളിറ്റേറിയൻ സംസ്ക്കാരത്തെക്കുറിച്ച് പറയുന്നു. നാണമില്ലേ നിങ്ങൾക്ക്, ഒറ്റ വാക്ക്; ഇവിടെ ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന നിങ്ങളുടെ പാർട്ടിയുടെ മാറ്റങ്ങളെക്കുറിച്ച് എല്ലാപേർക്കും അറിയാമല്ലോ, നിങ്ങൾക്ക് എല്ലാപേർക്കും അറിയാമല്ലോ, നിങ്ങളുടെ പാർട്ടിയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങൾ ഈ പ്രോളിറ്റേറിയൻ സംസ്ക്കാരത്തിന്റെ ഭാഗമാണോ? പറയാൻ പറ്റുമോ നിങ്ങൾക്ക്, പറയാൻ പറ്റില്ല. അതുകൊണ്ട് ഒരുകാര്യം കൂടി പറഞ്ഞുകൊണ്ടു നിർത്താം. നമ്മുടെ ബഹുമാനപ്പെട്ട ഗവർണർ ഫെബ്രുവരി 18-ാം തീയതി ഈ സഭയിൽ നടത്തിയ അദ്ദേഹത്തിന്റെ പ്രസംഗമുണ്ട്, ഞാൻ അന്വേഷിച്ചു, അദ്ദേഹം കുറേ ദിവസത്തേയ്ക്ക് സ്ഥലം വിട്ടിരിക്കുകയാണ്. എന്തിനാണ് എന്ന് അറിയാമോ ? നിങ്ങൾ അദ്ദേഹത്തെ ഇതുപോലെ വഞ്ചിക്കുമെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി, നിങ്ങൾ അദ്ദേഹത്തെ കൊണ്ട് പറയിപ്പിച്ച കാര്യങ്ങൾക്കെങ്കിലും പണം വച്ചിട്ടുണ്ടോ ? ഗവർണ്ണറെക്കൊണ്ട് ഫെബ്രുവരി 18-ാം തീയതി ഇപ്രകാരം നിയമസഭയിൽ നടത്തിയത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ഏതു റൂൾ പ്രകാരമാണ് ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : റൂൾ 307, സർ. ഗവർണ്ണർ ഇവിടെ നടത്തിയ പ്രസംഗം അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചു എന്ന് പറഞ്ഞാൽ അദ്ദേഹത്തിന് എഴുതാനും വായിക്കാനും ഒന്നും അറിഞ്ഞുകൂടായെന്നാണ്, അങ്ങനെ ഗവർണ്ണറെ അപമാനിച്ചത് ഓർഡറിലാണോ സാർ?

മി. ചെയർമാൻ : അതിലൊന്നും പോയിന്റില്ല, അങ്ങ് പ്രസംഗം അവസാനിപ്പിക്കു.

ശ്രീ. കെ. ബാബു : സർ, ഗവർണ്ണറോട് എനിക്ക് വളരെ ആദരവ് ഉണ്ടെന്നാണ് ഞാൻ പറഞ്ഞത്, അദ്ദേഹത്തെക്കൊണ്ട് നിങ്ങൾ നടത്തിയ ഈ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി പല പരിപാടികൾക്കും പണം വച്ചിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. ഗവർണ്ണറോട് ആദരവ്ക്കുറവ് ഇല്ല, അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക പരിതസ്ഥിതികൾ കണക്കിലെടുക്കാതെ ധൂർത്തും അഴിമതികളും നടത്തുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എളമരം കരീം : സർ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുള്ള തുകയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റ്സിനെ ഞാൻ അനുകൂലിക്കുന്നു. ഈ സർക്കാർ നടത്തിയ വിവിധ ജനവിഭാഗങ്ങൾക്കുള്ള ആശ്വാസനടപടികൾ, ജനക്ഷേമനടപടികൾ ഒന്നും കാണാതെ വളരെ ബാലിശമായ ചില ചെലവിനങ്ങൾ ഉന്നയിച്ചുകൊണ്ട് ഇവിടെ ചില പ്രതിപക്ഷ സുഹൃത്തുക്കൾ ആക്ഷേപം ഉന്നയിച്ചു. ഏതെങ്കിലും ഒരു കേസ്സിനുവേണ്ടി വക്കീൽഫീസ് കൊടുത്തതോ അതല്ലാതെ സർക്കാരിന്റെ ഏതെങ്കിലും പബ്ലിക്കേഷൻ പി.ആർ.ഡി. വഴി അടിച്ചിറക്കിയതോ അതുപോലുള്ള നിസ്സാരമായ ചെലവിനങ്ങളെ ആസ്പദമാക്കിക്കൊണ്ടല്ല ഒരു സർക്കാരിന്റെ നയത്തെ പൊതുവിൽ വിലയിരുത്തേണ്ടത്.

[അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ]

സർക്കാരിന്റെ നയങ്ങളെ ആസ്പദമാക്കിക്കൊണ്ടുവന്ന ബഡ്ജറ്റും കേന്ദ്രഗവൺമെന്റ് കഴിഞ്ഞ പത്തുവർഷക്കാലമായി പിൻതുടർന്നുവരുന്ന സാമ്പത്തിക നയങ്ങളും തമ്മിലുള്ള അന്തരം ഇപ്പോൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിലെ ബഡ്ജറ്റിലെ വിഷയങ്ങളും കേന്ദ്രധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റും താരതമ്യപ്പെടുത്തിയാൽ വളരെ വ്യക്തമായി അത് മനസ്സിലാകും. ഈ കേന്ദ്രസാമ്പത്തിക നയത്തിന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് എല്ലാപേരും വലിയ തർക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച്, രണ്ടു ബഡ്ജറ്റിലേയും സാമ്പത്തിക സമീപനങ്ങൾ നാം പരിശോധിച്ചാൽ വ്യക്തമായ രണ്ടു നയങ്ങൾ പ്രതിഫലിച്ചു കാണാൻ സാധിക്കും. ഇപ്പോൾ കേന്ദ്രഗവൺമെന്റ് പൊതുമേഖലകളിലെ ഗവൺമെന്റ് ഓഹരി 33 ശതമാനമായി കുറയ്ക്കുന്നു എന്ന നയം സ്വീകരിച്ചുവെങ്കിൽ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനുള്ളഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കാൻ വ്യവസായ മേഖലയ്ക്ക് പൊതുവിൽ നീക്കിവച്ച 267 കോടി ഉറുപ്പികയ്ക്കുപുറമേ ഒരു വ്യവസായസംരക്ഷണ ഫണ്ട്, പൊതുവായ്പ എടുത്തുകൊണ്ട് വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള ഒരു സ്കീം അംഗീകരിച്ച് പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ തുറപ്പിച്ച് സാമ്പത്തിക സഹായം നൽകി പുനരുദ്ധരിക്കാനുള്ള ഫലപ്രദമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ തൊഴിലാളികൾക്ക് ഒരു കാലത്തും ഇല്ലാത്തവിധം ഒരു സുരക്ഷിതത്വം ഈ ഗവൺമെന്റിന്റെ നയങ്ങളുടെ ഫലമായി ലഭിച്ചിട്ടുണ്ട് എന്ന് എല്ലാ ട്രെയ്ഡ് യൂണിയനുകളും പൊതുവിൽ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഒറ്റ ട്രെയിഡ് യൂണിയനും സംസ്ഥാനത്തിന്റെ ഈ നയങ്ങളെ പരസ്യമായി ആക്ഷേപിച്ചുകൊണ്ട് പ്രക്ഷോഭം നടത്താൻ കഴിയാത്തവിധത്തിൽ സംസ്ഥാനസർക്കാരിന്റെ നയം തൊഴിലാളിവർഗ്ഗത്തിന് അനുകൂലമാണ്. ഇതുപോലെതന്നെയാണ് ഇന്ത്യയിലെ വ്യവസായമേഖലയിൽ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ വിദേശപങ്കാളിത്തം 40 ശതമാനം ആക്കുകയെന്ന നയമാണ് കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നയത്തിന്റെ ആരംഭം 1991-ലെ നരസിംഹറാവുവിന്റെ വ്യവസായനയപ്രഖ്യാപനം തൊട്ടാണ്. അത് മറച്ചുവച്ചുകൊണ്ട് അവർ ആരംഭിച്ച നയത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് മാറുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇപ്പോഴും മിക്സഡ് ഇക്കോണമിയിൽ തന്നെ നിൽക്കുകയാണെന്ന് പ്രതിപക്ഷനേതാവുൾപ്പെടെ അവകാശപ്പെടുന്നത്. ഏറ്റവും ഒടുവിൽ സംസാരിച്ച ശ്രീ. കെ. ബാബു 1991-ൽ നരസിംഹറാവു അധികാരത്തിൽ വരുമ്പോൾ ഇന്ത്യയുടെ വിദേശ നാണയബാലൻസ് വളരെ കുറവായിരുന്നുവെന്നും അതുകൊണ്ട് പ്രതിസന്ധിയിലായെന്നും പറഞ്ഞു. അതിന്റെ ഉത്തരവാദിത്വം ആർക്കാണ്, 1984-ൽ ശ്രീ. രാജീവ് ഗാന്ധി ഇന്ത്യയിൽ അധികാരത്തിൽ വന്നപ്പോൾ നമ്മുടെ വിദേശനാണയ കടം ഇരുപത്തിമൂന്നായിരം കോടി രൂപയായിരുന്നു. അദ്ദേഹത്തിന്റെ നയങ്ങളാണ് ഇന്ത്യയുടെ കടഭാരം ഒരു ലക്ഷം കോടി രൂപയാക്കിയത്. അത്രയും കടഭാരം ഇന്ത്യയ്ക്ക് ഉണ്ടാക്കാൻ കാരണം ഇന്ത്യയിലേയ്ക്ക് വിദേശ പങ്കാളിത്തം കൂടുതലായി ക്ഷണിച്ചുവരുത്തുന്ന ഒരു സാമ്പത്തികനയത്തിലേയ്ക്ക് അദ്ദേഹം മാറിയതുകൊണ്ടാണ്. പരസ്യമായ പുത്തൻ സാമ്പത്തിക നയം 1991-ൽ ആയിരുന്നു എങ്കിലും അതിന്റെ തുടക്കം കുറിച്ചത് രാജീവ്ഗാന്ധിയുടെ 84 മുതലുള്ള ഭരണമാണെന്ന് വളരെ വ്യക്തമാണ്. ഇന്ത്യയെ 21-ാം നൂറ്റാണ്ടിലേയ്ക്ക് നയിക്കുക എന്ന മുദ്രാവാക്യം ആവിഷ്ക്കരിച്ച രാജീവ് ഗാന്ധിയുടെ നയങ്ങളാണ് യഥാർത്ഥത്തിൽ ഇന്ത്യയുടെ കടഭാരം വർദ്ധിപ്പിച്ചത്. ഈ കടഭാരത്തിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുന്നതിന് നരസിംഹറാവു സ്വീകരിച്ച നയമാണ് ഐ.എം.എഫ്.-ൽ നിന്ന് ലോൺ വാങ്ങുക, പുതിയ സാമ്പത്തിക നയത്തിലേയ്ക്ക് നീങ്ങുക എന്നത്. എന്നിട്ട് ഇപ്പോൾ ശ്രീ. ബാബു ഉൾപ്പെടെയുള്ളവർ അവകാശപ്പെടുന്നത് നമ്മുടെ വിദേശനാണയ ശേഖരം വർദ്ധിപ്പിച്ചു എന്നാണ്. നൂറ്റിമുപ്പത് കോടിയെന്ന ഒരു കണക്കും അദ്ദേഹം പറയുന്നു. എന്താ മിച്ചം വർദ്ധിച്ചതിന്റെ അടിസ്ഥാനം, നമ്മുടെ കയറ്റുമതി വർദ്ധിച്ചതുകൊണ്ടുള്ള വരുമാന വർദ്ധനവല്ല, ഇന്ത്യയിലെ ഷെയർമാർക്കറ്റിൽ രാഷ്ട്രീയ കുത്തക സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ നിക്ഷേപിച്ച പണത്തിന്റെ അളവുകൂടി ചേർന്നതാണ് ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

വിദേശനാണയശേഖരം. ഇത് ഇന്ത്യയുടെ സമ്പദ്ഘടനയുടെ ഭദ്രത സൂചിപ്പിക്കുന്നതല്ല, ഒരു നിമിഷം ഇൻഡോനേഷ്യയിൽ നിന്നും തായ്ലന്റിൽനിന്നും വിദേശ കുത്തകകൾ അവരുടെ നിക്ഷേപം പോയപ്പോൾ ആ രാഷ്ട്രസമ്പദ്ഘടന തകർന്നതുപോലെ എപ്പോഴും പൊട്ടിത്തകരാവുന്ന അവസ്ഥയിലാണ് ഇന്ത്യൻ സമ്പദ്ഘടന. ആ അവസ്ഥയിലേക്ക് ഇന്ത്യയെ എത്തിച്ചതാണ് 1991-ലെ പരസ്യമായി പ്രഖ്യാപിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ആപത്ത്. ആ നയങ്ങൾ കൂടുതൽ ശക്തിയായി നടപ്പാക്കുന്നതാണ് കേന്ദ്രബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ. അതിൽനിന്നും വ്യത്യസ്തമാണ് കേരളത്തിലെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ. ഇവിടെ ഓരോ മേഖലയിലെയും പാവപ്പെട്ട ആളുകൾക്ക് പരമാവധി ആശ്വാസങ്ങൾ നൽകുന്ന പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നടത്തിയത്.

ശ്രീ. കെ. പ്രകാശ് ബാബു : വിദേശ മൂലധനത്തെക്കുറിച്ച് അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇതു ചോദിക്കുന്നത്. കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരി വിറ്റത്, ആ ഓഹരി വിദേശകുത്തക കമ്പനികൾ വാങ്ങിച്ചിട്ടാണ് ഈ വിദേശനാണയത്തിന്റെ നിക്ഷേപം ഇത്രയും വരുത്താൻ കഴിഞ്ഞത്. അതുകൊണ്ട് ഇന്ത്യയ്ക്ക് പ്രത്യേകിച്ച് യാതൊരു ആസ്തിയും കൂടുന്നില്ല. ഇന്ത്യയ്ക്കോ ഇന്ത്യയിലെ പൊതുമേഖലാസ്ഥാപനങ്ങൾക്കോ അതിന്റെ പ്രയോജനമുണ്ടാകുന്നില്ല എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എളമരം കരീം : അതുതന്നെയാണ് ഞാൻ പറയുന്നത്. ഇന്ത്യയിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരികളും ഇന്ത്യയിലെ കോർപ്പറേഷൻ സ്ഥാപനങ്ങളുടെ ഓഹരികളും വിലയ്ക്ക് എടുക്കാനുള്ള അവകാശം ബഹുരാഷ്ട്ര കുത്തകകൾക്ക് നൽകിയതുമൂലം അവർ ഷെയർ മാർക്കറ്റിൽ നിക്ഷേപിച്ച പണമാണ് നമ്മുടെ വിദേശനാണയ നിക്ഷേപത്തിന്റെ നല്ലൊരു പങ്ക്. നമ്മുടെ സമ്പദ്ഘടനയിൽ എന്തെങ്കിലും ചലനമുണ്ടായാൽ ഈ നിക്ഷേപം പൂർണ്ണമായും പിൻവലിച്ചുപോയാൽ അതോടെ ഇന്ത്യയുടെ സമ്പദ്ഘടന തകരും. അതുകാണാതെയാണ് പുത്തൻ സാമ്പത്തിക നയത്തിന്റെ നേട്ടം ഇവിടെ വിശദീകരിക്കുന്നത്. എന്നാൽ ഈ ദിശയിലും സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ സബ്സിഡി കഴിയാവുന്നത്ര നൽകി റേഷൻ സബ്സിഡി നിലനിറുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിൽ രണ്ടു സാമ്പത്തിക നയത്തിന്റെയും വ്യത്യസ്ത സമീപനങ്ങളിലെ വ്യത്യാസം പ്രകടമാകുന്നുണ്ട്. അതുപോലെതന്നെ അവശത അനുഭവിക്കുന്ന മുഴുവൻ ജനവിഭാഗങ്ങൾക്കും ആശ്വാസം നൽകുമെന്ന നടപടിയും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം ഒരു അനാവശ്യ ചെലവായിട്ടാണ് ചില സുഹൃത്തുക്കൾ വിശേഷിപ്പിക്കുന്നത്. പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടികളാണ്. അങ്ങനെ അവർക്ക് ആത്മവിശ്വാസമുണ്ടാക്കുകയും മാർക്കറ്റിൽ നിന്നും. അല്പമെങ്കിലും നിത്യോപയോഗസാധനങ്ങൾ വാങ്ങുകയും ഉപജീവനം കഴിക്കുകയും ചെയ്യുന്നതിന് അവരെ പര്യാപ്തമാക്കുകയും ചെയ്യുന്ന ഒരു സമീപനം അനാവശ്യമാണെന്നും ധൂർത്താണെന്നും സങ്കല്പിച്ചുകൊണ്ടുള്ള വാദം സങ്കടകരമാണ്. ഈ വാദഗതി

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് ഐ.എം.എഫ്. ഉന്നയിച്ചിട്ടുള്ളത്. ഐ.എം.എഫ്. നിർദ്ദേശിക്കുന്നത് യാതൊരുവിധ സബ്സിഡിയും ഇന്ത്യയ്ക്ക് കൊടുക്കാൻ പാടില്ലെന്നാണ്. അതാണ് 91 മുതൽ ഇവിടെ നടപ്പിലാക്കി വരുന്നത്. 1991-ൽ നരസിംഹറാവു അധികാരത്തിൽ വരുമ്പോൾ ഒരു കിലോ റേഷനരിക്ക് മൂന്നുരൂപ നാല്പതു പൈസയായിരുന്നു. അദ്ദേഹം അധികാരം ഒഴിയുമ്പോൾ റേഷനരിക്ക് ആറു രൂപ അൻപതുപൈസയായി. ഞങ്ങൾ ഭക്ഷ്യസബ്സിഡി വർദ്ധിപ്പിച്ചുവെന്നാണ് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത്. ഭക്ഷ്യസബ്സിഡി വർദ്ധിപ്പിച്ചാൽ എങ്ങനെയാണ് റേഷനരിയുടെ വില വർദ്ധിക്കുന്നത് ? സബ്സിഡി തുക അല്പമെങ്കിലും വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതു പ്രൊക്യൂവർമെന്റ് മേഖലയിലേക്കാണ് പോകുന്നത്. വിതരണ മേഖലയിൽ കൊടുത്തിട്ടില്ല. ഇതിന്റെ ഫലമായി പാവപ്പെട്ട ആളുകൾക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ കഴിയാത്ത അവസ്ഥവന്നു. 1996-ൽ എൽ.എഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ റേഷൻ ഓഫ് ടേക്കിംഗ് വളരെ കുറവാണ്. അതിൽനിന്നും റേഷൻ ഓഫ് ടേക്കിംഗ് വർദ്ധിപ്പിച്ച് പൊതുവിതരണം ശക്തിപ്പെടുത്തിയത് 1996-ലെ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായിട്ടാണ്, സബ്സിഡി കൂട്ടി നൽകിയതിന്റെ ഫലമായിട്ടാണ് ഈ ഗവൺമെന്റിനെക്കുറിച്ച് അപ്പുറത്തുനിന്നും ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. അപ്പോഴും ഒരുകാര്യം ശ്രദ്ധേയമാണ്. ആദ്യത്തെ രണ്ടുവർഷം ഈ അസംബ്ലിയിൽ പ്രസംഗിച്ച ഒരുകാര്യം ഇപ്പോൾ പ്രതിപക്ഷം മിണ്ടുന്നില്ല. വിലക്കയറ്റത്തെക്കുറിച്ച് ഒരാളും പ്രസംഗിച്ചില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ട മൂന്നു ദിവസത്തെ പ്രസംഗത്തിലും വിലക്കയറ്റം എന്നൊരു വാക്ക് ഈ സഭയിൽ ഒരാൾക്കും പറയാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടാണ് പറയാൻ കഴിയാതിരുന്നത് ഈ സർക്കാരിന്റെ നയമാണ് പ്രശ്നം. 1991 മുതൽ 96 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ സഭയിൽ ഉയർന്നു കേട്ട ഏറ്റവും വലിയ വിഷയങ്ങൾ വിലക്കയറ്റവും അഴിമതിയുമായിരുന്നു. ആ രണ്ടു വിഷയങ്ങളെക്കുറിച്ചും ഗൗരവമായി ഉന്നയിക്കാൻ എന്തുകൊണ്ടാണ് കഴിയാതിരുന്നത് ? ഈ സഭയിൽ കേന്ദ്രസാമ്പത്തിക നയത്തെ സംബന്ധിച്ചും ഇപ്പോൾ അതിന്റെ പിതൃത്വത്തെ സംബന്ധിച്ചും ചില ആളുകൾക്ക് സംശയമുണ്ടെന്ന് പറഞ്ഞു. മാത്രവുമല്ല ഉദാരവൽക്കരണ നയത്തിന്റെ പുനരവലോകനത്തിന് വിധേയമാക്കണമെന്ന അഭിപ്രായം ഇപ്പോൾ കോൺഗ്രസ്സ് പറയാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, ഈ പറയുന്നത് ആത്മാർത്ഥത കൊണ്ടല്ല എന്നു വ്യക്തമാണ്. കേന്ദ്ര കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയോ ഹൈക്കമാൻഡോ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, സാമ്പത്തിക നയത്തെ സംബന്ധിച്ച് സമ്മിശ്ര സമ്പദ്ഘടന എന്ന് ഞങ്ങൾ ഉദ്ദേശിക്കുന്നതായി ബഹുമാന്യനായി എ.കെ. ആന്റണി പറയുകയുണ്ടായി. എന്നാൽ FICCI (ഫിക്കി)യുടെ യോഗത്തിൽ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീമതി സോണിയ ഗാന്ധി കുത്തക മുതലാളിമാർക്ക് വേണ്ടി ബി.ജെ.പി. നടപ്പാക്കുന്ന ഈ നയം. അവരുടേതല്ല ഞങ്ങളുടേതാണെന്നും ഞങ്ങൾ ഇതിനു പിന്തുണ കൊടുക്കുമെന്നും പ്രസ്താവിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എളമരം കരീം : സർ, ഞാൻ അതുതന്നെയാണ് പറഞ്ഞുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഫിക്കിയുടെ സമ്മേളനത്തിൽ ആദ്യം ശ്രീ. വാജ്പേയി ചെന്ന് ഉദാരവൽക്കരണ നയം ശക്തിയായി തുടരുമെന്നു പ്രഖ്യാപിച്ചു. തൊട്ടടുത്ത ദിവസം ശ്രീമതി സോണിയാ ഗാന്ധി ഫിക്കിയുടെ സമ്മേളനത്തിൽ ചെന്നിട്ട് ബി.ജെ.പി. പ്രതിപക്ഷത്തുഇരുന്നപ്പോൾ ഒരു നയവും ഭരണത്തിൽ വരുമ്പോൾ മറ്റൊരു നയവും എന്ന രീതിയിൽ പറയുകയും ഞങ്ങൾക്ക് എപ്പോഴും ഒരു നയമേയുള്ളു, സാമ്പത്തിക ഉദാരവൽക്കരണത്തെ ശക്തിയായി ഞങ്ങൾ പിൻതുണയ്ക്കുമെന്ന്, പ്രസംഗിച്ചതാണ്. ഇന്ത്യൻ കുത്തക മുതലാളിമാരെ സന്തോഷിപ്പിക്കുന്ന നയത്തിൽനിന്ന് ഒരിഞ്ച് കോൺഗ്രസ്സ് മാറിയിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പ്രസംഗിച്ചത്, സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളിൽനിന്ന് പിൻമാറും എന്നുപറയുന്നത് ആത്മാർത്ഥതയോടുകൂടിയാണെങ്കിൽ ഈ ഉദാരവൽക്കരണ നയത്തിന് എതിരായി മേയ് 11-ാം തീയതി ഇന്ത്യയിലെ തൊഴിലാളികൾ നടത്താൻ പോകുന്ന പൊതുപണിമുടക്കിൽ പങ്കുചേരാൻ കോൺഗ്രസ് തയ്യാറാകണം. അതിന് കോൺഗ്രസ്സ് തയ്യാറാണെങ്കിൽ അത് ഇവിടെ പ്രഖ്യാപിക്കണം. മേയ് 11-ന് ഉദാരവൽക്കരണ നയത്തിന് എതിരായി ഇന്ത്യയിലെ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് സംഘടനകളും യുവജന വിദ്യാർത്ഥി സംഘടനകളും അപ്പുറത്തുള്ള എസ്.ടി.യു. ഉൾപ്പെടെയുള്ള കേരളത്തിലെ ട്രേഡ് യൂണിയനുകളുമെല്ലാം ചേർന്ന് ഒരു ദേശീയ പണിമുടക്ക് നടത്താൻ സന്നദ്ധമായിക്കൊണ്ടിരിക്കുകയാണ്. ഐ.എൻ.ടി.യു.സി.യുടെ നിലപാട് എന്താണ്? തൊഴിലാളി സംഘടനാ നേതാക്കൻമാർ അപ്പുറത്തിരിക്കുകയാണല്ലോ. വരാൻ തയ്യാറാണോ ? ബാങ്ക് സ്വകാര്യവൽക്കരണത്തിന് ഞങ്ങൾ എതിരാണ്, ഞങ്ങളാണ് ബാങ്ക് ദേശവൽക്കരിച്ചത് എന്ന് അവകാശപ്പെടുന്നു. ബാങ്ക് സ്വകാര്യവൽക്കരണത്തിന് ഇപ്പോൾ കേന്ദ്രഗവൺമെന്റ് നടപടിയെടുത്തുകൊണ്ടിരിക്കുന്നു. വർമ്മ കമ്മിറ്റി റിപ്പോർട്ടിന്റെ മുന്നോടിയായ നരസിംഹം കമ്മിറ്റി റിപ്പോർട്ടിന്റെ ഉപജ്ഞാതാവ് കോൺഗ്രസ്സ് അല്ലേ? നരസിംഹറാവു നിയോഗിച്ച നരസിംഹൻ കമ്മിറ്റി, പഴയ റിസർവ് ബാങ്ക് ഗവർണ്ണർ ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കി കൊണ്ടുവന്ന പുതിയ വർമ്മ കമ്മിറ്റി, ബാങ്ക് സ്വകാര്യവൽക്കരണത്തിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഇൻഷ്വറൻസിനും നടപടിയെടുത്തുകൊണ്ടിരിക്കുന്നു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയില്ലായ്മയെപ്പറ്റി ഇവിടെ നേരത്തെ പറഞ്ഞു. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ നിലനിറുത്തേണ്ടതില്ല, അതിന് സബ്സിഡി നൽകേണ്ടതില്ലായെന്ന് അപ്പുറത്തുള്ള ചില സുഹൃത്തുക്കൾ ഉന്നയിച്ചു. ഈ നിയമസഭാ സമ്മേളനം ആരംഭിച്ച സന്ദർഭത്തിൽ ശ്രീമാൻ ഉമ്മൻ ചാണ്ടി ഇതു സൂചിപ്പിച്ചുകൊണ്ട് പത്രസമ്മേളനം നടത്തിയപ്പോൾ ഞാൻ വളരെ വിനയപൂർവം ചോദിക്കുന്നു കാര്യക്ഷമത കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ? ലാഭം നേടാനാണോ ? ലാഭം നേടാനാണെങ്കിൽ ലാഭമുണ്ടാക്കുന്ന ആശുപത്രികൾ നമ്മുടെ നാട്ടിലുണ്ട്. സർക്കാർ ആശുപത്രികളുടെ ലക്ഷ്യം ലാഭം നേടലാണോ ? അങ്ങനെയാണോ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തേണ്ടത് ? പൊതുമേഖല ഉൾപ്പെടെ ലാഭം നേടൽ മാത്രമല്ല ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങളെ സഹായിക്കലും സേവിക്കലുമാണ് അതിന്റെ ലക്ഷ്യം. നൂറ്റാണ്ടുകളായി അടിമത്വത്തിൽ കിടന്നിരുന്ന രാജ്യത്തെ വ്യാവസായിക കാർഷിക മേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വീകരിച്ച നയമാണ് പൊതുമേഖല എന്നത്. അതിന് പണം സംഭരിച്ചത് ഇന്ത്യയിലെ ജനങ്ങളുടെ നികുതിയാണ്. 1952-ൽ 28 കോടി രൂപ മുതൽ മുടക്കി ആരംഭിച്ച കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളിൽ രണ്ടു ലക്ഷം കോടിയിലധികം നിക്ഷേപമുണ്ട്. അതിന്റെ ആസ്തി എത്രയോമടങ്ങാണ്. ഇവിടെ ഓഹരി വില്പന നടത്തിയത് ഇക്വിറ്റി ഷെയറിന്റെ അടിസ്ഥാനത്തിലാണ്. 150 കോടി രൂപയുടെ നിക്ഷേപമുള്ള ഇന്ത്യൻ എയർലൈൻസിന് 1500 കോടി രൂപയുടെ ആസ്തിയുണ്ട്. ഇവിടെ ഓഹരി വില്പന നടത്തുന്നത് വൻപിച്ച കൊള്ള നടത്തിക്കൊണ്ട് ഇക്വിറ്റി ഷെയറിന്റെ അടിസ്ഥാനത്തിലാണ്. നരസിംഹറാവുവിന്റെ കാലത്ത് ഷെയർ വില്പന നടത്തിയതിനെ സംബന്ധിച്ച് സി ആന്റ് എ.ജി. റിപ്പോർട്ടിൽ വലിയ വിഷ്ടം സംവേച്ചതായി ചൂണ്ടിക്കാണിച്ചിട്ടില്ലേ? ആ നയത്തിൽനിന്ന് എന്തു വിത്യാസമാണ് കോൺഗ്രസ്സ് ഇപ്പോൾ നടത്തിയിട്ടുള്ളത്? കേരളത്തിലെ ഈ രാഷ്ട്രീയ അന്തരീക്ഷത്തിൽ രാഷ്ട്രീയം പ്രസംഗിച്ചതുകൊണ്ടായില്ല. കേരളത്തിന്റെ സമ്പദ്ഘടനയുടെ തകർച്ചയുടെ ഉത്തരവാദികൾ നിങ്ങളായിരുന്നില്ലേ? കേരളത്തിലെ പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങളായ നാളികേരത്തിന് വില കിട്ടാത്തത് കേരളത്തിലേയ്ക്ക് ഭക്ഷ്യ ഇറക്കുമതി ചെയ്യുന്നതുകൊണ്ടല്ലേ? കോഴിക്കോട് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റ് ഉണ്ടായിരുന്നു. അവരുടെ ഉല്പന്നങ്ങൾ വാങ്ങിക്കൊണ്ടിരുന്ന ഹിന്ദുസ്ഥാൻ ലിവർ, ആ ഹിന്ദുസ്ഥാൻ ലിവറിന്റെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു കിട്ടുന്ന വരുമാനത്തിന്റെ ഒരു പങ്ക് ഉപയോഗിച്ച് അവർക്ക് ഇഷ്ടമുള്ളത് ഇറക്കുമതി ചെയ്യാൻ അനുവാദം കൊടുത്തിരിക്കുന്നു. നമ്മുടെ വാണിജ്യനയം അതാണ്. അവർ വില കുറഞ്ഞ എണ്ണ ഫിലിപ്പൈൻസിൽനിന്നും ഇറക്കുമതി ചെയ്യുന്നു. കോഴിക്കോടുകാരന്റെ എണ്ണ ആവശ്യമില്ല. മാരിക്കോ ഇൻഡസ്ട്രീസ് എന്ന പാരച്യൂട്ട് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന കമ്പനികൾക്കായി ഉല്പാദനം നിറുത്തിവച്ചിരിക്കുകയാണ്. ഇതൊക്കെ തൊഴിൽ നഷ്ടപ്പെടുത്തുന്നത് ഇന്ത്യയിലെ തൊഴിലാളികൾക്കാണ്. സ്വകാര്യസ്ഥാപനങ്ങളോട് മത്സരിച്ച് നിൽക്കാൻ കഴിയാതെയാണ് കേരളത്തിലെ സോപ്പ്സ് ആന്റ് ഓയിൽസ് വളരെ നഷ്ടത്തിൽ തുടർന്നു പ്രവർത്തിക്കുന്നത്. സ്റ്റീൽ ഇറക്കുമതി ചെയ്യുന്നതിന്റെ ഭാഗമായി സ്റ്റീൽ ഉൾപ്പെടെയുള്ള ഇന്ത്യയിലെ വ്യവസായങ്ങൾ വലിയ തകർച്ചയെ നേരിടുകയാണ്. ശ്രീലങ്കയിൽ നിന്നും കാപ്പിയും തേയിലയും ഇറക്കുമതി ചെയ്യുന്നു. ഏപ്രിൽ 1 മുതൽ അമേരിക്കയുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് ഇറക്കുമതി ചെയ്യാൻ പോകുന്ന സാധനങ്ങളിൽ ചെറുകിട വ്യവസായികളും കൈത്തൊഴിലുകാരും വരെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ ഉൾപ്പെടുത്തിയാണ് ഇറക്കുമതി നയം ആവിഷ്ക്കരിച്ചത്. ഇതിനോട് എങ്ങനെയാണ് ചെറുകിട വ്യവസായികൾക്കും കൈത്തൊഴിലുകാർക്കും പിടിച്ചു നിൽക്കാൻ പറ്റുന്നത്. മത്സ്യം പച്ചക്കറികൾ എല്ലാം ഇറക്കുമതി ചെയ്യുകയാണ്. ഇ.ടി. മുഹമ്മദ്ബഷീറും ആര്യാടനും ഞാനും എല്ലാവരും ഭാരവാഹികളായിട്ടുള്ള മാവൂർ റയോൺസ് ഫാക്ടറി, 3900 തൊഴിലാളികൾ നേരിട്ടും ഏതാണ്ട് അയ്യായിരം പേർ അനുബന്ധമായും ജോലി ചെയ്യുന്ന സ്ഥാപനം അടച്ചുപൂട്ടിയതിനു കാരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവരുമായി സംസാരിച്ചപ്പോൾ എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്? ബിർളയുടെ പൾപ്പ് ഫാക്ടറിയിൽ നിന്ന് അവർക്ക് ആവശ്യമുള്ളത്ര മേൽത്തരം പൾപ്പ് വിലകുറച്ച് ഇന്ത്യയിൽ ഇറക്കുമതി ചെയ്യാൻ ഈ ഉദാരവൽക്കരണനയം ബിർലയ്ക്ക് സൗകര്യം ചെയ്തു കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് മാവൂർ കമ്പനി തുറക്കേണ്ട ആവശ്യമില്ല. കഴിഞ്ഞ 10 മാസമായി ഫാക്ടറിയിൽ ഉല്പാദനം നടക്കുന്നില്ല. നോട്ടീസ് കൊടുത്തു. അടച്ചുപൂട്ടാൻ പോകുകയാണ്. വ്യാപാര-വാണിജ്യമേഖലയിലും നിർമ്മാണമേഖലയിലും കാർഷികമേഖലയിലുമെല്ലാം കടുത്ത തകർച്ച നേരിടുന്ന കേരളത്തിൽ ഇതുവരെ സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കാതെ പോയില്ലല്ലോ. ബീഹാർ പോലുള്ള സംസ്ഥാനങ്ങളിൽ സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ട് മാസങ്ങളായി. ആ ഒരു അവസ്ഥയിലേയ്ക്ക് കേരളം എത്തിയില്ലല്ലോ. അതുപോലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ പ്രതിസന്ധിയെ നേരിട്ട് മുന്നോട്ടു പോകുന്ന സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും ഒരു പുസ്തകം പ്രസിദ്ധീകരിച്ചതോ ഏതെങ്കിലും വക്കീൽഫീസ് കൊടുത്തതോ മാത്രം ഉന്നയിക്കുന്നത് വളരെ വില കുറഞ്ഞ ആക്ഷേപം ആണ്. അത്തരത്തിലുള്ള പ്രചരണത്തിലേയ്ക്ക് പോയിട്ട് കാര്യമില്ല. അതുകൊണ്ട് കേരളാ ഗവൺമെന്റ് ഈ പ്രയാസത്തിനിടയിൽ നടത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാനേജ്മെന്റ്, വളരെ പ്രയാസപ്പെട്ടാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനിടയിൽ പരമാവധി ദരിദ്രജനവിഭാഗങ്ങളെ ആശ്വസിപ്പിച്ച് അവർക്ക് ഈ പ്രയാസം അഭിമുഖീകരിക്കുന്നതിനുള്ള ഒരു കഴിവ് നൽകാൻ ഗവൺമെന്റ് പരമാവധി പരിശ്രമം നടത്തുമ്പോൾ അതിന് സൗകര്യമായ നിലപാട് സ്വീകരിച്ച് കേരളത്തിന്റെ പ്രതിസന്ധി, രാജ്യമാകെ നേരിടുന്ന ദേശീയസാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമാണെന്ന കാഴ്ചപ്പാടോടുകൂടി അതിനെതിരായി യോജിച്ച പ്രക്ഷോഭ സമരത്തിലേയ്ക്കും പോരാട്ടത്തിലേക്കും ഉയർന്നുവരാൻ പ്രതിപക്ഷത്തുള്ളവർ സന്നദ്ധരാകണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റ്സിനെ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. സുധാകരൻ : ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ബഡ്ജറ്റിനെ സംബന്ധിച്ചും ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചും നടന്ന ചർച്ചയിൽ പലരുടേയും പ്രസംഗം കേട്ടപ്പോൾ ഒരു പഴയ രാജാവിന്റെ കഥയാണ് ഓർമ്മവരുന്നത്. പത്തു വയസ്സുള്ള ഒരു പയ്യനെ രാജാവ് കൽത്തുറുങ്കിലടച്ചു. അവന് 15 വയസ്സ് ഒക്കെ കഴിഞ്ഞപ്പോൾ മീശവന്നു, ചെറിയ പയ്യന് കൈയ്യും കാലും കുറേ നീളം വച്ചു. കുറേ മുടി വളർന്നു. താടി വളർന്നു. പയ്യന് 25 വയസ്സായി. 25 വയസ്സായ ചെറുപ്പക്കാരനെക്കുറിച്ച് അവന്റെ രക്ഷിതാക്കളും ആളുകളും രാജാവ് അവനെ തടവിലിട്ടതിനെക്കുറിച്ച് ആക്ഷേപിച്ച് സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു അവനെ വളർത്തിയതും അവന് ഈ താടിയും മുടിയും ശരീരവുമൊക്കെ വളർത്തിയതും ഞാനാണ്. ആ ശരീരത്തിന്റെ പ്രകൃതിപരമായ വളർച്ചയുടെ അവകാശം രാജാവ് അവകാശപ്പെട്ടതുപോലെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണ കക്ഷിയംഗങ്ങളിൽ പലരും അവകാശവാദങ്ങളുമായി പ്രസംഗത്തിൽ ഒരു മത്സരം

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ചിരിക്കുന്നു. ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞത് പ്രത്യുൽപ്പാദന രംഗത്ത് ശ്രദ്ധവെച്ചുകൊണ്ട് ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ഇതുപോലൊരു ബഡ്ജറ്റ് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ആരും അവതരിപ്പിച്ചിട്ടില്ല എന്ന മട്ടിലാണ്. സത്യം എന്താണ്? Budget in brief- ഇതിനകത്തുള്ള കണക്കുവച്ചുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും ഭരണകക്ഷിയംഗങ്ങളോടും ചോദിക്കുകയാണ്, വാസ്തവത്തിൽ നിങ്ങൾ കൂടുതൽ മൂലധനം നൽകിയത് പ്രത്യുൽപ്പാദനരംഗത്താണോ അതോ പ്രത്യുൽപ്പാദനപരമല്ലാത്ത രംഗത്താണോ? രണ്ട് ഉദാഹരണങ്ങൾ മാത്രം ഞാൻ പറയാം. Abstract of Budget Estimates to Panchayat Raj അതിൽ കഴിഞ്ഞവർഷം, 1999-2000-ൽ നിങ്ങൾ നോൺ പ്ലാനിൽ മാത്രം നീക്കിവച്ചത് 7222 ലക്ഷം രൂപയാണ്. എന്നാൽ 2000-2001-ലേക്ക് നിങ്ങൾ നോൺ പ്ലാനിൽ നീക്കിവച്ചത് 17,324 ലക്ഷം രൂപയാണ്. ഏതാണ്ട് 10 ലക്ഷം രൂപ കൂടുതൽ പ്ലാനിലല്ല, നോൺപ്ലാനിലാണ്. പ്ലാനിൽ എന്തു സംഭവിക്കുന്നു? പ്ലാനിൽ സംഭവിച്ചത്, 1999-2000-ൽ 63,925 ലക്ഷം രൂപയാണ് നീക്കി വച്ചതെങ്കിൽ ഈ വർഷം 63,637 ലക്ഷം രൂപയായി കുറഞ്ഞു. നോൺപ്ലാനിൽ കൂടി. പ്ലാനിൽ കുറഞ്ഞു. പ്രത്യുൽപ്പാദനപരമാണോ നോൺപ്ലാൻ? പ്ലാനിലാണെങ്കിൽ പ്രത്യുൽപ്പാദനരംഗത്താണെന്നു പറയാം. നോൺ പ്ലാനിൽ പ്രത്യുൽപ്പാദനപരമായ രംഗത്താണ് എന്ന് പറയാൻ സാധിക്കുമോ? പഞ്ചായത്തിലേയ്ക്ക് ഐറ്റം വൈസ് കൊടുത്തിരിക്കുന്ന വിഹിതം പരിശോധിക്കുമ്പോൾ അഗ്രികൾച്ചർ ആന്റ് അലൈഡ് സർവ്വീസസ് 1996-97-ൽ നിങ്ങൾ 5207 ലക്ഷം രൂപ പ്ലാനിൽ വച്ചവരാണ്. ഈ വർഷം നിങ്ങൾ വച്ചിരിക്കുന്നത് 1,085 ലക്ഷം രൂപയാണ്. പ്ലാനിൽ കാർഷികരംഗത്തേയ്ക്ക് പഞ്ചായത്ത് രാജിന് നീക്കിവച്ചിരിക്കുന്നത് 1077 ലക്ഷം രൂപയാണ് എന്ന് ഓർമ്മ വേണം. അതേസ്ഥാനത്ത് നോൺപ്ലാനിൽ 1085 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. എന്നാൽ സോഷ്യൽ ആന്റ് എക്കണോമിക് സർവ്വീസിൽ നിങ്ങൾ നീക്കിവച്ചത് 16,026 ലക്ഷം രൂപയാണ്. എന്താണ് സോഷ്യൽ ആന്റ് കമ്മ്യൂണിറ്റി സർവ്വീസ്? വ്യക്തികൾക്കു കൊടുക്കുകയാണോ? ആളുകളെ സ്വാധീനിക്കാൻ ഇതുപോലത്തെ മേഖല വേറെയുണ്ടോ? പഞ്ചായത്ത് രാജ് ഇലക്ഷൻ വരികയല്ലേ? വ്യക്തികൾക്ക് 100-ഉം 500-ഉം തുട്ടുക്കൊടുത്ത് വോട്ട് വാങ്ങാനുള്ള ചെപ്പടി വിദ്യയാണ് വാസ്തവത്തിൽ ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ശിവദാസമേനോൻ കാണിച്ചത് എന്ന് ഞാൻ പറഞ്ഞാൽ കണക്കു വച്ചുകൊണ്ട് അത് നിഷേധിക്കാൻ നിങ്ങൾക്ക് ആർക്കും സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. ഈ വർഷത്തെ എക്കണോമിക്ക് റിവ്യൂവിൽ പറയുന്നു കൃഷി ഭൂമി 34, 591 ഹെക്ടർ കുറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറയുകയൊന്നുമല്ല. പക്ഷേ, ഇവിടെ കാർഷിക വിളഭൂമി കുറഞ്ഞിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഉല്പാദനവും കുറഞ്ഞിരിക്കുന്നു. നെല്ലുൽപ്പാദനത്തിൽ 37867 ലക്ഷം ടൺ നെല്ല് കുറഞ്ഞിരിക്കുന്നു. ഇവിടെ പലരും പറഞ്ഞു നെല്ലുൽപ്പാദനം വർദ്ധിച്ചു എന്ന്. ഏത് കണക്ക് വച്ചാണ്. എക്കണോമിക് റിവ്യൂ എടുത്ത് പരിശോധിച്ചുകൊണ്ട് പറയൂ. ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു. അതിനനുസരിച്ച് നെല്ലുൽപ്പാദനവും കുറഞ്ഞിരിക്കുന്നു. ഈ കുറവു പരിഹരിക്കാൻ അടിസ്ഥാനപരമായി എന്താണ് നിങ്ങളുടെ സമീപനം? ഈ ബഡ്ജറ്റിൽ അതിന്

LIBRARY ARCHIVES Kerala Legislative Assembly

എന്താണുള്ളത് ? എന്തുകൊണ്ടാണ് കുറയുന്നത് നെല്ല് ലാഭകരമല്ല. കണാരേട്ടൻ എന്തു പ്രസംഗിച്ചാലും നെല്ല് ലാഭകരമല്ല. അതുകൊണ്ട് ആളുകൾ ഭൂമി വിടുകയാണ്. കെട്ടിടം കെട്ടാൻ കൊടുക്കുകയാണ്. മറ്റു കൃഷിക്ക് ഉപയോഗിക്കുകയാണ്. സ്വാഭാവികമായും നെല്ല് ലാഭകരമാക്കാൻ എന്താണ് ഗവൺമെന്റിന്റെ പരിപാടി ? ഈ ബഡ്ജറ്റിൽ എന്താണുള്ളത് എന്ന് പരിശോധിക്കണ്ടേ? മണ്ഡരി രോഗം വന്നപ്പോൾ ഈ നിയമസഭയിൽ നമ്മൾ ഒരുമിച്ച് പ്രമേയം പാസാക്കിയതാണ്. കേന്ദ്രഗവൺമെന്റിനോട് പറഞ്ഞു 100 കോടി രൂപ നിങ്ങൾ തരണം, 95 കോടി രൂപ സംസ്ഥാന സർക്കാർ ഉണ്ടാക്കും. 195 കോടി രൂപ ചെലവഴിച്ച് മണ്ഡരി രോഗത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഞങ്ങൾ ഒരുമിച്ച് നിയമസഭയിൽ ഏകകണ്ഠമായി ആവശ്യപ്പെട്ടതല്ലേ ? മണ്ഡരി രോഗത്തിന് ബഡ്ജറ്റിൽ എത്രയാണ് നീക്കിവച്ചത്? 5 കോടി രൂപയാണ്. ഇതിനപ്പുറത്ത് ഒരു ആത്മവഞ്ചനയുണ്ടോ ? 95 കോടി രൂപ സംസ്ഥാന സർക്കാർ മൊബിലൈസ് ചെയ്യും എന്നു പറഞ്ഞ് 100 കോടിക്ക് കേന്ദ്രത്തോട് ചോദിച്ച ഈ കേരളം നിങ്ങളുടെ പുതിയ ബഡ്ജറ്റിൽ 5 കോടി രൂപയാണ് മണ്ഡരിരോഗ നിർമ്മാർജ്ജനത്തിന് നീക്കിവച്ചത് എന്ന് പറഞ്ഞാൽ കേരളത്തിലെ കേരകർഷകരോട് നിങ്ങൾ കാണിക്കുന്ന ആത്മവഞ്ചനയുടെ തെളിവല്ലേ ? ഈ സംസ്ഥാനത്തിന്റെ പൊതുവായ അവസ്ഥയെന്താണ് ? ഞാനും ശ്രീ. ഗോവിന്ദൻ മാഷും കണ്ണൂരാണ് താമസിക്കുന്നത്. ഞങ്ങളുടെ പാരമ്പര്യവ്യവസായം കൈത്തറി വ്യവസായമാണ്. എന്തായിരുന്നു കൈത്തറിയുടെ സ്ഥിതി ? ഇപ്പോൾ എന്താണ് ? ഇവിടെ നിങ്ങളൊക്കെ പുലർകാലത്ത് കിളികളുടെ കിലുകിലാരവം കേട്ട് ഉറക്കമുണരുമ്പോൾ കണ്ണൂരിൽ ഞങ്ങളൊക്കെ 'മഗ്ഗ'ത്തിന്റെ കൂട്ടായ ആരവം കേട്ടാണ് ഉറക്കമുണരുന്നത്. ഇന്ന് അത് നിശ്ചലമല്ലേ ? നമ്മുടെ നാട്ടിൽ കൈത്തറിയുണ്ടോ? പൂർണ്ണമായി കൈത്തറി പോയില്ലേ ? മുഴുവൻ കൈത്തറി ഉടമകളും നമ്മുടെ സംസ്ഥാനം വിട്ടു. ഇന്ന് മദിരാശിയിൽ ക്യാമ്പ് അടിച്ചിരിക്കുകയാണ്. അവിടെ മൂലധനം ഇറക്കുകയാണ്. അവിടെയാണ് വ്യവസായം. എന്തുകൊണ്ടാണ് കേരളത്തിന്റെ പൈതൃകമായ കൈത്തറി വ്യവസായം നമുക്ക് നഷ്ടപ്പെട്ടത് ? ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു, എന്താണ് ബഡ്ജറ്റിൽ നിങ്ങളുടെ പരിപാടി ? കൈത്തറി വ്യവസായം പുനരുദ്ധരിക്കാൻ ബഡ്ജറ്റിൽ എന്തുണ്ട് പരിപാടി ? അതുപോലെ തന്നെയാണ് ബീഡി വ്യവസായം. പണ്ട് കണ്ണൂരിൽ ദിനേശ് ബീഡിയും ഗണേഷ് ബീഡിയും സാധു ബീഡിയും ആയിരക്കണക്കിന് തൊഴിലാളികളിരുന്ന് തെറുക്കുന്ന രംഗം ഒരു ആനന്ദമാണ്. ആണും പെണ്ണും നിരന്നിരുന്ന് നൂറുകണക്കിന് തൊഴിലാളികൾ ഒരു ഫാക്ടറിക്കകത്തിരുന്ന് ദിനേശ് ബീഡിയും സാധു ബീഡിയും ഗണേഷ് ബീഡിയും തെറുത്ത നാടാണ് കണ്ണൂർ. ഇന്നുണ്ടോ? സാധു ബീഡി പോയി. ഗണേഷ് ബീഡി പണ്ടേ കെട്ടി പോയി. ആ തൊഴിലാളികളെ രക്ഷിക്കാൻ ദിനേശ് ബീഡി ഉണ്ടാക്കി. ദിനേശ് കമ്പനി ബീഡി വ്യവസായം നിറുത്താൻ പോകുകയാണ്. വൈപുല്യവൽക്കരണത്തിന്റെ പേരിൽ മറ്റ് തുറകളിലേക്ക് ദിനേശ് ബീഡി തൊഴിലാളികൾ കടന്നുപോകുകയാണ്. തൊഴിലാളികളുണ്ട്. ബീഡി വലിക്കുന്നവരുമുണ്ട്. പക്ഷേ, ബീഡി വ്യവസായം തകർച്ചയിലാണ്. നിഷേധിക്കാൻ കഴിയുമോ? കയറിന്റെ കാര്യമെന്താണ്? ബഹുമാനപ്പെട്ട അനിരുദ്ധൻ സംസാരിച്ചല്ലോ കയർ മേഖലയിലെയും അതുപോലെ കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലെയും തൊഴിലാളികൾക്ക് സഹായധനം കൊടുത്തത് പോരെന്ന്. എന്തുകൊണ്ടാണ് ? ആ വ്യവസായം തകർന്നില്ലേ? അതുകൊണ്ടല്ലേ ബഹുമാനപ്പെട്ട അനിരുദ്ധൻ ആവശ്യപ്പെട്ടത് അവർക്ക് സഹായധനം കൂട്ടണമെന്ന്. ഈ മേഖലയെ പുനരുദ്ധരിക്കാൻ എന്താണ് ഈ ബഡ്ജറ്റിലുള്ളത് ? ഈ വിഭാഗം തൊഴിലാളികൾക്ക് സഹായധനം കൊടുക്കണമെന്ന ശ്രീ. അനിരുദ്ധന്റെ ആവശ്യം വളരെ ന്യായമാണ്. തൊഴിലാളികളെ സഹായിക്കണം. ഞങ്ങൾ സമ്മതിക്കുന്നു. എല്ലാ കാലവും തൊഴിലാളികൾക്ക് സാമ്പത്തികസഹായം ചെയ്ത് ആ തൊഴിലാളി വർഗ്ഗത്തേയും കുടുംബത്തേയും സംരക്ഷിക്കാൻ ഒരു ഗവൺമെന്റിന് കഴിയുമോ? സാധിക്കുകയില്ലല്ലോ. ആ തകരുന്ന വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ എന്താണ് മാർഗ്ഗമെന്ന് നാം ആലോചിക്കണ്ടേ ?

പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. സന്തോഷമുള്ള കാര്യമാണ്. ഞങ്ങൾ പരിയാരം മെഡിക്കൽകോളേജ് ആരംഭിച്ചപ്പോൾ ഞങ്ങൾക്കെതിരെ കുരിശ് യുദ്ധം പ്രഖ്യാപിച്ച് ശ്രീ. കരുണാകരനും ശ്രീ. എം. വി. രാഘവനും തറവാട് സ്വത്താക്കാൻ പോകുന്നുവെന്നൊക്കെ പറഞ്ഞ് ജനങ്ങളെ കബളിപ്പിച്ച് ആ മെഡിക്കൽ കോളേജിന്റെ ഭരണഘടന ജനങ്ങളുടെ മുമ്പിൽ തെറ്റിദ്ധരിപ്പിക്കുന്നവിധം വ്യാഖ്യാനിച്ച് നിങ്ങൾ മെഡിക്കൽ കോളേജ് ഏറ്റെടുത്തു. ആ മെഡിക്കൽ കോളേജിനുവേണ്ടി നിങ്ങൾ എത്ര കോടി രൂപ നീക്കിവച്ചു ? 50 കോടി രൂപ. ഒരു മെഡിക്കൽകോളേജിന്റെ ഒരു ബ്ലോക്കിന്റെ തുണ് തീർക്കാൻ 50 കോടി രൂപ കൊണ്ട് തികയുമോ? നിങ്ങൾ വാസ്തവത്തിൽ ഉത്തരമലബാറിലെ ജനങ്ങളുടെ ഒരു കൺസെപ്റ്റാണ് തകർത്തത്. ഈ മെഡിക്കൽ കോളേജിനെക്കുറിച്ച് ഉത്തരമലബാറിലെ ജനങ്ങൾക്ക് ഒരു കൺസെപ്റ്റുണ്ട്. എന്താണ്? ഏഷ്യയിലെ നമ്പർ വൺ ആശുപത്രി. സർക്കാരുടമയിലുള്ള കേരളത്തിലെ മെഡിക്കൽ കോളേജിന്റെ പരിതാപകരമായ അവസ്ഥ ഇവിടെയിരിക്കുന്ന ആർക്കാണ് അറിയാത്തത്? ആലപ്പുഴ മെഡിക്കൽ കോളേജിന്റെയും കോട്ടയം മെഡിക്കൽ കോളേജിന്റെയും ദുരവസ്ഥയെന്താണ്? പരിശോധിക്കണ്ടേ ? അതിനോട് സമമായി, ഉത്തര മലബാറിലെ ജനങ്ങൾക്ക് പ്രതീക്ഷ നൽകി ഏഷ്യയിലെ നമ്പർ വൺ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയരുമെന്ന് ഉത്തരമലബാറിലെ ജനങ്ങൾ പ്രതീക്ഷിച്ച ആ മെഡിക്കൽ കോളേജിന് 50 കോടി രൂപ നീക്കിവച്ച് നിങ്ങൾ ഏറ്റെടുത്തപ്പോൾ ഉത്തരമലബാറിലെ ജനകോടികളുടെ സങ്കൽപ്പത്തെയാണ് നിങ്ങൾ തച്ചു തകർത്തതെന്ന് നിങ്ങൾക്ക് ഓർമ്മ വേണം. എന്തിനാണ് ഈ ഈഗോ ? ശ്രീ. എം. വി. രാഘവനും ഞങ്ങളുമൊക്കെ ആരംഭിച്ചുപോയ ഒരു ആശുപത്രിയായതുകൊണ്ടുള്ള പൊളിറ്റിക്കൽ ഈഗോ അല്ലേ? ആ ഈഗോ വേണമോ? നാട്ടിലെ ധാരാളം കുട്ടികൾ എം.ബി.ബി.എസ്-ന് പഠിക്കാൻ ലക്ഷങ്ങൾ ചെലവഴിച്ച് അന്യസംസ്ഥാനങ്ങളിൽ പോകുന്നു. ചികിത്സയ്ക്ക് നമ്മളും പോകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചികിത്സക്കായി മദിരാശിയിൽ പോയില്ലേ ? എന്താണ് ഇവിടെ ആശുപത്രിയില്ലേ ? എന്തുകൊണ്ടാണ് ആശുപത്രിയില്ലാത്തത്? നിങ്ങളുടെ നയം ഇതാണെങ്കിൽ നിങ്ങൾ മാത്രമല്ല, നിങ്ങളുടെ വരുന്ന തലമുറകളും ചികിത്സിക്കാൻ മദിരാശിയിൽ പോകേണ്ടിവരും. ഇവിടെ ആശുപത്രി വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി വരികയില്ലല്ലോ. ഇത് ഒരു പൊളിറ്റിക്കൽ ഈഗോ അല്ലേ ? ഇതൊന്ന് അവസാനിപ്പിച്ചുകൂടേ ? എന്തിനാണ് ഈ പൊളിറ്റിക്കൽ ഈഗോ ? നിങ്ങൾ ഇപ്പോൾ നയത്തിൽ എന്തെല്ലാം മാറ്റംവരുത്തി ? ഏതൊക്കെ നയങ്ങളിൽ നിങ്ങൾ മാറ്റം വരുത്തി ? ഏതെല്ലാം സമീപനങ്ങളിൽ മാറ്റം വരുത്തി ? അടിസ്ഥാനപരമായ പ്രശ്നങ്ങളിൽപ്പോലും നിങ്ങൾ മാറ്റം വരുത്തിയില്ലേ ? ഇവിടെ ബഹുമാനപ്പെട്ട ശൈലജ ടീച്ചർ വളരെ മനോഹരമായി പ്രസംഗിച്ചു. വളരെ മനോഹരമാണ് അവരുടെ പ്രസംഗം. ഏതാനും രാഷ്ട്രങ്ങളിലും വ്യക്തികളിലും കേന്ദ്രീകരിച്ച സമ്പത്ത് വികേന്ദ്രീകരിക്കപ്പെടണം. എത്ര മനോഹരമായ സങ്കൽപ്പമാണ്. ആരാണ് അതിനെതിര് ? ഞാൻ ടീച്ചറോട് ചോദിക്കട്ടെ, 52 വർഷം നിങ്ങളുടെ പ്രസ്ഥാനം ഈ രാജ്യത്ത് പ്രവർത്തിച്ചത് ഈ സങ്കൽപം ഉയർത്തിക്കാണിച്ചാണ്. സ്വകാര്യവൽക്കരണത്തിനെതിര്, കേന്ദ്രീകരണത്തിനെതിര്, സോവിയറ്റ് റഷ്യയിൽ 75 വർഷം മുഴങ്ങിയ മുദ്രാവാക്യം ഇതാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, സമ്പത്തിന്റെ വികേന്ദ്രീകരണത്തെക്കുറിച്ച് ഞാൻ പറഞ്ഞത് വളരെ ലാഘവത്തോടുകൂടി എടുക്കുകയാണ്. സോവിയറ്റ് റഷ്യയുടെ കഥ നമ്മുടെ വർത്തമാനകാലത്തിലെ ഏറ്റവും വലിയ അനുഭവപാഠമാണ്. സോവിയറ്റ് റഷ്യയിൽ ശാസ്ത്രീയ സോഷ്യലിസ്റ്റ് മാതൃകയിലുള്ള ആസൂത്രണമുണ്ടായിരുന്നപ്പോൾ അവിടെ ജനങ്ങൾക്ക് ഭക്ഷണവും വസ്ത്രവും പാർപ്പിടവുമൊക്കെയുണ്ടായിരുന്നു. എന്നിട്ട് ലോകത്തിലെ ഏറ്റവും വലിയ ശക്തിയായി സോവിയറ്റ് റഷ്യ വളർന്നു. എന്നാൽ അതിനെ അട്ടിമറിച്ചിട്ട അവസരത്തിൽ .....അട്ടിമറിഞ്ഞുവെന്ന് വാദത്തിനുവേണ്ടി സമ്മതിക്കാം. പക്ഷേ, ആ ശാസ്ത്രീയ സോഷ്യലിസ്റ്റ് ആസൂത്രണമില്ലാതായപ്പോൾ അവിടെ മനുഷ്യർക്ക് നിഷേധിക്കപ്പെട്ടത് എന്താണെന്ന് വർത്തമാനകാല അനുഭവമായി നമ്മുടെ മുൻപിലുണ്ട്.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, ബഹുമാനപ്പെട്ട ശൈലജ ടീച്ചർ പറഞ്ഞതൊക്കെ ഞാൻ ഉൾക്കൊള്ളാം. പണ്ട് ഏതോ ഒരു സാഹിത്യകാരൻ എഴുതിയിട്ടുണ്ട്, Though pretty to preach but not in practice. എന്തിനെക്കുറിച്ചാണെന്നറിയാമോ? ടീച്ചറുടെ സങ്കൽപ്പത്തെക്കുറിച്ചാണ്. ആരാണ് സോവിയറ്റ് റഷ്യയെ തകർത്തത് ? നിങ്ങളുടെ ഈ സങ്കൽപ്പം സോവിയറ്റ് റഷ്യയിൽ ജീവിക്കുന്ന ഒരു സത്യമാക്കി മാറ്റാൻ എട്ടുകോടി ആളുകളെ റഷ്യയിൽ വെടിവച്ചുകൊന്നു. ഇല്ലേ ? എട്ടു കോടി ആളുകളെ വെടിവച്ചുകൊന്നു. നിങ്ങൾക്കറിയുമോ സ്റ്റാലിൻ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ലേബർ ക്യാമ്പിൽ മാത്രം ഇരുപത്തിയേഴരലക്ഷം തടവുകാരുണ്ടെന്നാണ് പറയുന്നത്. അവരുടെ ലേബർ ക്യാമ്പിന് ഗുലാബികൾ എന്നാണ് പറയുന്നത്. എട്ടുകോടി ആളുകളെ കൊന്നൊടുക്കി. ബഹുമാനപ്പെട്ട ടീച്ചർ മനസ്സിനകത്ത് താലോലിക്കുന്ന സ്വപ്നം സോവിയറ്റ് റഷ്യയുടെ രാഷ്ട്രീയ മണ്ണിൽ ശാശ്വതമാക്കാൻ ശ്രമിച്ചിട്ടും ആ സോവിയറ്റ് റഷ്യ തകർന്നുപോയതിൽ നമുക്ക് ദുഃഖമുണ്ട്. ബഹുമാനപ്പെട്ട അനിരുദ്ധൻ നേരത്തേ പ്രസംഗിച്ചപ്പോൾ ചോദിച്ചു, 46 വർഷം ഇന്ത്യ ഭരിച്ച കോൺഗ്രസ് ഒന്നും ചെയ്യാതെ ഞങ്ങളോട് വെള്ളം കൊടുത്തോയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുന്നതിലെ പൊരുൾ എന്താണെന്ന്? 46 വർഷം ഇന്ത്യ കോൺഗ്രസ് ഭരിച്ചപ്പോൾ ഇവിടെ മാറ്റമുണ്ടായില്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ ? സ്വാതന്ത്ര്യം കിട്ടുമ്പോൾ 33 കോടി ജനങ്ങളുണ്ടായിരുന്ന ഇന്ത്യയിൽ, ഒരു നേരത്തേ ആഹാരത്തിന് വകയില്ലാത്ത ഇന്ത്യയിൽ, ആ ജനത 100 കോടിയായി വർദ്ധിച്ചപ്പോൾ ഇവിടെ ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കോൺഗ്രസിന്റെ 46-ലെ ഭരണം കൊണ്ട് കഴിഞ്ഞെങ്കിൽ ടീച്ചർ മനസ്സിനകത്ത് താലോലിക്കുന്ന സ്വപ്നം നിലനിറുത്താൻ എട്ടുകോടി ജനങ്ങളെ കൊന്ന് 75 വർഷം കമ്മ്യൂണിസം ഭരിച്ച സോവിയറ്റ് റഷ്യയിൽ ഇന്നും പട്ടിണിയാണെന്നുപറഞ്ഞാൽ ഏത് പ്രത്യയശാസ്ത്രത്തിനുവേണ്ടിയാണ് നിങ്ങൾ പറയുന്നത്? അതുകൊണ്ട് ഇന്ത്യാ രാജ്യത്തിന് അടിസ്ഥാനപരമായി കാർഷിക രംഗത്ത് മാറ്റം വരുത്താൻ നമുക്ക് കഴിഞ്ഞെങ്കിൽ നിങ്ങൾ താലോലിക്കുന്ന സ്വപ്നങ്ങൾക്ക് സോവിയറ്റ് റഷ്യയിലെ ജനങ്ങളുടെ പട്ടിണി മാറ്റാൻ കഴിഞ്ഞില്ല എന്ന ദുഃഖ സത്യം ഇന്നും നിങ്ങൾ അംഗീകരിക്കണമെന്നാണ് നിങ്ങളോട് അപേക്ഷിക്കാനുള്ളത്. കമ്മ്യൂണിസ്റ്റ് പാർട്ടി നയങ്ങളിൽ ഒരുപാട് മാറ്റം വരുത്തിയില്ലേ ? സ്വകാര്യവൽക്കരണത്തോട് നിങ്ങൾക്ക് പഴയ സമീപനമാണോ ? വേൾഡ് ബാങ്കിനെക്കുറിച്ച് വളരെ വികാരത്തോടെ സംസാരിച്ചില്ലേ ? ഈ ബഡ്ജറ്റ് പരിശോധിച്ചോ? ഈ ബഡ്ജറ്റിന്റെ ഒരു പേജ് നിറയെ വേൾഡ് ബാങ്കിന്റെ സഹായം അനിവാര്യമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. ആ വേൾഡ് ബാങ്ക് നിങ്ങൾക്ക് അസ്പൃശ്യമാകുന്നതെങ്ങനെ ? വ്യവസായ രംഗത്ത് സ്വകാര്യവ്യക്തികളെ ക്ഷണിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് നാലുപ്രാവശ്യം അമേരിക്കയിൽ പോയില്ലേ ? സ്വകാര്യ വ്യക്തികൾക്ക് വ്യവസായം കൊടുക്കാൻ. നിങ്ങൾ ഒരുകാലത്ത് മനസ്സിലെങ്കിലും ഓർത്തിട്ടുണ്ടാകുമോ നാളെ സ്വകാര്യവൽക്കരണത്തിനുവേണ്ടി ഞാൻ അമേരിക്കയിലെ വ്യവസായികളെ കാണാൻ പോകേണ്ടിവരുമെന്ന് ? 25 വർഷം മുമ്പ് അങ്ങ് ഓർത്തിട്ടുണ്ടാകുമോ? ഇല്ലല്ലോ. അങ്ങ് അമേരിക്കയിൽ പോയില്ലേ ? സ്വകാര്യവ്യവസായികളെ കൊണ്ടുവരാൻ. നമ്മുടെ തുറമുഖം നിങ്ങൾ സ്വകാര്യവ്യക്തികളെ ഏൽപ്പിച്ചില്ലേ? വിഴിഞ്ഞം തുറമുഖം 30 വർഷത്തെ പാട്ടത്തിനു കൊടുത്തു. സ്വകാര്യവ്യക്തികളെ തുറമുഖ രംഗത്തേക്ക് നിങ്ങൾ ഇറക്കിയില്ലേ ? സ്വകാര്യനിക്ഷേപത്തിലൂടെ എയർപോർട്ടുണ്ടാക്കാൻ നിങ്ങൾ പാടുപെടുകയല്ലേ ? കണ്ണൂരിൽ എയർപോർട്ടുണ്ടാക്കാൻ നിങ്ങൾ ശ്രമിക്കുന്നു. ഞങ്ങളുടെ പിന്തുണയുണ്ട്. എങ്ങനെയാണ്

6 P.M.] ആ എയർപോർട്ടുണ്ടാക്കാൻ പോകുന്നത് ? പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിൽ സ്വകാര്യമൂലധനം ഏറ്റുവാങ്ങി ഇടതുപക്ഷ ഗവൺമെന്റ് നയങ്ങളിൽ മാറ്റം വരുത്തിയില്ലേ ? നിഷേധിക്കാൻ സാധിക്കുമോ ? ആ മാറ്റം വരുത്തിയ നിങ്ങളുടെ മാറ്റത്തിനനുസരിച്ച് നിങ്ങൾ വസ്തുതകൾ ഉൾക്കൊള്ളണ്ടേ ? ടി.വി. ചാനൽ ആരംഭിക്കുന്നതിനെക്കുറിച്ച് അഭിമാനത്തോടുകൂടി ശ്രീ. വിശ്വൻ പറഞ്ഞു. ഞങ്ങൾക്ക് എന്തിനോടാണ് എതിർപ്പ് ? നിങ്ങൾ ടി.വി. ചാനൽ ആരംഭിച്ചുകൊള്ളൂ. പക്ഷേ, ഒരു കാര്യം ഓർക്കണം ദൂരദർശന്റെ രണ്ടാം ചാനൽ ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ അത് സംസ്ഥാന ഉടമസ്ഥതയിൽ വേണമെന്നു പറഞ്ഞ് സമരം ചെയ്തവരാണ് നിങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

ആ നിങ്ങൾ ഇപ്പോൾ സഹകാര്യമേഖലയിലെ ടി.വി. ചാനലുമായി വന്നപ്പോൾ അതിന്റെ വക്താക്കളായിരിക്കുന്നു. അദ്ധ്വാനിക്കുന്നവന്റെ, വിയർപ്പ് ഒഴുക്കുന്നവന്റെ, ഭാരം ചുമക്കുന്നവന്റെ, പട്ടിണി കിടക്കുന്നവന്റെ, ഉടുതുണിയില്ലാത്തവന്റെ പാർട്ടി 100 കോടി രൂപ ചെലവിൽ ടി.വി. ചാനൽ ആരംഭിക്കാൻ പോകുന്നുവെന്നു പറഞ്ഞാൽ നമുക്കൊരു പരാതിയുമില്ല. പക്ഷേ, നിങ്ങൾക്കത് ആകുമോയെന്ന് സ്വയം ആലോചിക്കുന്നത് നല്ലതാണ്. നിങ്ങളുടെ പിറകിലുള്ള 'ഇങ്കിലാബ് സിന്ദാബാദ്' വിളിക്കുന്ന ജനലക്ഷങ്ങളെ നോക്കിക്കൊണ്ട് 100 കോടി രൂപയുടെ ടി.വി. ചാനൽ നിർമ്മിക്കുന്നത് തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന് ഭൂഷണമാണോയെന്ന് നിങ്ങൾ സ്വയം ആലോചിച്ചാൽ മതി. ഞങ്ങൾക്ക് യാതൊരു പരാതിയുമില്ല. സഖാവ് കൃഷ്ണപിള്ളയെക്കുറിച്ചൊക്കെ അഭിമാനത്തോടുകൂടി അനുസ്മരിക്കുന്നവരല്ലേ നിങ്ങൾ ? ഞാൻ അദ്ദേഹത്തെക്കുറിച്ചുള്ള ധാരാളം ഓർമ്മക്കുറിപ്പുകൾ വായിച്ചു. ഒരിക്കൽ മുടിവെട്ടാൻ ബാർബറോട് വരാൻ പറഞ്ഞു. രാവിലെ 7 മണിക്ക് ബാർബർ എത്തി. പക്ഷേ, കൃഷ്ണപിള്ളയുടെ കൈയിൽ മുടിവെട്ടാൻ കാൽ അണ ഇല്ല. കാൽ അണ കൊടുക്കാനില്ലാത്തതുകൊണ്ട് ബാർബറെ വീട്ടിലിരുത്തി. 9 മണിവരെ ബാർബർ ഇരുന്നു. നേതാവിനെ കാണാൻ ഒരുപാട് സഖാക്കൾ വന്നു. വന്ന സഖാക്കളോടെല്ലാം കൃഷ്ണപിള്ള കാൽ അണ ചോദിച്ചു. കാൽ അണ ഇല്ല. ഒടുവിൽ നേതാവിന്റെ കൈയിലും കാണാൻ വന്ന അനുയായികളുടെ കൈയിലും കാൽ അണയില്ല. അങ്ങനെ കാൽ അണ ഇല്ലാത്തതുകൊണ്ട് മുടിവെട്ടാൻ വന്ന ബാർബറെ സഖാവ് മടക്കി അയച്ചു. ആ കൃഷ്ണപിള്ളയുടെ ജീവചരിത്രം വർഗ്ഗശാസ്ത്രത്തിന്റെ വളർച്ചയിൽ ആവേശത്തിന്റെ തുടിപ്പ് ഉൾക്കൊണ്ട കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം 100 കോടി രൂപ ചെലവാക്കി ഒരു ടി.വി. ചാനൽ നിർമ്മിക്കാൻ പോകുകയാണ്. നിങ്ങൾ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുവെന്ന് അവകാശപ്പെട്ടു. ഏത് മേഖലയിലാണ് നിങ്ങൾ സാമ്പത്തിക അച്ചടക്കം പാലിച്ചത് ? പ്രിയപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാലപ്രവർത്തന രംഗത്ത് അങ്ങ് നടത്തിയ സേവനം ഞാൻ ഓർക്കുന്നു. അഭിപ്രായ വ്യത്യാസമില്ല. പാർട്ടി ഓഫീസിലെ മൂന്നുകാലുള്ള ബഞ്ചിൽ കിടന്നുറങ്ങി പാർട്ടി പ്രവർത്തകരെ സംഘടിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന ഈ സംസ്ഥാനത്ത് അങ്ങയുടെ സഹമന്ത്രിമാരുടെ വീടുകൾ മോടിപിടിപ്പിക്കാൻ കോടികൾ ചെലവഴിക്കുമ്പോൾ എവിടെ നിങ്ങളുടെ സാമ്പത്തിക അച്ചടക്കം? നാടൻ കാറുകൾ പോരാത്തതിന് ഫോറിൻ കാറുകൾ. ഈ അസംബ്ലി ഹാളിന്റെ പുറകിൽ ചെന്നു നോക്കിയാൽ ആരെയെങ്കിലും കണ്ണ് കെട്ടി അവിടെ കൊണ്ട് ചെന്ന് നിർത്തി കണ്ണിലെ കെട്ടഴിച്ചാൽ ദുബായ് ആണെന്നേ അവർ ധരിക്കൂ. അതുപോലെ നിരന്നു നിൽക്കുന്ന നല്ല പറവകൾ പോലുള്ള കാറുകൾ. ഫോറിൻ കാറിൽ സഞ്ചരിക്കാൻ വേണ്ടി കോടികൾ തുലച്ച ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അങ്ങേയ്ക്ക് എവിടെ സാമ്പത്തിക അച്ചടക്കം ? അങ്ങയുടെ സർക്കാരിന് എവിടെ സാമ്പത്തിക അച്ചടക്കം ? ഇങ്ങനെ നൂറായിരം കാര്യങ്ങൾ പറയാൻ എന്റെ മുന്നിലുണ്ട്. ധൂർത്തിന്റെയും ആഡംബരത്തിന്റെയും പര്യായമായി ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. പഴയ കമ്മ്യൂണിസ്റ്റ് സംസ്കാരം നിങ്ങൾ പിഴുതു മാറ്റിയിരിക്കുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ ഓർമ്മകൾ നിങ്ങളുടെ മനസ്സിൽ നിന്നും വേരിട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയിരിക്കുന്നു. സമ്പത്തിന്റെ ആലസ്യത്തിൽ സൗകര്യത്തിലും സുഖത്തിലും ചെന്നെത്തിയ ഒരു പ്രസ്ഥാനമായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മാറിയിരിക്കുന്നു. അതിന്റെ പ്രതിബിംബമാണ് അങ്ങ് അവതരിപ്പിച്ച ഈ ബഡ്ജറ്റ്. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ ഒടുവിൽ സംസാരിച്ച ശ്രീ. കെ. സുധാകരൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുവെങ്കിലും ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് പല പ്രാവശ്യങ്ങളും നല്ല അഭിപ്രായം പറഞ്ഞുവെങ്കിലും ശ്രീ. സുധാകരന്റെ സർട്ടിഫിക്കറ്റിന്റെ ആവശ്യമൊന്നും മെച്ചപ്പെട്ട സർട്ടിഫിക്കറ്റ് വേറെ ആരും തന്നിട്ടില്ല. എന്താ കാര്യമെന്നു ചോദിച്ചാൽ, ഇത് വോട്ടു കിട്ടാനുള്ള ബഡ്ജറ്റ് ആണെന്നു പറഞ്ഞു. അപ്പോൾ സാധനം തരക്കേടില്ലയെന്നു വന്നില്ലേ ? ജനങ്ങൾ അംഗീകരിച്ച് വോട്ടു ചെയ്യുമെന്ന് മനസ്സിലായല്ലോ. വോട്ടു മേടിക്കാനുള്ള ബഡ്ജറ്റ് ആണെന്നു പറഞ്ഞാൽ നാട്ടുകാർക്ക് ഗുണമുള്ള ബഡ്ജറ്റാണെന്നാണ് അതിന്റെ മലയാളം. അപ്പോൾ ഇത് വോട്ട് കിട്ടാനുള്ള ബഡ്ജറ്റാണ്. 1996-97 ബഡ്ജറ്റ് • എടുക്കുക, കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചു, തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിച്ചു, അംഗനവാടി ടീച്ചേഴ്സിന് വേതനം വർദ്ധിപ്പിച്ചു, നഴ്സിംഗ് സ്റ്റുഡന്റ്സിന് നിർത്തി വച്ചിരുന്ന സ്റ്റൈപ്പന്റ് 50 രൂപ കൂട്ടി പുനഃസ്ഥാപിച്ചു. ഇങ്ങനെ നിരവധി നല്ല കാര്യങ്ങൾ 1996-97-ലെ ബഡ്ജറ്റിൽ കാണാൻ കഴിയും. 1997-98-ലെ ബഡ്ജറ്റിലും കാണാൻ കഴിയും. ഇതുപോലുള്ള ഏറെ ആശ്വാസ നടപടികൾ. 1997-98-ലെ ബഡ്ജറ്റിനെപ്പറ്റി ഹിന്ദു ലീഡ് എന്താണ് പറഞ്ഞതെന്ന് അറിയാമോ? "LDF presents poorman's budget" 1998-99, 1999-2000, 2000-2001 ഇതിലൊക്കെ സാധാരണ ജനങ്ങൾക്ക് ആനുകൂല്യങ്ങൾ വാരിവിതറിയ ബഡ്ജറ്റാണ്. അത് ഞാൻ ഇന്നലെതന്നെ ആയിരംവട്ടം ആവർത്തിച്ചു പറഞ്ഞു. ഇതൊരു നയസമീപനമാണ്. ബഡ്ജറ്റിൽ പ്രതിഫലിക്കുന്നത് ഭരിക്കുന്ന ഗവൺമെന്റിന്റെ നയമാണ്. ഞങ്ങളുടെ 1996-ലെ ബഡ്ജറ്റ് മുതൽ 2000- വരെ ഉള്ള ബഡ്ജറ്റുകൾ ഞാൻ ഇവിടെ അവതരിപ്പിച്ചു. അതിലൊക്കെ എൽ.ഡി.എഫിന്റെ സമീപനം എന്താണ്, എൽ.ഡി.എഫ്. ആർക്കുവേണ്ടി നിൽക്കുന്നു എൽ.ഡി.എഫിന്റെ ക്ലാസ് കണ്ടന്റ് എന്താണ്, ഈ ഗവൺമെന്റിന്റെ വർഗ്ഗസ്വഭാവം എന്താണ് ഈ കാര്യങ്ങളൊക്കെ സുവ്യക്തമായി പ്രതിഫലിക്കുന്ന കണ്ണാടികളാണ് ഈ 5 ബഡ്ജറ്റുകളും. ഇപ്പോൾ ഇലക്ഷൻ വന്നതുകൊണ്ടുള്ള ഒരു ബഡ്ജറ്റ് അല്ല ഇത്. ഇതിനു മുമ്പ് ചെയ്തിട്ടില്ലേ? ഇതെല്ലാം ആവർത്തിച്ച് ചെയ്തു. അപ്പോഴും അപ്പുറത്തുള്ളവർക്ക് എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. കാരണം എത്ര നല്ല ബഡ്ജറ്റ് കൊണ്ടുവന്നാലും നല്ല ബഡ്ജറ്റാണെന്ന് അവിടെ നിന്ന് പറയുമോ, പറഞ്ഞാൽ നന്നോ ? പിന്നെ എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം മണ്ണെണ്ണയുടെയും ഗ്യാസിന്റെയും വില വർദ്ധനവിൽ ഇന്നിപ്പോൾ നല്ല ഒരു കാര്യമാണ് ഈ സഭ ചെയ്തത്. ഏകസ്വരത്തിൽ മൂന്നുകോടി ജനങ്ങൾ ഒരു മനുഷ്യനായി നിന്നുകൊണ്ട് കേന്ദ്രത്തിന്റെ പൈശാചികമായ തീരുമാനത്തിനെതിരായി ഒരു തീരുമാനമെടുത്തുയെന്നുള്ളതു തന്നെ ശുഭോതർക്കമാണ്. ഞങ്ങൾ അതാണ് പറയുന്നത് ഇതിന്റെ മുഖ്യകാരണം നോക്കണം. മണ്ണെണ്ണയുടെയും

LIBRARY ARCHIVES Kerala Legislative Assembly

ഗ്യാസിന്റെയും വിലയിൽ സ്റ്റീപ്പ് ഹൈക്ക്. ഇത് മറ്റൊരു സംഭവവും കൂടി ഒരുമിച്ചാണ് വരുന്നത്. പാകിസ്ഥാനുമായിട്ട് ഇന്ത്യ സംസാരിക്കണം. രണ്ട് കാര്യങ്ങളിലാണ് ബിൽ ക്ലിന്റന്റെ വിസിറ്റിൽ നമ്മൾക്ക് പ്രതിഷേധമുള്ളത്. ബിൽ ക്ലിന്റൻ ഇവിടെ വരുന്നതുകൊണ്ടോ ഇവിടെ നിന്നും ഒരാള് അങ്ങോട്ടു പോകുന്നതുകൊണ്ടോ അല്ല. നയമാണ് പ്രശ്നം. എന്താണെന്നു ചോദിച്ചാൽ സബ്സിഡികളെല്ലാം നിർത്തും. എല്ലാ സബ്സിഡികളും നിർത്തുമെന്നുള്ളതാണ്. നമുക്ക് തരുന്ന ഒരുപദേശം, കമന്റ് എന്താണെന്നു വച്ചാൽ അതാണ്. ക്ലിന്റൻ പാർലമെന്റിൽ പ്രസംഗിച്ചു ഇറങ്ങുമ്പോഴാണ് മണ്ണെണ്ണയുടെ വില കൂടുന്നത്. യാദൃശ്ചിക സംഭവമല്ല, ഇന്നലെ തന്നെ വേണോ? അയാൾ പോയിട്ട് പോരേ ? അത് കഴിഞ്ഞതിനുശേഷം പാകിസ്ഥാൻ-കാശ്മീർ ഇഷ്യൂ സാർവദേശീയവൽക്കരിക്കാനുള്ള അമേരിക്കയുടെ പാടുപെടലാണ് കാണുന്നത്. അതിനുനമ്മൾ നിന്നു കൊടുക്കുകയാണ്. അതിനാണ് ബി.ജെ.പി. ഗവൺമെന്റിനെ നമ്മൾ എതിർക്കുന്നത്. ആ ബി.ജെ.പി. ഗവൺമെന്റിന്റെ നയം Kashmir Issue is a closed chapter. കാശ്മീർ ഇഷ്യൂ നെഗോഷിയേറ്റ് ചെയ്യാം. നമുക്ക് actual control line എന്താണെന്ന് തീരുമാനിക്കാം. ജവഹർലാൽ നെഹ്റു ഉള്ളപ്പോൾ തന്നെ കാശ്മീർ ഇഷ്യൂവിനെ സംബന്ധിച്ച്, അത് ഇന്ത്യയുടെ ആഭ്യന്തരപ്രശ്നമാണ് No talk with anybody else. എന്ന നിലപാടായിരുന്നു എടുത്തിരുന്നത് ? കാശ്മീർ ഇന്ത്യയുടെ ആഭ്യന്തര പ്രശ്നമാണ്. ആ നിലയ്ക്ക് നമ്മുടെ principled stand ബി.ജെ.പി. കൈയൊഴിയുകയാണ്, അത് നമ്മൾ കാണണ്ടേ? അത് വളരെ dangerous അല്ലേ ? political അല്ലേ ? ബി.ജെ.പി.യെ സപ്പോർട്ട് ചെയ്യാൻ ആരേയും സാക്ഷി കൊണ്ടുവരണ്ട. കാശ്മീർ ഇഷ്യൂ നമ്മുടെ ആഭ്യന്തര പ്രശ്നമാണ്. അതിൽ ഞങ്ങൾ ഇടപെടുന്നില്ലായെന്ന് പറയുന്നതിനു പകരം, കാശ്മീർ ഇഷ്യൂ നിങ്ങൾ സംസാരിച്ചു തീർക്കണം എന്നു പറയുന്നു. കാശ്മീർ ഇഷ്യൂ Internationalise ചെയ്യാൻ അപകടകരമായ ഒരു പൊളിറ്റിക്കലായിട്ടുള്ള ഒരു ഏർപ്പാട് അവിടെ നടക്കുന്നുവെന്നതിലാണ് ഞങ്ങൾക്ക് ആശങ്ക. അതുകൊണ്ടാണ് ക്ലിന്റൻ വിസിറ്റ് കൊണ്ടുണ്ടായ രണ്ടു മൂന്ന് കാര്യങ്ങൾ, It is not the end of it, ഇന്ത്യയിൽ അരങ്ങേറാൻ പോകുന്ന ഇന്ത്യയിലെ ജനങ്ങൾക്ക് ദുരിതം വാരിവിതറുന്ന, ഇന്ത്യൻ കുത്തകകൾക്ക് ഓശാന പാടുന്ന ഈ രാജ്യത്തെ 85 ശതമാനത്തോളം ആളുകളെ പിഴിയുന്ന 15 ശതമാനത്തോളം വരുന്ന ആളുകൾക്ക് ആഡംബര ജീവിതം ഗ്യാരന്റി ചെയ്യുന്ന ഒരു സാമൂഹ്യ വ്യവസ്ഥ അല്ലെങ്കിൽ അതിനുള്ള ഒരു സാമ്പത്തിക നയം അതിന്റെ beginning of a series ആണ് ഇപ്പോൾ കാണുന്നത്. ഇനി വരാനിരിക്കുന്ന ദുരന്തങ്ങളുടെ ആരംഭമാണ്, തിരനോട്ടമാണ്, കേളികൊട്ടാണ്. അത് മനസ്സിലാക്കണം. അപ്പുറത്തുള്ളവർ അതിനെ അംഗീകരിക്കുന്നവരാണല്ലോ. ആ ഭാഗത്ത് നില്ക്കുന്നവരാണെന്ന് പറയുകയില്ല. ഈ വക കാര്യങ്ങളിൽ നമ്മൾ ഒരുമിച്ച്, യോജിച്ച് ഒരു സ്റ്റാന്റ് എടുക്കുകയും വേണം. ഞങ്ങൾക്ക് പിശക് പറ്റിയാൽ ഞങ്ങൾ തിരുത്തണം. നിങ്ങൾക്ക് പിശക് പറ്റിയാൽ നിങ്ങൾ തിരുത്തണം. കാരണം, രാജ്യത്തെ അപകടകരമായ അവസ്ഥാവിശേഷത്തിലേയ്ക്ക് എത്തിക്കുമ്പോൾ 100 കോടി ഇന്ത്യൻ ജനത ഒരു മനുഷ്യനായി നിന്ന് എതിർക്കണം. അത്രയ്ക്കും അപകടകരമായ അവസ്ഥാവിശേഷമാണുള്ളത്. ന്യൂനപക്ഷങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല പിന്നോക്ക സമുദായക്കാർക്കും ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യം പോലും, സോവർണിറ്റി പോലും പണയം വയ്ക്കുന്ന രീതിയിൽ ബി.ജെ.പി. ഗവൺമെന്റ് നീങ്ങുന്നുവെന്ന അത്യാപൽക്കരമായ ഒരവസ്ഥാവിശേഷം ചെറുതായി കാണരുതെന്ന് ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുകയാണ്. കളിയാക്കരുത്, മക്കാറാക്കരുത്. ഇത് ഗൗരവമുള്ള പ്രശ്നമാണ്. ഇത് ഗൗരവമായി കാണാൻ നമുക്കെല്ലാവർക്കും കഴിഞ്ഞെങ്കിൽ ഇന്ത്യയുടെ ഭാഗ്യം. അതുകൊണ്ടാണ് ഞാൻ പറയുന്നത്. മറ്റൊരു കാര്യം, ഇവരുടെ ബഡ്ജറ്റ് നോക്കാമല്ലോ, ഞാൻ ആ ബഡ്ജറ്റിനെപ്പറ്റി വിശദീകരിച്ചൊന്നും പറയുന്നില്ല. മുകളിലുള്ളവരെ തൊടാതെ താഴെത്തട്ടിൽ കുഴപ്പമുണ്ടാക്കുന്നു. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഒരു കാര്യമേ ഞാൻ പറയുന്നുള്ളൂ income tax. പണ്ട് ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും കാലത്ത് അപ്പർ മോസ്റ്റ് സ്ലാബിൽ കൂടുതൽ റേറ്റ് വേണം, അതായത് സൂപ്പർ ടാക്സാണ് കൊടുത്തിരുന്നത്. ഇക്കുറി അപ്പർ സ്ലാബിൽ ഒരു പൈസ കൂടാതെ ഇൻകം ടാക്സിന്റെ അംബ്രല്ല വർദ്ധിപ്പിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ഒരു കോടി അസസ്സീസുള്ളത് ശ്രീ. യശ്വന്ത് സിൻഹയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു. രണ്ട് കോടിയാകും ഇൻകം ടാക്സ് അസസ്സീസ് എന്ന്. ഇവിടെയിരിക്കുന്ന സാധാരണ ചെറിയ ഉദ്യോഗസ്ഥൻമാർക്കുപോലും ഈ മാസത്തെ ശമ്പള ബിൽ എഴുതാൻ കഴിഞ്ഞിരിക്കുകയില്ല. കാരണം ഇൻകം ടാക്സ് അസസ്സീസ്സാണ് One in six- ഫോൺ, സെല്ലുലാർ ഫോൺ, കാർ, വീട് എന്തെങ്കിലും ഒന്നുണ്ടെങ്കിൽ ആ One in six ഉണ്ടെങ്കിൽ ഇൻകം ടാക്സ് അസസ്സ് ചെയ്യാം. നേരത്തെ മെട്രോപോളിറ്റൻ സിറ്റീസിലാണുണ്ടായിരുന്നത്. ഇപ്പോൾ രണ്ട് ലക്ഷമുള്ള എല്ലാ ടൗണിലേയ്ക്കും ബാധകമാക്കി. ഇൻകം ടാക്സ് എന്ന ഡയറക്ട് ടാക്സാണ് പ്രമാണിമാർക്ക് വർദ്ധിപ്പിക്കാതെ നിരവധി ഇടത്തരക്കാരേയും സാധാരണക്കാരേയും ബാധിച്ചിരിക്കുന്നത്. എക്സൈസ് ഡ്യൂട്ടി സാധാരണക്കാരന് pass on ചെയ്യുന്നതാണ്. ഇഷ്ടം പോലെ വിദേശ സാധനങ്ങൾ ഇവിടെ വന്നടിയാൻ കസ്റ്റംസ് ഡ്യൂട്ടി slash ചെയ്യുകയും ചെയ്തു. ഇത്തരം അപകടകരമായ സ്ഥിതിയാണ്. പൈസയില്ലെങ്കിൽ കുബേരൻമാരോടാണ് യുദ്ധം ചെയ്യേണ്ടത്, പാവങ്ങളോടല്ല. ഭാരതീയ സംസ്കാരമെന്ന് പറയുമ്പോൾ രോമാഞ്ചം കൊള്ളുന്ന ബി.ജെ.പി.യോട് ചോദിക്കുന്നു, നമുക്ക് ഒരുമിച്ച് ചോദിക്കാം. കാളിദാസൻ രഘുവംശത്തിൽ ദിലീപ രാജാവിന്റെ കഥ വിശദീകരിക്കുന്നുണ്ട്. ആ ദിലീപ രാജാവ് നിർദ്ധനനായിരുന്നു, ദാനം ചെയ്തിട്ട്. അപ്പോഴാണ് ഒരു കുട്ടി ചെന്നിട്ട് പഠിക്കാൻ വേണ്ടി ഗുരുദക്ഷിണയ്ക്ക് പണം ചോദിക്കുന്നത്. അപ്പോൾ ദിലീപ രാജാവ് പറയുകയാണ്, എന്റെ കൈയിൽ പണമില്ല, ഞാൻ നിർദ്ധനനാണ്. അപ്പോൾ കുട്ടി ചോദിക്കുകയാണ്, ഇവിടെ കുബേരൻ ഉണ്ടല്ലോ, അന്നത്തെ ബിർളയാണ് വൈശ്രവണൻ. കുബേരൻ ഉണ്ടല്ലോ അദ്ദേഹത്തോട് ചോദിക്കുവാൻ പറഞ്ഞു, രാജാവും കുട്ടിയും കൂടി വൈശ്രവണനെ കണ്ടു. വൈശ്രവണനോട് പൈസ ചോദിച്ചപ്പോൾ അദ്ദേഹം ഇത് അങ്ങനെ തരാനുള്ളതല്ല, എനിക്ക് അനുഭവിക്കാനുള്ളതാണെന്ന് പറഞ്ഞു, പൈസ തരികയില്ലായെന്നും പറഞ്ഞു. പൈസ തരികയില്ലായെന്ന് പറഞ്ഞപ്പോൾ കുട്ടി ചോദിച്ചു, പിന്നെ എന്തിനാണ് രാജാവേ നിങ്ങളുടെ കൈയിൽ അമ്പും വില്ലും? അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ 'വൈശ്രവണൻ വാഴണോ, ഈ കുട്ടി പഠിക്കണോ'

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ബിംബം അങ്ങോട്ടുമിങ്ങോട്ടും സിനിമയിൽ വരുന്ന മാതിരി വന്നു, അദ്ദേഹം തീരുമാനിച്ചു, വൈശ്രവണൻ വാഴണ്ട, കുട്ടി പഠിക്കണം. വൈശ്രണ വനെതിരായി യുദ്ധം ചെയ്തു, രത്നമഴ പെയ്യിച്ചു. ആ കുട്ടിയെ പഠിപ്പിച്ച ഭാരതം, ദിലീപ രാജാവിന്റെ ഭാരതത്തിൽ, ഭാരതീയ സംസ്കാരത്തിൽ രോമാഞ്ചം കൊള്ളുന്ന ബി.ജെ.പി. ഇന്ന് വൈശ്രവണൻ വാഴട്ടെ, 80 ശതമാനം ആളുകൾ പട്ടിണി കിടക്കട്ടെ, എന്നുള്ള ലൈനിലാണ് ആർഷ സംസ്ക്കാരം ഇവിടെ നടപ്പിലാക്കുന്നത്. ഇത് നമ്മൾ മനസ്സിലാക്കണ്ടേ ? ഇതാണോ ദിലീപ രാജാവിന്റെ ആർഷ സംസ്ക്കാരം ? നമ്മൾ ഇതിനെ ചെറുതായി കാണരുത്. വളരെ ഗുരുതരമായ പ്രശ്നമാണ്. ഇവിടെ ബഹുമാനപ്പെട്ട സുധാകരൻ ചില കാര്യങ്ങൾ പറഞ്ഞു, എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, കണ്ണൂർ മാത്രം നോക്കണം. റബ്കോ, റബ്ബർ അധിഷ്ഠിതവ്യവസായം, നല്ല ഫാക്ടറിയായിട്ട് വരുന്നതാണ്. അതിന് രണ്ട് കോടി എയ്ഡ്, അഴീക്കൽ fishing ഹാർബർ, കാലിക്കട്ടും കാസർഗോഡും 9 റേയിൽവേ ഗേറ്റിന്റെ പണിയ്ക്കുള്ള പൈസ, കണ്ണൂർ പ്രസ് ക്ലബിന് 10 ലക്ഷം, ദിനേശ് ബീഡിക്ക് 1 കോടി, ഗ്രാന്റ് ഡൈവേഴ്സിഫിക്കേഷൻ വിജയിപ്പിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം, മണ്ണെണ്ണയുടെ സബ്സിഡി വർദ്ധിപ്പിക്കാൻ 5 കോടി, out board എഞ്ചിൻ 15 HP വരെ ടാക്സ് ഇല്ല. മൈലോണിന്റെ വിലയ്ക്കും ടാക്സില്ല, കൈത്തറിത്തൊഴിലാളിക്ക് പെൻഷൻ വർദ്ധിപ്പിച്ചു, കൈത്തറി പ്രോസസ്സിന് ഇരുനൂറ്റി ചില്വാനം കോടി രൂപ നീക്കിവച്ചിട്ടുണ്ട്. റിബേറ്റ് കൊടുക്കാൻ 11.6 കോടി. ഒരു ഗവൺമെന്റ് അതിന്റെ പരിധിയിൽനിന്നുകൊണ്ട് ഇതൊക്കെ ചെയ്തതാണ്. പരിയാരം മെഡിക്കൽ കോളേജിന് ആദ്യപടി എന്നുള്ള നിലയ്ക്ക് 50 കോടി നീക്കിവച്ചു. നമുക്കറിയില്ലേ 50 കോടി പോരായെന്ന്. ആ പരിയാരത്തെ Centre of Excellence ആക്കാനാണ് ഉദ്ദേശം. അത് അന്നുതന്നെ എഴുതിയിട്ടുണ്ട്. നല്ലൊരു മെഡിക്കൽ ഫാക്കൽറ്റി അവിടെയുണ്ടാക്കാൻ വേണ്ടി ആദ്യ പടിയെന്നുള്ള നിലയ്ക്ക് 50 കോടിയല്ലാതെ ആദ്യം 500 കോടി വേണോ? 50 കോടി ഇപ്പോൾ വച്ചു. As a beginning First step എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ശ്രീ. സുധാകരൻ പറഞ്ഞത്, വോട്ട് കിട്ടുന്ന ബഡ്ജറ്റാണെന്ന്, വെറുതെ പറഞ്ഞതല്ല, ഞാൻ പറയുന്നു, വോട്ട് കിട്ടുമെന്നുള്ള വിചാരമുണ്ട്. വോട്ട് കിട്ടാൻ പോകുന്നില്ല എന്നാണ് പറഞ്ഞത്. ആളുകളുടെ മനസ്സിൽ കിടക്കുന്ന വോട്ടല്ലേ, ആർക്കാണ് ചെയ്തതെന്ന് പെട്ടി പൊളിച്ചാൽ തന്നെ അറിയാൻ കഴിയും. നമുക്ക് നോക്കാം. ഞങ്ങൾ തോറ്റാൽ തോറ്റുവെന്നുപറയും. ജയിച്ചാൽ ജയിച്ചുവെന്ന് പറയും. കോടതിയിൽ കേസിന് പോകാതെ ഇലക്ഷൻ കേസ് ഫയൽ ചെയ്യാതെ, നിങ്ങൾ കള്ളവോട്ട് ചെയ്തിട്ട് ജയിച്ചുവെന്ന് പറയുന്നവർ ഈ രാജ്യത്തുള്ളവരാണ്. ഞങ്ങൾ അങ്ങനെ പറയുകയില്ല. തോറ്റാൽ തോറ്റുവെന്ന് പറയും, ജയിച്ചാൽ ജയിച്ചുവെന്ന് പറയും. ശ്രീ. അച്ചുതാനന്ദൻ കേസു കൊടുത്തു. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ കേസു കൊടുക്കാൻ ധൈര്യപ്പെട്ടില്ല. ശ്രീ. അച്യുതാനന്ദൻ കേസുകൊടുത്തു. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ കേസു കൊടുക്കുമെന്നു പറഞ്ഞു. കൊടുത്തില്ല. കോടതി പടിവരേ പോയുള്ളൂ. അതാണു പ്രശ്നം. പിന്നെ, ഇതിൽ കമ്മിയെപ്പറ്റി പറഞ്ഞു. നബാർഡിനെപ്പറ്റി പറഞ്ഞു. നബാർഡിന്റെ എല്ലാ പരിപാടിയും നിന്നുപോയി എന്ന് ഇവിടെ ആരോ പറഞ്ഞു. ആരാണ് പറഞ്ഞതെന്ന് എനിക്ക് ഓർമ്മയില്ല. ഞാൻ വളരെ കൃത്യമായിട്ട് പറയുകയാണ്, ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന് നമ്മൾ സമർപ്പിച്ചിട്ടുള്ള സ്കീം 325 കോടി രൂപയാണ്. ആൾ റെഡി സാങ്ഷൻ ചെയ്ത് കൈയിലായത് 136 കോടിയാണ്. 136 കോടി രൂപ നബാർഡിന്റേത് കൈയിൽ കിട്ടി. 356 കോടിയുടെ സ്കീം അയച്ചുകഴിഞ്ഞു. ഒരു പൈസ നിങ്ങൾ നബാർഡിൽ നിന്നും വാങ്ങിയോ എന്നു ചോദിച്ചു. വാങ്ങി. 356 കോടിയുടെ പ്രൊപ്പോസൽ. 136 കോടി വാങ്ങി. പിന്നെ ശ്രീ. സത്യൻ മൊകേരി എന്തിനാണ് നടന്നത് എന്നു ചോദിച്ചു. നടന്നു. സത്യൻ മുദ്രാവാക്യം വച്ചു. കൃഷിക്കാരുടെ കടത്തിന്റെ പിഴപ്പലിശ എഴുതിത്തള്ളണമെന്നാണ് അതിലെ ഒരു ഡിമാന്റ്. സത്യൻ നടന്നതിനു ഗുണമുണ്ടായില്ലേ ? 2 കോടി വച്ച് പീനൽ ഇന്ററസ്റ്റ് എഴുതിത്തള്ളിയില്ലേ ? ആരെങ്കിലും ഈ അടുത്തകാലത്ത് നടന്നതിൽ ഗുണമുണ്ടായിയെങ്കിൽ അത് സത്യൻ നടന്നിട്ടു മാത്രമാണ്. അല്ല എന്നു പറയാൻ പറ്റുമോ ? പിന്നെ ഇതിലെ ഡെഫിസിറ്റിനെപ്പറ്റി പറഞ്ഞു. ഞാൻ പറയുന്നത് 1999-2000 വർഷത്തിൽ 472.05 കോടി രൂപയുടെ ഡെഫിസിറ്റാണ് കണ്ടത്. അത് എ.ആർ.എം. കഴിഞ്ഞതിനുശേഷം 129 ആയി കമ്മി നിർത്തുമെന്നു പറഞ്ഞു. 324.96 കോടി രൂപയുടെ എസ്.ഡി.ജി. വന്നു. അപ്പോൾ 797.01 കോടി രൂപ ആണ് ഡെഫിസിറ്റായിട്ടു വരേണ്ടത്. പക്ഷേ, അത് 141.46 കോടി രൂപയിൽ കൊണ്ടു നിർത്തി. അതും ഇഫക്ടീവ് ഫിസ്കൽ മാനേജുമെന്റല്ലേ ? ഞാൻ ചോദിക്കുകയാണ്. അത് ഫിസ്ക്കൽ മാനേജുമെന്റല്ലേ ? പിന്നെ എന്താണ് അത് ? പിന്നെ കടത്തെപ്പറ്റി പറഞ്ഞു. ഞാൻ ഇന്നലെ അതെല്ലാം വിശദീകരിച്ചതാണ്. യു.ഡി.എഫ് ഞങ്ങളുടെ കൈയിൽ നിന്നും ഭരണം ഏറ്റെടുക്കുമ്പോൾ.....

ശ്രീ. കെ. ബാബു : സർ, റിസർവ് ബാങ്കിന്റെ ഒരു ബുള്ളറ്റിൻ ഞാനിവിടെ കോട്ടു ചെയ്തിരുന്നു. അതിൽ കേരള ഗവൺമെന്റ് കണ്ടിട്ടില്ല എന്നാണ് അങ്ങ് നൽകിയിട്ടുള്ള മറുപടി. വെസ്റ്റ് ബംഗാൾ ഉൾപ്പെടെ അത് നടപ്പാക്കിയിട്ടുണ്ട്. ഞാൻ വേണമെങ്കിൽ അതിന്റെ കോപ്പി തരാം. അതിനെക്കുറിച്ച് എന്ത് അഭിപ്രായമാണുള്ളത് ?

ശ്രീ. ടി. ശിവദാസമേനോൻ : പറയണം. കോപ്പി നോക്കിയിട്ടു പറയാം. ഞങ്ങളുടെ കൈയിൽ കിട്ടിയിട്ടില്ല എന്നാണ് ഗവൺമെന്റിന്റെ മറുപടിയെങ്കിൽ അതാണ് സത്യം. ഇങ്ങനെ വാദിച്ചാൽ എങ്ങനെയാണ് ? കണ്ടോ എന്നു നോക്കാം. കണ്ടിട്ടില്ല. 2117 കോടിയാണ് പ്ലാനിനുവേണ്ടി കേന്ദ്രം തരാമെന്നു പറഞ്ഞത്. ഇപ്പോൾ പറയുന്നത് 1586 ആണ്. അതിൽ 531 കോടിയുടെ കട്ടുണ്ട്. അതൊക്കെ വച്ചുകൊണ്ടാണ് പറഞ്ഞത്. പിന്നെ ഇവിടത്തെ സ്റ്റേറ്റുകളെപ്പറ്റി പറഞ്ഞു. ഞങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. എന്താണെന്ന് ചോദിച്ചാൽ ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ഇവിടെ മറ്റുള്ള സ്റ്റേറ്റുകൾ, ഒരു അഞ്ചാറു സ്റ്റേറ്റുകൾ കേന്ദ്രവുമായി എം.ഒ.യു. ഒപ്പിട്ടിരിക്കുകയാണ്. എന്നിട്ട് സ്പെഷ്യൽ ഗ്രാന്റ് വാങ്ങിയിരിക്കുന്നു, ആ എം.ഒ.യു. സറണ്ടർ deed ആണ്. 3 കൊല്ലം ഡി.എ. കൊടുക്കില്ല എന്ന് ഒരു സ്റ്റേറ്റ്. ബോണസേ കൊടുക്കില്ല എന്ന് ഒരു സ്റ്റേറ്റ്. ശമ്പളം ആൾട്ടർനേറ്റീവ് ആയിട്ട് കൊടുക്കും എന്ന് വേറൊരു സ്റ്റേറ്റ്. ഇങ്ങനെ ഓരോ കൈയും കാലും കെട്ടിയിട്ട് എം.ഒ.യു. ഒപ്പിട്ടിട്ടാണ് മറ്റ് സംസ്ഥാനങ്ങൾ നിൽക്കുന്നത്, എങ്കിൽ ഈ അസംബ്ലിയുടെ സോവറിനിറ്റി, ഇവിടത്തെ ധനപരമായ കാര്യം ചർച്ച ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം എടുക്കാനുള്ള ഈ അസംബ്ലിയുടെ പാവനമായ അധികാരം, ക്യാബിനറ്റിന്റെ അധികാരം, ജനങ്ങളുടെ അധികാരം പണയം വയ്ക്കാൻ ഈ സർക്കാർ മുതിർന്നിട്ടില്ല. അത് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അത് കാണാതെ പോയതിൽ വളരെ വിഷമമുണ്ട്. അതുപോലെ തന്നെയാണ് എസ്.ഡി.ജി.യിലേയ്ക്കു വരുമ്പോൾ, എസ്.ഡി.ജി.യിൽ 3988.99 കോടി രൂപയാണ്. അത് കേട്ടാൽ വലിയ സംഖ്യ എന്നു തോന്നും. കാര്യമെന്താണെന്നു ചോദിച്ചാൽ, ഇതിൽ 3711 കോടി പബ്ലിക് ഡെബ്റ്റ് പേമെന്റിനു വേണ്ടിയുള്ളതാണ്. ഇത് കണക്കിൽ റെഗുലറൈസ് ചെയ്യുന്നതാണ്. കാഷ് ഫ്ളോ ഇല്ല. ഈ 3988.99-ൽ 3711 കോടി രൂപ മൈനസ് ചെയ്താലാണ് സപ്ലിമെന്ററി ഡിമാന്റ് വരുന്നത്. അത്രേയുള്ളൂ. ഇത് വെറും ബുക്ക് അഡ്ജസ്റ്റുമെന്റാണ്. കാഷ് ഫ്ളോയില്ല. ഇതിൽ റവന്യൂ കണക്കിൽ 177.51 കോടിയും മൂലധന കണക്ക് 3840 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കണക്കിൽ 177 കോടി രൂപ, ബാക്കി 3111 കോടി രൂപ മൂലധന കണക്ക്. പദ്ധതിയിനത്തിൽ 118.36 കോടി രൂപയും നോൺ പ്ലാനിൽ 3070 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പിന്നെയുള്ളത് 1.56 കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും എടുത്ത തുക റെഗുലറൈസ് ചെയ്യുന്നതിനു വേണ്ടിയാണ്. ഇതാണ്. ഇത്രേയുള്ളൂ എസ്.ഡി.ജി.യിൽ. എസ്.ഡി.ജി.യിൽ നീണ്ട, വലിയ വിശകലനത്തിനൊന്നും സ്ഥാനമില്ല. ഈ 4 ഹെഡ്ഡേയുള്ളൂ. ഒരു കാര്യം കൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. ഉല്പന്നങ്ങൾക്ക് ടാക്സ് കുറച്ചുവെന്നു എല്ലാവരും പറഞ്ഞു. അവിടെ നിന്നുമാണ് പറഞ്ഞത്. എന്റെ സുഹൃത്ത് ശ്രീ. തോമസ് ചാഴികാടനോ, ശ്രീ. ജോണിനെല്ലൂരോ എന്നറിഞ്ഞുകൂടാ. എന്താണ് പറഞ്ഞതെന്നു ചോദിച്ചാൽ, ഡിസ്കൗണ്ട് സെയിലിനെപ്പറ്റിയാണ്. വില ഉയർത്തി ഡിസ്കൗണ്ട് ചെയ്തു എന്നുപറഞ്ഞു. എത്ര കഷ്ടമാണ് അതൊക്കെ പറയുന്നത് ? ഏലത്തിന്റെയും ഇപ്പോഴത്തെ ടാക്സ് as per our Act, ബിൽ ഇവിടെ അവതരിപ്പിച്ചു. 4% ആക്കി. ഓർഡിനൻസിനു മുമ്പ്, 31-12-നു മുമ്പ് അത് 4.4% ആയിരുന്നു. അത് 4% ആക്കി. അടയ്ക്ക 5.5% ആയിരുന്നു. അത് 4% ആക്കി. കുരുമുളക് 4.4% അത് 4% ആക്കി. ഇഞ്ചി 4.4% അത് 4% ആക്കി. പിന്നെ കച്ചോലം 6.6% അത് 4% ആക്കി. മഞ്ഞൾ 6.6% അത് 4% ആക്കി. കശുവണ്ടി 7.7% അത് 4% ആക്കി. ഓർഡിനൻസ് വരുന്നതിനു മുമ്പ് 7.7% ആണ്. അത് 4% ആക്കി. ജാതിക്ക 6.6% അത് 4% ആക്കി. ഇങ്ങനെ എല്ലാത്തിനും കുറച്ചു. ഞാൻ കൂട്ടിയിട്ട് കുറച്ചിട്ടില്ല. റബ്ബർ തടിയുടെ കാര്യമൊക്കെ പറഞ്ഞതാണ്. ഇനി പറയാതിരിക്കുകയാണ് നല്ലത്. എന്റെ കൈയിലിരിക്കുന്നത് ഇന്നത്തെ പേപ്പേഴ്സാണ്. ഒരു വിധമുള്ള എല്ലാ പേപ്പേഴ്സുമുണ്ട്. എല്ലാറ്റിനും 2 ഹെഡ്ഡിംഗ് കാണാം. മണ്ണെണ്ണ കുത്തനെ കൂട്ടി. ഡൽഹി, തിരുവനന്തപുരം. തിരുവനന്തപുരവും ഡൽഹിയും തമ്മിലുള്ള വ്യത്യാസം ഈ പത്രങ്ങൾ മുഴുവൻ ഒരേ പേജിൽ അടിച്ചുകാച്ചിയിട്ടുണ്ട്. അതാണ് തിരുവനന്തപുരത്തെ ബഡ്ജറ്റും ഡൽഹിയിലേതും തമ്മിലുള്ള വ്യത്യാസം. ഡൽഹി ഗവൺമെന്റ് ആർക്കുവേണ്ടി നിൽക്കുന്നു ? ഈ ഗവൺമെന്റ് ആർക്കുവേണ്ടി നിൽക്കുന്നു ? To whom it is harsh? To whom it is hard? To whom it is heaven ? ഇതാണ് ക്വസ്റ്റ്യൻ. ആ ക്വസ്റ്റ്യൻ മനസ്സിലാക്കിക്കൊണ്ട് ഒരു നല്ല നയം ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടുവന്നിട്ടുണ്ട്. ഐശ്വര്യ പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിക്കാം. നല്ല കാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

യോജിച്ചു നിൽക്കാമല്ലോ. ഞങ്ങളെ നിങ്ങൾ ശക്തമായി വിമർശിച്ചോളൂ. ആ വിമർശനത്തിലുള്ള നല്ല അംശം നിശ്ചയമായും ഞാൻ സ്വീകരിക്കും. നല്ല വിമർശനങ്ങൾ അവിടെനിന്നും വന്നിട്ടുണ്ട്. അതെല്ലാം സ്വീകരിക്കാൻ തയ്യാറാണ്. ഞങ്ങൾക്കു പറ്റിയ തെറ്റുകൾ, പോരായ്മകൾ, വീഴ്ചകൾ, കോട്ടങ്ങൾ ചൂണ്ടിക്കാണിച്ചാൽ അതു തിരുത്താനും തയ്യാറാണ്. ഈ എസ്.ഡി.ജി. പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഉള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് :

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 56

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ശ്രീ. ടി. കെ. ഹംസ
13. ശ്രീ. സി. എൻ. ജയദേവൻ
14. ശ്രീ. ടി. എസ്. ജോൺ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ജോസ് ബേബി
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. വി. സി. കബീർ
19. ശ്രീ. എ. കണാരൻ
20. ശ്രീ. എൻ. കണ്ണൻ
21. ശ്രീ. എളമരം കരീം
22. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
23. ശ്രീ. ഇ. കെ. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. പി. കെ. കുമാരൻ
25. ശ്രീമതി ആർ. ലതാ ദേവി
26. ശ്രീ. ലോനപ്പൻ നമ്പാടൻ
27. പ്രൊഫ. മീനാക്ഷി തമ്പാൻ
28. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
29. ശ്രീ. മോൻസ് ജോസഫ്
30. ശ്രീ. ടി. നാണു മാസ്റ്റർ
31. ശ്രീ. സി. കെ. നാണു
32. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
33. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
34. ശ്രീ. പി. നാരായണൻ
35. ശ്രീ. കെ. പ്രകാശ് ബാബു
36. ശ്രീമതി എൻ. കെ. രാധ
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. പി. രാഘവൻ
39. ശ്രീ. സി. കെ. രാജേന്ദ്രൻ
40. ശ്രീ. കെ. പി. രാജേന്ദ്രൻ
41. ശ്രീ. പി. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
44. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
45. ശ്രീ. എസ്. ശർമ്മ
46. ശ്രീ. യു. എസ്. ശശി
47. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
48. ഡോ. സെബാസ്റ്റ്യൻ പോൾ
49. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
50. ശ്രീ. ടി. ശിവദാസമേനോൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീമതി സുശീലാ ഗോപാലൻ
53. ശ്രീ. എം. എ. തോമസ്
54. ശ്രീ. എം. പി. വർഗ്ഗീസ്
55. ശ്രീ. വർഗ്ഗീസ് വൈദ്യർ
56. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 33

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എ. കെ. ആന്റണി
3. ശ്രീ. ഇ. എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. കെ. കെ. ബാവ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. ഇസ്ഹാക് കുരിക്കൾ
8. ശ്രീ. ടി. എം. ജേക്കബ്
9. ശ്രീ. ജോണി നെല്ലൂർ
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. പി. ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ശ്രീ. കെ. കെ. നായർ
14. ശ്രീ. മാമ്മൻ മത്തായി
15. ശ്രീ. കെ. മുഹമ്മദാലി
16. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
17. ശ്രീ. എ. കെ. മണി
18. ശ്രീ. സി. മോയിൻകുട്ടി
19. ശ്രീ. എഴുകോൺ നാരായണൻ
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. വി. ജെ. പൗലോസ്
22. ശ്രീമതി രാധാ രാഘവൻ
23. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
24. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
25. ശ്രീ. പാലോട് രവി
26. ശ്രീ. തമ്പാനൂർ രവി
27. ശ്രീമതി റോസമ്മ ചാക്കോ
28. ശ്രീമതി ശോഭനാ ജോർജ്ജ്
29. ശ്രീ. കെ. സുധാകരൻ
30. ശ്രീ. പി. പി. തങ്കച്ചൻ
31. ശ്രീ. സി. എഫ്. തോമസ്
32. ശ്രീ. തോമസ് ചാഴികാടൻ
33. ശ്രീ. കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 56,

പ്രതികൂലിക്കുന്നവർ - 33,

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് :

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 58

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ശ്രീ. ടി. കെ. ഹംസ
13. ശ്രീ. സി. എൻ. ജയദേവൻ
14. ശ്രീ. ടി. എസ്. ജോൺ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ജോസ് ബേബി
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. വി. സി. കബീർ
19. ശ്രീ. എ. കണാരൻ
20. ശ്രീ. എൻ. കണ്ണൻ
21. ശ്രീ. എളമരം കരീം
22. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. ഇ. കെ. നായനാർ
24. ശ്രീ. പി. കെ. കുമാരൻ
25. ശ്രീമതി ആർ. ലതാ ദേവി
26. ശ്രീ. ലോനപ്പൻ നമ്പാടൻ
27. പ്രൊഫ. മീനാക്ഷി തമ്പാൻ
28. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
29. ശ്രീ. മോൻസ് ജോസഫ്
30. ശ്രീ. പിരപ്പൻകോട് മുരളി
31. ശ്രീ. ടി. നാണു മാസ്റ്റർ
32. ശ്രീ. സി. കെ. നാണു
33. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
34. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
35. ശ്രീ. പി. നാരായണൻ
36. ശ്രീ. കെ. പ്രകാശ് ബാബു
37. ശ്രീമതി എൻ. കെ. രാധ
38. ശ്രീ. കെ. രാധാകൃഷ്ണൻ
39. ശ്രീ. പി. രാഘവൻ
40. ശ്രീ. സി. കെ. രാജേന്ദ്രൻ
41. ശ്രീ. കെ. പി. രാജേന്ദ്രൻ
42. ശ്രീ. പി. രാജു
43. ശ്രീ. രാജു എബ്രഹാം
44. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
45. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
46. ശ്രീ. ടി. കെ. രാമകൃഷ്ണൻ
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. യു. എസ്. ശശി
49. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
50. ഡോ. സെബാസ്റ്റ്യൻ പോൾ
51. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
52. ശ്രീ. ടി. ശിവദാസമേനോൻ
53. ശ്രീ. ജി. സുധാകരൻ
54. ശ്രീമതി സുശീലാ ഗോപാലൻ
55. ശ്രീ. എം. എ. തോമസ്
56. ശ്രീ. എം. പി. വർഗ്ഗീസ്
57. ശ്രീ. വർഗ്ഗീസ് വൈദ്യർ
58. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 34

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എ. കെ. ആന്റണി
3. ശ്രീ. ഇ. എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. കെ. കെ. ബാവ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. ഇസ്ഹാക് കുരിക്കൾ
8. ശ്രീ. ടി. എം. ജേക്കബ്
9. ശ്രീ. ജോണി നെല്ലൂർ
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. പി. ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ശ്രീ. കെ. കെ. നായർ
14. ശ്രീ. മാമ്മൻ മത്തായി
15. ശ്രീ. കെ. മുഹമ്മദാലി
16. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
17. ശ്രീ. എ. കെ. മണി
18. ശ്രീ. സി. മോയിൻകുട്ടി
19. ശ്രീ. എഴുകോൺ നാരായണൻ
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. വി. ജെ. പൗലോസ്
22. ശ്രീമതി രാധാ രാഘവൻ
23. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
24. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
25. ശ്രീ. പാലോട് രവി
26. ശ്രീ. തമ്പാനൂർ രവി
27. ശ്രീമതി റോസമ്മ ചാക്കോ
28. ശ്രീമതി ശോഭനാ ജോർജ്
29. ശ്രീ. നാലകത്ത് സൂപ്പി
30. ശ്രീ. കെ. സുധാകരൻ
31. ശ്രീ. പി. പി. തങ്കച്ചൻ
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. തോമസ് ചാഴികാടൻ
34. ശ്രീ. കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 58,

പ്രതികൂലിക്കുന്നവർ - 34,

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും, ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ഉപധനാഭ്യർത്ഥനയും, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ഉപധനാഭ്യർത്ഥനയും, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ഉപധനാഭ്യർത്ഥനയും, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ഉപധനാഭ്യർത്ഥനയും, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ഉപധനാഭ്യർത്ഥനയും, വിദ്യാഭ്യാസം കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ഉപധനാഭ്യർത്ഥനയും വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ഉപധനാഭ്യർത്ഥനയും, ജലസേചനം എന്ന XXXVIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ഉപധനാഭ്യർത്ഥനയും, സഹകരണം എന്ന XXVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ഉപധനാഭ്യർത്ഥനയും, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രശ്നം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ഉപധനാഭ്യർത്ഥനയും, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ഉപധനാഭ്യർത്ഥനയും, വാഹനനികുതികൾ

LIBRARY ARCHIVES Kerala Legislative Assembly

എന്ന IX-ാം നമ്പർ ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ഉപധനാഭ്യർത്ഥനയും, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും, ഗതാഗതം എന്ന XLI-ാം നമ്പർ ഉപധനാഭ്യർത്ഥനയും, പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഉപധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ : ഓർഡർ...ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.38-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly